978-93-5811-291-7

# അധ്യാപനത്തിന്റെ നാൾവഴികൾ



അൽ ശിഫ കോളേജ് ഓഫ്
ആർട്സ് ആൻഡ് സയൻസ്
കീഴാറ്റൂർ, പെരിന്തൽമണ്ണ

# അധ്യാപനത്തിന്റെ നാൾവഴികൾ

Malayalam Language

Adhyapanthinte Naalvazhikal: A Collection of
Teaching Experiences

Rights Reserved

First Published- May 2023
Publisher Name: Dr. Babu. P. K
Published by: Publication Wing
Publisher's Address: Al Shifa College of Arts and Science, Keezhattur, Perinthalmanna
Malappuram, Kerala
Printer's Details: Publication Wing, Al Shifa College of Arts and Science, Keezhattur
Perinthalmanna
Layout & Design - Mubashir. P
III B. Com Finance
Al Shifa College of Arts and Science
Keezhattur, Perinthalmanna, Malappuram
Kerala

978-93-5811-291-7

Copyright@ Publication Wing, Al Shifa College of Arts and Science, Keezhattur, Perinthalmanna

978-93-5811-291-7

# അധ്യാപനത്തിന്റെ നാൾവഴികൾ

അൽ ശിഫ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്
കീഴാറ്റൂർ, പെരിന്തൽമണ്ണ.

## Editorial Board

### Chief Editor

Dr. Babu. P. K
Principal
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

### Editorial Board Members

Febeena. K
Assistant Professor of Malayalam
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

Saritha. K
Head, Department of English
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

# ഉള്ളടക്കം


- ആദ്യത്തെ ക്ലാസും മറ്റ് ചില ഓർമ്മകളും 11
- രണ്ടു പേർ 21
- വരാന്തയിൽ അവനിപ്പോഴും... 24
- യൂസഫ് അൽ ബലാസി: ആകസ്മികതയുടെ രാജകുമാരൻ 27
- ആ യാത്രയിൽ... 34
- അനന്തമായ സ്നേഹം 39
- ഉത്തമഗീതത്തിലെ ഓജോബോർഡ് 41
- ഒരു യുവ മനസ്സിന്റെ കഥ 45
- പരിധി 49
- ഗീതോപദേശം 52
- തിരിച്ചറിവുകൾ 56
- യൂണിഫോം ധരിക്കാത്ത ആൺകുട്ടി 58
- അങ്ങനെ "ഓട്ടപ്പൊടിയും ചട്ടിപ്പൊട്ടും" എന്താണെന്ന് ഞാനും പഠിച്ചു... 61
- നാവാമുകുന്ദാ ഹൈസ്കൂളും, കുന്നിൻമുകളിലെ കടലമ്മയും 65
- എൻസൈക്ലോപ്പീഡിയ എന്നാൽ എന്റെ സൈക്കള് ബെക്ക്ന്ന പീടിക അല്ല 68
- ശിക്ഷണ യന്ത്രത്തിനുള്ളിൽ 87
- പോരാളിമാർകൾ 90
- ഓർമ്മകൾ... കാലങ്ങൾ 96
- കവിളത്തെ നുള്ളും ഈറൻ മണമുള്ള ഷർട്ടും 101

# അവതാരിക

“വലുതാവുമ്പോൾ ആരാവാനാണ് ആഗ്രഹം?”: ഈ ചോദ്യത്തിന് പണ്ടൊരു കാലത്ത് ക്ലാസിലെ ഭൂരിഭാഗം കുട്ടികളും പ്രത്യേകിച്ചും പെൺകുട്ടികൾ കൊടുത്തിരുന്ന ഒരു ഉത്തരമായിരുന്നു “ടീച്ചർ”. ചെറിയ മനസ്സുകളെ പെട്ടെന്ന് തന്നെ സ്വാധീനിക്കാവുന്ന ഒരു കൂട്ടം നല്ല മനസ്സുകൾ ആയിരുന്നു അവർ. വളരെ കുഞ്ഞായിരിക്കുമ്പോൾ തന്നെ മനസ്സിൽ ഒരു അധ്യാപിക യാവണം എന്ന് ആഗ്രഹിക്കാത്തവർ കുറവായിരിക്കും. കുഞ്ഞു മനസ്സുകളിൽ, അക്കാലത്ത് അധ്യാപകർ എന്നു പറഞ്ഞാൽ സാരിയുടുത്ത്, കണ്ണട വെച്ച്, കയ്യിൽ വടി എടുത്ത ഒരു രൂപമാണ്. സാരിയുടുത്ത് ടീച്ചർ ആവുക എന്ന ആഗ്രഹം മിക്കവരും സാധിച്ചിരുന്നത് ഒരുപക്ഷേ അമ്മ വീട്ടിലുടുത്ത സാരി മാറ്റിയിട്ട് പുറത്തു പോകുമ്പോൾ ആയിരുന്നിരിക്കാം അമ്മയറിയാതെ അതുടുത്ത് കുട്ടികളാണെന്ന് സങ്കൽപ്പിച്ച് അനവധി ചൂരൽ കൊണ്ടുള്ള അടി വീട്ടിലെ കിടക്കകൾ കൊണ്ടിട്ടുണ്ടാവാം.

വലിയ പ്രിയമില്ലാഞ്ഞിട്ടും ഡിഗ്രിക്ക് ബി. എസ്. സി. മാത്സ് എടുക്കേണ്ടതായി വന്നു. ഒരുപക്ഷേ ബി. കോം. എടുത്താൽ ബാങ്ക് ജോലിയിലേക്ക് വീട്ടുകാർ നിർബന്ധിക്കുമോ എന്ന ഭയം കൊണ്ടായിരിക്കാം കണക്കിലേക്ക് ശ്രദ്ധ തിരിച്ചുവിട്ടത്. അന്നും ഇംഗ്ലീഷ് ഇഷ്ടപ്പെട്ട ഒരു വിഷയമായിരുന്നു. പഠിക്കാനും പഠിപ്പിക്കാനും പറഞ്ഞു കൊടുക്കാനും ഏറെ ഇഷ്ടപ്പെട്ടിരുന്ന ഒരു വിഷയമായിരുന്നു ഇംഗ്ലീഷ്.

തികച്ചും അപ്രതീക്ഷിതമായി ഒരു സി. ബി. എസ്. ഇ. സ്കൂളിൽ ഇംഗ്ലീഷ് അധ്യാപികയായി ജോലി ലഭിച്ചു. ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചത് കൊണ്ട് മാത്രം ഇംഗ്ലീഷ് ഒരു വിഷയം എന്ന നിലയിൽ പഠിപ്പിക്കാൻ കഴിയുമോ എന്ന സംശയം ഉണ്ടായിരുന്നു. കണക്ക് ബാക് ഗ്രൗണ്ടിൽ നിന്നും വന്നതുകൊണ്ട് തന്നെ എത്രത്തോളം ഏൽപ്പിക്കപ്പെട്ട ചുമതല നിറവേറ്റാൻ പറ്റും എന്നതും ആശങ്ക ഉളവാക്കി. എന്നാൽ, വിഷയം കൈകാര്യം ചെയ്യുക എന്നുള്ളതിലും ഗൗരവമേറിയ കാര്യമായിരുന്നു ക്ലാസ് മുറിയിൽ അച്ചടക്കം ഉറപ്പുവരുത്തുക എന്നത് എന്ന് വളരെ വൈകിയിട്ടല്ലെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞു. ആദ്യ ദിവസങ്ങളിൽ 8,9,10, ക്ലാസുകൾ കൈകാര്യം ചെയ്യുക എന്നതായിരുന്നു വെല്ലുവിളി എങ്കിൽ പിന്നീട് അങ്ങോട്ടുള്ള വർഷങ്ങളിൽ അഞ്ചു മുതൽ 10 വരെയുള്ള ക്ലാസുകൾ ആയിരുന്നു കൈകാര്യം ചെയ്യേണ്ടി വന്നത്.

മുതിർന്ന കുട്ടികളോട് ഇടപെടുന്ന അത്ര എളുപ്പമല്ലല്ലോ ചെറിയ ക്ലാസുകളിലെ കുഞ്ഞുങ്ങളുമായി സംവദിക്കേണ്ടി വരുമ്പോൾ. ഇത്തരത്തിലുള്ള സാഹചര്യം ഏതൊരു തുടക്കക്കാരനിലും സംശയം ഉണ്ടാക്കും. ഈ തൊഴിലിൽ മുന്നോട്ട് പോകുമോ ഇല്ലയോ? മിക്കപ്പോഴും സംഭവിക്കാറുള്ളത് കൊച്ചുകുട്ടികൾ അവരുടെ നിഷ്കളങ്കതയും സ്നേഹവും കുസൃതികളും കൊണ്ട് അധ്യാപകരുടെ ഹൃദയം കീഴടക്കുക എന്നതായിരിക്കും.

അവരിൽ നിന്നും നമുക്ക് ധാരാളം പാഠങ്ങൾ പഠിക്കുവാൻ ഉണ്ട്. ഉദാഹരണമായി; അറിയാത്തത് അറിയില്ല എന്ന് സമ്മതിക്കുക, അറിയാത്ത കാര്യങ്ങൾ ചോദിച്ചറിയുക, ചെയ്യുന്ന കാര്യങ്ങൾ തെറ്റാകുമോ എന്ന മുൻധാരണയില്ലാതെ പ്രവർത്തിക്കുക.. കുഞ്ഞ് കുട്ടികളുമായി ഇടപഴകുമ്പോൾ അതിൽ ആനന്ദത്തിന്റെ ഒരു ഘടകം കൂടി ഉണ്ടായിരിക്കും. ലോകത്തിന്റെ കപടതയും, കളങ്കവും, അവർക്ക് പരിചിതമല്ലാത്തത് ആണല്ലോ!!

സ്കൂളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് കോളേജ് എന്ന് പറയേണ്ടതില്ല.. ഒരുകാലത്ത് പാരലൽ കോളേജുകൾ ആയിരുന്നു മിക്ക അധ്യാപകർക്കും അവരുടെ അധ്യാപനത്തിന്റെ ആദ്യ ചുവടുവെപ്പിനുള്ള കവാടം തുറന്നു കൊടുത്തിട്ടുണ്ടാവുക. അധ്യാപകർക്ക് മാത്രമല്ല സാധാരണക്കാരായ വിദ്യാർത്ഥി സമൂഹത്തിനും ഒരു തണലായിരുന്നു ഇത്തരത്തിലുള്ള കോളേജുകൾ. അത്തരത്തിലുള്ള കോളേജിൽ അധ്യാപനത്തിന്റെ ഹരിശ്രീ കുറിച്ച അവർക്ക് ഒരു വിധത്തിൽ പറഞ്ഞാൽ എല്ലാ തരം വിദ്യാർഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസുകൾ കൈകാര്യം ചെയ്യാൻ കഴിയും. കാരണം അവിടെ 'വിദ്യ' അർത്ഥിച്ച് വരുന്ന മിക്കവരും ഒരു ദിവസത്തിലെ പകുതി അധ്വാനിച്ച് പണം സമ്പാദിക്കാനും മറുപകുതി വിദ്യാഭ്യാസം നേടുക എന്നതിൽ ഉപരി കലാലയ ജീവിതം ആസ്വാദകരമാക്കാനും ആയിരുന്നു. ഇംഗ്ലീഷ് ഭാഷയിലോ ഇംഗ്ലീഷ് സാഹിത്യത്തിലോ തീരെ താല്പര്യമില്ലാത്തവരെ താല്പര്യമുണ്ടാക്കി പഠിപ്പിക്കുക എന്നുവച്ചാൽ ഒരു യുദ്ധം കഴിഞ്ഞ് മടങ്ങുന്ന പ്രതീതി ആയിരിക്കണം. ഒരമ്മ തൻറെ കുഞ്ഞിന് കൈപ്പുള്ള മരുന്ന് തേനിൽ ചേർത്ത് കൊടുക്കുന്ന വിധത്തിൽ വേണം കരിക്കുലത്തിൽ ഉള്ള പാഠഭാഗങ്ങൾ കുട്ടികൾക്ക് പകർന്നു നൽകേണ്ടത് എന്ന് നമുക്ക് അവിടെ നിന്നും പഠിക്കാം.

ഇനി മിക്സഡ് കോളേജിൽ നിന്നും വനിതാ കോളേജിലേക്ക് ഒന്ന് എത്തി നോക്കാം. മലപ്പുറം ജില്ല തന്നെ ആയിക്കോട്ടെ..... പത്തു വർഷങ്ങൾക്കുമുൻപ് മിക്ക ക്ലാസ് മുറികളിലും ഭൂരിഭാഗം വിദ്യാർഥിനികളും വിവാഹിതരായിരിക്കും. ചിലർ കുഞ്ഞുങ്ങളുടെ ഉമ്മമാർ വരെ ആയിരിക്കും. കൂടെയുള്ള സമപ്രായക്കാർ സ്കൂളുകളിൽ കൂട്ടുകാരുടെ ഒപ്പം ഉല്ലസിച്ച് കളിച്ചു നടന്നപ്പോൾ ഇവർക്ക് ബാല്യം നഷ്ടപ്പെടുകയാണ്. എന്നാൽ അതിശയം എന്ന് പറയട്ടെ ഇവരായിരിക്കും കോളേജിലെ ഓരോ അവസരങ്ങളും ചാടിവീണു സ്വന്തമാക്കുന്നതും ഒപ്പം പഠിത്തത്തിൽ മുൻപന്തിയിൽ നിൽക്കുന്നതും. നമ്മൾ പലപ്പോഴും പല കാര്യങ്ങൾ ചെയ്യാതിരിക്കാൻ വേണ്ടി കാരണങ്ങൾ കണ്ടെത്തുമ്പോൾ ഇത്തരത്തിലുള്ള വിദ്യാർത്ഥികൾ നമ്മെ പഠിപ്പിക്കുന്നത് പ്രായമോ വിവാഹമോ

കുടുംബമോ ഒന്നും ഒരാളുടെ വളർച്ചക്കോ വിദ്യാഭ്യാസത്തിനോ തടസ്സമല്ല എന്നാണ്.

ഏതൊരു വ്യക്തിയുടെയും ജീവിതത്തിൽ ഇതു പോലെ മറക്കാനാവാത്ത ധാരാളം അനുഭവങ്ങൾ ഉണ്ടായിരിക്കും. അധ്യാപന ജീവിതവും ഒട്ടും വ്യത്യസ്തമല്ല. ഓരോ വർഷവും നൂറു നൂറു വിദ്യാർത്ഥികൾ.. പുതിയ മുഖങ്ങൾ.. പുതിയ പുതിയ അനുഭവങ്ങൾ.. പാഠങ്ങൾ..ഓരോ ദിവസത്തെയും അനുഭവങ്ങൾ കുറിച്ചിട്ടാൽ തന്നെ ചെറുതല്ലാത്ത ഒരു പുസ്തകം എഴുതാം. അത്തരം ഒരു സാഹചര്യത്തിലാണ് അൽ ശിഫ കോളേജിലെ പ്രസാധക വിഭാഗവും മലയാളം വകുപ്പും ചേർന്ന് അനുഭവസമ്പന്നരായ അധ്യാപകരിൽ നിന്ന് അനുഭവക്കുറിപ്പുകൾ ശേഖരിക്കാനും, അത് ഒരു പുസ്തകമാക്കാനും ചിന്തിച്ചത്..

ഇതിന് മുൻപ് പ്രസാധക വിഭാഗം, ഇംഗ്ലീഷ് വകുപ്പുമായി ചേർന്ന്, 'കോവിഡാനന്തര ലോകം' എന്ന വിഷയത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ രചന യായ 'ദി റിപ്പബ്ലിക് ഓഫ് ഹോപ്പ്' എന്ന കവിതാ സമാഹാരവും , കോളേജ് സംഘടിപ്പിച്ച ഇംഗ്ലീഷ് ഫിക്ഷൻ സംബന്ധിച്ചുള്ള ദേശീയ വിദ്യാർത്ഥി സെമിനാറിൽ വിദ്യാർത്ഥികൾ അവതരിപ്പിച്ച മികച്ച പ്രബന്ധരചനകളുടെ സമാഹാരവും പുറത്തിറക്കി. പ്രസാധക വിഭാഗം മലയാളം ഡിപ്പാർട്മെന്റുമായി ചേർന്ന് കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ചെറുകഥകൾ കോർത്തിണക്കിക്കൊണ്ട് പുറത്തിറക്കിയ പുതുകാലത്തിന്റെ എഴുത്തും ഭാവുകത്വവും അടയാളപ്പെടുത്തുന്ന കഥാലയം എന്ന ചെറുകഥാ സമാഹാരവും പ്രസാധനം ചെയ്തിട്ടുണ്ട്.

ഈ അനുഭവകുറിപ്പുകളുടെ സമാഹരണത്തിന്റെ തുടക്കത്തിൽ ഒട്ടനവധി അധ്യാപകർ അനുഭവകുറിപ്പുകൾ നൽകാൻ താത്പര്യപ്പെട്ടുവെങ്കിലും, പതിനഞ്ചു പേരാണ് സമയബന്ധിതമായി ഇതിലേക്ക് കുറിപ്പുകൾ അയച്ചത്. ഒരു പക്ഷേ താത്പര്യപ്പെട്ട എല്ലാ അധ്യാപകരുടെയും കുറിപ്പുകൾ ലഭിച്ചിരുന്നുവെങ്കിൽ വായനക്കാർക്കത് വലിയൊരു അനുഭവ സമ്പത്താകുമായിരുന്നു. പ്രഗത്ഭരായ, മുതിർന്ന അധ്യാപകർ തങ്ങളുടെ അനുഭവസമ്പത്ത് മറ്റുള്ളവരുമായി പങ്കുവെക്കുന്നത്, തുടക്കക്കാരായ അധ്യാപർക്ക് ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർന്റെ ഭാഗമായി ലഭിക്കുന്ന പരിശീലന പരിപാടികളെക്കാൾ വലിയ മാർഗദർശനവും, മുതൽകൂട്ടും കൂടിയായിമാറുന്നു.

“അധ്യാപനത്തിന്റെ നാൾവഴികൾ” ലെ ഈ കുറിപ്പുകൾ എല്ലാം തന്നെ തികച്ചും വ്യത്യസ്തമായ അനുഭവങ്ങൾ കൊണ്ടും കാഴ്ചപ്പാടുകൾ കൊണ്ടും സമ്പന്നമാണ്.. വിദ്യാഭ്യാസ മേഖലയിലെ പ്രമുഖരായ അധ്യാപകർ അവരുടെ അനുഭവങ്ങൾ നമ്മളുമായി പങ്കുവെക്കുമ്പോൾ, കൗതുകത്തോടെയും ആരാധനയോടും കൂടി മാത്രമേ നമുക്ക് നോക്കി കാണാനാവൂ.. ഒരു അധ്യാപകൻ എങ്ങനെയാവണമെന്ന് ഈ സ്നേഹസമ്പന്നരായ ഈ അധ്യാപകർ നമുക്ക് കാണിച്ചു തരുന്നു.. മൂന്ന് പതിറ്റാണ്ടിലേറെകാലം അധ്യാപന രംഗത്ത്

പ്രവർത്തിച്ച് കോളേജ് തല വിദ്യാഭ്യാസരംഗത്ത് വന്ന മാറ്റങ്ങളെ ചിലയിടങ്ങളിൽ നർമ്മം ചേർത്തും, ചിലപ്പോൾ ഒരു അധ്യാപകന്റെ ഗൗരവത്തോടെയും നമ്മളോട് പങ്ക് വെക്കുന്ന ഡോ. എൻ. സാജൻ, ഇന്നും സ്കൂൾ വരാന്തയിൽ നിന്നും മറവിയുടെ ക്ലാസ്സ് മുറിയിലേക്ക് കയറിപോകാതെ മരണത്തിന്റെ പിടിയിൽ സ്വയം പിടഞ്ഞു തീർത്ത വിദ്യാർത്ഥിയെ കുറിച്ചോർത്തു വേദനിക്കുന്ന അധ്യാപകനും എഴുത്തുകാരനുമായ അബ്ദുള്ള കുട്ടി എടവണ്ണ, ഓരോ വിദ്യാർത്ഥിയും ഓരോ പാഠപുസ്തകങ്ങൾ ആണെന്ന് നമ്മളെ ഓർമിപ്പിക്കുന്ന ഡോ. എസ്. വിശാഖ ദേവി, അധ്യാപന ജീവിതത്തിലെ തുടക്കക്കാരന്റെ ആകുലതകളും വേവലാതികളും സരസമായി പറയുന്ന മരിയ റോസ്..രണ്ടാം ഭാഷയുടെ, മൂന്നും, നാലും ഡിപ്പാർട്മെന്റുകളിലെ നൂറിലേറേ വിദ്യാർത്ഥികൾ വരുന്ന ക്ലാസ്സ് റൂമുകളിൽ ഭാഷാധ്യാപകർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും, ക്ലാസ്സ് മുറികളിൽ സിലബസിനപ്പുറം അധ്യാപനം നടത്തുമ്പോൾ അല്ലെങ്കിൽ വായനയും അനുഭവങ്ങളും പങ്കുവെക്കുമ്പോൾ വിദ്യാർത്ഥികളുമായി ഉണ്ടാവുന്ന ആത്മബന്ധങ്ങളെ കുറിച്ച് ഡോ. മൈന ഉമൈബാൻ, വയനാട് ജില്ലയിലെ വളരെ പിന്നോക്ക പ്രദേശമായ നീർവാരം സർക്കാർ ഹൈസ്കൂളിൽ നിന്ന് ജില്ലാ സ്പോർട്സിന് വിദ്യാർത്ഥികളുമായി പങ്കെടുക്കാൻ പോയ അനുഭവം പങ്കുവെക്കുന്ന കോഴിക്കോട് ചെറുവാടി ഹയർ സെക്കന്ററി സ്കൂൾ മലയാളം അധ്യാപകനായ യു.പി. അബ്ദുൾ നാസർ. "ഓട്ടപ്പൊടി വാങ്ങണ്ടേ സാറേ.. " ഒരു മെഡിക്കൽ സ്റ്റോറ് ചൂണ്ടിക്കാണിച്ച് അവൻ ചോദിക്കുന്നത് ശ്രദ്ധിക്കാനേ പോയില്ല...." എന്നു തുടങ്ങുന്ന കുറിപ്പ് "ഓട്ടപ്പൊടി" പോലുമില്ലാതെ തന്റെ വിദ്യാർത്ഥി എടുത്തോടിയത് ആതിഥേയ സ്കൂളിന്റെ കുത്തകയായിരുന്ന ഓവറോൾ കിരീടമായിരുന്നു എന്ന് സന്തോഷത്തോടെയും അതിലേറെ അഭിമാനത്തോടെയും നമ്മളോട് പങ്കുവെക്കുന്നു.

തന്റെ പത്തൊൻപതാം വയസ്സിൽ തുടങ്ങിയ അധ്യാപന ജീവിതം 34 വർഷം പൂർത്തിയാക്കി തിരിഞ്ഞു നോക്കുമ്പോൾ വിദ്യാർത്ഥികളോടൊപ്പം വളർന്ന, പക്വതിയില്ലാത്ത ആ പതിനെട്ടുകാരനിൽ നിന്ന് വിദ്യാർത്ഥികളുടെ ഇഷ്ടപ്പെട്ട ഉണ്ണിമാഷിലേക്കുള്ള ദൂരം ചെറിയ സങ്കടത്തോടെയും, കുറ്റബോധത്തോടെയും ഓർത്തെടുക്കുന്ന തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ.ഉണ്ണികൃഷ്ണൻ. കെ. വി, ഇങ്ങനെ കേരളത്തിലെ വിവിധ കോളേജുകളിലും, സ്കൂളുകളിലും ജോലി ചെയ്തിരുന്നവരും ചെയ്യുന്നവരുമായ അധ്യാപകരുടെ ചിന്താർഹവും,മനോഹരവുമായ അനുഭവക്കുറിപ്പുകളുടെ സമാഹാരമാണ് ഈ പുസ്തകം.

നമ്മളെല്ലാം ഇന്ന് എന്തെങ്കിലുമൊക്കെ.. അല്ലെങ്കിൽ ആരെങ്കിലുമൊക്കെ ആയിട്ടുണ്ടെങ്കിൽ അധ്യാപക സമൂഹമാണതിന് കാരണമെന്ന് ഇന്നത്തെ തലമുറ മറക്കുന്നുവോ, പഴയ കാലഘട്ടത്തിൽ ഉണ്ടായിരുന്ന അധ്യാപക-വിദ്യാർത്ഥി ബന്ധം ഇന്നുണ്ടോ എന്നൊക്കെയുള്ള ചോദ്യങ്ങളും, ചർച്ചകളും നടക്കുമ്പോൾ കുറച്ചു അധ്യാപകർ തങ്ങളുടെ അധ്യാപന നാൾവഴികളിലെ ഓർമ്മകൾ ഇവിടെ കുടഞ്ഞിടുന്നു.. കാലത്തിനു മായ്ക്കാൻ കഴിയാത്ത ആത്മ

മുദ്രകൾ ഞങ്ങൾക്ക് സമ്മാനിച്ചതിന്, 'അധ്യാപനത്തിന്റെ നാൾവഴി' കളിലേക്ക് അനുഭവങ്ങൾ അയച്ചുതന്ന ഓരോ അധ്യാപകർക്കും ഞങ്ങൾ നന്ദി പറയുന്നു..

**സരിത. കെ**
ഇംഗ്ലീഷ് വിഭാഗം മേധാവി

**ഫെബീന. കെ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം

# ആദ്യത്തെ ക്ലാസും മറ്റ് ചില ഓർമ്മകളും

അധ്യാപനത്തിൻറെ ഓർമ്മകൾ എഴുതാൻ അവസരം ലഭിക്കുമ്പോൾ ഞാൻ എൻറെ അധ്യാപനജീവിതം ആരംഭിച്ചിട്ട് പതിനൊന്ന് വർഷം പൂർത്തിയാവുകയാണ്. അധ്യാപകരുടെ ഓർമ്മകൾ ശേഖരിക്കുന്ന ഒരു സമാഹാരത്തിൽ കടന്ന് വരാവുന്ന ആവർത്തനങ്ങളെക്കുറിച്ചും ക്ലീഷേ കളെക്കുറിച്ചും എനിക്ക് നല്ല ബോധ്യമുണ്ട്. പൊതുസമൂഹം വളരെയധികം ആദർശപരമായ ധാരണകൾ വച്ച് പുലർത്തുന്ന ഒരു തൊഴിൽ വിഭാഗമാണ് അധ്യാപകർ. അവർ ഇങ്ങനെയൊക്കെ ആണെന്നും ആയിരിക്കണമെന്നും സമൂഹത്തിന് നിഷ്കർഷകളുണ്ട്. അതേക്കുറിച്ച് അധ്യാപകർക്കും ബോധ്യമുണ്ട് താനും. അതിനാൽ മാതൃകാപരമായ ചട്ടക്കൂടിനുള്ളിൽ തന്നെ ജീവിച്ച് പോകുക എന്ന ബാധ്യത അവർക്കുണ്ട്. ജനം വച്ച് പുലർത്തുന്ന ചട്ടക്കൂടിനനുസരിച്ച് ജീവിതം മുറിക്കാത്തവരും അപൂർവമായുണ്ട്. പലതരത്തിൽ അധ്യാപകജീവിതത്തെ അനുസ്മരിക്കാനാകും. സമൂഹത്തിൻറെ പ്രതീക്ഷകളുടെ ഭാരം മുകളിൽ വഹിക്കുന്ന ഈ തൊഴിൽ എങ്ങനെയാണ് തൻറെ ബാഹ്യജീവിതത്തെ സ്വാധീനിച്ചത് എങ്ങനെയെന്നാണ് ഒരു സമീപനം; ആന്തരികമായ--തൻറെ മാനസികാവസ്ഥകളെ എങ്ങനെ സ്വാധീനിച്ചു എന്നതാണ് രണ്ടാമത്തേത്.



**മരിയ റോസ്**
ഇംഗ്ലീഷ് വിഭാഗം മേധാവി
എം. ഇ. എസ്. മമ്പാട് കോളേജ്
മമ്പാട്

വിദ്യാർഥിയെന്ന നിലയിൽ അന്തർമുഖമായ ജീവിതം ജീവിച്ച ഒരാളായിരുന്നു ഞാൻ. അമ്പതോളം വിദ്യാർഥികളുള്ള ഒരു ക്ലാസിൽ ഏറ്റവും ശ്രദ്ധിക്കപ്പെടുന്നത് പലപ്പോഴും ഏറ്റവും നന്നായി പഠിക്കുന്നവരും ഏറ്റവും മോശമായി പഠിക്കുന്നവരുമാണ്. കായിക വിനോദങ്ങളിൽ മെച്ചപ്പെട്ടവർ, കലാപരിപാടികളിൽ മികച്ചവരും ശ്രദ്ധിക്കപ്പെടും. ക്ലാസിൽ ആൻറി സോഷ്യലായി പെരുമാറുന്നതും ശ്രദ്ധിക്കപ്പെടാനുള്ള ഒരു മാർഗമാണ്. ഞാൻ നന്നായി പഠിക്കുകയോ മോശമായി പഠിക്കുകയോ കായിക-കലാവിഷയങ്ങളിൽ മികവ് പ്രകടിപ്പിക്കുകയോ ആൻറി സോഷ്യലായി പെരുമാറാനുള്ള ധൈര്യമോ ഇല്ലാത്ത ഒരു വിദ്യാർഥിയായിരുന്നു. അത് കൊണ്ട് വിവിധ സ്കൂളുകളിലും കോളേജുകളിലുമായി പൂർത്തിയാക്കിയ വിദ്യാർഥിജീവിതത്തിൽ പ്രത്യേകിച്ച്

ക്ലാസറിയുന്ന വിദ്യാർഥിയായിരുന്നില്ല ഞാൻ. പോരെങ്കിൽ എനിക്ക് അതിഭീകരമായ സഭാകമ്പവും ഉണ്ടായിരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ വേദിയിൽ കയറേണ്ട സാഹചര്യം വന്നാൽ അത് കഴിയുന്നത് വരെ എൻറെ ഉറക്കം നഷ്ടപ്പെട്ടു. ഇക്കാര്യങ്ങൾ ഇവിടെ പറയാൻ കാര്യം അധ്യാപകർക്ക് അത്യാവശ്യം ഉണ്ടായിരിക്കണം എന്ന് പറയപ്പെടുന്ന നേതൃത്വഗുണവും ബഹിർമുഖത്വവും തുടക്കം മുതൽ തന്നെ എനിക്കുണ്ടായിരുന്നില്ല എന്ന് പറയാൻ വേണ്ടിയാണ്. എം എ ഇംഗ്ലീഷ് കഴിഞ്ഞപ്പോൾ തികച്ചും നാട്ടുനടപ്പ് എന്ന പോലെ ഞാൻ ബി എഡിന് പോകപ്പെട്ടു, അധ്യാപകനാകപ്പെട്ടു. അങ്ങനെ, ആകെ പെട്ടു.

### ആദ്യത്തെ ക്ലാസ്

ബി എഡിൻറെ കൂടെയുള്ള ഹ്രസ്വകാലത്തെ ടീച്ചിംഗ് പ്രാക്ടീസ് ഒഴിച്ചാൽ ഞാൻ ആദ്യമായി പഠിപ്പിക്കാൻ (!) ക്ലാസിൽ കയറുന്നത് ഒരു ആർട്സ് & സയൻസ് കോളേജിലെ ഒന്നാം വർഷ ഡിഗ്രി വിദ്യാർഥികളുടെ ക്ലാസിലാണ്. ഒരു അതിഥി അധ്യാപകനായി ഞാൻ ആ കോളേജിൽ ജോലിയ്ക്ക് ചേർന്നപ്പോഴായിരുന്നു അത്. ഭീകരമായ ഒരു ദിവസമായിരുന്നു അത്. പുറത്തേയ്ക്ക് നോക്കുമ്പോൾ സാധാരണയിൽ കവിഞ്ഞ് സൂര്യപ്രകാശം അന്നുണ്ടായിരുന്നു. രണ്ടാമത്തെ അവർ ആയിരുന്നു എനിക്ക് അലോട്ട് ചെയ്തിരുന്നത്. ഒമ്പതരയ്ക്ക് കോളേജിൽ എത്തിയ ഞാൻ വയറ്റിൽ കൊടുംതീയുമായി ഡിപ്പാർട്ട്മെൻറിൽ ഇരുപ്പുറപ്പിച്ചു. ഉറക്കത്തിൽ പോലും പഠിപ്പിക്കാൻ കഴിയും വിധം, മുപ്പത് വർഷത്തോളം അധ്യാപന പരിചയമുള്ള, റിട്ടയർമെൻറിൻറെ പരിസരത്ത് വിഹരിക്കുന്ന സീനിയർ അധ്യാപകരായിരുന്നു ഡിപ്പാർട്ട്മെൻറിൽ ഉണ്ടായിരുന്ന മറ്റുള്ളവർ. അവരെല്ലാം പരസ്പരം തമാശകൾ പറയുകയും പൊട്ടിച്ചിരിക്കുകയും അവധിക്കാലത്ത് ഏർപ്പെട്ട വിവിധ പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്ക് വയ്ക്കുകയും ചെയ്ത് കൊണ്ടിരുന്നു. അവരുടെ ശബ്ദങ്ങളെല്ലാം മറ്റേതോ ലോകത്ത് നിന്ന് കേൾക്കുന്നത് മാതിരി വലിയ മുഴക്കത്തോടെയാണ് എനിക്ക് അനുഭവപ്പെട്ടത്. ലോകം ഹെഡ് ലൈറ്റ് ഓൺ ചെയ്യുകയും ഡിം അടിക്കുകയും ചെയ്യുന്നത് പോലെ എനിക്ക് തോന്നി.

ഇങ്ങനെയൊക്കെ തോന്നിയെന്ന് കരുതി ക്ലാസിന് വേണ്ടി ഒന്നും തയ്യാറാകാതെയാണ് ഞാൻ വന്നിരുന്നത് എന്ന് കരുതരുത്. ജോലി കിട്ടി എന്നറിഞ്ഞ നാൾ മുതൽ എൻറെ വയറ്റിൽ തീ കത്തിത്തുടങ്ങുകയും ഞാൻ ക്ലാസിൽ ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തിരുന്നു. ഏതാണ്ട് തിരക്കഥ എഴുതുന്നത് പോലെ ക്ലാസിൽ ചെന്നാലുടൻ ഒരു മണിക്കൂർ അവസാനിക്കുന്നത് വരെയുള്ളകാര്യങ്ങൾ ഞാൻ മനസ്സിൽ തയ്യാറാക്കി വച്ചിട്ടുണ്ടായിരുന്നു. പക്ഷെ അതൊന്നും തീ കെടുത്താൻ പര്യാപ്തമായിരുന്നില്ല.

ജപ്പാനിലെവിടെയോ നടന്ന ഭൂമികുലുക്കത്തെക്കുറിച്ചോ മറ്റോ സഹ- സീനിയർ അധ്യാപകർ പറയുന്നത് വിദൂരതയിൽ നിന്നെന്ന പോലെ ഞാൻ കേൾക്കുന്നുണ്ടായിരുന്നു. അടുത്ത അവർ തുടങ്ങുന്നതിന് മുൻപ് ഇവിടെ ഒരു ഭൂമികുലുക്കമുണ്ടായിരുന്നെങ്കിൽ -- ക്ലാസിൽ പോകേണ്ടായിരുന്നു എന്ന് ഞാൻ ആഗ്രഹിച്ചു. ഒരു ഹെലികോപ്ടർ വിഴുങ്ങിയത് പോലെ ഉള്ളിൽ പ്രോപ്പല്ലർ കറങ്ങുന്ന അനുഭവത്തിൽ ഒമ്പതര- ഒമ്പതേ മുക്കാൽ- പത്ത് മണി- പത്തേകാൽ ആയി ക്കൊണ്ടിരുന്നു. സമയം പത്തരയടുക്കാൻ തുടങ്ങുമ്പോൾ ലോകത്തിന് എന്തോ സംഭവിക്കാൻ പോവുകയാണ് എന്ന തോന്നൽ ശക്തമായി. അങ്ങനെ മരണമണിയടിക്കും പോലെ ഭീകരമായ ആ മണി മുഴങ്ങി. ഇരുമ്പു കൊണ്ടുള്ള ചപ്പാത്തി പോലുള്ള പ്രാകൃതമായ ആ മണി ഇപ്പോഴും കോളേജിലുണ്ട്. അത് കാണുമ്പോഴെല്ലാം ഞാൻ ഈ ഭീകരദിനം ഓർക്കാറുമുണ്ട്.

ചോക്കും ഡസ്റ്ററും പുസ്തകങ്ങളുമെടുത്ത് യാന്ത്രികമായി, വയറ്റിൽ ഹെലികോപ്റ്ററുമായി ഞാൻ ക്ളാസിലേയ്ക്ക് പുറപ്പെട്ടു. ബി എഡ് കാലത്ത് ലെസൻ പ്ലാൻ എഴുതുംവിധം എന്തെല്ലാം പറയണമെന്നും ചെയ്യണമെന്നും ഞാൻ കണക്കാക്കി വച്ചിരുന്നു. ആദ്യം ആമുഖമായി എന്നെ പരിചയപ്പെടുത്തുക, (അഞ്ച് മിനിറ്റ് ) പിന്നെ കുട്ടികളെ പരിചയപ്പെടുത്തൽ (ക്ലാസിലുള്ളവർ മുഴുവൻ പേരും എവിടുന്ന് വരുന്നു എന്നും പറയുമ്പോൾ ഒരു പാട് നേരം പോകും , പത്ത് മിനിറ്റോളം കണക്കാക്കാം) പിന്നെ അവർ ഡിഗ്രിയ്ക്ക് ഈ വിഷയം തിരഞ്ഞെടുത്തതെന്തിന് എന്ന് പറയട്ടെ-- ചിലർക്ക് കൂടുതൽ പറയാൻ കാണും, ഇരുപത് മിനിറ്റ്) ഇനി പഠിപ്പിക്കാൻ പോകുന്ന ടെക്സ്റ്റ് ബുക്ക് പരിചയപ്പെടുത്തുന്നു (പത്ത് മിനിറ്റ് ) അപ്പോഴേയ്ക്കും പതിനൊന്നേ കാൽ ആകും. ഇനി പതിനഞ്ച് മിനിറ്റ് കൂടെയേ ഉള്ളൂ. അപ്പോഴേയ്ക്കും ഹെലികോപ്ടർ താഴെയിറങ്ങും. പിന്നെ ക്ലാസിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് പതിനൊന്നരയാക്കാം. അതായിരുന്നു പ്ലാൻ. നൂറിനടുത്ത് കുട്ടികൾ നിറഞ്ഞ ക്ലാസ്സിന്റെ വാതിൽക്കൽ എത്തിയപ്പോഴേ യ്ക്കും ഹെലികോപ്റ്റർ പറന്നുയർന്ന് വായിലൂടെ പുറത്ത് വരുമെന്ന് തോന്നി. ഒരു മഹാപുരുഷാരം എന്നെത്തന്നെ നോക്കി അവിടെ നില കൊണ്ടു. എൻറെ കണ്ണിൻറെ വിഷൻ ചുറ്റുപാടും കാണിക്കുന്ന ചില ക്യാമറകൾ പോലെ ഏങ്കോണിച്ച് പോയി. കേരളം മുഴുവൻ ആ ക്ലാസിനുള്ളിലാണ് എന്ന പോലെ.

ഞാൻ ക്ലാസിൽ കയറിയെങ്കിലും കുട്ടികൾ അവർ തുടർന്നിരുന്ന സംസാരം നിർത്തിയിട്ടില്ല. ഇപ്പോൾ അവർ എന്നെക്കുറിച്ചാണ് സംസാരിക്കുന്നത് എന്ന് ഞാൻ ഉറപ്പിച്ചു. ഞാൻ ഏതാനും സെക്കൻഡുകൾ കാത്തെങ്കിലും അവർ സംസാരം നിർത്തുന്ന മട്ടില്ല. അത് കൊണ്ട് അനിവാര്യമായ ആ വാക്കുകൾ ഞാൻ ആദ്യമായി പറഞ്ഞു. "സൈലൻസ് !!!!" ആദ്യത്തെ തവണ ഞാൻ പോലും അത്

കേട്ടില്ല. അത് കൊണ്ട് ഒരിക്കൽ കൂടി പറയേണ്ടി വന്നു. എന്നിട്ടും പറയത്തക്ക പ്രയോജനം ഒന്നും ഉണ്ടായില്ലെങ്കിലും ആരോ ക്ലാസിൽ വന്നിരിക്കുന്നു എന്ന പ്രതീതി ആദ്യത്തെ ഒന്ന് രണ്ട് ബഞ്ചുകളിൽ എങ്കിലും ഉണ്ടായി. (ഏഴോളം ബഞ്ചുകൾ ഉള്ള മൂന്ന് നിര ഉണ്ടായിരുന്നു എന്നോർക്കണം) തുടർന്ന് പ്രോപ്പല്ലറിൻറെ ഒച്ചയ്ക്ക് ഒപ്പം ഞാൻ ആരാണ് എന്നും എൻറെ അവതാരോദ്ദേശ്യം എന്താണ് എന്നും ക്ലാസിൽ വെളിപ്പെടുത്തി. ആദ്യത്തെ ഒന്നോ രണ്ടോ ബഞ്ചുകളിൽ ഇരുന്നവർ ഒഴിച്ചുള്ളവർ ഞാനാര് എന്നതിലും എൻറെ അവതാരലക്ഷ്യങ്ങളിലും അത്ര താൽപര്യം ഇല്ല എന്ന് കണ്ടു. നമ്മൾ കാര്യമായിട്ട് പറയുന്ന ഒരു കാര്യത്തിന് കേൾവിക്കാർ ഇല്ലാത്ത അധ്യാപകജീവിതത്തിലെ സുപ്രധാന അനുഭവം എനിക്കാദ്യം കിട്ടിയത് അപ്പോഴായിരുന്നു.

ക്ലാസിൽ പ്രവേശിച്ച് കഴിഞ്ഞതോടെ സമയത്തെക്കുറിച്ച് ഞാൻ തയ്യാറാക്കിയ കണക്കുകൂട്ടലുകൾ എല്ലാം തന്നെ കാറ്റിൽ പറന്നതായി ഞാൻ മനസിലാക്കി. എന്നെ പരിചയപ്പെടുത്തലിന് ഒരു മിനിറ്റ് പോലും വേണ്ടി വന്നില്ല. തുടർന്ന് കുട്ടികൾ ഓരോരുത്തരെ സ്വയം പേരും സ്ഥലവും പറഞ്ഞ് പരിചയപ്പെടുത്തുന്ന പരിപാടിയിലേയ്ക്ക് നീങ്ങി. അതിന് പത്ത് മിനിറ്റ് സംവരണം ചെയ്തിരുന്നെങ്കിലും കുട്ടികൾ ഞൊടിയിടയിൽ പേരും ഊരും പറഞ്ഞ് അതവസാനിപ്പിച്ചു. അവരുടെ പേരുകൾ കേൾക്കാനെന്നോണം ഞാൻ ബെഞ്ചുകൾക്കിടയിലൂടെ നടന്നെങ്കിലും ഈ പരിപാടി വെറും വഴിപാടാണ് എന്ന് മനസിലാക്കാൻ കുട്ടികൾക്ക് ഒരു പ്രയാസവും ഉണ്ടായിക്കാണില്ല. എൻറെ മുഖത്ത് അപ്പോഴെല്ലാം അടുത്തത് എന്ത് എന്ന വ്യാകുലതയായിരുന്നു. മൂന്ന് മിനിറ്റ് കൊണ്ട് അതും കഴിഞ്ഞു. ഡിഗ്രിയ്ക്ക് ഈ വിഷയം തിരഞ്ഞെടുത്തത് എന്തിനാണ് എന്ന് പറയാൻ കുട്ടികൾക്ക് അത്ര താൽപര്യം കണ്ടില്ല. അതും രണ്ട് മിനിറ്റിൽ അവസാനിച്ചു. ടെക്സ്റ്റ് ബുക്ക് പരിചയപ്പെടുത്തൽ അഞ്ച് മിനിറ്റ് കൊണ്ട് അവസാനിച്ചു. അങ്ങനെ പതിനൊന്നേ കാൽ വരെ ഞാൻ പ്ലാൻ ചെയ്തിരുന്ന “ഓപ്പറേഷൻ ആദ്യത്തെ ക്ലാസ്” വെറും പത്ത് മിനിറ്റ് കൊണ്ട് അവസാനിച്ചു. സമയം വെറും പത്ത് നാൽപത്. ഇനി അമ്പത് മിനിറ്റ് കൂടി ബാക്കി. കോളേജ് മുഴുവൻ കേൾക്കും വിധം വാ നിറയെ വർത്തമാനം പറഞ്ഞു കൊണ്ടിരിക്കുന്ന നൂറോളം കുട്ടികളുമായി ശേഷിച്ച അമ്പത് മിനിറ്റ് എന്ത് ചെയ്യും എന്നാലോചിച്ച് ഉള്ളിൽ ഹെലികോപ്റ്ററുമായി ഞാൻ നിൽക്കുന്നതാണ് എൻറെ അവസാന ത്തെ ഓർമ്മ. എങ്ങനെയോ ആ അമ്പത് മിനിറ്റുകൾ കടന്ന് പോയി. ഇടയ്ക്ക് എൻറെ ക്ലാസിൽ എന്തോ അത്യാഹിതം സംഭവിച്ചു എന്ന റിഞ്ഞ പോലെ പ്രിൻസിപ്പൽ ഉൾപ്പടെ ചില അധ്യാപകർ ക്ലാസ്സിന്റെ പരിസരത്ത് വന്ന് പോയി. ആ ക്ലാസിൽ അദ്ധ്യാപകൻ വന്നിട്ടില്ല എന്നും ബഹളം വയ്ക്കുന്ന കുട്ടികളെ അടക്കിയിരുത്തുക എന്ന ഉദ്ദേശ്യവും വച്ചാണ് പ്രിൻസിപ്പൽ എത്തിയത് എന്ന് ഞാൻ മനസിലാക്കി.

അദ്ദേഹം ക്ലാസിനകത്തേയ്ക്ക് കാൽ വയ്ക്കുക പോലും ചെയ്തു. അപ്പോഴാണ് ഞാൻ അതിനുള്ളിൽ നിൽക്കുന്നത് അദ്ദേഹത്തിൻറെ കണ്ണിൽ പെട്ടത്. ഇഞ്ചി കടിച്ചത് പോലെ അദ്ദേഹം ഇറങ്ങിപ്പോകുകയും ചെയ്തു. അങ്ങനെ അതവസാനിച്ചു.

ക്ലാസിലെ കാലത്തിൻറെ ഒഴുക്കിൽ പിന്നീട് അസംഖ്യം കുട്ടികൾ ഒഴുകിപ്പോയി. ഏത് തിയതി മുതൽ എന്ന് ഓർമ്മയില്ലാതെ എൻറെ ക്ലാസും കുട്ടികൾ കേട്ടിരിക്കുന്ന ഒരു സമയമുണ്ടായി. ക്ലാസ് പ്ലാൻ ചെയ്യുന്നതിനെക്കുറിച്ച് പതിയെ ധാരണകൾ രൂപപ്പെട്ടു വന്നു. വയറ്റിൽ ഹെലികോപ്റ്ററിൻറെ ചിറകടി ഇല്ലാതെ തന്നെ ക്ലാസിൽ പോകാവുന്ന സാഹചര്യങ്ങൾ വന്നു.

### വിവിധ ക്ലാസുകൾ; സമീപനങ്ങൾ

ഇംഗ്ലീഷ് അതിഥി അധ്യാപകരെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ഉള്ളത് കോമൺ പേപ്പർ ആയ ഇംഗ്ലീഷ് എടുക്കേണ്ട കംബൈൻഡ് ക്ലാസുകൾ ആയിരിക്കും. നൂറിനടുത്ത് കുട്ടികൾ ഉണ്ടാവും അത്തരം മിക്ക ക്ലാസുകളിലും. ക്ലാസുകൾ എങ്ങനെ എടുക്കണം എന്നതിനെക്കുറിച്ച് ബി എഡിൻറെ പാഠപുസ്തകങ്ങളിൽ നിരവധി നിർദേശങ്ങൾ ഉണ്ടാകുമെങ്കിലും “പുസ്തകങ്ങളിൽ നിന്ന് നീ വായിച്ചറിഞ്ഞ ക്ലാസ് മുറി അല്ല അനുഭവങ്ങളുടെ ക്ലാസ് മുറി” എന്ന ബോധ്യം വരുന്നത് ഇത് പോലെയുള്ള വലിയ ക്ലാസുകളിൽ ചെല്ലുമ്പോഴാണ്. രണ്ട് ബാച്ചുകളിൽ നിന്നുള്ള കുട്ടികൾ വന്ന് വന്ന് പതിയെ ക്ലാസ് നിറയുന്ന പ്രക്രിയ പൂർണമാകാൻ തന്നെ പത്ത് മിനിറ്റ് സമയമെടുക്കും. അങ്ങനെ എല്ലാവരും ഇരുന്ന് നാലു പാട് നിന്നും നിശബ്ദത പെറുക്കിക്കൂട്ടി ശ്വാസം പിടിച്ച് ടെക്സ്റ്റ് ബുക്ക് തുറക്കുന്ന സമയത്തായിരിക്കും നോട്ടീസ് വായിക്കാനോ, മറ്റെന്തെങ്കിലും അറിയിപ്പിന് വേണ്ടിയോ അറ്റൻഡർ, അല്ലെങ്കിൽ വൈകി മാത്രം ക്ലാസിൽ കയറാം എന്ന് തീരുമാനമെടുത്ത ഒരുവൻ, വാതിൽക്കൽ അവതരിക്കുന്നത്. അതോടെ പെറുക്കിക്കൂട്ടിയതെല്ലാം വീണ്ടും നിലത്ത് വീണ് പൊട്ടിച്ചിതറുന്നു. അധ്യാപകകേന്ദ്രിത വിദ്യാഭ്യാസ രീതിയിൽ നിന്ന് വിദ്യാർഥി കേന്ദ്രിതമായി മാറിയതോടെ ക്ലാസിൽ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവരെ ചർച്ച ചെയ്യാൻ പ്രേരിപ്പി ക്കുകയും മറ്റും വേണമെന്നാണ് സിദ്ധാന്തം. പക്ഷെ കണ്ണെത്താ ത്തിടത്തോളം കുട്ടികൾ നിറഞ്ഞ -- ഏകാഗ്രമാക്കാൻ പണിപ്പെടേണ്ടി വരുന്ന കംബൈൻഡ് ക്ലാസുകളിൽ പലപ്പോഴും സിദ്ധാന്തങ്ങൾ പ്രായോഗികമാകാതെ വരുന്നു.

ഒരു ഗ്രാമീണമായ കാംപസ് ആയിരുന്നു ഞങ്ങളുടേത്. പഠിപ്പിക്കുന്ന വിഷയം ഇംഗ്ലീഷ് ആണെങ്കിലും ക്ലാസുകളിൽ പൂർണമായും ഇംഗ്ലീഷ് ഉപയോഗിക്കുന്ന സാഹചര്യമൊന്നും പലപ്പോഴും നടക്കാറില്ല.

പഠിപ്പിക്കലിൻറെ ആദ്യകാലത്ത് ഇംഗ്ലീഷിൽ ക്ലാസെടുത്ത ഒരു ഇംഗ്ലീഷ് ക്ലാസിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ കുറച്ച് വിദ്യാർഥികൾ എന്നെ സമീപിച്ചു. "സാറിൻറെ ക്ലാസ് ഒക്കെ നന്നായിരുന്നെങ്കിലും ഞങ്ങൾക്ക് ഒന്നും മനസിലായില്ല" എന്നറിയിച്ചു. തുടർന്ന് അവർ മലയാളത്തിൽ കൂടി വിശദീകരണം നൽകണം എന്ന് ആവശ്യപ്പെട്ടു. അടുത്ത ക്ലാസ് മുതൽ ഞാൻ ഇംഗ്ലീഷിൽ വിശദീകരിച്ച ശേഷം രൺജി പണിക്കർ എഴുതിയ സിനിമകളിലെ ഇംഗ്ലീഷ് സംഭാഷണങ്ങൾ പോലെ ഇംഗ്ലീഷ് പറഞ്ഞ ശേഷം ഉടൻ തന്നെ അതിൻറെ മലയാളം കൂടി പറഞ്ഞു തുടങ്ങി. കുട്ടികൾക്ക് തൃപ്തിയാണ് എന്ന് തോന്നിയതിനാൽ ഞാൻ ആ സ്ട്രാറ്റെജിയിൽ തന്നെ മുന്നോട്ട് നീങ്ങി. കുറച്ച് നാൾ കഴിഞ്ഞ് മറ്റൊരു ക്ലാസിൽ ഒരു ഒഴിവ് മണിക്കൂറിൽ ചെന്ന് കയറേണ്ടി വന്നപ്പോൾ സമയം അഡ്ജസ്റ്റ് ചെയ്യുന്നതിന് വേണ്ടി ഞാൻ എൻറെ ക്ലാസിനെക്കുറിച്ച് ഒരു ഫീഡ്ബാക്ക് എഴുതാൻ അവരോട് ആവശ്യപ്പെട്ടു. ക്ലാസ് കഴിഞ്ഞ് കുട്ടികൾ എഴുതിയ കടലാസുകൾ വായിക്കുമ്പോൾ കുറിപ്പുകളിൽ ഇങ്ങനെ കാണപ്പെട്ടു: "സർ, ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷിൽ തന്നെ എടുക്കണം എന്ന് അഭ്യർഥിക്കുന്നു"
ഓരോ ക്ലാസുകളും വ്യത്യസ്തമാണ്. ഓരോ കുട്ടികളും വ്യത്യസ്തരാണ്. എല്ലാ ക്ലാസുകൾക്കും ഒരു പോലെ യോജിച്ച ഒരു സിദ്ധാന്തവുമില്ല. , കുട്ടികളെ വിലയിരുത്തിയതിന് ശേഷം മാത്രമേ അവിടെ സ്വീകരിക്കേണ്ട ബോധനരീതിയും തീരുമാനിക്കാനാകൂ.

## സമരവും അവധി ദിവസങ്ങളും

കേരളത്തിലെ കലാലയ-അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നതാണ് വിദ്യാർഥിരാഷ്ട്രീയവും അതുമായി ബന്ധപ്പെട്ട് ഉണ്ടാകാറുള്ള സമരങ്ങളും അനുബന്ധപരിപാടികളും. ചില കാരണങ്ങളിൽ നിന്നാണ് സമരങ്ങളും ബന്ദുകളും ഹർത്താലുകളും ഉത്ഭവിക്കുന്നത് എങ്കിലും അവയുടെ ഉദ്ദേശ്യം പലപ്പോഴും പൊതുസമൂഹത്തിലേയ്ക്ക് വിനിമയം ചെയ്യപ്പെടുന്നില്ല എന്നാണ് തോന്നിയിട്ടുള്ളത്. എന്ത് കാരണത്തിന് വേണ്ടി പ്രഖ്യാപിക്കപ്പെടുന്ന ഹർത്താൽ ആകട്ടെ, അവ പലപ്പോഴും ഒരു അവധി പ്രഖ്യാപനം പോലെയാണ് ആളുകളിലേയ്ക്ക് എത്തപ്പെടുന്നത്. വിദ്യാർഥിജീവിതകാലത്ത് സമരദിനങ്ങൾ ഹോസ്റ്റലിൽ അവധി ദിനാഘോഷങ്ങളോ നൂൺഷോകളോ ആയി മാറുമായിരുന്നത് ഓർമ്മയുണ്ട്. നൂൺഷോ എന്ന ഷോ തന്നെ സിനിമാപ്രേമികളായ കോളേജുപിള്ളാർക്ക് വേണ്ടി ഉണ്ടാക്കിയതാണ് എന്നാണ് അന്ന് വിദ്യാർഥിജീവിതകാലത്ത് ഞങ്ങൾ ഉറച്ച് വിശ്വസിച്ചിരുന്നത്. പുറത്ത് പറയാറില്ലെങ്കിലും സമരദിനങ്ങളിൽ അധ്യാപകരും ചില ദുരൂഹമായ ആഹ്ലാദം ഉള്ളിൽ വച്ച് ഗൌരവത്തിൽ കാമ്പസിലൂടെ വിഹരിക്കുന്നുണ്ട്.

സമരമുള്ള ദിവസം കോളേജിൽ പ്രവേശിക്കുമ്പോൾ വായുവിൽ സമരത്തിൻറെ ഗന്ധമുണ്ടായിരിക്കും. കുട്ടികളുടെ ചില സംഘങ്ങൾ

സാധാരണയിലേറെ ഊർജ്ജത്തോടെ കാംപസിലൂടെ അങ്ങുമിങ്ങും നടക്കുന്നത് കാണുമ്പോൾ അതറിയാം. വാടിയ ചേമ്പിൻ തണ്ട് പോലെ കാംപസിലേയ്ക്ക് കയറി വരുന്ന, തൻറെ വിദ്യാർഥിജീവിതം സജീവമായി ഓർമ്മിക്കുന്ന അധ്യാപകൻ അപ്പോൾ ഉള്ളിൽ ആവേശഭരിതനാകും. പക്ഷെ മുഖത്ത് തികഞ്ഞ ഗൌരവമായിരിക്കും. എന്നാൽ ഓഫീസിൽ അറ്റൻഡൻസ് രജിസ്റ്റർ ഒപ്പിടാൻ നിൽക്കുമ്പോൾ ആഹ്ലാദം അടക്കിപ്പിടിച്ച് നിൽക്കുന്ന സമാനമനസ്കരെ അദ്ദേഹത്തിന് വേഗം തിരിച്ചറിയാൻ കഴിയും. സമരദിവസം ഒന്നാമത്തെ അവർ ക്ലാസിൽ പോകാൻ ഒരു ഹരമുണ്ട്. അന്ന് പഠിപ്പിക്കലിന് പതിവിലേറെ ഉത്സാഹം ഉണ്ടായിരിക്കും. വിദ്യാർഥികളും വളരെ ഉത്സുകരായി മുന്നിലേയ്ക്കാഞ്ഞിരുന്ന് ക്ലാസ് കേൾക്കുന്നുണ്ടാകും. സാധാരണ ക്ലാസിനിടയിൽ സംസാരവും പിറുപിറുപ്പുകളും കാണുമെങ്കിലും അന്ന് പൂർണനിശബ്ദതയായിരിക്കും. തൻറെ ശബ്ദം ഇത് വരെ ഇത്രയും വ്യക്തതയോടെ ക്ലാസിൽ കേൾക്കാൻ കഴിഞ്ഞിട്ടില്ലല്ലോ എന്നോർത്ത് അധ്യാപകന് ആനന്ദാശ്രു വരും. സൂക്ഷിച്ച് നോക്കിയാൽ കാണാം, വിദ്യാർഥികളുടെ ചെവികൾ പൂച്ചയുടെ ചെവി പോലെ പുറത്തേയ്ക്ക് വട്ടം പിടിച്ചിരിക്കുകയാകും. വിദ്യാർഥികൾ ശ്രദ്ധിക്കാത്തത് കൊണ്ടാണ് അല്ലെങ്കിൽ കാണാം അധ്യാപകൻ കടുവച്ചെവിയുമായി കാതോർക്കുന്നത്.

വിദ്യാർഥികൾ ഇടയ്ക്കിടെ പുറത്തേയ്ക്ക് പാളി നോക്കും. അദ്ധ്യാപകൻ വിചാരിക്കും: “ഇവന്മാർ ഇനി ആരെക്കാത്ത് നിൽക്കുവാണ്?” അങ്ങനെയിരിക്കെ ദൂരെ നിന്ന് മുദ്രാവാക്യം വിളികൾ മുഴങ്ങുന്നത് കേൾക്കാം. അത് കേൾക്കുമ്പോൾ ക്ലാസ് ഒന്നിളകിയിരിക്കും. ഉണ്ണാൻ വിളിക്കുമ്പോൾ കൂടുതൽ പണിയെടുക്കുന്ന മട്ടിൽ അധ്യാപകൻറെ പഠിപ്പിക്കലിന് അപ്പോൾ ഊക്ക് കൂടും. അപ്പോഴേയ്ക്കും മുദ്രാവാക്യം വിളിച്ച് കൊണ്ട് ജാഥ വരാന്തയിലൂടെ നമ്മുടെ ക്ലാസിനടുത്ത് എത്തിയിരിക്കും. അദ്ധ്യാപകൻ അപ്പോൾ ക്ലാസ് തടസ്സപ്പെടുന്നതിലുള്ള അസഹ്യത കൊണ്ടെന്ന പോലെ ഒരു ഭാവം മുഖത്ത് കൊണ്ട് വന്നിരിക്കും. “ഛെ! എന്ത് കഷ്ടമാണ്! ഒരു ക്ലാസെടുക്കാമെന്ന് വച്ചാൽ സമ്മതിക്കില്ലല്ലോ” എന്ന ഭാവമായിരിക്കും അത്. ഒടുവിൽ തികഞ്ഞ വിമ്മിഷ്ടത്തോടെ അധ്യാപകൻ ക്ലാസിൽ നിന്നിറങ്ങുന്നു. അത് കാണുമ്പോൾ വിദ്യാർഥികൾക്ക് “പാവം അയാൾ കരഞ്ഞു കൊണ്ടാണ് പോകുന്നത് എന്ന് വിദ്യാർഥികൾക്ക് തോന്നണം.” ക്ലാസ്സിന്റെ പരിസരം വിട്ട് കഴിഞ്ഞാൽ ഗംഗാധരൻ മുതലാളി രമണനെയും മരുമോനെയും പഞ്ചാബികളുടെ വീട്ടിൽ നിർത്തിയ ശേഷം ആഹ്ലാദിച്ച് നടന്ന് പോകുന്ന മാതൃകയിൽ ഡിപ്പാർട്ട്മെൻറിൽ ചെന്ന് ഭവിക്കുകയും തൻറെ സീറ്റിൽ ചെന്ന് വിസ്തരിച്ച് ഇരുന്ന് കസേര പിന്നിലേയ്ക്ക് മറിച്ച് സമാനമായി ആഹ്ലാദിക്കുന്നവരുമായി അത് പങ്ക് വയ്ക്കുകയും ചെയ്യും. ഇതേ അദ്ധ്യാപകൻ നല്ല മഴ പെയ്യുന്ന സന്ധ്യാസമയങ്ങളിൽ ടീവിയുടെ മുന്നിൽ ഇരുപ്പുറപ്പിച്ചിരിക്കും.

മാനം തെളിഞ്ഞ ദിവസങ്ങളിൽ അദ്ദേഹത്തിന് വാർത്തകളിലൊന്നും യാതൊരു വിധ കമ്പവും കാണില്ല. എന്നാൽ മഴദിവസങ്ങളിൽ എത്ര നേരം വേണമെങ്കിലും വാർത്തകൾ ഉറ്റുനോക്കിയിരിക്കാൻ അദ്ദേഹത്തിന് യാതൊരു മടിയുമില്ല. ”കനത്ത മഴയെത്തുടർന്ന് പ്രൊഫഷനൽ കോളേജുകൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചിരിക്കുന്നു” എന്ന അനൌൺസ്മെൻറ് വരുന്നത് വരെ കാത്തിരിപ്പ് തുടരും. അനൌൺസ്മെൻറ് വരാത്ത പക്ഷം “ഹും! കളക്ടറാണത്രെ കളക്ടർ” എന്ന് പിറുപിറുത്ത് അടുത്ത ദിവസം പഠിപ്പിക്കാനുള്ള ഭാഗം പഠിക്കാൻ വേണ്ടി മുറിയിലേയ്ക്ക് പോകും.

## അപ്രതീക്ഷിതമായ ഒരു ‘അവർ’

കോളേജിൽ അപ്രതീക്ഷിതമായി ഉണ്ടാകാവുന്ന അത്യാഹിതങ്ങളിൽ ഒന്നാണ് കൈയിൽ കുറ്റിയില്ലാതെ ചില ക്ലാസിൽ കയറി എൻഗേജ് ചെയ്യേണ്ടി വരിക എന്നത്. (പ്രിപ്പറേഷനെയാണ് കുറ്റി, മരുന്ന് എന്നൊക്കെ വിളിക്കുന്നത്) ചിലർ ഏത് സാഹചര്യങ്ങളിലും നാക്കിൻെറ ഗുണം കൊണ്ട് പിടിച്ച് നിൽക്കാറുണ്ട്. കുറച്ച് വർഷങ്ങൾക്ക് മുൻപ് അധ്യാപകനായ എൻെറ ഒരു സുഹൃത്ത് ഒഴിവ് സമയത്ത് ഡിപ്പാർട്ട്മെൻറിൽ കസേര പിന്നിലേയ്ക്ക് മറിച്ച് സന്തോഷത്തോടെ സ്വപ്നം കണ്ടിരിക്കുമ്പോൾ, എച്ചോഡി വന്ന് രണ്ടാം വർഷക്കാർ ഫ്രീ ആയി ഇരിക്കുകയാണ് എന്നും പോയി എൻഗേജ് ചെയ്യാനും ആവശ്യപ്പെടുകയുണ്ടായി. സുഹൃത്ത് അടിമുടി വിരണ്ടു ! കുറ്റി പോയിട്ട് ഈർക്കിലി പോലും കയ്യിലില്ല. എങ്കിലും അവശേഷിക്കുന്ന ധൈര്യമൊക്കെ സംഭരിച്ച് അദ്ദേഹം ക്ലാസിൽ ചെന്ന് ഭവിച്ചു. എന്ത് ചെയ്യും ? കേട്ടെഴുത്ത് നടത്താൻ പറ്റുമോ? കോളേജൊക്കെയല്ലേ ? പിള്ളേർ എന്ത് കരുതും ? അദ്ദേഹം ഗാഢമായി ചിന്തിച്ചു കൊണ്ട് ക്ലാസിനിടയിലൂടെ ഒന്ന് രണ്ട് തവണ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. ആവശ്യം വരുമ്പോൾ കൊച്ചു വർത്തമാനം പറയാനുള്ള ആശയം പോലും വരികയില്ല. പിള്ളേരുടെ സംസാരത്തിൻെറ ഒച്ച ചിലപ്പോൾ അതിര് കടക്കുന്നു. ഒന്ന് രണ്ട് തവണ "സൈലേൻസ് സ് സ് സ് " എന്ന് വിലപിച്ചു നോക്കി. അടങ്ങുന്നില്ല.

സാറിൻെറ കൈയ്യിൽ ‘കുറ്റി’ ഇല്ലെന്ന് ഇതിനകം ഏതാണ്ട് കുട്ടികൾക്ക് മനസ്സിലായി. സമയം നോക്കുമ്പോൾ ബെല്ലടിക്കാൻ നാൽപത് മിനിറ്റിലേറെ ബാക്കിയുണ്ട് എന്ന് കണ്ടു. വീണ്ടും ചിന്താധീനനായി ക്ലാസ് മുറിയിലൂടെ ഉലാത്തി. വല്ല അസുഖമാണ് എന്നും ഭാവിച്ച് തലകറങ്ങിത്താഴെ വീണാലോ? അതിനെക്കുറിച്ച് ഗൌരവമായി ആലോചിച്ച് തുടങ്ങിയപ്പോൾ ഒരു പെൺകുട്ടി എഴുന്നേറ്റ് അദ്ദേഹത്തെ സമീപിച്ചു. എന്നിട്ട് ഒരു രഹസ്യം പറയാനുള്ളത് പോലെ ചെവിയുടെ അടുത്ത് ചെന്ന് സ്വകാര്യമായി "പാടണം" എന്നറിയിച്ചു.

എന്റെ സുഹൃത്ത് വിചാരിച്ചത് താൻ പാടണമെന്ന് വിദ്യാർഥിനി ആവശ്യപ്പെടുകയാണ് എന്നാണ്. എന്നാൽ തനിക്ക് സ്വന്തമായി

പാടണം എന്ന് അങ്ങോട്ട് ആവശ്യപ്പെടുകയായിരുന്നു ആ പെൺകുട്ടി. ഭയങ്കരി!

തന്നോട് പാടണം എന്നാണ് പെൺകുട്ടി ആവശ്യപ്പെട്ടത് എന്ന ധരിച്ച എൻറെ സ്നേഹിതൻ ജനാലയിലൂടെ വിദൂരതയിലേയ്ക്ക് കണ്ണൊന്ന് പായിച്ച്, നിലത്ത് കിടന്ന ഒരു കല്ല് പതുക്കെ തട്ടിത്തെറിപ്പിച്ച് പോക്കറ്റിൽ കൈയിട്ട് "ഞാൻ അങ്ങനെ പഴേ പോലെ പാടാറൊന്നുമില്ല കുട്ടീ " എന്ന് അൽപം ലജ്ജയാൽ ചിരിച്ചു കൊണ്ട് അറിയിച്ചു, പഴേ കാര്യം കുട്ടിക്കറിയാം എന്ന പോലെ.

അപ്പോൾ ആ പെൺകുട്ടി തികച്ചും ക്രൂരമായി "സാറല്ല, ഞാൻ പാടുന്ന കാര്യമാണ്" എന്നറിയിച്ചു.

സുഹൃത്ത് ഇത് കേട്ട് ഒന്നിളിഭ്യനായെങ്കിലും മനസാനിധ്യം വീണ്ടെടുത്ത്, "ങേ ! ഓ !, പാടിക്കോളൂ, കുട്ടി പാടിക്കോളൂ ..നേരം വെളുക്കണ വരെ പാടിക്കോളൂ" എന്നർത്ഥം വരുന്ന എന്തോ പറഞ്ഞു.

തുടർന്ന് ആ കുട്ടി കവിത പോലെ എന്തോ ഒന്ന് പാടാനാരംഭിച്ചു. ഞാൻ ആ സമയം ഡിപ്പാർട്ട്മെൻറിൽ കസേര പിന്നിലേയ്ക്ക് മറിച്ചു കൊണ്ടിരുന്ന് ആഹ്ലാദത്തോടെ എൻറെ ഫ്രീ അവർ ആസ്വദിക്കുകയായിരുന്നു. സുഹൃത്തിൻറെ ക്ളാസിൻറെ ദിശയിൽ നിന്ന് ആ നേരത്ത് അവ്യക്തമായ തരത്തിലുള്ള ഒരു കോലാഹലം കേട്ടു. എൻറെ മുന്നിലിരുന്ന് പേപ്പർ കറക്റ്റ് ചെയ്ത് കൊണ്ടിരുന്ന എൻറെ സഹപ്രവർത്തകയും എന്തോ അത്യാഹിതം സംഭവിച്ച മട്ടിൽ എഴുന്നേറ്റു. കസേര മറി നിർത്തി എഴുന്നേറ്റ് ഞാനും സഹപ്രവർത്തകയും കൂടി വരാന്തയിലൂടെ ക്ളാസിൻറെ ദിശയിലേയ്ക്ക് പുറപ്പെട്ടു. എനിക്ക് പേടിയുണ്ടായിരുന്നു. അത്യാഹിതങ്ങൾ എനിക്ക് പണ്ടേ പേടിയാണ്. അടുത്തു ചെല്ലുന്തോറും ഇംഗ്ലീഷിൽ എന്തൊക്കെയോ ആണ് കേൾക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ജനാലയിലൂടെ പാളി നോക്കിയപ്പോൾ ഒരു പെൺകുട്ടി കൈ-മെയ്-വാ തുടങ്ങിയവ മറന്ന് അത്യുച്ചത്തിൽ കവിത ആലപിക്കുകയാണ്. പക്ഷെ ദൂരെ നിന്ന് കേൾക്കുന്നവർക്ക് ആ ക്ലാസ് മുറിയിൽ ഭീകരമായ ഒരു കൊലപാതകത്തിലേയ്ക്ക് ചെന്നെത്താൻ സാധ്യതയുള്ള ഒരു വാക്കേറ്റം നടക്കുകയാണ് എന്ന് തോന്നുമായിരുന്നു. എൻറെ സുഹൃത്ത് കവിത കേട്ട് പേടിച്ച് എന്ത് ചെയ്യണമെന്നറിയാതെ വിയർത്ത് വിളറി നീർക്കോലിയെ കയ്യിൽ പിടിച്ച് നിൽക്കുന്ന കുറുക്കനെ പോലെ--വിടാൻ വയ്യ--വിട്ടാൽ കടിക്കുമോ --എന്ന ഭാവത്തിൽ നിൽപ്പുണ്ട്. അപ്പഴേയ്ക്കും മറ്റ് ഡിപ്പാർട്ട്മെൻറുകളിൽ നിന്നും അധ്യാപകർ പുറത്തേയ്ക്ക് വരികയും കാര്യം മനസ്സിലാക്കി ചെറുചിരിയോടെ പരിസരത്ത് ചുറ്റിപ്പറ്റി നിൽക്കുകയും ചെയ്യുന്നുണ്ടായിരുന്നു. സരസനായിരുന്ന ഞങ്ങളുടെ പ്രിൻസിപ്പാളും പുറപ്പെട്ടു വരികയും

കാര്യമറിഞ്ഞു മെല്ലെ  തിരിച്ചു പോകുകയും ചെയ്തു.  ആലാപനം അവസാനിപ്പിച്ച ശേഷം "താങ്ക്യു സാർ" ആക്രോശിച്ച് ആ കുട്ടി തൻറെ സീറ്റിലേയ്ക്ക് മടങ്ങുമ്പോൾ  അത് നോക്കി ഒട്ടകപ്പക്ഷിയെപ്പോലെ എൻറെ സുഹൃത്ത്  നിൽക്കുന്നതാണ് ആ സംഭവത്തെക്കുറിച്ചുള്ള എൻറെ മനസ്സിലെ അവസാന ഓർമ്മ. അപ്രതീക്ഷിതമായി ഒഴിഞ്ഞു കിടക്കുന്ന ക്ലാസിൽ മരുന്നില്ലാതെ കയറേണ്ടി വരുന്ന ഭീകരമായ അനിവാര്യത നേരിടുമ്പോൾ ഈ സംഭവം ഞാൻ ഓർക്കാറുണ്ട്.

# രണ്ടുപേർ

യാത്രകൾ എന്നും ഉള്ളതാണെങ്കിലും ഓരോ ദിവസത്തെയും യാത്ര ആ ദിവസത്തെ വ്യത്യസ്തമാക്കുന്നതാണ്. അങ്ങനെയൊരിക്കൽ കോളേ ജിലേക്ക് പോകാനായി ബസ് സ്റ്റാൻഡിൽ നിൽക്കുമ്പോഴാണ് ഞാൻ അവരെ ശ്രദ്ധിച്ചത്. ഒരാൾ വലിയ ഒച്ചയിൽ ഒരു പാട്ട് പാടിക്കൊണ്ടി രിക്കുന്നു. പാട്ടിനെ മനോഹരമാക്കുന്ന താളം, ഈണം, സ്വരമാധുരി ഒന്നും ഇല്ലാത്ത ഒരു ശബ്ദം എന്ന് മാത്രം പറയാവുന്ന പാട്ട്. ഒരു അന്ധനായ മനുഷ്യൻ ആണ് ഈ ശബ്ദം ഉണ്ടാക്കികൊണ്ടിരിക്കുന്നത്. തൊട്ടടുത്തു തന്നെ പർദ്ദ ധരിച്ച ഒരു സ്ത്രീ നിൽക്കുന്നുണ്ട്. അവർ ആരെയും നോക്കുന്നില്ല. വളരെ അപമാനിതയായ പോലെയാണ് നിൽപ്പ്. ഈ ഒച്ച ഉണ്ടാക്കുന്ന ആളുടെ ആരെങ്കിലും ആണെന്ന് തോന്നും. ആ സ്ത്രീയുടെ നിൽപ്പു കണ്ടപ്പോൾ എനിക്ക് വലിയ സങ്കടതോന്നി. താൻ മറ്റുള്ളവരോട് ഭിക്ഷ യാചിക്കേണ്ടി വന്നല്ലോ എന്ന ഗതികേടിനെപ്പറ്റി ചിന്തിച്ച് നിരാശപ്പെട്ടും, മറ്റു മാർഗങ്ങൾ കണ്ടെത്താനാകാതെ നിവൃത്തികെട്ടും ഉള്ള പോലെയുള്ള നിൽപ്പ്. അവർ ആദ്യമായിട്ടാണിങ്ങനെ എന്ന് തോന്നുന്നു. അടുത്ത് നിൽക്കുന്ന അന്ധനായ വ്യക്തിക്ക് ഞാനുൾപ്പെടെയുള്ള ആളുകളുടെ നോട്ടങ്ങളെയൊന്നും കാണാനാകാത്തതിനാൽ അയാളുടെ നിൽപ്പ് കുറച്ചു കൂടി സമാധാനത്തിലാണ്. ഇവരുടെ സംഘർഷം അയാളിൽ കാണാനില്ല. ബസ് സ്റ്റാൻഡിൽ ഇതെല്ലാം സാധാരണ കാഴ്ചകളാണല്ലോ എന്നൊക്കെ സമാധാനിച്ചും അവരെ പറ്റുന്ന രീതിയിലൊന്നു സഹായിച്ചാലോ എന്ന് ചിന്തിച്ചും ഞാൻ നിന്നു.



**അശ്വതി. എം. പി**
അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
കെ. എ. എച്ച്. എം. യൂണിറ്റി
വനിതാ കോളേജ്, മഞ്ചേരി

യഥാർത്ഥത്തിൽ എനിക്കു വന്ന സങ്കടം എനിക്കറിയാത്ത അവരെക്കുറിച്ചല്ല എന്നായിരുന്നു അതിനെക്കുറിച്ച് പിന്നീട് തോന്നിയത്. എനിക്കറിയുന്ന ഭിന്നശേഷിക്കാരിയായ, കാലുകൾക്ക് പോളിയോ ബാധിച്ച, രാധ എന്ന കൂട്ടുകാരിയുടെ മുഖം ആ സന്ദർഭം ഓർമിപ്പിച്ചതിനാലാണ് ഞാൻ സങ്കടപ്പെട്ടത് എന്ന് തോന്നി. 2003ൽ ഡിഗ്രിക്ക് ചേർന്ന ഒന്നാം ദിവസം രാധ എന്ന കുട്ടി എന്റെ അടുത്ത് വന്നിരുന്നു. പൊതുവെ പരിചയമില്ലാത്തവരോട് വലിയ അകലം പാലിക്കുന്ന എന്നോട് യാതൊരു മടിയും കൂടാതെ ഒത്തിരി സംസാരിച്ചു. പോകാൻ നേരം സങ്കടത്തോടെ ആ കുട്ടി പറഞ്ഞു. "കോളേജ് വിട്ടാൽ

നിങ്ങളൊക്കെ അങ്ങ് പോകും, എനിക്ക് പി ടി എം കോളേജിൽ നിന്ന് റോഡിലേക്ക് ഒച്ചിഴയുന്ന വേഗത്തിലെ പോകാനാകൂ. ഞാൻ ഒറ്റക്കാകും ". കുറച്ചു നേരം സംസാരിച്ചപ്പോൾ ആ കുട്ടി ഉണ്ടാക്കിയ പോസിറ്റീവ് എനർജി എന്നെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചു. "എനിക്ക് വീട്ടിൽ ഓടിപ്പോയിട്ടത്യാവശ്യം ഒന്നും ഇല്ല. അതുകൊണ്ട് നമുക്ക് ഒരുമിച്ച് പോകാം." ഇതുകേട്ട രണ്ടു കുട്ടികൾ കൂടി ഞങ്ങളോടൊപ്പം ചേർന്നു. ആ മൂന്നു വർഷം എന്റെ കൂടെത്തന്നെ ഉണ്ടായിരുന്ന ആ കുട്ടിക്ക് ഇതുപോലെ സഹായത്തിനാരുമില്ലാത്ത ഒരു നിസഹായാവസ്ഥ വന്നാലോ എന്ന തോന്നലിൽ വിഷമിച്ചു നിന്നപ്പോൾ ടീച്ചർ എന്ന ഒരു വിളി എന്നെ ചിന്തകളിൽ നിന്ന് ഉണർത്തി. അപ്പോഴേക്കും എന്റെ ചുറ്റിലും കോളേജ് ബസിൽ കയറാനുള്ള കുട്ടികളുടെ കൂട്ടങ്ങൾ വന്നു നിറഞ്ഞിരുന്നു. ആ കൂട്ടത്തിൽ മുഖപരിചയം ഉള്ള ഒരു കുട്ടിയാണ് മുന്നിൽ. അപ്പോഴേക്കും പാട്ട് നിന്നിരുന്നു. അതും ഇതും ആലോചിച്ച് നിന്ന് അവരെ ഒന്ന് സഹായിക്കുക പോലും ചെയ്യാതിരുന്നത് തെറ്റായിപ്പോയി എന്ന് എനിക്ക് പശ്ചാത്താപം തോന്നി. ഞാൻ വിളികേട്ടിട്ടില്ല എന്ന വിചാരത്തിൽ കുട്ടി ഒന്നുകൂടി ഉറക്കെ വിളിച്ചു. നോക്കുമ്പോൾ കുട്ടിയുടെ കൈയിൽ ആ അന്ധനായ മനുഷ്യൻ പിടിച്ചിരുന്ന പണം നിക്ഷേപിക്കാനുള്ള ടിൻ. "എന്തെങ്കിലും കൊടുത്ത് അവരെ സഹായിക്കാമോ ടീച്ചർ?" ആ കുട്ടി ചോദിച്ചു. അപ്പോഴാണ് എനിക്ക് മനസിലായത് അയാൾ പാട്ട് നിർത്തിയത് എന്തുകൊണ്ടാണെന്ന്. അയാളെ സഹായിക്കുക എന്ന ദൗത്യം യാതൊരു പരിചയവുമില്ലെങ്കിലും മറ്റൊരാൾ ഏറ്റെടുത്തിട്ടുള്ളതിന്റ ആശ്വാസം ആ സ്ത്രീയുടെ മുഖത്തും ഉണ്ടായിരുന്നു. എന്റെ അടുത്തുനിന്ന് അവിടെ നിന്നിരുന്ന നൂറോളം കുട്ടികളുടെ അടുത്തേക്ക് പോയ ആ കുട്ടി എല്ലാവരെയും നിർബന്ധിച്ച് പണം സംഘടിപ്പിച്ച് ഒരു തെറ്റില്ലാത്ത തുക തന്നെ ആ ഇരുപതു മിനിട്ട് നേരം കൊണ്ട് അവർക്കു നൽകി. താൻ ഒരു വലിയ കാര്യം ചെയ്ത യാതൊരു ഭാവവുമില്ലാതെ കോളേജ് ബസ് വന്നപ്പോൾ സ്വരൂപിച്ച പണം അവരെ ഏല്പിച്ചു ബസിൽ കയറിപ്പോയ യൂണിറ്റി കോളേജിൽ ഏതാണ്ട് എഴെട്ടു വർഷം മുൻപ് പഠിച്ചു പോയ ആ കുട്ടിയുടെ പ്രവൃത്തി പുതുതലമുറയുടെ നന്മയും നിസ്വാർത്ഥതയും മനസിലാക്കാൻ സഹായിച്ച ഒരു സന്ദർഭമായിരുന്നു.

ഈ കഥ ഇപ്പോൾ ഓർമ വരാൻ ഒരു കാരണമുണ്ട്. ഇതിൽ പരാമർശിച്ച എനിക്ക് ഏറ്റവും പ്രിയപ്പെട്ട രാധ എന്ന കൂട്ടുകാരിക്ക് കുറേ നാളത്തെ കഷ്ടപ്പാടിന് ശേഷം ഏതാണ്ട് രണ്ടു വർഷം മുൻപ് മഞ്ചേരി ഗവണ്മെന്റ് എൽ. പി സ്കൂളിൽ സ്ഥിരം ജോലി കിട്ടിയിരുന്നു. അങ്ങനെ കുറേ നാളുകൾക്കു ശേഷം ഒരിക്കൽ രാവിലെ അവിചാരിതമായി ബസിൽ വച്ച് രാധയെക്കണ്ടു. അന്ന് കൈയിൽ മുറുകെ പിടിച്ചുകൊണ്ട് രാധ പറഞ്ഞു നമ്മൾ രണ്ടു പേരും മഞ്ചേരിയിലെത്തിയത് അത്ഭുതം തന്നെ എന്ന്. അന്ന് ബസിൽ നിന്ന്

ഇറങ്ങി ഓട്ടോയിൽ കയറാൻ രാധയെ ഞങ്ങളുടെ കോളേജിൽ പഠിക്കുന്ന കുട്ടികൾ യാതൊരു മടിയും കൂടാതെ സഹായിക്കുന്നത് ഞാൻ കണ്ടു. രാധ സാമ്പത്തികമായി സ്വയം പര്യാപ്തയായതിലും അത് കാണാൻ കഴിഞ്ഞതിലും എനിക്ക് ഏറ്റവും സന്തോഷം തോന്നിയ ഒരു ദിവസമായിരുന്നു അത്. പിന്നീട് പെരിന്തൽമണ്ണയിൽ നിന്ന് വരുന്ന കുട്ടികൾ അവരുടെ ടീച്ചർക്കായി ഈ രാധടീച്ചർ കൊടുത്തുവിടുന്ന മിഠായിയും, പലഹാരങ്ങളും കൊണ്ടു വന്നു തരുമായിരുന്നു. ഏതാണ്ട് മൂന്നാഴ്ച മുൻപ് ഫേസ്ബുക്കിൽ രാധയുടെ പ്രൊഫൈൽ പിക്ചറിനു താഴെ ആരൊക്കെയോ ആദരാഞ്ജലികൾ ഇട്ടിരിക്കുന്നു. അവസാനത്തെ യാത്രയിൽ ആരും യാത്രപറഞ്ഞു പോകാറില്ലല്ലോ. ഹൃദയാഘാതം ആയിരുന്നു മരണകാരണം. രാധയും ചുറ്റുമുള്ള ലോകത്തിന് പ്രചോദനമായ ഒരു വിദ്യാർത്ഥിനിയായിരുന്നു. സ്വന്തം പരിമിതികളിൽ തളരാതെ വിജയിച്ച ഒരു വിദ്യാർത്ഥിനി. എല്ലാ തലമുറകളിലും പ്രചോദനമാകുന്ന വിദ്യാർഥിനികൾ ഉണ്ടാകുന്നുണ്ട്. അവരാണ് ലോകം സുന്ദരമാക്കുന്നവർ. യാതൊരു അവകാശ വാദങ്ങ ളും ഇല്ലാതെ കടന്നു പോകുന്നവർ. അവർ ഓർമ്മിക്കപ്പെടേണ്ടവരാണ്.


# വരാന്തയിൽ അവനിപ്പോഴും...

വരാന്തയിൽ നിന്ന് മറവിയുടെ ക്ലാസുമുറിയിലേക്ക് കയറിപ്പോകാതെ അവൻ ഇന്നും അവിടെത്തന്നെ നിൽക്കുന്നുണ്ട്. ആറാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന രജീഷ് കുമാർ .

ഓരോ വിദ്യാർത്ഥിയുടെയും മനസ്സു വായിക്കുന്നവനാകണം അധ്യാപകനെന്ന പാഠം ഞാനടക്കമുള്ളവരെ പഠിപ്പിക്കാൻ വേണ്ടി ഒരു പീടികവരാന്തയിൽ സ്വയം പിടഞ്ഞൊടുങ്ങിയ ബാല്യം.

കാലമേറെക്കഴിഞ്ഞെങ്കിലും മനസ്സിന്റെ ഏതോ കോണിൽ അവന്റെ ഓർമ്മകൾ ഇപ്പോഴും കിടന്നാടുന്നുണ്ട്. 1997 ലാണ്. മലപ്പുറം ജില്ലയിലെ എടവണ്ണ ഗവ: ഹൈസ്ക്കൂളിൽ ഞാൻ അധ്യാപകനായി ജോലിയിൽ പ്രവേശിച്ച കാലം.

സ്കൂളിൽ ആറാം ക്ലാസിൽ പഠിച്ചിരുന്ന രജീഷ് കുമാറിനെ മറ്റു വിദ്യാർത്ഥികളുമായി വഴക്കുണ്ടാക്കിയതിന് എന്റെ ഒരു സഹപ്രവർത്തകനായ അധ്യാപകൻ ക്ലാസിൽ നിന്ന് പുറത്താക്കുന്നു. അച്ഛനെ കൊണ്ടുവന്ന ശേഷം ക്ലാസിൽ കയറിയാൽ മതിയെന്ന് മാഷ് കർക്കശ നിലപാടെടുത്തു. മാഷുടെ നിലപാടിൽ അയവു വരുത്താൻ അവൻ ശ്രമിച്ചെങ്കിലും കാര്യമുണ്ടായില്ല. മാഷ് എന്നെ ചെറിയ ക്ലാസിൽ പഠിപ്പിച്ചിട്ടുണ്ട്. അച്ചടക്ക പരിപാലനത്തിൽ മാഷ് വലിയ കർക്കശ്യക്കാരനായിരുന്നു പണ്ടും. മൂന്നു ദിവസം അവൻ സ്കൂളിന് പുറത്തു നിന്നു. അമ്മ വന്നാൽ മതിയോ എന്ന് ചോദിച്ചെങ്കിലും മാഷ് വഴങ്ങിയില്ല. സംഭവമറിഞ്ഞ് ഇതേ സ്കൂളിൽ പഠിക്കുന്ന ഏട്ടനും കയർത്തതോടെ അവൻ ആകെ തകർന്നു.



**അബ്ദുള്ളക്കുട്ടി**
മലയാള അദ്ധ്യാപകൻ
സീതി ഹാജി സ്മാരക ഗവ:
ഹൈസ്കൂൾ, എടവണ്ണ

നാലാം ദിവസം ഭക്ഷണം പോലും കഴിക്കാതെയാണ് രജീഷ് കുമാർ സ്കൂളിലെത്തിയത്. സഹപാഠികളിലാരോ നൽകിയ ഒരു കടലമിഠായിയായിരുന്നു അന്നവന്റെ വിശപ്പടക്കിയത്.

മാഷോട് ഒന്നുകൂടി അഭ്യർത്ഥിച്ചു നോക്കി. അച്ഛനെത്താതെ ഒന്നും പറ്റില്ല എന്ന മാഷിന്റെ ഉറച്ച താക്കീത്. വിഷണ്ണനായി അവൻ സ്കൂളിന്റെ പടികളിറങ്ങി.

ഇന്റർവെൽ സമയത്ത് പുറത്തിറങ്ങിയ ചില കുട്ടികൾ നടുക്കുന്ന ആ കാഴ്ച കണ്ട് സ്റ്റാഫ് റൂമിൽ അറിയിക്കുകയായിരുന്നു. സ്കൂളിന് തൊട്ടു മുമ്പിൽ ഒഴിഞ്ഞു കിടക്കുന്ന പീടികയുടെ  വരാന്തയിൽ ബാനർ തുണി

കഴുക്കോലിൽ കെട്ടി രജീഷ് കുമാർ ആത്മഹത്യ ചെയ്തിരിക്കുന്നു. മൃതദേഹത്തിന് പിന്നാലെ ആശുപത്രിയിലെത്തിയ ഞങ്ങൾ ചേതനയറ്റ അവനെ ഒരു നോക്കു കണ്ടു. അവന്റെ അച്ഛൻ രോഷാകുലനായി അവിടെയുണ്ടായിരുന്നു. മരണത്തിലേക്ക് നയിച്ച അവന്റെ ജീവിത സാഹചര്യങ്ങളെക്കുറിച്ച് പിന്നീടാണറിഞ്ഞത്. ഒരു നിമിഷം ഞാൻ കരഞ്ഞു പോയി.
തീർത്തും ദരിദ്രകുടുംബം. അമ്മ ഇവിടത്തുകാരിയായിരുന്നെങ്കിലും തമിഴ് നാട്ടുകാരനായിരുന്നു അവന്റെ അച്ഛൻ. അവൻ സ്കൂളിന് പുറത്തായത് അറിഞ്ഞാൽ പീഡനമുറകൾ പ്രയോഗിക്കുന്ന അച്ഛൻ. അതുകൊണ്ടു തന്നെ അവൻ പുറത്താക്കപ്പെട്ടത് അച്ഛൻ അറിയാതി രിക്കണമെന്ന് അവൻ അമ്മയോട് പറഞ്ഞിരുന്നു.
അവനു വേണ്ടി സംസാരിക്കാൻ അമ്മ വരാൻ തയ്യാറായിരുന്നു. പക്ഷേ മാഷിന് സ്വീകാര്യമായില്ലല്ലോ.
മരണ ദിവസം അവന്റെ വീട്ടിൽ അധികമാളുകളൊന്നും എത്തിയിരു ന്നില്ല. ദാരിദ്ര്യം അവിടെയും ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്ന് അന്ന് തിരിച്ചറിഞ്ഞു.

പിന്നീട് അവന്റെ ബാഗിൽ നിന്ന് ലഭിച്ച കത്തിൽ തന്നെ പുറത്താക്കിയ മാഷ് നല്ല ആളാണെന്നും മരണ വിവരം അമ്മക്ക് വിഷമമുണ്ടാ കരുതെന്നും സ്കൂളിന് നല്ലതു വരട്ടെയെന്നും മറ്റും എഴുതിയിരുന്നത് ആ കുരുന്നു ബാലനോടുള്ള ബഹുമാനം വർധിക്കുകയായിരുന്നു.
ആ മരണവും അതുണ്ടാക്കിയ പ്രതികരണമില്ലായ്മയും എന്നിലു ണ്ടാക്കിയ തിരിച്ചറിവ് വളരെ വലുതാണ്. ഈ വിഷയത്തിൽ പിന്നീട് സജീവമായി ഇടപ്പെട്ട വ്യക്തിയാണ് ഞാൻ . സുഹൃത്തുക്കളെ കൂട്ടി ചില ഇടപെടലുകൾ നടത്തി. എം എൽ എ ആയിരുന്ന എം വി ജയരാജൻ ഇക്കാര്യം നിയമസഭയിൽ സബ്മിഷൻ ആയി ഉന്നയിച്ചു. ചില മാധ്യമങ്ങൾ ഇതേറ്റെടുത്തു. അക്കാലത്തെ പാഠ്യപദ്ധതി ചർച്ചകളിൽ ഈ വിഷയം ഉയർന്നു വന്നിരുന്നു.
മരിക്കുന്നതിന്റെ തലേന്ന് രജീഷ് കുമാറിനെ സ്കൂൾ വരാന്തയിൽ കണ്ടിരുന്നെങ്കിലും ഒന്നും അവനോട് ചോദിക്കാതിരുന്നതിന്റെ കുറ്റ ബോധം എന്നെ വല്ലാതെ അലട്ടിയിരുന്നു. എന്റെയൊരു ചോദ്യം, വാക്കുകൾ ഒരു പക്ഷേ അവനെ മരണത്തിൽ നിന്ന് പിന്തിരിപ്പി ക്കുമായിരുന്നു.

മാനസികമായി ഈ സ്കൂളിൽ ഒറ്റപ്പെട്ടു പോയ ഞാൻ സ്ഥലമാറ്റം നേടി മറ്റൊരു വിദ്യാലയത്തിലേക്ക് പോയി. മറ്റു പല വിദ്യാലയങ്ങളിൽ ജോലി ചെയ്ത ശേഷം പിൽക്കാലത്ത് വീണ്ടും ഞാനിതേ സ്കൂളിൽ എത്തിയിരിക്കുന്നു.

നീണ്ടുകിടക്കുന്ന സ്കൂൾ വരാന്തയിലും ക്ലാസുമുറിയിലും കളിമുറ്റത്തും സദാ ഇരമ്പുന്ന കുട്ടികളുടെ കലപിലകൾക്കിടയിൽ എന്നിലെ

അധ്യാപകൻ ജീവിക്കുന്നു.
എന്നിലെ പരുഷതകളെ മൃദുലപ്പെടുത്താൻ രജീഷ് കുമാറിന്റെ ഓർമ്മകൾ ഇപ്പോഴും കൂട്ടിനുണ്ട്.
അധ്യാപന ജോലി മറക്കാനാവാത്ത പലതും അവശേഷിപ്പിച്ചാണ് പലപ്പോഴും കടന്നുപോവുക.
നമ്മുടെ ബാല്യം നമുക്കു തന്ന ഓർമകളേക്കാൾ പരുഷമാകും നമ്മുടെ മുമ്പിലിരിക്കുന്ന ബാല്യങ്ങൾക്ക് അവരുടെ ജീവിതം നൽകിയിട്ടുണ്ടാവുകയെന്ന് ചിലപ്പോഴെല്ലാം അധ്യാപകർ ഓർക്കുന്നത് ഗുണകരമാകും.

# യൂസഫ് അൽ ബലാസി: ആകസ്മികതയുടെ രാജകുമാരൻ

പത്രവാർത്തകളിലൂടെയാണ് ലിബിയ എന്ന രാജ്യത്തെക്കുറിച്ച് ആദ്യം അറിഞ്ഞത്. വായിച്ച വാർത്തകൾ ഒട്ടും ശുഭകരവുമായിരുന്നില്ല. ലിബിയൻ തീരത്ത് നടക്കുന്ന ബോട്ടപകടത്തിന്റെ വാർത്തകളായിരുന്നു അവയെല്ലാം. അപകടം എന്ന രീതിയിലാണ് വാർത്തകൾ വന്നിരുന്നതെങ്കിലും അവയിൽ വലിയൊരു പങ്കും ആസൂത്രിതമായ കൊലപാതകങ്ങളായിരുന്നു എന്നതാണ് വാസ്തവം. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും യൂറോപ്പിലേക്ക് മനുഷ്യക്കടത്തു നടത്തുന്ന നിരവധി സംഘങ്ങളുടെ പ്രവർത്തന കേന്ദ്രങ്ങളിലൊന്നാണ് ലിബിയൻ തലസ്ഥാനമായ ട്രിപ്പോളി. മെഡിറ്ററേനിയൻ കടലിലൂടെ മുന്നൂറ്റി അമ്പത്തിയഞ്ച് കിലോമീറ്റർ സഞ്ചരിച്ചാൽ യൂറോപ്യൻ നഗരമായ മാൾട്ടയിലെത്താം എന്നതാണ് ഈ നാവിക പാതയുടെ പ്രത്യേകത. 2014 നു ശേഷം 18000 ത്തിൽ അധികം അഭയാർത്ഥികൾ ഈ പാതയിൽ കൊല്ലപ്പെട്ടിട്ടുണ്ടെന്നാണ് സന്നദ്ധ സംഘടനകൾ നൽകുന്ന കണക്കുകൾ. ആഫ്രിക്കൻ അഭയാർത്ഥികളോട് മുഖം തിരിച്ചു നില്ക്കുന്ന യൂറോപ്യൻ രാജ്യങ്ങളുടെ തീരസംരക്ഷണ സേനകളും ലിബിയൻ തീരസേനയും അഭയാർത്ഥികൾ സഞ്ചരിക്കുന്ന ബോട്ടുകൾ മുക്കിക്കളയുന്നത് പതിവെന്നാണ് ആരോപണങ്ങൾ . കഴിഞ്ഞ പതിനഞ്ചു വർഷമായി തുടരുന്ന അദ്ധ്യാപന ജീവിതത്തിൽ ഇന്നും ഓർത്തിരിക്കുന്ന വിദ്യാർത്ഥികളിലൊന്നുമായി ഈ സംഭവങ്ങൾക്ക് ഏറെ ബന്ധമുണ്ട് എന്നതിനാലാണ് ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്.



**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
ശ്രീവ്യാസ എൻ. എസ്. എസ്
കോളേജ്, വടക്കാഞ്ചേരി

ഉത്തര ആഫ്രിക്കയിലും അറബ് രാജ്യങ്ങളിലുമായി അരങ്ങേറിയ മുല്ലപ്പൂ വിപ്ലവത്തിനും നാലു വർഷങ്ങൾക്കു മുമ്പ് 2007 സപ്തംബറിലാണ് ഈ ലേഖകൻ, ലിബിയയിലെ ഒരു സർവ്വകലാശാലയിൽ അധ്യാപകനായി എത്തുന്നത്. ട്രിപ്പോളിക്കടുത്തുള്ള മറ്റൊരു നഗരമായ ഗരിയാനിലെ അൽ ജബൽ അൽ ഗർബ്ബി സർവ്വകലാശാലയുടെ അൽ സിന്താനിലെ ക്യാംപസിലായിരുന്നു നിയമനം. ക്ലാസ്സ് മുറി, അധ്യാപകൻ വിദ്യാർത്ഥി തുടങ്ങിയവയെക്കുറിച്ച് അക്കാലം വരെയുള്ള സങ്കല്പങ്ങളെല്ലാം മാറ്റി മറിക്കുന്നതായിരുന്നു ലിബിയൻ അനുഭവങ്ങൾ. വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും പെൺകുട്ടികളായിരുന്നു.

പുരുഷൻമാർക്കിടയിൽ 18 വയസ്സു മുതൽ 45 ഉം അമ്പതും വയസ്സുള്ളവർ വരെ വിദ്യാർത്ഥികളായി ഉണ്ടായിരുന്നു. ഇംഗ്ലീഷ് അധ്യാപകനായതിനാൽ നമ്മുടെ കോളേജുകളിലെപ്പോലെ, വിവിധ വിഷയങ്ങൾ പഠിയ്ക്കുന്ന, നൂറുകണക്കിനു വിദ്യാർത്ഥികൾ ഒരുമിച്ചിരിക്കുന്ന ജനറൽ ക്ലാസ്സുകളിൽ പഠിപ്പിക്കേണ്ടിയിരുന്നു. നൂറ്റി നാല്പത് വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഒരു ക്ലാസ്സ് , കോളേജിലെ ഭീമൻ ഓഡിറ്റോറിയത്തിൽ നടത്തിയത് ഇന്നലെയെന്നതു പോലെ ഓർക്കുന്നു. പഠനത്തിൽ സജീവമായ താല്പര്യമുള്ള ഒരു ചെറു ന്യൂന പക്ഷത്തെ ഒഴിച്ചു നിർത്തിയാൽ, കോളേജ് ജീവിതം ആസ്വദിക്കാനായി വരുന്നവരായിരുന്നു വലിയൊരു ശതമാനം വിദ്യാർത്ഥികളും എന്നതാണ് സത്യം. വിശിഷ്യാ പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം കോളേജ് പഠന കാലമെന്നത്, ജീവിതത്തിൽ അന്നോളം ലഭിച്ചിട്ടില്ലാത്ത സ്വാതന്ത്ര്യത്തിന്റെ കാലമാണെന്ന് പല വിദ്യാർത്ഥികളും സംഭാഷണങ്ങൾക്കിടയിൽ തന്നെ സൂചിപ്പിക്കാറുണ്ടായിരുന്നു. കോളേജുകളിൽ തന്നെയാണ് പലപ്പോഴും അനൗപചാരികമായ പെണ്ണുകാണൽ ചടങ്ങുകളൊക്കെയും നടന്നിരുന്നതും. വിവാഹ പ്രായമെത്തിയ പുരുഷന്മാർ, തങ്ങൾക്കു ചേർന്ന വധുക്കളെ അന്വേഷിച്ച് , ഏറ്റവും കമനീയമായ രീതിയിൽ വസ്ത്രം ധരിച്ച് കോളേജ് ക്യാംപസിന്റെ മതിലുകൾക്കരികിൽ കാത്തു നില്ക്കും. വിവിധ ക്ലാസ്സുകളിലെ വിദ്യാർത്ഥിനികൾ ഒരു പരേഡിലെന്ന പോലെ കലാലയ മുറ്റത്ത് ഉലാത്തും. കൗതുകത്തോടെയാണ് ഈ കാഴ്ചകളൊക്കെയും കണ്ടിരുന്നത്.

2008 ൽ ബിഎ ഇംഗ്ലീഷ് കോഴ്സിന്റെ ട്യൂട്ടർ ചുമതല നിർവ്വഹിക്കേണ്ടി വന്നു. ആ വർഷമാണ് യൂസഫ് മുഹമ്മദ് അൽബലാസിയെ ഞാൻ ആദ്യമായ് കാണുന്നത്. പതിനെട്ടു വയസ്സ് പ്രായമുള്ള, സൗമ്യനും സുന്ദരനും അലസമായി വസ്ത്ര ധാരണം നടത്തുനവനുമായിരുന്നു യൂസഫ്. ഒന്നാമത്തെ ക്ലാസ്സിൽ തന്നെ യൂസഫ് എന്റെ നോട്ടപ്പുള്ളിയായി മാറിയിരുന്നു. അതിന്റെ പ്രധാന കാരണം, ക്ലാസ്സിൽ വരുമ്പോൾ കൂടെക്കരുതേണ്ട അവശ്യം വസ്തുകളായ പുസ്തകത്തിനും പേനക്കും പകരം യൂസഫ് തന്റെ മുമ്പിലെ ഡെസ്കിൽ നിരത്തിവെച്ച മറ്റു രണ്ടു വസ്തുക്കളായിരുന്നു. രണ്ടു പാക്കറ്റ് റോത്ത്മാൻസ് സിഗരറ്റും ഒരു ലൈറ്ററും . വിദ്യാർത്ഥികൾക്കിടയിൽ പുകവലി വളരെ വ്യാപകമായി ഉണ്ടെന്നും കോളേജ് ക്യാമ്പസിനുള്ളിൽ തന്നെ അവർ പുകവലിക്കാറുണ്ടെന്നുമുള്ള ഞെട്ടിക്കുന്ന വസ്തുത, ജോലിക്കു ചേർന്ന് ഏതാനും ദിവസങ്ങൾക്കുള്ളിൽത്തന്നെ മനസ്സിലായിരുന്നെങ്കിലും, ക്ലാസ്സിൽ ഒരു വിദ്യാർത്ഥി പുകവലി സാമഗ്രികളുമായി വരുന്നത് ആദ്യമായിരുന്നു. കുഴപ്പക്കാരനാണല്ലോ എന്നു മനസ്സിൽ കരുതിയെങ്കിലും ക്ലാസ്സിൽ മറ്റു ബുദ്ധിമുട്ടുകളൊന്നും യൂസഫിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല എന്നു മാത്രമല്ല പാഠഭാഗങ്ങൾ ശ്രദ്ധിക്കുകയും കാര്യമാത്രപ്രസക്തമായ സംശയയങ്ങൾ

ചോദിക്കുകയും ചെയ്തതോടെ വളരെ ആശ്വാസം തോന്നി. ക്ലാസ്സിനു ശേഷം ചില കുശലവർത്തമാനങ്ങൾക്കു ശേഷം മറ്റു വിദ്യാർത്ഥികൾ പിരിഞ്ഞു പോയതിനു ശേഷവും യൂസഫ് വരാന്തയിൽത്തന്നെ കാത്തു നില്പുണ്ടായിരുന്നു. അറബ് ചുവയുള്ള ഇംഗ്ലീഷിൽ വ്യക്തമായിത്തന്നെ സംസാരിക്കാൻ യൂസഫിനു കഴിഞ്ഞിരുന്നു. വളരെ കുറച്ചു വിദ്യാർത്ഥികൾക്കു മാത്രമാണ് ഇംഗ്ലീഷിൽ നേരാംവണ്ണം സംസാരി ക്കാൻ കഴിഞ്ഞിരുന്നത്. ആദ്യ സംഭാഷണത്തിൽ തന്നെ ഇന്ത്യയെ ക്കുറിച്ച് തനിക്കുള്ള സംശയങ്ങളും കേട്ടറിവുകളിലുമൊക്കെ വ്യക്തത വരുത്താനുള്ള ശ്രമമാണ് യൂസഫ് നടത്തിയത്. തനിക്ക് ഇനിയും കുറേ കാര്യങ്ങൾ പറയാനുണ്ടെന്നും വീണ്ടും സംസാരിക്കാമെന്നും പറഞ്ഞ് അവൻ യാത്ര പറഞ്ഞു പോയി. കൗതുകകരമായ കാര്യം, സംഭാഷ ണത്തിനിടയിൽ എനിയ്ക്ക് സിഗരറ്റ് വലിക്കാൻ താല്പര്യമുണ്ടെങ്കിൽ ഒന്നെടുക്കൂ എന്ന് പറഞ്ഞുകൊണ്ട് അവൻ സിഗരറ്റ് പെട്ടി എനിക്കു നീട്ടുകയും ചെയ്തു എന്നതാണ്. പുകവലിയുടെ ദോഷവ ശങ്ങളെക്കുറിച്ച് പല തവണ അവനോട് സംസാരിച്ചുവെങ്കിലും ആ ശീലത്തിൽ നിന്നും അവനെ മോചിപ്പിക്കാൻ പറ്റുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താൻ കഴിഞ്ഞില്ലെന്നത് കുറ്റബോധത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ. എങ്കിലും കോളേജിൽ വരുമ്പോൾ സിഗരറ്റ് കൊണ്ടുവരുന്നതും ക്യാംപസിൽ പുകവലിക്കുന്നതും അവൻ പൂർണ്ണമായി ഉപേക്ഷിച്ചു.

പിന്നീട് കാണുമ്പോളൊക്കെയും യൂസഫ് വായ തോരാതെ സംസാരിച്ചു. സിന്താനിലെ ഉൾപ്രദേശത്താണ് യൂസഫിന്റെ വീട് . ഒലീവ് കൃഷിയും ചെമ്മരിയാടു വളർത്തലുമായിരുന്നു യൂസഫിന്റെ അച്ഛന്റെ ജീവിത മാർഗ്ഗം. അഞ്ച് ആൺ മക്കളും നാല് പെൺമക്കളുമടങ്ങുന്ന വലിയ കുടുംബത്തിലെ ഏഴാമത്തെ അംഗമായിരുന്നു യൂസഫ് . വൃദ്ധനായ പിതാവിനെ കൃഷി കാര്യങ്ങളിൽ സഹായിക്കേണ്ട ആവശ്യമുള്ളതിനാൽ പല ദിവസങ്ങളിലും യൂസഫ് ക്ലാസ്സിൽ ഹാജരായിരുന്നില്ല. സിന്താനിലെ സർക്കാർ സ്കൂളിലാണ് പഠിച്ചതെങ്കിലും യൂസഫിന്റെ ഇംഗ്ലീഷ് പ്രാവീണ്യം മികച്ചതായിരുന്നു. സ്കൂളിനെക്കാളുപരി ഇക്കാര്യത്തിൽ യൂസഫിനെ ഏറെ സഹായിച്ചത് അവന്റെ സൗഹൃദങ്ങളിലൊ ന്നായിരുന്നു. യൂസഫിന്റെ ജീവിതത്തെയും കാഴ്ചപ്പാടുകളെയും ഏറെ മാറ്റിമറിച്ച ഒന്നായിരുന്നു ഈ സൗഹൃദം . യൂസഫിന്റെ വീടിനടുത്തുള്ള ഫർണ്ണിച്ചർ നിർമ്മാണശാലയിലെ ആശാരിയും, സുഡാൻ പൗരനുമായ അബ്ദുൾ കരീം എംബോസയായിരുന്നു യൂസഫിന്റെ ആ പ്രിയ സുഹൃത്ത്. ഇറ്റലിയടക്കം വിവിധ യൂറോപ്യൻ രാജ്യങ്ങളിലും അറബ് രാജ്യങ്ങളിലും ജോലി ചെയ്ത അബ്ദുൾ കരീം, ലോകത്തിലേക്ക് തുറന്ന ഒരു വിശാലമായ വാതിലായി യൂസഫിനെ ഏറെ സ്വാധീനിച്ചു. ഒരു രാജ്യത്തും ഉറച്ചു നില്ക്കുന്ന ശീലമില്ലാതിരുന്ന കരീം ഒരു നിരന്തര സഞ്ചാരിയും ആയിരുന്നു. ഒരു വർഷം പണി ചെയ്തു കിട്ടുന്ന തുക ഉപയോഗിച്ച് മൂന്നു മാസക്കാലം യാത്ര ചെയ്യുകയെന്നതായിരുന്നു

കരീമിന്റെ ശൈലി. കരീമുമായുള്ള സൗഹൃദമാണ് യൂസഫിനെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്താൻ പര്യാപ്തനാക്കിയത്. അറബിക്ക് അറിയാവുന്ന കരീം, പക്ഷേ യൂസഫിനോട് ഇംഗ്ലീഷിൽ മാത്രമാണ് സംസാരിച്ചിരുന്നത്. യൂറോപ്യൻ രാജ്യങ്ങളിലേക്ക് യാത്ര ചെയ്യണമെന്ന് ഏറെ ആഗ്രഹമുണ്ടായിരുന്ന യൂസഫിന് കരീമിന്റെ വിവരണങ്ങളിലൂടെ പുതിയൊരു ലോകം തുറന്നു കിട്ടിയതായി അവൻ പലപ്പോഴും പറയുകയുണ്ടായി. ഔദ്യോഗികമായ രേഖകളും അനുമതിയും എല്ലാമായി യാത്രകൾക്കു വേണ്ട ആവശ്യമായ അത്രയും പണം കൈയിൽ ഇല്ലാത്ത യൂസഫിന് മറ്റൊരു ബദൽ മാർഗ്ഗം പരിചയപ്പെടുത്തിക്കൊടുത്തതും കരീം തന്നെയായിരുന്നു. ഏറെ അപകടരമാണ് ഈ മാർഗ്ഗം എന്ന മുന്നറിയിപ്പും കരീം നല്കിയിരുന്നു. ട്രിപ്പോളിയിൽ നിന്നും യൂറോപ്പിലേക്ക് അനധികൃതമായി ബോട്ടിൽ ആളെക്കടത്തുന്ന സംഘങ്ങളെക്കുറിച്ചാണ് കരീം യൂസഫിന് പറഞ്ഞു കൊടുത്തത്. അധികൃതരുടെ കണ്ണുവെട്ടിച്ച് നടത്തുന്ന ഈ യാത്രകളിലൂടെ യൂറോപ്പിലേക്ക് പോകാനായി ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ആയിരക്കണക്കിനു പേരാണ് ട്രിപ്പോളിയിൽ എത്തുന്നത്.

2009ലാണ് യൂറോപ്പിലേക്ക് പോകാനായുള്ള ഒരുക്കങ്ങൾ താൻ തുടങ്ങിയെന്നും ഉടനെ തന്നെ യാത്ര ഉണ്ടാകുമെന്നും യൂസഫ് എന്നോട് പറഞ്ഞത്. എത്ര ആവർത്തിച്ചു ചോദിച്ചിട്ടും യാത്രയുടെ വിശദാംശങ്ങൾ അവൻ പറഞ്ഞതേയില്ല. ആഴ്ചയിൽ മൂന്നു ദിവസ മെങ്കിലും ക്ലാസ്സിൽ വരാറുണ്ടായിരുന്ന യൂസഫിനെ ആഴ്ചകളോളം പലപ്പോഴും കാണാതായി. ചില ആഴ്ചകളിൽ ഒന്നോ രണ്ടോ ദിവസം മാത്രം അവൻ ക്ലാസ്സിൽ വന്നു. ഒലീവ് തോട്ടത്തിൽ ജോലിയുടെ തിരക്കുണ്ടെന്നും ഒഴിവു സമയങ്ങളിൽ ചേട്ടനോടൊപ്പം വെള്ളം വില്ക്കാനായി പോകാറുണ്ടെന്നും അവൻ സൂചിപ്പിച്ചു. ശുദ്ധജലത്തിന് ഏറെ ക്ഷാമമുള്ള സഹാറാ മരുഭൂമിയിലെ ആ രാജ്യത്തിൽ, വീട്ടാ വശ്യങ്ങൾക്കുള്ള വെള്ളം, വലിയ ടാങ്കർ ലോറികളിൽ കൊണ്ടു വന്ന് വീടുകളിലെ ഭൂഗർഭ ടാങ്കുകളിൽ സംഭരിക്കുന്ന രീതിയാണ് ഉണ്ടാ യിരുന്നത്. പലപ്പോഴും ഈ ആവശ്യത്തിനായി യൂസഫിന്റെ സഹോദ രനെ വിളിക്കാറുമുണ്ടായിരുന്നു. ക്ലാസ്സിൽ വരുന്നതിൽ ഉപേക്ഷ കാണിച്ചെങ്കിലും പഠനത്തിൽ യൂസഫ് ഒട്ടും പിന്നിലായിരുന്നില്ല. പരീക്ഷകളെല്ലാം നല്ല രീതിയിൽ എഴുതുകയും മികച്ച വിജയം നേടുകയും ചെയ്തിരുന്നു. കഠിനാധ്വാനിയായ ആ ചെറുപ്പക്കാരൻ സ്വന്തം നിലയിൽത്തന്നെ പാഠഭാഗങ്ങൾ വായിച്ചു മനസ്സിലാക്കാൻ ശ്രമിച്ചിരുന്നു എന്നു വേണം കരുതാൻ. സ്ഥിരമായി ക്ലാസ്സിൽ വനിരുന്ന കുട്ടികളെക്കാളും വാചാ പരീക്ഷയിൽ അടക്കം മികച്ച പ്രകടനമായി രുന്നു യൂസഫിന്റേത്.

2009 ജൂലൈ അവസാനം പരീക്ഷകൾ പൂർത്തിയായി, അധ്യയന

വർഷം അവസാനിച്ചു. ഓഗസ്റ്റ് മാസത്തിലെ വാർഷികാവധിയ്ക്ക് നാട്ടിൽ വരാനുള്ള ഒരുക്കത്തിലായിരുന്നു ഞാൻ . നാട്ടിലേക്ക് പോകാനുള്ള വിസ ലഭിയ്ക്കാനുള്ള നിബന്ധനകളിൽ ഏറ്റവും പ്രധാനവും ദുഷ്കരമായ കാര്യങ്ങളിലൊന്ന്, നിരവധിയായ സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട എൻ ഒ സി ആയിരുന്നു. വെള്ളം, വൈദ്യുതി, ടെലിഫോൺ തുടങ്ങി നിരവധി ഓഫീസുകളിൽ കുടിശ്ശിക ഒന്നും ബാക്കിയില്ല എന്നു വ്യക്തമാക്കുന്ന ഈ സർട്ടിഫിക്കറ്റുകൾ ലഭിക്കാനായി രണ്ടു മൂന്നു ദിവസം തുടർച്ചയായി അലയേണ്ടി വരാറുണ്ട്. അത്തരത്തിൽ ഒരു ഓഫീസിൽ കാത്തിരിക്കുമ്പോളാണ് യൂസഫിന്റെ ഫോൺ വന്നത്. താൻ അടുത്ത ദിവസം യൂറോപ്പിലേക്ക് പോവുകയാണെന്നും ട്രിപ്പോളിയിൽ നിന്നാണ് വിളിക്കുന്നതെന്നും യൂസഫ് പറഞ്ഞു. എങ്ങനെയാണ് പോവുന്നത് എന്ന ചോദ്യത്തിന് വ്യക്തമായ ഉത്തരം യൂസഫ് നല്കിയില്ലെങ്കിലും ആവർത്തിച്ചു ചോദിച്ചപ്പോൾ ബോട്ടിലാണ് എന്നു മാത്രം പറഞ്ഞു. ബോട്ടിൽ യൂറോപ്പിലേക്ക് യാത്ര ചെയ്യുന്നതിന്റെ അപകടത്തെപ്പറ്റി പറയാൻ ശ്രമിച്ചെങ്കിലും അല്പം തിരക്കിലാണ് പിന്നെ വിളിക്കാം എന്നു പറഞ്ഞ് അവൻ ഫോൺ സംഭാഷണം അവസാനിപ്പിച്ചു. ജൂൺ മാസത്തിലെ അതി കഠിനമായ സഹാറൻ ചൂടിൽ ഞാൻ വിയർത്തൊലിച്ചു. യൂസഫ്, ചെന്നു പെട്ടിരിക്കുന്ന അപകടത്തിന്റെ ഗൗരവത്തെക്കുറിച്ചാലോചിച്ച പ്പോൾ മനസ്സു ഭയന്നു വിറച്ചു. കുറച്ചു നേരത്തിനു ശേഷം യൂസഫിനെ ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. എന്താണ് ചെയ്യേണ്ടതെന്ന് ഒരു എത്തും പിടിയുമില്ലാത്ത അവസ്ഥ.

ഓഫീസിലെ പണി പൂർത്തിയാക്കാൻ കാത്തു നിൽക്കാതെ ഞാൻ പുറത്തിറങ്ങി. ലിബിയയിൽ വന്ന കാലം മുതൽ യാത്രകളിൽ എല്ലാം കൂടെ വരാറുള്ള സുഹൃത്തും പോലീസ് ഉദ്യോഗസ്ഥനുമായ മുഹമ്മദ് ഫെന്നറിന്റെ കാറിലായിരുന്നു ആ ഓഫീസിലേക്കും പോയത്. പുറത്തു കാത്തു നിൽക്കുന്ന ഫെന്നറോട് , ഒരു കാപ്പി കുടിക്കാം എന്നു പറഞ്ഞ് ഞങ്ങൾ തൊട്ടടുത്തുള്ള ഒരു കഫേയിലേക്ക് കയറി. യൂസഫിന്റെ കാര്യം ഞാൻ ഫെന്നറോട് പറഞ്ഞു. അറബിക് മാത്രം സംസാരിക്കുന്ന ഫെന്നറോട് എനിക്കറിയാവുന്ന മുറിയറബിയിൽ ഞാൻ കാര്യങ്ങൾ പറഞ്ഞൊപ്പിച്ചു. പക്ഷേ, എന്റെ വിദ്യാർത്ഥിയുടെ കൂടെ ഞാൻ യൂറോപ്പിലേക്ക് പോകുന്നു എന്നാണ് ഫെന്നർക്കു മനസ്സിലായത് . യൂറോപ്പ്, ഗംഭീരമാണെന്നും പക്ഷേ ബോട്ടിൽ പോകുന്നത് അപകടമാണെന്നും മൂപ്പർ മുന്നറിയിപ്പ് നല്കി. മാത്രവുമല്ല, ഇത്രയും നല്ല ജോലി ഇവിടെ ഉള്ളപ്പോൾ, ഇതുപേക്ഷിച്ച് എന്തിനാണ് യൂറോ പ്പിലേക്ക് പോകുന്നതെന്നായി അടുത്ത ചോദ്യം. ഞാൻ പോകുന്നില്ല എന്നും യൂസഫാണ് പോകുന്നതെന്നും എങ്ങനെയൊക്കയോ വീണ്ടും ഞാൻ പറഞ്ഞൊപ്പിച്ചു. കാര്യത്തിന്റെ ഗൗരവം ഫെന്നർക്കു ബോധ്യപ്പെ ട്ടു. പക്ഷേ ഈ ചെറുപ്പക്കാരനെ കണ്ടെത്തുക എളുപ്പമായിരിക്കില്ല എ ന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പോളാണ് യൂസഫിന്റെ സഹോദരന്റെ

കാര്യം ഞാൻ ഓർത്തത്. വെള്ളം കൊണ്ടു വരാനായി വിളിക്കേണ്ടതിനാൽ അദ്ദേഹത്തിന്റെ ഫോൺ നമ്പർ കൈവശമുണ്ടായിരുന്നു. ഞാൻ നമ്പർ, ഫെന്നർക്കു നല്കി സഹോദരനോട് സംസാരിക്കാനായി ആവശ്യപ്പെട്ടു. പരീക്ഷ കഴിഞ്ഞതിനാൽ, ബന്ധു വീട്ടിൽ താമസിക്കാറായി യൂസഫ് ട്രിപ്പോളിയിലേക്ക് പോയിട്ട് രണ്ടു ദിവസമായെന്നും കുറേ ദിവസങ്ങൾ കഴിഞ്ഞു മാത്രമേ തിരിച്ചു വരുള്ളൂ എന്നുമാണ് അദ്ദേഹം പറഞ്ഞത്. യൂസഫിന്റെ ഫോൺ വിളിയുടെയും യാത്രയുടെയും കാര്യങ്ങളെ സഹോദരനെ അറിയിച്ചു. ഫെന്നറുടെ സഹായത്തിൽ പോലീസിലും കാര്യങ്ങൾ അറിയിച്ചു. അപ്പോളും കാര്യങ്ങൾ എളുപ്പമായിരുന്നില്ല. വളരെ രഹസ്യമായി പ്രവർത്തിക്കുന്നവയാണ് മനുഷ്യക്കടത്ത് സംഘങ്ങൾ . എവിടെ നിന്നാണ് യാത്ര തുടങ്ങുന്നത് എന്നോ എവിടെയാണ് കേന്ദ്രമെന്നോ ഒന്നും മനസ്സിലാക്കുക എളുപ്പമായിരുന്നില്ല. അപ്പോളാണ് ഞാൻ കരീമിന്റെ കാര്യം ഓർത്തത്. യൂസഫും കരീമുമായുള്ള സൗഹൃദ ത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. ഫർണ്ണിച്ചർ നിർമ്മാണ ശാലയിൽ യൂസഫ് എപ്പോളും പോകാറുണ്ടെന്നും അവിടെ അവന് സുഹൃത്തുക്കൾ ഉണ്ടെന്നും യൂസഫിന്റെ സഹോദരനും അറിയാമായിരുന്നു. പോലീസിന്റെ സഹായത്തോടെ കരീമിനെ ചോദ്യം ചെയ്തപ്പോൾ ഈ മനുഷ്യക്കടത്തു സംഘത്തിന്റെ ഇടനിലക്കാരനായി പ്രവർത്തിക്കുന്ന ഒരു ലിബിയൻ പൗരന്റെ നമ്പർ ലഭിച്ചു. വേറൊരാൾക്ക് വേണ്ടിയാണ് എന്ന വ്യാജേന കരീം അവരോട് സംസാരിച്ചു. പിറ്റേ ദിവസം രാവിലെ യാത്ര പോകുന്നതിനാൽ ഇനി പുതുതായി ആളെ എടുക്കാനാവില്ല എന്ന നിലപാടിലായിരുന്നു അയാൾ. സാധാരണത്തേക്കാളും അധികം തുക നല്കാമെന്ന വാഗ്ദാനത്തിൽ അയാൾ എത്തേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ കരീമിനോട് പങ്കു വെച്ചു. പോലീസിന്റെ ദ്രുതഗതിയിലുള്ള ഇടപെടലിലൂടെ ട്രിപ്പോളി നഗരത്തിലെ തീരാപ്രദേശങ്ങളിലൊന്നിൽ പ്രവർത്തിക്കുന്ന മത്സ്യഫാക്ടറിയുടെ ഗോഡൗണിൽ നിന്നും യൂസഫിനേയും വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലെ പൗരന്മാരായ മറ്റു അറുപതോളം പേരേയും പോലീസ് കണ്ടെത്തി. സ്ത്രീകളും കുട്ടികളും അടക്കം ഈ സംഘത്തിലുണ്ടായിരുന്നു. അടുത്ത ദിവസങ്ങളിലൊന്നിൽ ആശ്വാസത്തോടെ ഞാൻ നാട്ടിലേക്ക് പോന്നു.

ഈ കഥയിലെ രസകരമായ ചില വഴിത്തിരിവുകൾ സംഭവിയ്ക്കുന്നത് പിന്നീടാണ്. വാർഷികാവധിയ്ക്കു ശേഷം സപ്തംബർ ആദ്യം വീണ്ടും ലിബിയയിൽ തിരിച്ചെത്തി രണ്ടാമത്തെ ദിവസം വൈകുന്നേരം യൂസഫ് എന്നെ ഫോണിൽ വിളിച്ചു. ഞാൻ താമസിക്കുന്ന അപ്പാർട്ട്മെന്റിനു താഴെ അവൻ കാത്തു നില്ക്കുന്നുവെന്നും ഇപ്പോൾ കാണാൻ കഴിയുമോ എന്നും അന്വേഷിച്ചു. സന്തോഷത്തോടെ താഴേക്കു ചെന്ന എനിക്ക് എന്റെ കണ്ണുകൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. പാശ്ചാത്യ ശൈലിയിൽ മോടിയിൽ വസ്ത്രധാരണം ചെയ്ത്, ഒരു പുത്തൻ കാറിൽ യൂസഫ് കാത്തിരിയ്ക്കുന്നു. അവൻ കഥകൾ ഒന്നൊന്നായി പറഞ്ഞു.

വലിയ ഒരപകടത്തിൽ നിന്നും തന്നെ രക്ഷിച്ചതിന് നന്ദിയറിച്ചു. ഒരു കുട്ട നിറയെ ഈന്തപ്പഴങ്ങളുമായാണ് യൂസഫ് വന്നത്. ഞാൻ നാട്ടിൽ നിന്നും തിരിച്ചെത്തിയോ എന്നറിയാനായി കുറേ ദിവസങ്ങളായി വൈകുന്നേരം ഫോൺ ചെയ്യുന്നുണ്ടായിരുന്നു എന്ന് യൂസഫ് പറഞ്ഞു. ഈ സാഹസം, യൂസഫിന്റെ ജീവിതത്തെ തന്നെ മാറ്റിമറിച്ചു. മനുഷ്യക്ക ടത്തിന്റെ ഭാഗമായി മറ്റൊരു രാജ്യത്തേക്ക് ഒളിച്ചു കടക്കുക യെന്നതിനെ ഗുരുതരമായ രാജ്യദ്രോഹ കുറ്റകൃത്യമായാണ് അന്നത്തെ ഗദാഫി ഭരണകൂടം കണ്ടിരുന്നത്. അത്തരം പ്രവർത്തികളിലേർപ്പെടുന്ന ലിബിയൻ പൗരന്മാർക്ക് കർശനമായ ശിക്ഷകൾ ലഭിച്ചിരുന്നു. യൂസഫിന്റെ കാര്യത്തിൽ മറ്റൊന്നാണ് സംഭവിച്ചത്. ആകസ്മികമായി സംഭവിച്ചതാണെങ്കിലും ട്രിപ്പോളിയിലെ പോലീസ് മേധാവി, ഇക്കാര്യത്തെ പോലീസ് ബോധപൂർവ്വം ആസൂത്രണം ചെയ്ത ഒരു ഓപ്പറേഷനായി ചിത്രീകരിച്ചു. ഓപ്പറേഷനിൽ 'സാഹസികമായി' പങ്കെടുത്ത യൂസഫിന് സർക്കാർ വക പാരിതോഷികവും ഫെന്നർക്ക് ഇരട്ട ഉദ്യോഗക്കയറ്റവും ലഭിച്ചു. യൂസഫ് വന്ന പുത്തൻ കാർ ആ പാരിതോഷികത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു. പോലീസ് സ്റ്റേഷനിൽ റൈറ്റർ പദവിയിൽ ജോലി ചെയ്യുന്ന ഫെന്നർക്ക് ഒമ്പത് വർഷങ്ങൾക്കു ശേഷം മാത്രം ലഭിച്ചേക്കാവുന്ന ഉദ്യോഗക്കയറ്റമാണ് സമയോചിതമായ ചില ഇടപെടലുകളിലൂടെ ലഭിച്ചത്. യൂസഫ് നല്ല രീതിയിൽ പഠനം പൂർത്തിയാക്കി, അതിസാഹസങ്ങൾക്കൊന്നും മുതിരാതെ,അധ്യാപകനോ സർക്കാർ ഉദ്യോഗസ്ഥനോ ആയി സുഖ മായി കഴിയുന്നുണ്ടാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കർശനമായ ഭരണകൂട നിയന്ത്രണങ്ങൾ ഉണ്ടായിരുന്നെങ്കിലും, ഒരു ക്ഷേമരാഷ്ട്ര മെന്ന നിലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുയും പൗരന്മാരുടെയും വിദേശികളുടെയും സ്വസ്ഥവും സുരക്ഷിതവുമായ ജീവിതം ഉറപ്പു വരുത്തിയിരുന്നു ഗദ്ദാഫിയുടെ കീഴിൽ ലിബിയൻ ഭരണകൂടം .
'ജനാധിപത്യ കയറ്റുമതി' എന്ന ആശയത്തിലൂന്നിയ പാശ്ചാത്യ രാജ്യ ങ്ങളുടെ ഇടപെടലിലൂടെ ആ രാജ്യം ഇന്ന് ഛിന്നഭിന്നമായിരിക്കുന്നു.

2011 ഫെബ്രുവരി മാസം അവസാനം, ലിബിയയിലെ ആഭ്യന്തര സംഘർഷങ്ങൾ ഉദ്യോഗം ഉപേക്ഷിച്ച് നാട്ടിലേക്ക് വന്നുവെങ്കിലും ലിബിയയെക്കുറിച്ചോർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്ന മുഖ ങ്ങളാണ് യൂസഫും ഫെന്നറും. ആകസ്മികതകളുടെ രാജകുമാരന്മാർ എന്നു രണ്ടുപേരെയും വിശേഷിപ്പിക്കാമെന്നു തോന്നുന്നു.

# ആ യാത്രയിൽ..

യാത്രകൾ എന്നും മനോഹരമാണ് അത് പലതവണ കണ്ട സ്ഥലങ്ങൾ ആണെങ്കിൽ കൂടിയും ഓരോ യാത്രയും ഓരോ മറക്കാനാകാത്ത മനോഹരമായ ഓർമ്മകളാണ് സമ്മാനിക്കുക.അങ്ങനെ എന്റെ ബി കോം സിഎ പിള്ളേരും അവരുടെ ടൂർ തീരുമാനിച്ചു. സെമസ്റ്റർ ക്ലാസും കംപൽസറി ഇംപ്രൂവ്മെൻറും നേരേ ചൊവ്വേവരാത്ത യൂണിവേഴ്സിറ്റി എക്സാം ഒക്കെ അവരെ തളർത്തിയെങ്കിലും അവസാനം അത് തീരുമാനിച്ചു.. യാത്ര പോകുന്നു.. കമ്പം-തേനി-രാമക്കൽമേട്-കൊടയ്ക്കനാൽ. കുളു-മണാലി 10,000 മുതൽ തുടങ്ങിയ ലേലം വിളി വന്നെത്തിയത് കമ്പം -തേനിയിലാ...എല്ലാവർക്കും വരാൻ പറ്റുന്ന സ്ഥലം ,ഇതിന് വേണ്ടി ആബിദ് ദിവസവും ഹാഫ് ഡേ കട്ട് ചെയ്ത് ഇറങ്ങും. ചോദിച്ചാൽ പറയും “ടൂർ സെറ്റാക്കുകയാ മിസ്സ്”.



**നിവേദിത. കെ**
അസിസ്റ്റന്റ് പ്രൊഫസർ
കോമേഴ്സ് വിഭാഗം &
മാനേജ്മെന്റ് സ്റ്റഡീസ്
നസ്രാ കോളേജ് ഓഫ് ആർട്സ് &
സയൻസ്, തിരൂർക്കാട്

അങ്ങനെ 30 പിള്ളേരും 4 അധ്യാപകരും ചേർന്ന് രാത്രി 10 മണിക്ക് നസ്റ കോളേജിൽ നിന്ന് യാത്ര തിരിച്ചു. എല്ലാവരും ഭീമാകാരൻ ബാഗുകളുമായി വന്നപ്പോൾ ഞെട്ടിച്ചത് നസ്രുവാണ്..... വളരെ സിംപിൾ.. ഒരുപാൻറ്, രണ്ട് ടീഷർട്ട്, ചുരുട്ടി മടക്കി കയ്യിൽ കരുതീട്ടുണ്ട്. ചോദിച്ചപ്പോ ഇതൊക്കെ തന്നെ ഓവർ ആണെന്നാ അവന്റെ അഭിപ്രായം... ന്യൂ ജൻ പിള്ളേരല്ലേ...

അങ്ങനെ പാട്ടും തമാശയുമൊക്കെയായി യാത്രനീണ്ടു...
ചെക്ക്പോസ്റ്റിൽ വണ്ടിഒന്ന്നിർത്തിയപ്പോ എല്ലാവരും ഇറങ്ങി കട്ടനടിക്കാലോന്ന് പറഞ്ഞ് കട്ടനും മലപ്രത്തിന്റെ ഓരോ 'ആബ്ലയിറ്റും' തട്ടി വണ്ടീൽ കയറാനായിരുന്നു തീരുമാനം;സാധനം ഓർഡർ ചെയ്തപ്പഴാണ് പിള്ളേർക്ക് അണ്ണൻചേട്ടൻമ്മാരെ മിടുക്ക് മനസ്സിലായത് അഞ്ച് രൂപ വിലയുള്ള മുട്ടകൊണ്ട് മുപ്പത് രൂപയുടെ ഓംലറ്റ്നമ്മളെ പിള്ളേര് വിടുമോ ഓർഡർ ചെയ്ത് മുങ്ങി......

കൊടയ്ക്കനാൽ ഗജ ചുഴലിയുടെ സമയമായത് കൊണ്ട് രാവിലെ മാത്രമേ ചുരം കയറാൻ അനുമതി ഉള്ളൂ. അത് കാരണം പഴനി ഭാഗത്ത് രണ്ട് മണിക്കൂർ പോസ്റ്റ് ആയി...ഉറക്കം എന്റെ കൂടപ്പിറപ്പായത് കൊണ്ട് അതൊന്നും ഞാൻ അറിഞ്ഞതേയില്ല....

പുലർച്ചെ ചുരം കയറിതുടങ്ങി കോട എന്ന് പറഞ്ഞാ അതാണ്.. പരസ്പരം കൂട്ടി ഇടിച്ചാൽ അറിയില്ല അതിന്റെ കൂടെ ഒടുക്കത്തെ

തണുപ്പും!! കാണാൻ നല്ല രസമായിരുന്നു മേഘശകലങ്ങളിൽ കൂടി ഒഴുകി വരുന്ന ഒരു ഫീലുണ്ടായിരുന്നു അതിന്....രാവിലെ ആയപ്പോൾ കൊടേയ് എത്തി. ഗജ വല്ലാതെ പരിക്കേൽപ്പിച്ചിട്ടുണ്ട് അതിന്റെ ചിത്രം വിളിച്ചോതുന്നതായിരുന്നു ഓരോ കാഴ്ചയും .....

പ്രഭാതഭക്ഷണവും ഫ്രഷപ്പും കഴിഞ്ഞ് കിടിലോസ്കികൾ എല്ലാം റെഡി ഇനി കാഴ്ചകളാണ്.... പക്ഷേ ചുരം കയറിയപ്പോ കൂടെ കയറിപ്പോന്ന "കോട"ചേട്ടൻ അള്ളിപ്പിടിച്ച് കൂടെ ഉണ്ട്; പില്ലർറോക്കും പരിസര സ്ഥലങ്ങളുമാണ് ആദ്യം. പക്ഷെ ഗജ ഉഴുത് മറിച്ചത് കാരണം അവിടേക്ക് പ്രവേശനമില്ല. അത് അറിഞ്ഞത് കുറച്ച് ദൂരം ചെന്നപ്പഴാണ് ..പിന്നെ പറയണോ പുകിൽ പെരിന്തൽമണ്ണ ട്രാഫിക്ക് ബ്ലോക്കിൽ പെട്ടപോലെ ആയി അങ്ങോട്ടും ഇല്ല ഇങ്ങോട്ടും ഇല്ല. നമ്മടെ പിള്ളേര് അതും ആഘോഷമാക്കി എതിരേ ഉള്ള ബസ്സിലെ പിള്ളേരെ സെറ്റാക്കുന്ന തിരക്കിലായി. അങ്ങനെ കഷ്ടിച്ച് അവിടന്ന് രക്ഷപ്പെട്ടു.... കേവ്,സൂയിസൈഡ് പോയിന്റ് അത് രണ്ടും മിസ്സാവുന്ന പോലെയാണ് ശ്രുതികൾ..മഞ്ഞ്, മഴ,ഗജ അതും വഴി അടഞ്ഞു. അതിന്റെ അരിശം തീർക്കാൻ അങ്ങ് ലാവിഷായി ഷോപ്പിങ്ങിനിറങ്ങി......... അവിടേം മുട്ടിതിരിഞ്ഞ് ഒടുക്കത്തെ കോട ഉണ്ടായിരുന്നു. ചോക്കലേറ്റ്സ് വാങ്ങാനായി പല കടകളിലും കയറി ഇറങ്ങി സാമ്പിളിന് വച്ചത് മുഴുവൻ ടേസ്റ്റ് ചെയ്ത് തിരികെ ഇറങ്ങി നമ്മടെ പഹയൻമാർ, അതും ഒരു രസമാക്കി. ഉച്ചയോടെ ഫുഡിനുള്ള തകൃതിയായി. ഉഷാറൊരു ഊണു പാസാക്കി ഇനി തടാകം ആണ് അടുത്ത ലക്ഷ്യം.

സമയം 4 മണി ആവുന്നതേ ഉള്ളൂ കോടക്ക് ഒരു ശമനവും ഇല്ലതാനും. വേറെ സ്പോട്ട് ഒന്നും ലിസ്റ്റിൽ ഇല്ലാ.. അത് കൊണ്ട് തടാകം ലക്ഷ്യമാക്കി വണ്ടി വിട്ടു.... ബോട്ട് യാത്രയാണ് പ്ലാനിൽ, പക്ഷേ ആ പ്ലാൻ മഴ കൊണ്ട്പോയി... മഴ ഏകദേശം ഒതുങ്ങിയപ്പോ കുട്ടികൾ സൈക്കിൾ റൈസ് സെറ്റാക്കി.... ഞങ്ങളും രണ്ട് പെൺകുട്ടികളും 5 കി മി ഉള്ള തടാകം ചുറ്റിയടിക്കാൻ തീരുമാനിച്ചു, ഞാൻ പലതവണ പോയിട്ടുണ്ടെങ്കിലും ഈ ഒരു ആഗ്രഹം സാധിച്ചിരുന്നില്ല... അങ്ങനെ തീരുമാനം സക്സസ്.... നാട്ട് വർത്തമാനങ്ങളെല്ലാം പറഞ്ഞ് അങ്ങനെ നടന്നു.. ഓടിവന്ന് മൂടിപ്പുതക്കുന്നകോടയും തെല്ലിടവ്യത്യാസത്തിൽ ആട്ടിപായിക്കുന്ന കാറ്റും! പ്രകൃതിയുടെ മനോഹരമായ കളി അവി സ്മരണീയം തന്നെ. തുടക്കത്തിൽ കണ്ട ഉഷാറൊക്കെ പോക പോകെ കുറഞ്ഞ് വന്നു... നടന്ന് കുടുങ്ങിയ അവസ്ഥയായി എല്ലാരും വിചാരിച്ച് കാണും വല്ലാത്ത ഒരു തീരുമാനം ആയിന്ന്! നടന്ന് നടന്ന് അവസാനം കാണാതായപ്പോ ശരത് സർ ചോദിച്ച് തിരിച്ച് വിട്ടാലോ ന്ന് പറ്റില്ല അറ്റം കണ്ടേ മടങ്ങൂ ന്ന് വാശിക്ക് വീണ്ടും നടന്നു.. കാലും കൈയും തണുത്ത് മരവിച്ചപോലെ തോന്നി. എന്നാലും നടന്നു..... രണ്ട് വഴിപിരിയുന്നു വന്ന സ്ഥലവുമായി യാതൊരു ബന്ധവുമില്ല പെട്ടല്ലോ ന്ന് മനസ്സിൽ വിചാരിച്ചു അവസാനം കടക്കാരനോട് ചോദിച്ച് വഴി കണ്ടു പിടിച്ചു....

അതിനിടക്കാണ് മുബീന മിസ്സിന് കമ്മൽ മോഹം എന്റെ ദൈവമേ....!! കുടുങ്ങി മിസ്സിൻറ ഡിമാൻറ്കേട്ട്, അവസാനം റഹീം വന്ന് നീരുമാനമാക്കി കൊടുത്തു "മിസ്സിന് പററിയ കമ്മൽ ഇബടെ കിട്ടൂല ഞമ്മക്ക് പോവാ" എന്ന് പറഞ്ഞ് കൂട്ടി കൊണ്ടന്നു. അങ്ങനെ 6.30 ആയപ്പോഴേക്കും തടക പര്യടനം പരിസമാപ്തിയിലെത്തി. കുറച്ച് ഷോപ്പിങ്ങൊക്കെ കഴിഞ്ഞ് ക്യാമ്പ് ഫയറിന് റെഡിയായി ഹോട്ടലി ലെത്തി..... നടന്ന് മരവിച്ച കാലും കൈയ്യും ഒന്ന് ചൂടാക്കി എടുത്തു. പിള്ളേരുടെ കലാവാസനകൾ ഓരോന്നായി പലരൂപത്തിൽ പുറത്ത് വന്നു. അവരെല്ലാവരും ആടിപ്പാടി തിമർത്തു...അവസാനം നമ്മടെ വേൽ മുരുകൻ കൂടിയായപ്പൊ ബഹുത്ത് ഹാപ്പിയായി.....വൈകീട്ടുള്ള ഭക്ഷണം കഴിച്ച് റൂമിലേക്ക് യാത്രയായി...

രാവിലെ എണീറ്റപ്പോ എല്ലാരും പറഞ്ഞു ശരിക്ക് ഉറങ്ങാൻ പറ്റീല്ലാന്ന് പക്ഷേ ഞാൻ ശരിക്കും ഒരു കുംഭകർണ്ണ സേവ നടത്തിയിരുന്നു അങ്ങനെ ഫ്രഷായി കോടൈയോട് റ്റാറ്റാ പറഞ്ഞ് കമ്പം തേനി ലക്ഷ്യമാക്കി വണ്ടിവിട്ടു..

മലകളെ തഴുകി വരുന്ന ഇളം കാറ്റും കുളിര് കോരുന്ന കോടയും യാത്രക്ക് അൽപ്പം കൂടി ഉഷാർനൽകി. അങ്ങനെ പാട്ടും സിനിമയും കട്ടക്ക് പിള്ളേരുടെ തള്ളലുമെക്കെയായി യാത്ര നീണ്ടു... പോരും വഴി മനോഹാമായ ഒരു വെള്ളച്ചാട്ടം കാണാൻ കഴിഞ്ഞു. പോകും തോറും അത് അടുത്തടുത്ത് വരുന്നതായി തോന്നി. പക്ഷേ അത് വെറും തോന്നലാണെന്ന് പിന്നീട് മനസ്സിലായി വണ്ടി ഒതുക്കാൻ പറ്റിയ ഇടം കിട്ടിയപ്പോ സാരഥി ചേട്ടൻ വണ്ടി സൈഡാക്കി. അവിടെ നിന്നാൽ മനോഹരമായി വെള്ളച്ചാട്ടം കാണാം. കുറച്ച് സെൽഫി ഒക്കെ എടുത്ത്കളയാം എന്ന് വച്ച് കാലുകുത്തിയത് അവിടം അടക്കി വാഴുന്ന വാനരപ്പടയുടെ മുൻപിലാ.. പിന്നാലെ ഇറങ്ങിയ ആബിദിന്റെ കയ്യിൽ എന്തോകൊറിക്കാനുള സാധനം ഉണ്ടായിരുന്നു എന്ന് തോന്നുന്നു.. അടുത്ത നിമിഷം വാനര സോദരമാർ അത് കൈക്കലാക്കി.. ബാക്കി ഒരു പിടി അവന്റെ കൈവശം ഉണ്ടായിരുന്നത് പിന്നാലെ നടന്ന് വാങ്ങിച്ചെടുത്തേ അവമ്മാടങ്ങിയുള്ളൂ! വെള്ളച്ചാട്ടത്തിന് താഴെയായി ഒരു ബണ്ട് കെട്ടിയിട്ടുണ്ട് എല്ലാം ആസ്വദിച്ച് തിരിച്ച് കയറി ഇനി കുറച്ചധികം യാത്രയുണ്ട് .ഉച്ച ഉച്ചര യോടെ തേനിഎത്തി.വിളഞ്ഞ് നിൽക്കുന്ന മുന്തിരി പാടങ്ങൾ..വിളവെടുപ്പ് നടന്ന് കൊണ്ടിരിക്കുന്ന സമയം. പാടത്തേക്കിറങ്ങി എല്ലാം കണ്ടു.. പാടങ്ങൾക്ക് ഉയരക്കുറവ് കൊണ്ട് നീളം കൂടിയവർക്ക് അതൊരു പാരയായി.... നല്ല മുന്തിരി തൈകൾ ഉണ്ട് വിൽപ്പനക്ക്. ഒരെണ്ണം മുബീന മിസ്സ് വാങ്ങിച്ചു. നമ്മുടെ നാട്ടിൽ പിടിക്കുമോ എന്ന് അറിയില്ല. ഇനി ലക്ഷ്യം രാമക്കൽമേട്. ഉച്ച ഭക്ഷണം അവിടെയാണ് എന്ന ദു:ഖ വാർത്ത കൂട്ടത്തിലെ റപ്പായി മാർക്ക് സങ്കടം ഉണ്ടാക്കി. രാമക്കല്ലിലേക്കുള്ള യാത്ര അതിമനോഹരമാണ് പച്ച പട്ട് വിരിച്ചപാടങ്ങളും, മലകളും, അവക്കിടയിലൂടെ മനുഷ്യന്റെ

കരവിരുതുകളും മനോഹരംതന്നെ.. പക്ഷേ വളരെ അപകടം പിടച്ച വഴിയാണ് റോഡെല്ലാം ശോചനീയമാണ്.....

ഉച്ചഭക്ഷണം ഞങ്ങളെ കാത്ത് അവിടെ റെഡിയായിരുന്നു വയറുനിറച്ച് ഭക്ഷണം.. മനസ്സും നിറഞ്ഞു.

ഇനി ട്രക്കിങ് ആണ്. അതിനുള്ള ജീപ്പുകൾ ഞങ്ങളെ കാത്ത് റെഡിയായി നിൽപ്പുണ്ട് 8 അംഗങ്ങളുള്ള ടീമായി വണ്ടിൽ കയറി .... പിന്നെ ഒന്നും പറയാതിരിക്കുന്നതാ നല്ലത്. ജീവൻ കയ്യിൽ പിടിച്ചാ യിരുന്നു വണ്ടിയിൽ ഇരുന്നത്. ആകെ 10 കി.മി ആണ് ട്രക്കിങ്ങ് കയറാൻ.കയറേം ചെയ്തു, ഇറങ്ങാനൊട്ട് വയ്യതാനുംന്ന് ഉള്ള അവ സ്ഥയായി.. സാരഥിചേട്ടന് ആരാ ലൈസൻസ് കൊടുത്തത് ന്ന് വരെ ആലോചിച്ചു. കാരണം അദ്ദേഹത്തിന് എല്ലാം റോഡിന് സമമാ യിരുന്നു... പാറകളുടെ മുകളിലൂടെ വണ്ടി ഊർന്നിറക്കി കുണ്ടുംകു ഴിയും വളരെ കൂളായി ഓടിച്ച് കയറ്റി ഉള്ളിലിരിക്കുന്ന ഞങ്ങൾ സകല മാനദൈവങ്ങളേം വിളിച്ച്.. ആദ്യ സ്പോട്ട് കഴിഞ്ഞുള്ള ആ എൻറിങ് എന്റമ്മോ ഓർത്താൽ ഇപ്പഴും പേടിയാ..! തെല്ലൊന്നു തെറ്റിയാ പെറുക്കി എടുക്കാമായിരുന്നു പക്ഷേ സാരഥി കിടു വാ അവരുടെ ജോലി അതല്ലേ.... വണ്ടി നിന്നു ന്ന് കണ്ടതും ചാടി ഇറങ്ങി ഓടി. ഹൃദയം ഒക്കെ തലച്ചോറിലെത്തിയ പോലെ തോന്നി.. കണ്ണീക്കൂടെ പൊന്നിച്ച യുടെ ഓട്ട പ്രദക്ഷിണമായിരുന്നു.. ആരൊക്കെയോ കരഞ്ഞൂന്നും കേട്ടു. പയ്യൻസ് എല്ലാം സെൽഫി എടുത്തും വീഡിയോ എടുത്തും തകർക്കുവായിരുന്നു. അടുത്ത സ്പോടിന് ഞാൻ നടന്ന് വന്നോളാം ന്ന് പറഞ്ഞ് (പേടി കൊണ്ടൊന്നും അല്ല) നിന്നപ്പോ സാരഥി ചേട്ടൻ പറഞ്ഞു ഇനി പതിയേ പോവുള്ളൂ ന്ന് ആ വാക്കിൻ പുറത്ത് വണ്ടിൽ കയറി, ചേട്ടൻ നൈസായിട്ട് വാക്ക് മാറ്റി പിന്നെ എല്ലാം പഴയപടി അങ്ങനെ ഈരേഴ് പതിനാല് ലോകത്തിലെ ദൈവങ്ങളേം വിളിച്ച് ട്രക്കിങ്ങ് അങ്ങ് ആസ്വദിച്ചു. ഇത് അവസാനിച്ചത് കുറവൻ കുറത്തി മലയിലാ. അവിടെ ആജാനബാഹു ആയ ഒരു വേഴാമ്പൽ ശിൽപ്പം ഉണ്ട്.. പിന്നെ കല്ലിൽതീർത്ത കുറവനും,കുറത്തിയും. 5 രൂപ ടിക്കറ്റ് എടുത്താലേ പ്രവേശനമുള്ളൂ. മലയിലൂടെ നടക്കാൻ നല്ല സുഖമാണ് തണുത്ത കാറ്റുംകൊണ്ട്.. പെട്ടന്ന് മാനം ഇരുണ്ട് മൂടി മഴ പെയ്തു. നടന്നിറങ്ങിയത് കൊണ്ട് നനയുക അല്ലാതെ നിവർത്തി ഇല്ലായിരുന്നു. ട്രക്കിങ്ങിന്റെ മാസ് ഫീലും അയവിറക്കി ബസ്സ് ലക്ഷ്യ മാക്കി ചാറ്റൽ മഴ നനഞ്ഞ് നടന്നു. ടൂറിൽ എന്തെങ്കിലും സ്പഷൽ വേ ണ്ടേ അതിന് വേണ്ടി എല്ലാവരെയും പിടിച്ച് വണ്ടീടെ പുറത്ത് കയറ്റി ഒ രു അസൽ ഗ്രൂപ്പ് ഫോട്ടോ പിടിച്ചു. എന്തൊക്കെ ആയാലും ടൂർ പാക്കേ ജ് ഫുൾ സപ്പോർട്ടാണ് പിള്ളേർക്ക്.. ആഷിഖ് അവനാണ് പാക്കേജ് മാൻ.. നമ്മടെ പഴയ വിദ്യാർഥിയും. അങ്ങനെ യാത്രക്ക് പരിസമാപ്തി യായി. ഇനി ഭക്ഷണം പിന്നെ നേരെ നാട്ടിലേക്ക്. രണ്ട് തനി പച്ച ക്കറികൾ (ഞാനും ജമീലും) ഉള്ളത് കൊണ്ട് നോൺ കുറവായിരുന്നു.

അതിന്റെ കുറവ് ഇവിടെ തീർത്തു. അൽഫാമും റൈസും എന്ന് തീരുമാനിച്ചു.പോരും വഴി പ്രളയം തുടച്ച് നീക്കിയ ഇടുക്കിയുടെ അവസ്ഥ സ്ട്രീറ്റ് ലൈറ്റിൽ കണ്ടു. അത്യന്തം ഭീകരം തന്നെ.. എന്നിരുന്നാലും അതിലും കരകയറി ജീവിതം മുന്നോട്ട് നീക്കുന്നവരെ കണ്ടപ്പോൾ ആത്മവിശ്വാസം ഒന്ന് കൂടിയ പോലെ തോന്നി. കട്ടപ്പന യിൽ നിന്ന് ഫുഡ് കഴിച്ചു ഒരു പത്ത് പതിനഞ്ച് മിനിറ്റ് ഫ്രീ കിട്ടിയപ്പോഴേക്കും നമ്മടെ പിള്ളേര് ആ സ്ഥലം ഒരു ഫുഡ്ബോൾ മൈതാനമാക്കിയിരിക്കുന്നു. വഴിയിലുള്ള കാലിക്കുപ്പി ഫുഡ്ബോളാക്കി അടിച്ച് തകർക്കുകയാണ്. അപ്പഴാണ് ആ ഡയലോഗ് ഓർമ്മ വന്നത്" മലപ്രത്തിന് ചങ്കല്ല ചങ്കിടിപ്പാണ് ഫുഡ്ബോൾന്ന്". അങ്ങനെ നല്ലൊരു യാത്രയുടെ പരിസമാപ്തി.

# അനന്തമായ സ്നേഹം

ഒരു ജൂലൈ മാസം, വീണ്ടും ഒരു പെരുന്നാൾ രാവ് അതിന്റെ ആഢ്യത്തോടെ ആഘോഷിച്ചു. ഈ ദിവസം എപ്പോഴും ഒൻപതിൽ പഠിച്ചിരുന്ന എന്റെ ഒരു വിദ്യാർത്ഥിയെ കുറിച്ചോർമ്മിപ്പിക്കും. പത്തോ പതിനൊന്നോ വർഷം മുന്നേ നടന്നതാണ്, അവൻ ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിൽ വളരെ മിടുക്കനായിരുന്നു.

ഏഴാം ക്ലാസ്സിലേക്കാണ് അവൻ ഞങ്ങളുടെ സ്കൂളിലേക്ക് ചേരുന്നത്. മാത്സ് ന്റെ കാര്യത്തിൽ അവൻ വളരെ പിറകോട്ടായിരുന്നു. ഏൽപ്പിച്ച പണികൾ ഒന്നും തന്നെ ചെയ്യില്ലായിരുന്നു. മാത്സ് പേടിയാണെന്നാണ് എപ്പോഴും അവന് പറയാൻ ഉണ്ടായിരുന്നത്. അതിനവൻ പുതിയ ഓരോ കാരണങ്ങൾ കണ്ടുപിടിച്ചു കൊണ്ടേയിരിന്നു. അവന്റെ ഈ കാരണങ്ങൾ എനിക്ക് തലവേദന ഉണ്ടാക്കി കൊണ്ടേയിരുന്നു. ഒരു ദിവസം ഞാൻ ക്ലാസ്സിൽ ചെന്നപ്പോൾ അവൻ മാത്സ് റെക്കോർഡ് എഴുതുന്നതാണ് കണ്ടത്, അവനൊഴികെ ബാക്കി എല്ലാവരും കളിക്കാൻ പോയിട്ടുണ്ടായിരുന്നു. അവൻ പോകാത്തതിന് കാരണം ചോദിച്ചപ്പോൾ തനിക്ക് സുഖമില്ലാഞ്ഞിട്ടാണെന്ന് ചിരിച്ചു കൊണ്ട് മറുപടി നൽകി. ആ ഒരു സംഭവത്തിന് ശേഷം ഒരുപാട് ദിവസം അവൻ സ്കൂളിൽ വന്നില്ല. അവൻ സുഖമില്ലാതെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്നാണ് അവന്റെ സഹോദരനിൽ നിന്നും അറിയാൻ കഴിഞ്ഞത്. അവന്റെ ആരോഗ്യസ്ഥിതിയെ പറ്റി പല സംസാരങ്ങളും അവിടെ കേൾക്കാൻ തുടങ്ങി. ചിലർ പറഞ്ഞു അവൻ തളർന്ന് ഗുരുതരാവസ്ഥയിൽ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആണെന്ന്.



**ശോഭന. സി**
പ്രധാന അധ്യാപിക
സെക്കണ്ടറി സെക്ഷൻ
ബെഞ്ച്മാർക് ഇന്റർനാഷണൽ സ്കൂൾ, തിരൂർ

അങ്ങനെ സ്കൂൾ കഴിഞ്ഞതിന് ശേഷം ഞാനും സോഷ്യൽ സ്റ്റഡീസ്, മലയാളം ടീച്ചേഴ്സും കൂടെ അവനെ കാണാൻ ഹോസ്പിറ്റലിലേക്ക് പുറപ്പെട്ടു. അന്ന് ഭയങ്കര ഇരുട്ട് മൂടി അതിശക്തമായ മഴയുള്ള ഒരു ദിവസം ആയിരുന്നു. പ്രത്യേകിച്ച് ആ മഴയത്ത് കോഴിക്കോട് എത്തുകയെന്നത് ഭയങ്കര ദുഷ്ക്കരം ആയിരുന്നു. പക്ഷെ ഒന്നിനും ഞങ്ങളുടെ യാത്ര തടയാൻ കഴിഞ്ഞില്ല. യാത്രയിലുടനീളം ഞങ്ങൾ അവൻ എത്രയും പെട്ടന്ന് സുഖം പ്രാപിക്കാൻ വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു.

അവിടെ ചെന്നപ്പോൾ അവന്റെ രക്ഷിതാക്കൾ അവനോട് തമാശയൊക്കെ പറഞ്ഞു ചിരിക്കുന്നതാണ് കാണാൻ കഴിഞ്ഞത്. ഞങ്ങൾ കരുതി അവൻ അപകടനില തരണം ചെയ്തുയെന്ന്. ആ ഒരു ആശ്വാസത്തിൽ അവന്റെ അടുക്കൽ ചെന്ന ഞങ്ങൾക്ക് ഞങ്ങളെ തന്നെ നിയന്ത്രിക്കാൻ സാധിച്ചില്ല. പാടെ മെലിഞ്ഞു ക്ഷീണിച്ച ഒരു പയ്യനെയാണ് അവിടെ കാണാൻ സാധിച്ചത്. ഞാൻ അവന്റെ അടുക്കൽ ചെന്നു, എന്റെ ഉള്ളിൽനിന്ന് എല്ലാം കൂടെ ഇപ്പൊ പൊട്ടും എന്ന നിലയിൽ ആയിരുന്നു. പക്ഷെ അവന്റെ വീട്ടുകാർ എന്നെ അതിൽ നിന്നും വിലക്കി. അവന് ഇനി എണ്ണപ്പെട്ട ദിവസങ്ങൾ ആണുള്ളത് അത്കൊണ്ട് അവനെ പരമാവധി സന്തോഷിപ്പിച്ചു ഇരിക്കാൻ ഡോക്ടർ പറഞ്ഞിട്ടുണ്ട്. അവന്റെ അടുത്തേക്ക് ചെന്നപ്പോൾ അവൻ പതിയെ ഞെരുങ്ങി കൊണ്ട് എന്റെ പേര് പറഞ്ഞു ഷോ... ബ... ന മാ... ഡം

എന്റെ മോനെ... ജീവിതത്തിൽ നിന്നെ ഞാൻ ഒരിക്കലും മറക്കില്ല. അവൻ meningitis എന്ന രോഗബാധിതനായിരുന്നു. രക്ഷിതാക്കളുടെയും അധ്യാപകരുടെയും കൂട്ടുകാരുടെയും മനസ്സിൽ ഒരുപാട് നല്ല ഓർമ്മകൾ സമ്മാനിച്ചു കൊണ്ട് അവൻ ഈ ലോകത്തോട് വിടപറഞ്ഞു.

# ഉത്തമഗീതത്തിലെ ഓജോബോർഡ്

പ്രിയപ്പെട്ട ഇടത്തിന്റെ നഷ്ടത്തിലായിരുന്നു കഴിഞ്ഞ ഒരു വർഷം. ഓരോ നിമിഷവും കോളേജ് എന്നെ തിരിച്ചു വിളിച്ചു. അത്രമേൽ ഇഷ്ടത്തോടെയായിരുന്നു, കോളേജ് അധ്യാപികയുടെ വേഷമണിഞ്ഞത്. ഒരു വ്യാഴവട്ടക്കാലത്തെ ക്രെഡിറ്റിനും ഡെബിറ്റിനുമിടയിൽ നിന്നുള്ള രക്ഷപെടൽ കൂടിയായിരുന്നു അത്.

എന്നിട്ടും കോളേജിൽ നിന്ന് മാറി നില്ക്കേണ്ടി വന്നു. എന്നാൽ കോളേജ് ജീവിതം അത്ര സുഖകരമായിരുന്നോ? അത്ര നല്ല അനുഭവങ്ങൾ കോളേജ് നല്കിയിട്ടുണ്ടോ?



**ഡോ. മൈന ഉമൈബാൻ**
മലയാള വിഭാഗം മേധാവി
ഡി. ജി. എം. എം. ഇ. എസ്
മമ്പാട് കോളേജ്, മമ്പാട്

കീറി മുറിച്ച് പരിശോധിച്ചാൽ ഒരു പക്ഷേ, കാര്യമായിട്ടൊന്നും ഉണ്ടാവണമെന്നില്ല. അല്ലെങ്കിൽ അധ്യാപന ജീവിതത്തെ എങ്ങനെയാണ് അടയാളപ്പെടുത്തുക? പ്രത്യേകിച്ച് കുറച്ച് കാലം മാത്രം അനുഭവസമ്പത്തുള്ള ഒരാൾ?
പഠിപ്പിക്കാൻ തുടങ്ങിയ ആദ്യകാലം ഓർമ്മ വരുന്നു. പണ്ട്, ട്യൂഷനെടുത്തിട്ടുണ്ട് – രണ്ടു മൂന്ന് കുട്ടികൾക്ക്. അക്കാലത്തൊരിക്കൽ സാമൂഹ്യപാഠമാണ് ഏറ്റവും നന്നായി പഠിപ്പിക്കുന്നത് എന്ന് ആ അപ്പർ പ്രൈമറി വിദ്യാർത്ഥികൾ പറഞ്ഞിരുന്നു. പാഠപുസ്തകത്തിനപ്പുറത്തേക്ക് കുറെ കഥകൾ പറഞ്ഞിരുന്നു അക്കാലത്ത്. അതാവണം.

ഡിഗ്രി റിസൽട്ട് പ്രതീക്ഷിച്ചിരിന്ന കാലം വീടിനടുത്തുള്ള പാരലൽ കോളേജിൽ ക്ലാസെടുക്കാൻ പോയിരുന്നു. ബിരുദത്തിന് കൊമേഴ്സ് ആയിരുന്നു വിഷയം. ആ കോളേജിലാണെങ്കിൽ പത്താം ക്ലാസ് തോറ്റവർക്കുള്ള ക്ലാസു മാത്രവും. സയൻസൊഴികെ മറ്റെല്ലാ വിഷയത്തിനും അവിടെ അധ്യാപകരുണ്ടായിരുന്നു. സ്കൂളിൽ പഠിക്കുമ്പോൾ ജീവശാസ്ത്രം മാത്രമായിരുന്നു ശാസ്ത്ര വിഷയങ്ങളിൽ എന്റെ ഇഷ്ടവിഷയം. രസതന്ത്രവും ഭൗതിക ശാസ്ത്രവും പരീക്ഷയ്ക്ക് മുമ്പ് ബന്ധു പഠിപ്പിച്ചതു കൊണ്ട് രക്ഷപെട്ടു പോയതാണ്. ആ ഞാനാണ് കുട്ടികളുടെ ദുർവ്വിധിയ്ക്ക് ആക്കം കൂട്ടാൻ സയൻസ് അധ്യാപികയായി മാറിയത്. ദോഷം പറയരുതല്ലോ നല്ലതുപോലെ വായിച്ചിട്ടൊക്കെയാണ് പഠിപ്പിക്കാൻ പോയത്.

ഒരിക്കൽ ക്ലാസ് പരീക്ഷ നടത്തി നോക്കി. സയൻസിനും ഇംഗ്ലീഷിനും തോറ്റതുകൊണ്ടാണ് പലർക്കും ഇവിടെ വരേണ്ടി വന്നതെന്നതാണ് സത്യം. അവർക്കാണ് ഒന്നോ രണ്ടോ പാഠമെടുത്ത് പരീക്ഷ നടത്തുന്നത്. അതിൽ ഒരു പരീക്ഷ പേപ്പർ കണ്ട് ഞാൻ ഞെട്ടി. 'ഉത്തമഗീത'ത്തിലെ ഏതാണ്ടെല്ലാ വാക്യങ്ങളുമുണ്ടായിരുന്നു അതിൽ. അതിലെ 'നീ' സയൻസ് അധ്യാപികയായിരുന്നു!

ഇതെനിക്കു പറ്റിയ പണിയല്ല എന്ന് സ്വയം തിരിച്ചറിഞ്ഞ് ആ പരിപാടി നിർത്തി. ഫീസോ ശമ്പളമോ എന്തുമാകട്ടെ, ഒന്നും തന്നില്ല എന്നതും കാരണമായിരുന്നു. അധ്യാപനം ഞാൻ ആഗ്രഹിച്ചതേയില്ല. കാരണം, പഠിച്ചത് കൊമേഴ്സ് എന്നതുകൊണ്ടു തന്നെ. പിന്നീടാണ് സോഷ്യോ ളജിയും മലയാളവും ജേണലിസവുമൊക്കെ പഠിക്കുന്നത്. എഴുത്തിൽ മേൽവിലാസമാകുന്നത്. അപ്പോൾ ചിലയിടങ്ങളിൽ ക്ലാസെടുക്കാനും മറ്റും വിളിക്കും. പ്രസംഗ വേദികളിൽ ഏറ്റവും കുറച്ച് സംസാരിക്കുന്ന ആളായിരുന്നു ഞാൻ. അടുത്ത സുഹൃത്തുക്കളോട് സമകാലിക സാഹിത്യത്തെപ്പറ്റിയൊക്കെ സംവാദത്തിലേർപ്പെട്ടിരുന്നു. അവരാണ് അധ്യാപികയാകാനുള്ള ഊർജ്ജം തന്നത്.

സ്ഥിരാധ്യാപികയായി കോളേജിൽ വന്ന കാലത്തെ ക്ലാസ് അനുഭവം ഓർക്കാത്ത ദിവസങ്ങളില്ല. വളരെ കുറച്ച് പേരുള്ള ക്ലാസിൽ എത്ര നേരവും സംവദിക്കാൻ പ്രയാസമില്ല. പക്ഷേ, രണ്ടാം ഭാഷയുടെ വലിയ ക്ലാസ് മുറികൾ. മൂന്നും നാലും ഡിപ്പാർട്ട്മെൻറുകളിലെ കുട്ടികൾ നിറഞ്ഞ ക്ലാസ്. ഒരു മണിക്കൂർ ക്ലാസെടുക്കാൻ മൂന്ന് മണിക്കൂർ തയ്യാറെടുപ്പ് നടത്തിയിരുന്നു. അനുബന്ധമായി പലതും വായിച്ച് വായിച്ച്... ക്ലാസിൽ കയറി 15 മിനിറ്റ് കഴിയുമ്പോഴേക്കും എല്ലാം തീർന്നു പോകുന്നു. ശൂന്യാവസ്ഥ! നൂറ് – നൂറ്റിയിരുപതു പേരുടെ ക്ലാസുകൾ...!
പരിചയസമ്പത്ത് അത്യാവശ്യമാണെന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ...
പിന്നീട് അതിനെയൊക്കെ മറികടന്നു. പരിശീലനം കൊണ്ട്...

ചില കുട്ടികളുടെ മുഖം ഓർമ്മ വരുന്നു. മമ്പാട് ക്യാമ്പസിനകം മാത്രമാണ് എനിക്കറിയാവുന്നത്. രാവിലെ കോളേജിൽ വരുന്നു. ക്ലാസിൽ പോകുന്നു. വൈകിട്ട് മടങ്ങുന്നു. അതിനപ്പുറം ചുറ്റുപാ ടുകളൊന്നും പരിചയമില്ലായിരുന്നു.
ഒരു ദിവസം ഉച്ചയ്ക്ക് രണ്ട് പെൺകുട്ടികൾ ഡിപ്പാർട്ട്മെമെന്റിലേക്ക് വന്നു.
മിസ്സ്, ഇപ്പോൾ ഫ്രീയാണോ?
ആണല്ലോ
എങ്കിൽ ഞങ്ങളുടെ കൂടെ ഒന്ന് നടക്കാൻ വരാമോ?
എങ്ങോട്ട്?
ചുമ്മാ, ഇതിലെയൊക്കെ...
അവരെന്നെ കൊണ്ടുപോയത്

കോളേജിന്റെ പിന്നിലെ വയലിലേക്കാണ്.
ഇങ്ങനെ ഒരു വയൽ ഇക്കാലമത്രയും ഇവിടെയുണ്ടായിരുന്നോ? അതോ കണ്ണിൽ വിസ്മയം തീർക്കുന്നതോ?
വിളഞ്ഞു നില്ക്കുന്ന പാടം. കുറച്ച് ദൂരെ കൊയ്യുന്ന പെണ്ണുങ്ങൾ... തോടിനു കുറുകെയുള്ള ചെറു പാലത്തിൽ ഞങ്ങളിരുന്നു.

പാലത്തിനു താഴെ തോട്ടിൽ എഴുത്താശാൻമാർ.... അവർ വെള്ളത്തിൽ എഴുത്ത് തുടർന്നു കൊണ്ടേയിരുന്നു. എന്തായിരിക്കും അവർ എഴുതിയെഴുതിപ്പോകുന്നത്? പേരുകളായിരിക്കുമോ? ആണെങ്കിൽ ആരുടെ?

വയൽ വെള്ളത്തിൽ ആകാശത്തിന്റെ പ്രതിബിംബം... വട്ടമിട്ടു പറക്കുന്ന തുമ്പികൾ.... കടുംപച്ച ഇലകളോടെ ചേര് ചെവിയാട്ടുന്നു. അതിനോട് ചേർന്ന് കൈതക്കാട്...
എഴുത്താശാൻമാർ ഒഴുക്കിനെതിരെ നീന്തുന്നത് നോക്കി നിന്നു. ഒരടി മുന്നോട്ട് വെയ്ക്കുമ്പോൾ ഒഴുക്ക് രണ്ടടി പിന്നോട്ട് താഴ്ത്തും. അവ വീണ്ടും മുന്നോട്ട്.. എങ്ങോട്ടാണിവർ കയറിപ്പോകുന്നത്? എന്തിനാണിവർ ഇത്ര പ്രയാസപ്പെട്ട് ഒഴുക്കിനെ മുറിക്കുന്നത്?

ചുറ്റും തുമ്പികൾ. നൃത്തം വെയ്ക്കുന്നു. തുമ്പിതുള്ളൽ കേട്ടിട്ടേയുള്ളൂ.. ഇത്ര മനോഹരമാന്നെന്നറിഞ്ഞ നിമിഷങ്ങൾ... ചെറുകാറ്റ് വീശുമ്പോൾ അവ ദൂരേയ്ക്ക് പറന്നു മാറുന്നു. ഒരിടത്തുമിരിക്കാതെ അവ തുള്ളിക്കൊണ്ടേയിരിക്കുന്നു. കാറ്റിൽ അവയ്ക്ക് നൃത്തം ചെയ്യാൻ പ്രയാസമുണ്ടാവണം. അവർ അപ്രത്യക്ഷരാവുന്നു. കാറ്റു പോകുമ്പോൾ വീണ്ടും വന്ന് നൃത്തം വെയ്ക്കുന്നു. പാറയിൽ കിടന്ന് ആകാശം കാണുമ്പോൾ ഇന്നേവരെ കാണാത്ത കുഞ്ഞരി മേഘങ്ങൾ...

വിദ്യാർത്ഥിനികൾ അവർ ജീവിതത്തെക്കുറിച്ച്, ഭാവിയെക്കുറിച്ച്, ആശങ്കകളെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു.

കുറച്ച് ദൂരം നടന്ന് തോട്ടിറമ്പിലൂടെ നടന്നു.... ഒരു വശത്ത് വെള്ളം... മറുവശം കുറ്റിക്കാട്.. തോടിനിരുപുറവും കെട്ടിയിരുന്നെങ്കിലും പലയിടത്തും പൊളിഞ്ഞു കിടന്നു. കഷ്ടിച്ച് നടന്നു പോകാനേ ആവൂ... ചിലയിടങ്ങളിൽ കാട്ടുവള്ളികൾ വഴിയെ മറച്ചു. വെള്ളില, കുറുന്തോട്ടി, ഊരകം, വള്ളിക്കാഞ്ഞിരം.... പൂവെൻപെട കൊമ്പുകോർക്കാൻ പറ്റും വിധത്തിൽ എണീറ്റു നിന്നു. ഒഴുക്കൊച്ച... കിളികളുടെ കലപില, തവളക്കരച്ചിലുകൾ... കവുങ്ങിൻ തോട്ടത്തിനപ്പുറം മായുന്ന സൂര്യൻ... സാന്ധ്യശോഭ.... ഓറഞ്ച് നിർത്തിൽ ചക്രവാളം... അതേ നിറം വയൽ വെള്ളത്തിലും ചാലിക്കുന്നു. ജീവിച്ചിരിക്കുന്നു എന്നു തോന്നുന്ന നിമിഷങ്ങൾ.... ഈ നിറപ്പകർച്ച കാണാൻ ജീവിച്ചിരിക്കുന്നുവെന്ന്...

ക്ലാസ് മുറിയിൽ സിലബസിന് അനുസരിച്ച് മാത്രമാണ് അധ്യാപനം നടക്കേണ്ടത് എന്ന് ഞാൻ കരുതുന്നില്ല. അവരിൽ നിന്ന് എനിക്കും എന്നിൽ നിന്ന് അവർക്കും അറിയാനുള്ള വലിയൊരു പാഠമാണ് എനിക്ക് ആ കുഞ്ഞു യാത്ര സമ്മാനിച്ചത്.

മറ്റൊരിക്കൽ അതേ കുട്ടികൾ ഒരു ഇരുണ്ട മുറിയിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. അവരുടെ കയ്യിൽ ഒരു ഓജോബോർഡ് ഉണ്ടായിരുന്നു. ഓജോബോർഡ് നിവർത്തിവെച്ച് ഒരു ചന്ദനത്തിരി കത്തിച്ചുവച്ച് അവർ ആത്മാവിനെ വിളിച്ചു വരുത്താൻ ശ്രമിച്ചു. അവർ മാധവിക്കുട്ടിയെയും വൈക്കം മുഹമ്മദ് ബഷീറിനെയും ഒക്കെ വിളിച്ചു വരുത്താൻ ശ്രമിച്ചു. അവരോട് ആ സമയത്ത് യുക്തിയെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല എന്നെനിക്കറിയാമായിരുന്നു ഇതിനെ ഒരു തമാശയായി മാത്രം കാണുക. ആത്മാവ് വരാതായപ്പോൾ അവർ പലപല കാരണങ്ങൾ നിർത്തി. കൂട്ടത്തിൽ ഇതിലൊന്നും വിശ്വാസ മില്ലാത്ത ടീച്ചറും ഉണ്ടായിരുന്നല്ലോ!

ക്ലാസിൽ പഠിപ്പിക്കാത്ത കുട്ടികളിൽ ചിലർ എന്നെത്തേടി വന്നിട്ടുണ്ട്. വായന, അനുഭവങ്ങൾ പങ്കുവെച്ച് പ്രിയ അധ്യാപികയായി മാറി യിട്ടുണ്ട്. ചിലരുടെ ജീവിതത്തെ വഴിതിരിച്ചു വിടാനായിട്ടുണ്ട്. ഉള്ളിൽ സൂക്ഷിക്കുന്ന സന്തോഷങ്ങളാണതൊക്കെ...

നല്ലൊരു അധ്യാപികയാവണമെന്നുണ്ട്. അതിനുള്ള പരിശ്രമത്തിലാണ്. കാലം വിലയിരുത്തട്ടെ.

# ഒരു യുവ മനസിന്റെ കഥ

ഞാൻ ഒരു മിക്സഡ് കോളേജിൽ പഠിപ്പിക്കാൻ കയറി. നല്ല പ്രായമുള്ള സുന്ദരിയായ, പ്രിൻസിപ്പലും, ചെറുപ്പത്തിന്റെ ചിലമ്പലും, കലപിലയും നിറഞ്ഞ ഒരു സ്റ്റാഫ്റൂമും. ആണുങ്ങളും പെണ്ണുങ്ങളുമായി ഒരുമിച്ചു ജോലി ചെയ്യാൻ ഇടയായി. അങ്ങനെ എന്റെ അധ്യാപന ജീവിതം തുടരുകയായി.

പ്രിൻസിപ്പൽ സുന്ദരിയാണെങ്കിലും, അതിന്നു നേരെ മറിച്ചു. ഖണ്ഡിതമായ ഒരു സ്ത്രീയായിരുന്നുവർ. അവരുടെ സൗന്ദര്യത്തിനും, ആധികാരികമായ സ്വഭാവത്തിനും ഒരു ബന്ധവും ഇല്ലായിരുന്നു. എല്ലാ കാര്യത്തിലും നിഷ്ഠയുള്ളവരായിരിന്നു. അധ്യാപകർക്കും, കുട്ടികൾക്കും അവരെ ഭയമായിരിന്നു. എന്റെ ഭാഗ്യം അവർക്കു ഇംഗ്ലീഷ് പറയുന്നവരോട് കുറച്ചു സ്നേഹംക്കൂടുതലുമായിരിന്നു. (ഒരു കൊളോണിയൽ ബ്രിട്ടീഷ് മഹിമ!) അങ്ങനെ, ഞാൻ പലപ്പോഴും രക്ഷപെടുകയായിരിന്നു.



**ഡോ. എസ്. വിശാഖ ദേവി**

അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
സ്കൂൾ ഓഫ് ഹ്യുമാനിറ്റീസ്
പോണ്ടിച്ചേരി യൂണിവേഴ്സിറ്റി

എങ്കിലും, അതിനുപുറമെ തുല്യമായി എപ്പോഴും അവരുടെ മുറിയിൽ നിന്നും എനിക്ക് സ്ഥിരമായി ക്ഷണങ്ങൾ വരുമായിരുന്നു. വിറച്ചുകൊണ്ട് ഞാൻ മുറിയിൽ കയറും. ഇഷ്ടം പോലെ പതിവിലേറെയുള്ള ചുമതല കിട്ടുമായിരുന്നു. അങ്ങനെ ഒരുദിവസം അവർ എന്നോട് കമ്പ്യൂട്ടർ സയൻസ് ടീച്ചർ ലീവിൽ ആണെന്നും, ആ ക്ലാസ്സിൽ ഞാൻ ചെന്ന് ഒരു മണിക്കൂർ സൂപ്പർവൈസ് ചെയ്യണമെന്നും പറഞ്ഞു.

അടുപ്പിച്ചാണ് ക്ലാസ്സുകൾ എന്നുള്ളത് പോലും ഓർക്കാതെയാണ് അഡിഷണൽ ക്ലാസ് തരുന്നതും, ഞങ്ങൾ (പതിവായി) സമ്മതിക്കുന്നതും. ( ടീച്ചേഴ്സിന് ശമ്പളം കൂടുതൽ ആണല്ലോ!

പോരാത്തതിന് വൈറ്റ് കോളർ ജോലിയും അതുകൊണ്ടായിരിക്കും. അസുഖങ്ങളും, വിഷമങ്ങളും ഞങ്ങളെ സമീപിക്കുകയില്ല എന്നൊരു അഭിപ്രായം. പിന്നെ ഞങ്ങളുടെ ജീവിതത്തിൽ ഹ്യൂമൻ റൈറ്റ്സ്കാർക്ക് ഇടപെടേണ്ട കാര്യവുമില്ലല്ലോ!

ഞാൻ സെക്കൻഡ് ഇയർ ബി. എസ് സി, കമ്പ്യൂട്ടർ സയൻസ്

ക്ലാസ്സിലേക്ക് പോയി. ഇംഗ്ലീഷ് ടീച്ചറെ ക്ലാസ്സിൽ കണ്ടപ്പോൾ വിദ്യാർത്ഥി കൾക്കു ഒരു ആശ്ചര്യം.

പക്ഷെ, ക്ലാസ്സിൽ എന്തോ ഒരു കലപില ശബ്ദവും, മുറുമുറുപ്പും, ഞാൻ ചെല്ലുന്നതിനു മുൻപായി ഉണ്ടായിരിന്നു. ഞാൻ ക്ലാസ്സിൽ കയറിയപ്പോ, അത് ഒരു ക്ഷണം അടങ്ങിയെന്നു മാത്രം. പക്ഷെ അത് പിന്നെയും തുടരുകയായി.
“ക്ലാസ്, യുവർ ടീച്ചർ ഈസ് ഓൺ ലീവ് പ്ലീസ് ഡ് യുവർ വർക്ക് ക്വയറ്റ്ലി". ഞാൻ പറഞ്ഞു.
അഞ്ചു നിമിഷത്തിനുള്ളിൽ പ്രിസിപ്പാലിന്റെ മുറിയിൽ നിന്നും ഒരു ക്ഷണം. ഭാഗ്യം, എനിക്കല്ല. ക്ലാസ്സിലെ മറ്റു മൂന്ന് ആൺകുട്ടികൾക്കും; രണ്ടു പെൺ കുട്ടികൾക്കുമായിരിന്നു.
ക്ലാസ്സിലെ കുട്ടികൾ തമ്മിൽ പിന്നെയും നേരിയ ഒരു ചലനം.
അറ്റൻഡർ തന്ന പേപ്പറിൽ നിന്നും പേരുകൾ ഞാൻ വിളിച്ചു. കുട്ടികൾ ഓരോരുത്തരായി എഴുന്നേറ്റു. എന്നിട്ട് ഒരുമിച്ചു ക്ലാസ്സിൽ നിന്നും ഇറങ്ങിപോയി മടങ്ങി വന്നപ്പോൾ രണ്ടു കൂട്ടരായി പിരിഞ്ഞിരിന്നു. ഒരു ചെറുക്കൻ തന്നെയായി. അതെപ്പോഴും, അങ്ങനെ ആണല്ലോ! കൂട്ടക്കൊലയിലും കൊലയാളി ഒരുത്തനാണല്ലോ?
ഒറ്റപ്പെട്ട ആ പയ്യനെ ഞാൻ അപ്പോഴാണ് ശ്രദ്ധിക്കുന്നത്. കറുത്ത, തടിച്ചുരുണ്ട ശരീരവും, പ്രായത്തിലേറിയ പൊക്കവും, പരുപരുത്ത തല മുടിയും, ഉരുണ്ട കണ്ണുകളുമായി ഒരു ഭീമമായ രൂപം. ( സിനിമകളിൽ, നമ്മുടെ കൊളോണിയൽ സ്റ്റാൻഡേർഡ്സ് അനുസരിച്ചുള്ള ഒരു ‘വില്ലൻ’ രൂപംപോലെ..)

അവൻ തന്നെയിരിന്നു മുറുമുറുകുകയായിരിന്നു. ഞാൻ കുട്ടികളുടെ മുഖത്തേക്ക് നോക്കി. എല്ലാവരും കണ്ണുകൾ നിലത്തേക്കിട്ടു “വാട്ട് ഹാപ്പൻഡ്?” ഞാൻ ചോദിച്ചു.

നിശ്ശബ്ദം.

“എനിതിങ്ങ് റോങ് ? ഞാൻ പിന്നെയും ചോദിച്ചു.

“നത്തിങ് മിസ്സ്”

“ദൻ വൈ വെർ യു കാൾഡ് റ്റു ദി പ്രിൻസിപ്പൽസ് ചേമ്പർ “ ഞാൻ സംശയത്തോടെ ചോദിച്ചുകൊണ്ട് ആ കൂട്ടത്തില്പെട്ട ഒരു പെൺ കുട്ടിയെ എന്റെ അടുത്തേക്ക് വിളിച്ചു. അവൾ വിവരിച്ചു.

ബ്രേക്ക് സമയത്തും ഇവർ അഞ്ചുപേരും ക്യാന്റീനിലേക്കു ചെല്ലുന്ന വഴിയിൽ, ഇവരുടെ മുമ്പിൽ രണ്ടു അധ്യാപകർ നടക്കുന്നുണ്ടായിരുന്നു.

അതിൽ ഒരു സാറിന്റെ രൂപം വളരെ ശോഷിച്ച രൂപമായിരുന്നു. ഞാൻ എടുത്തു പറഞ്ഞ ആ ആൺകുട്ടി രാജൻ. അവൻ പഴയ തമിഴ് സിനിമയിലെ പാട്ടുപാടി പോലും.

ആ പാട്ടിലെ ഒരുവരി ശോഷിച്ച ശരീരമുള്ള ആണുങ്ങളെ കളിയാക്കുന്നത് പോലെയാണത്രേ. സാർ അപ്പോൾ തന്നെ, വിദ്യാർ ത്ഥികളെ ശാസിച്ചുപോലും..വിദ്യാർഥികൾ തർക്കിച്ചു. തർക്കം കൂടിയപ്പോൾ, സാറിന് തോന്നിയ ഒരു യുക്തിയുടെ ഭാഗമായിരുന്നു പ്രിൻസിപ്പലിന്റെ ക്ഷണം.

കുട്ടികൾ അദ്ദേഹത്തിനെ ഉദ്ദേശിച്ചല്ല പാടിയതു എന്നാണ്. രാജയുടെയും, അവന്റെ കൂട്ടുകാരുടെയും വാദം. പിന്നെ പാട്ടുകാരൻ രാജ മാത്രമായിരുന്നു. പിന്നെ, രൂപം വെച്ച് കണക്കാക്കിയാൽ പാട്ടുകാരൻ രാജ തന്നെ ആണെന്ന് നമ്മളിൽ പലരും ഉറപ്പിക്കുകയും ചെയ്യും.

പ്രിൻസിപ്പൽ, അന്വേഷിച്ചു. സംഗതി മനസിലാക്കി, രാജയുടെ അച്ഛനെ അവരെ കാണാൻ ചെല്ലാൻ പറഞ്ഞിരുന്നു. അങ്ങനെ വന്നില്ലെങ്കിൽ, രാജെയ്ക്ക്, ഒരാഴ്ചത്തെ സസ്പെൻഷൻ ഓർഡർ ഇഷ്യൂ ചെയ്യു മെന്നും പറഞ്ഞുപോലും

ഞാൻ രാജയെ വിളിച്ചു.

അവൻ എടുത്തപാടെ, മിസ്സ്, വിടുങ്ങ മിസ്സ് എന്നു ഒരു കനത്ത ശബ്ദത്തിൽ പറഞ്ഞു.

ഞാൻ രാജയെ പിന്നെയും വിളിച്ചപ്പോൾ അവൻ എഴുന്നേറ്റു നിന്നു.

ഞാൻ അവനോടു മെല്ല ഇംഗ്ലീഷിൽ ചോദിച്ചു.

“നീ എന്തിനാ പാടാൻ പോയതു?

“മിസ്സ്, ഞാൻ മാത്രമല്ല മിസ്സ്, അവന്മാരാ തുടങ്ങിയതു മറ്റുള്ള രണ്ടു ആൺകുട്ടികളും നിശബ്ദത പാലിച്ചു. “പക്ഷെ, പിടിക്കപ്പെട്ടത്. നീ മാത്രമല്ലെ?

“നീ ഇനി എന്ത് ചെയ്യും? മിണ്ടാതെ നീ നിന്റെ അച്ഛനെ വിളിച്ചു കൊണ്ടുവാ. അല്ലാതെ, വെറുതെ സസ്പെൻഷൻ വാങ്ങാൻ നിക്കേണ്ട. വെറുതെ ഈ പ്രായത്തിൽ ആവശ്യമില്ലാതെ പേര് ദോഷം ഉണ്ടാക്കി വെക്കാൻ നിക്കേണ്ട അച്ഛന് എവിടെയാ ജോലി ചെയ്യുന്നത്?

ഞാൻ ആകാംക്ഷയോടെ ചോദിച്ച ചോദ്യത്തിന് അവൻ കുറച്ചു നിമിഷങ്ങൾ മൗനം പാലിച്ചു. എന്നിട്ടു. കണ്ണുനീരിൽ, അലിഞ്ഞൊ ഴുകുന്ന ശബ്ദത്തിൽ ഒരു വിറയലോടെ തമിഴിൽ പറഞ്ഞു.

“മിസ്സ് എന്റെ അച്ഛൻ ഇവിടെ ഒന്നും വരത്തില്ല മിസ്സ്. എന്റെ അച്ഛനു സ്കൂൾ എന്താന്ന് പോലും അറിയില്ല. അച്ഛന് ചെങ്കൽ ചൂളയിലാണ് ജോലി... അതു തന്നെയാ ഞങ്ങളുടെ വിടും. എന്നെ വല്ല്യ കോളേജിൽ പഠിപ്പിക്കണം എന്നാണ് എന്റെ അച്ഛന്റെ ആഗ്രഹം. ഞാൻ അതുകൊണ്ടാണ് ഇവിടെ വന്നതും. ഞാൻ സാറിനെ കളിയാക്കിയല്ല പാടിയത്. പ്രിൻസിപ്പൽ മാഡത്തിനു നല്ലപോലും അറിയാം മിസ്സ്.. ഇതു

ആദ്യമായിട്ടല്ല എന്നെ പ്രിൻസിപ്പൽ ഇത്തരത്തിൽ കൈകാര്യം ചെയ്യുന്നത്. അവർക്ക് എന്നെ കാണുന്നത് പോലും ഇഷ്ടമല്ല മിസ്സ്, അവർക്കെന്തോ എന്നെ കാണുന്നതു തന്നെ അറപ്പാണ്. എന്തോ ഇഷ്ടമല്ല മിസ്സ്... ഇവരോട് തന്നെ ചോദിക്കണം മിസ്സ് അവർക്കറിയാം.

നിറം കൊണ്ടും, രൂപം കൊണ്ടും മറ്റുള്ള ക്ലാസ്സ്മേറ്റ്സ് ൽ നിന്നും താൻ മാത്രം എന്താ ഇത്ര വിത്യാസപെട്ടുപോയി എന്നുള്ള വേദന അവന്റെ സ്വരത്തിൽ പ്രതിധ്വനിച്ചു.
ക്ലാസ്സിലെ കുട്ടികളുടെ മൗനത്തിനിടയിൽ, അവന്റെ വാക്കുകൾ ഒരു ഒഴുക്ക് പോലെ മനസുകളിലേക്കും, കണ്ണുകളിലേക്കും ഈർപ്പം പകർത്തി.
ഞാൻ അവനെ കുറെ ഉപദേശിച്ചു. അമ്മയെയും, അച്ഛനെയും വേദനിപ്പിക്കുന്ന രീതിയിൽ ഉള്ള ഒന്നും തന്നെ ചെയ്തുപോകരുത്. എന്ന് വേണ്ട രീതിയിലൊക്കെ ഉദാഹരണങ്ങൾ കൊണ്ട് പറഞ്ഞു കൊടുത്തു.
“നി അവാർഡ് വാങ്ങുന്നത് കാണാനായി നീ നിന്റെ അച്ഛനെ കോളേജിലേക്ക് ക്ഷണിക്കും അല്ലാതെ, നിന്റെ സസ്പെൻഷൻ ഓർഡർ സ്വീകരിക്കാൻ അല്ല.

അങ്ങനെ ഞാൻ അധ്യാപന ജീവതത്തിൽ പഠിച്ച പാഠങ്ങളും, എന്റെ അധ്യാപികമാർ എനിക്ക് കല്പിച്ച് തന്ന കാര്യങ്ങളൊക്കെ ഞാൻ രാജ് പറഞ്ഞു കൊടുത്തു. ചെന്ന് മാപ്പുപറയാൻ പറഞ്ഞു. മാപ്പു എങ്ങനെ പറയണമെന്നും പറഞ്ഞു കൊടുത്തു. ഒരിക്കൽ കൂടി പ്രിൻസിപ്പലിന്റെ അടുക്കലേക്ക് രാജയെ പറഞ്ഞയച്ചു.
ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ, പ്രിൻസിപ്പലിനെ കാണാൻ ചെന്ന രാജയുടെ കാര്യം എന്തായോ എന്ന് ഓർത്തുകൊണ്ട്, ഞാൻ ക്ലാസ്സിൽ നിന്ന് വിഷമത്തോടെ ഇറങ്ങി സ്റ്റാഫ് റൂമിലേക്ക് ചെന്നു.
പ്ലസ് ടു കഴിഞ്ഞു ഒരു വർഷം തികഞ്ഞിട്ടല്ലേ ഉള്ളൂ. ആ മനസ്സിനു അത്രയൊക്കെയല്ലേ അറിവുണ്ടാകൂ..??
അന്ന് ഒരു വിവരവും കിട്ടിയില്ല. പിറ്റേന്ന്. രാജ ഒരു പുഞ്ചിരിച്ച മുഖത്തോടെ, സ്റ്റാഫ് റൂമിന്റെ വാതിൽക്കൽ കാത്തുനില്പുണ്ടായിരുന്നു. പ്രിൻസിപ്പൽ അവനെ വെറുതെ വിട്ടെന്ന് കേട്ടപ്പോൾ, മനസിൽ ഞാൻ എന്നെ പഠിപ്പിച്ച അധ്യാപകരെ ഓർത്തു കൈതൊഴുതു.
രാജയുടെ പഠിത്തം കഴിഞ്ഞിരുന്നു. ഞാൻ മുഖം മറന്നുപോയെങ്കിലും, എവിടെ കണ്ടാലും ഓടിവന്നു “മിസ് ഹൌ ആർ യു മിസ്സ്”, എന്ന് ചോദിക്കുന്ന സ്നേഹം എവിടെയൊക്കെയോ, നാം എല്ലാവരും തന്നെ അറിയാതെ ചെയ്തുപോകുന്ന ശരികളെയും, തെറ്റുകളെയും ഒരു മൃദുലമായ രീതിയിൽ ഓർമപെടുത്തുകയായിരിന്നു. പോട്ടെ. സാരമില്ല എന്ന രീതിയിൽ ഉള്ള ഒരു തലോടൽ പോലെ.
ആ നിമിഷങ്ങളിലെല്ലാം, സ്കൂളിൽ പഠിക്കുന്ന കാലത്തെ ചെറിയ, ചെറിയ കുസൃതികളും, തെറ്റുകളും, ശിക്ഷകളും മനസ്സിൽ

മിന്നിമായുമായിരിന്നു.
എന്നെ പഠിപ്പിച്ച എന്റെ അധ്യാപികമാർ എന്ത് ക്ഷമ ഉള്ളവരായിരുന്നു... ഒരു പാട് മാറിയില്ലേ ലോകം... ഇപ്പോൾ അതിലേറെ മാറ്റങ്ങൾ... എന്റെ അധ്യാപന ജീവിതത്തെ അനുഭവ സമ്പത്തുള്ളതാക്കിയതു എന്റെ പ്രിയപെട്ട വിദ്യാർത്ഥികളാണ്.

എന്റെയും, അവരുടെയും കുറവുകളേയും, ഗുണങ്ങളെയും തിരിച്ചറിയാൻ എനിക്കു കിട്ടിയ ഒരു നേരിയ അവസരമാണ് എന്റെ അദ്ധ്യാപന ജീവിതം അവകളെ, ഞാൻ ജനിച്ചു വളർന്ന എന്റെ നാട്ടുകാരോടു, എന്റെ മാതൃ ഭാഷയിൽ, ആദ്യമായി പങ്കുവെക്കാൻ സാധിച്ചതിൽ എനിക്കു വളരെ ഏറെ സന്തോഷമുണ്ട്. അതിനു അവസരം ഒരുക്കി തന്ന അൽ ശിഫ കോളേജിലെ ടീമിനോടും, പ്രത്യേകിച്ച് പ്രൊഫ. ബാബുവിനോടും, പ്രൊഫ സരിതയോടും ഞാൻ എന്റെ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

*****************************************

# പരിധി

എന്റെ ആദ്യത്തെ അദ്ധ്യാപന അനുഭവം. പോണ്ടിച്ചേരി സർക്കാരിന്റെ കീഴിലുള്ള ഒരു കോളേജിലായിരുന്നു. പെൺകുട്ടികൾക്കു മാത്രമായിരുന്ന കോളേജായിരിന്നു അത്. ആദ്യമായി പഠിപ്പിക്കാൻ ഒരുങ്ങുന്ന അദ്ധ്യാപകർക്ക് പൊതുവെ ഉണ്ടാകുന്ന വെപ്രാളം എനിക്കുമുണ്ടായിരിന്നു.

കുറച്ചു മാസങ്ങൾ അങ്ങനെ കടന്നു പോയി. കുട്ടികളെ മനസിലാക്കി തുടങ്ങുന്നതിനിടയിൽ ഞാൻ ഒരു കുട്ടിയെ ശ്രദ്ധിക്കാൻ തുടങ്ങി. ക്ലാസ്സുകൾ ബങ്ക് ചെയ്തു നടക്കുന്നവൾ... രാജി അതായിരുന്നു അവളുടെ പേര്. എന്റെ ക്ലാസുകൾ ഏറ്റവും അധികം ബങ്ക് ചെയുന്ന അവളോട് എനിക്ക് ദേഷ്യമായിരിന്നു.

എന്നത്തേതും പോലെ ലെക്ചർ കഴിഞ്ഞു ഒന്ന് രണ്ടു ചോദ്യങ്ങൾ കുട്ടികളോടായി ഞാൻ ചോദിച്ചു. ഒരു ചോദ്യം രാജിയോടായിരിന്നു. എന്റെ ചോദ്യത്തിന് ഉത്തരം പറയാൻ ആവാതെ, അവൾ മേൽകൂരയിലേക്കും, അടുത്തിരുന്ന കുട്ടികളുടെ മുഖത്തേക്കും മാറി മാറി നോക്കികൊണ്ടേയിരിന്നു. അവൾ പഠിക്കാൻ അല്ല വരുന്നത് എന്നെനിക്കുതോന്നി .ഒപ്പം ജോലി ചെയുന്ന മറ്റു അദ്ധ്യാപകർക്കും ഇതേ അഭിപ്രായം തന്നെയായിരിന്നു. സ്റ്റാഫ് റൂമിൽ പലപ്പോഴും രാജി ഒരു സംസാര വിഷയമാകാറുണ്ട്. എനിക്ക് നല്ല ദേഷ്യം വന്നു. ഞാൻ അവളോട് കയർത്തു. “അതെങ്ങനെയാ? ക്ലാസ്സിൽ റെഗുലറായി വന്നാലല്ലേ എന്തെങ്കിലുമൊക്കെ തലയിൽ ഉണ്ടാകു?”

അവൾ എന്നെ തുറിച്ചു നോക്കികൊണ്ട് അങ്ങനെ നിന്നു എനിക്ക് വീണ്ടും ദേഷ്യം വന്നു.

“എന്താനോക്കുന്നത്?” എന്റെ ചോദ്യത്തിനു അവൾ മറുപടി പറഞ്ഞില്ല. രാജിക്കെന്നും ഒരു മറുപടിയെ ഉണ്ടായിരുന്നുള്ളൂ നിശ്ശബ്ദത.

ദിവസങ്ങൾ കടന്നുപോയി. പതിവ് പോലെ അന്നും കോളേജ് ഗെയ്റ്റിന്റെ മുമ്പിൽ രാജിയുടെ അച്ഛൻ അവളെ കൊണ്ട് വിട്ടു. അച്ഛൻ പോയ ഉടനെ അവളും, അവളുടെ രണ്ടു കൂട്ടുകാരികളും, ഒരു ചെറുപ്പ കാരനൊപ്പം അടുത്തുള്ള സിനിമ തിയേറ്ററിലേക്ക് നടന്നു പോകുന്നത് ഞാൻ കാണാനിടയായി. പിറ്റേന്ന്, ക്ലാസ്സിൽ എന്റെ മുഖത്ത് നോക്കാതെ പുസ്തകത്തിൽ തന്നെ കണ്ണ് നട്ടിരുന്നു അവൾ, അന്നത്തെ ലക്ച്ചർ തീർന്നയുടനെ ആദ്യത്തെ ചോദ്യം രാജിയോട് തന്നെ ചോദിച്ചു.

മുഖം വീർപ്പിച്ചു അവൾ എഴുന്നേറ്റു നിന്നു. നിശ്ശബ്ദതയാണല്ലോ രാജിയുടെ മൊഴി. ലജ്ജ തോന്നുന്നില്ലേ രാജി നിനക്ക് മകളെ സുരക്ഷിതമായി കോളേജിൽ കൊണ്ട് വിട്ട അച്ഛന്റെ കണ്ണു വെട്ടിച്ചു. എവിടെക്കായിരിന്നു നീ ഇന്നലെ?” ഞാൻ ചോദിച്ചു. ക്ലാസ്സിലെ മറ്റു കുട്ടികളുടെ മുമ്പിൽ വെച്ച് ചോദിച്ചപ്പോൾ അവളുടെ മുഖം വീണ്ടും കനത്തു. പതിവ് പോലെ അവൾ ഒന്നും പറഞ്ഞില്ല. പക്ഷെ ആ നിശ്ശബ്ദതയ്ക്ക് ഒരു മൂർഖന്റെ ശൗര്യം ഉണ്ടായിരിന്നു. ഞാൻ അവളെ വല്ലാതെ ശാസിച്ചു.

“എന്താ ഇങ്ങനെ തുറിച്ചു നോക്കുന്നത്? നോക്കി പേടിപ്പിക്കുകയാണോ? “രാജി കണ്ണുകൾ ചിമ്മാതെ എന്നെ തന്നെ നോക്കി നിന്നു. ഞാൻ തുടർന്നു “അതെ, ഈ നോട്ടം ഒരു എം.ഫിലോ, പിഎച്ഡിയോ, എടുത്തതിനു ശേഷം, തീസിസ് എന്റെ മുഖത്തേക്ക് വലിച്ചെറിഞ്ഞതിനുശേഷം നോക്ക്. അല്ലാതെ ക്ലാസ് കട്ട് ചെയ്തു വിലസി നടക്കുകയല്ല വേണ്ടത്.”

യൗവ്വനം നാവിനു തന്ന ലഹരിയിൽ ഞാൻ അമരുകയായിരിന്നു ക്ലാസ്സിൽ വർഷങ്ങൾ ഏഴു കഴിഞ്ഞു. ഒരു ഞയാറഴ്ച കാലത്തു പത്തു മണിക്ക് വീട്ടിലെ കാളിങ് ബെൽ കിണുങ്ങി. ഞാൻ കതക് തുറന്നു. ഒരു ഇരുപത്തിരണ്ടു ഇരുപത്തിമൂന്നു പ്രായം തോന്നിക്കുന്ന ഒരു ചെറുപ്പകാരി

.

ആരാണെന്ന ഭാവത്തിൽ ഞാൻ അവളെ നോക്കി.

“വിശാഖ മാം???

“അതെ”

ഒരു മുഖവുരയും ഇല്ലാതെ തമിഴ് ചുവയുള്ള ഇംഗ്ലീഷിൽ അവൾ

ചോദിച്ചു. "മാം, ഡു യു റിമെംബർ മീ? "ഐ വാസ് യുവർ സ്റ്റുഡൻറ് ഇൻ ബിജിസി. "ഓ!" പഠിപ്പിച്ചു വിട്ട കുട്ടികൾ അദ്ധ്യാപകരെ ഓർത്തു കാണാൻ വന്ന സന്തോഷത്തിൽ ഞാൻ പുളകിതയായി.
"വരൂ ഇരിക്കു എനിക്ക് കുട്ടിയെ ഓർമ്മകിട്ടുന്നില്ല. ഏതു ബാച്ച് ആയിരിന്നു?"

"തൊണ്ണൂറു, തൊണ്ണൂറ്റിമൂന്ന് ബാച്ച് മാം .

അവൾ തുടർന്നു.

"ഐ വാണ്ടഡ് റ്റു ഷോ യു ദിസ് ആസ്സൂൺ ആസ് ഐ കമ്പ്ലീറ്റിഡ് സബ്മിഷൻ ഫോര്മാലിറ്റീസ് ഐ തോട്ട് യു ഷുഡ് ബി ദി ഫസ്റ്റ് വൺ ടു സീ മൈ ബുക് ആഫ്റ്റർ ഐ ഷോഡ് ഇറ്റ് മൈ ഗൈഡ്."

അവൾ കൊണ്ട് വന്ന ആ ബുക്ക് എന്റെ കൈയിലേക്ക് വച്ച് തന്നു.

അച്ചടിച്ച പേരിലേക്ക് എന്റെ കണ്ണുകൾ തെന്നിവീണു.

"എംഫിൽ തീസിസ് സബ്മിറ്റെഡ് ബൈ കെ.രാജി

ഫസ്റ്റ് ഇയർ ബി.എ ഇംഗ്ലീഷ് ക്ലാസ്സിലെ തുറിച്ചുനോക്കുന്ന രണ്ടു കണ്ണുകൾ എന്റെ ഓർമിയിലേക്കു ഓടിവന്നു.

അതെ, ആ രാജി തന്നെ

തുന്നി കെട്ടിയ തീസിസിന്റെ താളുകൾ എന്റെ മുഖത്ത് ചിതറിവീഴുന്നത് പോലെ എനിക്ക് തോന്നി.

എന്റെ വാക്കുകൾ ഉണ്ടാക്കിയ മുറിവുകൾ രാജിയെ ഇത് വരെ എത്തിച്ചെങ്കിലും ആ വാക്കുകൾ ഒരു അദ്ധ്യാപികയുടെ പരിധിയെ ഓർമിപ്പിക്കുന്നതായിരിന്നു.

എന്നും എന്റെ ചോദ്യങ്ങൾക്കു നിശ്ശബ്ദത മറുപടി ആക്കിയിരുന്ന അവൾ എന്നെ നിശ്ശബ്ദയാക്കി കൊണ്ട് നടന്നു പോയി..

***************************************

# ഗീതോപദേശം

ഗീതയെകുറിച്ചോർക്കുമ്പോൾ കുഞ്ഞു നുണകുഴികളും വിരിയിച്ചു കൊണ്ടുള്ള ചിരിയും തിളങ്ങുന്ന കണ്ണുകളുമാണ് ഓർമ്മവരിക. ഉഷ യായിരിന്നു അവളുടെ അടുത്തകൂട്ടുകാരി. പഠിക്കാൻ മിടുക്കിക ളായിരിന്നു രണ്ടുപേരും.

എന്റെ അദ്ധ്യാപന ജീവിതം തുടങ്ങുന്നത്. പോണ്ടിച്ചേരിയിലെ പെൺകുട്ടികൾക്കു മാത്രമായുള്ള ഒരു കോളേജിൽ ആയിരിന്നു. ഈ മിടുക്കികൾ എന്റെ ആദ്യബാച്ചിലെ കുട്ടികളും. കുട്ടികളെ കൈകാര്യം ചെയ്യുന്നതിലും അവരുടെ മാനസിക അവസ്ഥ മനസ്സിലാക്കുന്നതിലും കുറച്ചു അനുഭവക്കുറവ് ഉണ്ടായിരിന്നു എനിക്ക്. എങ്കിലും, ഒരു അധ്യാപികയുടെ വിലയും, നിലയും, നന്നായി ബോധ്യമുണ്ടായിരുന്നു. കാരണം, കന്യസ്ത്രീകൾ പഠിപ്പിച്ചിരുന്ന, അച്ചടക്കം ഉള്ള ഒരു സ്കൂളിൽ ആയിരിന്നു എന്റെ വിദ്യാഭ്യാസം,

അങ്ങനെ ഞാൻ എന്റെ അധ്യാപന ജീവിതം ആസ്വദിച്ചു തുടങ്ങു കയായിരുന്നു. ഒരു ദിവസം ക്ലാസ്സിൽ 'ന്യൂ വിസ്റ്റസ്' എന്ന ടെക്സ്റ്റി ൽനിന്ന്, ബെർണാഡ്ഷയുടെ ഒരു എസ്സേ വിവരിച്ചുകൊണ്ടിരിക്കുക യായിരുന്നു. അപ്പോഴാണ് ആ പാഠത്തിന്റെ ഭാഗമായി, ഒരു ഡയറിയിൽ എഴുതി വെച്ച ചില കുറിപ്പുകൾ, സ്റ്റാഫ് റൂമിൽ മറന്നുവെച്ച കാര്യം ഞാൻ ഓർക്കുന്നത്. ചിട്ടയോടെ എഴുതിയ പോയ്ന്റ്സ് കൊടുക്കു കയും വേണം. കുട്ടികൾക്ക്

എന്ത് ചെയ്യും? ഉഷയോടു പറയാം.

എന്റെ കണ്ണുകൾ കുട്ടികളുടെ ഇടയിൽ പരതി.

പക്ഷെ, ഉഷ കിട്ടിയ അവസരം പാഴാക്കാതെ, അടുത്തിരുന്ന കുട്ടി യുമായി ചിരിയും കളിയുമായിരിന്നു അപ്പോഴാണ് നുണക്കുഴി കവിളുക ളുള്ള ഗീതയിൽ എന്റെ കണ്ണുകൾ ഉടക്കിയത്. ഒരു ടീച്ചറുടെ ആധികാരിക സ്വരത്തിൽ സ്വല്പം ബ്രിട്ടീഷ് ചുവയുള്ള ഇംഗ്ലീഷിൽ ഞാൻ ഗീതയോടു പറഞ്ഞു,

"ഗീത, പ്ളീസ് ഗോ റ്റു ദി സ്റ്റാഫ് റൂം, യു വിൽ ഫൈൻഡ് എ ഗ്രീൻ ഡയറി ഓൺ ദ ടേബിൾ. പ്ളീസ് ബ്രിങ് ഇറ്റ്."

പേര് കേട്ട ഉടൻ ഗീത എഴുന്നേറ്റുനിന്നു. പക്ഷെ ചിരിക്കുന്ന കണ്ണുകൾ കൊണ്ടല്ല അവളെന്നെ നോക്കിയത്

“ബ്രിട്ടീഷ്കാർ പോയില്ലേ പിന്നെ ഇവരാരാ എന്നോട് ആജ്ഞാ പിക്കാൻ’ എന്നുള്ള രീതിയിലായിരുന്നു ആ നോട്ടം. ഗീത തല താഴ്ത്തി പറഞ്ഞു.

“നോ മിസ് ഐ കാന്റ്"

ചെകിട്ടത്ത് ഒരു അടി കിട്ടിയത് പോലെ തോന്നി എനിക്ക്. എന്റെ ഉള്ളിലെ ടീച്ചർ രൂപത്തെ ആരോ തല്ലി ഉടച്ചത് പോലെ..എനിക്ക് സംശയമായി. അവൾക്കു എന്റെ ചോദ്യം മനസിലായില്ലേ? അതേ ബ്രിട്ടീഷ് സ്വരത്തിൽ ഞാൻ ചോദ്യം ആവർത്തിച്ചു.

ഗീതയുടെ കണ്ണുകളിൽ വീണ്ടും കുസൃതി വിടർന്നു. കുപ്പി വളകൾ വീണുടയുന്നത് പോലത്തെ ചിരി അമർത്തി പിടിച്ചുകൊണ്ടു അവൾ വീണ്ടും പറഞ്ഞു.

“നോ, മിസ് ഐ കാന്റ്,
സ്തംഭിച്ചുപോയി ഞാൻ. ക്ലാസ്സിലെ കുട്ടികൾ ശ്രദ്ധിച്ചു തുടങ്ങിയി രുന്നു.

ഞാൻ വല്ലാതായി. എല്ലാവരുടെയും കണ്ണുകൾ എന്നെ ആക്രമി ക്കുന്നതു പോലെ തോന്നി. ഒരു നിമിഷത്തേക്ക് ഞാൻ പതറി പോയെങ്കിലും ഉടനെ തന്നെ സംയമനം വീണ്ടെടുത്തു. ഇത്രയും കുട്ടികളുടെ മുന്നിൽ അവൾ എന്നെ നിസ്സാരമാക്കുകയല്ലേ ചെയ്തത്? നാളെ മറ്റു കുട്ടികളും ഇത് ആവർത്തിക്കുകയില്ലേ ഇത് അങ്ങനെ വിടാൻ എന്റെ മനസ്സ് അനുവദിച്ചില്ല.

എന്റെ ചമ്മലിനെ മറയ്ക്കാനായി ഒരു ചിരിച്ച മുഖത്തോടെ ഞാൻ ഒരിക്കൽ കൂടി ഗീതയോടു പറഞ്ഞു,

“ഗീത, ഐവാൻ റ്റു ഗെറ്റ് മൈ ഡയറി ഫ്രം ദി സ്റ്റാഫ് റൂം, ഐ ഗസ് യൂ ഡിഡന്റ് ഗെറ്റ്മി??”

“നോ മിസ്, ഐ ഗോട്ടു. ബട്ട് ഐ കാന്റ്

ഇത്തവണത്തെ അവളുടെ കണ്ണുകളിൽ തെളിഞ്ഞ കുസൃതി എന്നെ തീർത്തും വീഴ്ത്തിയത് പോലെ തോന്നി എനിക്ക്.

ക്ലാസ്സിലെ നിശ്ശബ്ദതയിൽ എന്റെ ഹൃദയമിടിപ്പിന്റെ വേഗത കുട്ടികൾ കേട്ടിട്ടുണ്ടാകും. നിസ്സഹായായി നിൽകുമ്പോൾ ഞാൻ ഒരു സ്വരം കേട്ടു.

“ഐ വിൽ ഗെറ്റ് യു മിസ്. എന്നിട്ടു ആ സ്വരം ഗീതയെ തമിഴിൽ

ശാസിച്ചു കൊണ്ട് പറഞ്ഞു,” ഷീ. ഗീത എന്നാടി? നമ്മ മിസ്താനേ?” എന്നെ ചമ്മലിൽ നിന്ന് രക്ഷിച്ച ആ സ്വരം ഉഷയുടേതായിരിന്നു.

എന്റെ നോട്ടം എവിടെയും ഉറപ്പിക്കാൻ ആവാതെ ഞാൻ കഷ്ടപെടുകയായിരിന്നു. എന്തോ പരതുന്ന ഭാവത്തിൽ പുസ്തകതാളുകൾ മറിച്ചു കൊണ്ട് ഞാൻ പിടിച്ചുനിന്നു ക്ഷണ നേരം കൊണ്ട് ഉഷ ഡയറിയുമായി എത്തി. ക്ലാസ്തുടർന്നു. എന്തൊക്കയോ പുലമ്പിയിട്ടു. സമയമായപ്പോൾ ക്ലാസ്സിൽ നിന്ന് ഞാൻ ഇറങ്ങി പോന്നു. ആരോടു ഒന്നും പറഞ്ഞില്ല. പക്ഷെ മനസ്സിൽ അതു തന്നെയായിരുന്നു. ബ്രിട്ടീഷ്കാരുടെ ഭാഷ എന്റെ നാവിൽ നിന്നും തുളുമ്പിയപ്പോൾ അവരുടെ സംസ്കാരമായ ആധിപത്യമനോഭാവം എന്നിൽ ഉണ്ടായോ? അറിയില്ല...

കാലം മാറുമ്പോൾ കോലവും മാറുമെന്ന് പറയുന്നത് ശരി തന്നെ. സ്കൂളിൽ പഠിക്കുന്ന കാലത്തു അദ്ധ്യാപകർ ആവശ്യപ്പെടുന്ന കാര്യങ്ങൾ ഇഷ്ടത്തോടെ ചെയ്തുകൊടുക്കാൻ മൽസരിക്കുമായിരിന്നു ഞങ്ങൾ. അദ്ധ്യാപകരെ സോപ്പിടുന്നതല്ലായിരുന്നു അത്. ആ കാലത്തിൻറെ ഒരു രീതിയായിരുന്നു അത്. അധ്യാപകർ തോളിൽ തട്ടി അനുമോദിക്കുമ്പോൾ അവരുടെ ചിരിയും, വാത്സല്യവും ഒരു ജന്മത്തിന്റെ മൊത്ത സ്നേഹം കിട്ടുന്നതായി തോന്നും. ഒരു അദ്ധ്യാപികയോട് എതിർത്തു പറയാൻ അവസരം കൊടുത്ത ഞാനാണ് കുറ്റകാരിയെന്നു, ഒടുവിൽ, ഞാൻ എന്റെ മനസിനെ പറഞ്ഞു മനസിലാക്കി.

വർഷങ്ങൾ പിന്നിട്ടു. പ്രായം കൂടി. മറവിയും. എന്നാലും ആ “ഗീതോപദേശം” ഞാൻ മറന്നില്ല. അത് കൊണ്ട് തന്നെ മറന്നുവെച്ച പുസ്തകമോ, പേനയോ എടുക്കണമെങ്കിൽ ഒരു മടിയുമില്ലാതെ ഞാൻ തന്നെ തിരിച്ചുപോകും.

“ക്ലാസ് , പ്ളീസ് വെയ്റ്റ്, ഐ ഫോർഗോട് റ്റു ബ്രിങ് ബുക്. ഐ ഷാൾ ബി ബാക് ഇൻ എ മോമെന്റ്.'

ഒരു അദ്ധ്യാപികയുടെ അവകാശത്തോടെ കുട്ടികളോട് ഒന്നും ഞാൻ ആവശ്യപ്പെടാറില്ല. ഇന്നവൾ എന്റെ ഫേസ്ബുക് ഫ്രണ്ട് ആണ്. ഒരിക്കൽ ഫ്രാൻസിൽ നിന്നുമൊരു ഫോൺ കാൾ വന്നു. മറ്റാരുമല്ല. ഗീത തന്നെ. വല്യ മുഖവുരയില്ലാതെത്തന്നെ ഞാൻ അവളെ തിരിച്ചറിഞ്ഞു.

“ടു യു റിമെംബർ മി മിസ്?” എന്ന ചോദ്യത്തിനു, “ഹൌ കാൻ ഐ ഫോർഗെറ്റ് ഗീത?” എന്ന് പറഞ്ഞപ്പോൾ അവൾ ഞെട്ടി. ആ തിളങ്ങുന്ന കണ്ണുകളിലെ ആശ്ചര്യം ഞാൻ അറിഞ്ഞു.

ഇന്നും മങ്ങാതെ കിടക്കുന്ന ആ പഴയ സംഭവം ഒരു ചിരിയോടെ ഞാൻ സൂചിപ്പിച്ചു. “എന്നാ മിസ്?”, എന്ന് തമിഴിൽ ഒരു കൊഞ്ചലോടെ അവൾ പറയുന്നുണ്ടായിരുന്നു.

അവൾക്കു നിസ്സാരമായി തോന്നിയ ആ സംഭവം ഞാൻ ഇപ്പോഴും ഓർത്തുവെക്കുന്നു എന്നതായിരുന്നു അവളുടെ ഭാവം. ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു, “അനുഭവങ്ങളാണ് കുട്ടി, ജീവിതത്തിലെ ഓരോ പാഠങ്ങളും. നല്ല പാഠങ്ങൾ ആരിൽനിന്നും പഠിക്കാം. അതിനു പ്രായം ഒരു വിഷയമേ അല്ല.

# തിരിച്ചറിവുകൾ

പിജി കഴിഞ്ഞു ഒരു ഇടത്താവളം എന്ന മട്ടിലാണ് ഒരു പ്രൈവറ്റ് കോളേജിൽ അദ്ധ്യാപകനായി ജോലിയിൽ കയറിയത്. എന്നാൽ അവിടുന്ന് ലഭിച്ച അറിവുകളും അനുഭവങ്ങളും ബന്ധങ്ങളും എല്ലാം എന്നും പ്രിയപ്പെട്ടത് തന്നെ. പിജി കഴിഞ്ഞ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും വേർതിരിച്ച അറിയാൻ പറ്റുന്ന ഒരു രൂപം ഒന്നുമല്ലായിരുന്നു എൻറെത്. അതുകൊണ്ട് തന്നെ സ്വാഭവികമായും മുതിർന്ന വിദ്യാർത്ഥികളെ മാനേജ് ചെയ്യാൻ പറ്റുമോ എന്നുള്ള സംശയം ഉണ്ടാകും. എന്നാൽ ഒരുപാട് പേർ ഇൻറെവ്യൂവിന് ഉണ്ടായിരുന്നിട്ടും എന്നെ സെലക്ട് ചെയ്തു എന്നുള്ളതിന് അവരോട് ഞാൻ കടപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ് അധ്യപകനായിട്ടായിരുന്നു ഞാൻ ജോയിൻ ചെയ്തത്. 22 കുട്ടികൾ ഉണ്ടായിരുന്ന രണ്ടാം വർഷ ബി. എ. ഇംഗ്ലീഷ് വിദ്യാർത്ഥികളുടെ ടീച്ചർ മെൻറ്റർ കൂടിയായിരുന്നു ഞാൻ. എൻറെ കുറഞ്ഞ കാലത്തേ അദ്ധ്യാ പന ജീവിതത്തിൽ നിന്നും ഒരുപാട് രസകരമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടങ്കിലും എനിക്ക് ലഭിച്ച ചില തിരിച്ചറിവുകൾ ആണ് ഞാൻ എഴുതാൻ ഉദ്ദേശിക്കുന്നത്.



**മുഹമ്മദ് ശരീഫ്**
(മുൻ അദ്ധ്യാപകൻ
എം. എ. ഓ. കോളേജ്, എളയൂർ)
ഗവേഷക വിദ്യാർത്ഥി
ഇംഗ്ലീഷ് വിഭാഗം
പോണ്ടിച്ചേരി സർവകലാശാല

ഒരു ഇൻറെണൽ എക്സാം കഴിഞ്ഞു ഉത്തരകടലാസ്സ് തിരിച്ചുകൊടുത്തപ്പോൾ മാർക്ക് കുറഞ്ഞ ഒരു പെൺകുട്ടി കരയുന്നത് എൻറെ ശ്രദ്ധയിൽപെട്ടു. മാർക്ക് കുറഞ്ഞതിന് ഞാൻ ആരെയും വഴക്ക് പറഞ്ഞിട്ടൊന്നും ഇല്ലായിരുന്നു. ക്ലാസ്സിൽ വെച്ച ഞാൻ കാര്യം അന്നെഷിച്ചെങ്കിലും എന്നോട് ഒന്നും പറഞ്ഞില്ല. പിന്നെ പുറത്തേക്ക് വിളിച്ച ചോദിച്ചപ്പോൾ അവൾ പറഞ്ഞ കാര്യങ്ങൾ ഏറെ വേദനിപ്പിച്ചു. അവൾ സാദാരണ എല്ലാ പേപ്പറിലും നല്ല മാർക്ക് വാങ്ങുന്നയാളാണ്. എന്നാൽ അന്ന് പരീക്ഷക്ക് വേണ്ടി പഠിക്കാൻ സാധിച്ചിരുന്നില്ല. വീട്ടുകാർ അവൾക് വിവാഹാലോചനകൾ കൊണ്ടവരുന്നുണ്ട്. എന്നാൽ വരുന്ന ആലോചനകൾ ഒന്നും നടക്കുന്നുമില്ല. നൂറോളം പേർ അതുവരെ അവളെ വന്നു കണ്ടിട്ടുണ്ട്. അവൾ ആകെ ആവശ്യപ്പെട്ടിരുന്നത് കല്യാണ ശേഷവും പഠിക്കാൻ വിടണം എന്ന് മാത്രമായിരുന്നു. സാധാരണ എല്ലാ പെൺകുട്ടികളും ആവശ്യപ്പെടുന്ന ഒരു കാര്യമാണ് കല്യാണ ശേഷമുള്ള പഠനം. എന്നാൽ വിവാഹശേഷം പഠനം നിർത്തുന്ന ഒരുപാട് കുട്ടികളെ നമുക്ക് ഇന്നും കാണാനാവും. അതെ ക്ലാസ്സിലെ തന്നെ നല്ല മിടുക്കിയായ ഒരു

കുട്ടി കല്യാണശേഷം ക്ലാസ്സിൽ വരാതെയായപ്പോൾ വിളിച്ചു അന്വേഷിച്ചിരുന്നു. കിട്ടിയ മറുപടി അവളുടെ ഭർത്താവിൻറെ വീട്ടുകാർക് കോളേജിൽ വിടാൻ താല്പര്യമില്ല. അവളുടെ ഭർത്താവും ഒരു അധ്യാപകനാണ് എന്നുള്ളതാണ് ഇതിലെ ഏറ്റവും വലിയ വിരോധാഭാസം. 18 വയസായാൽ പെൺകുട്ടികളുടെ വിവാഹ കഴിയണമെന്നത് ഒരു എഴുതപ്പെടാത്ത നിയമമായി നമ്മുടെ പൊതുസമൂഹത്തിൽ നില നിൽക്കുന്നുണ്ട്. അതുകൊണ്ട് തന്നെ കല്യാണം നടക്കാൻ ഇത്തിരി വൈകിയാൽ രക്ഷിതാക്കൾക്ക് ഭയമാണ്. നാട്ടുകാരുടെയും ബന്ധുക്കളുടെയും ചോദ്യങ്ങൾ നേരിടേണ്ടി വരുന്നു. അതുകൊണ്ട് തന്നെയാണ് ഈ പെൺകുട്ടി രണ്ട് വര്ഷം കൊണ്ട് നൂറോളം പേരുടെ മുന്നിൽ ചെന്ന് നിൽക്കേണ്ടി വന്നത്. ഇത് കുട്ടികളെ മാനസികമായി എത്ര മാത്രം തളർത്തും എന്നത് ആരും ചിന്തിക്കുന്നില്ല. ഈ കുട്ടിയുടെ കല്യാണം അധികവും അവളുടെ കുടുംബത്തോട് ഉള്ള ദേഷ്യത്തിൽ നാട്ടിലുള്ള ചില ആളുകൾ മുടക്കുന്നതായിരുന്നു. എന്നാൽ അവളുടെ പിതാവ് അവളെയാണ് കുറ്റപെടുത്തിയിരുന്നത്. വരന്മാർ വരുമ്പോൾ അവൾ ചിരിക്കാറില്ല അല്ലെങ്കിൽ സംസാരിച്ചില്ല എന്നൊക്കെ പറഞ്ഞുകൊണ്ട്. ഇൻറെണൽ എക്സാം ദിവസം വീട്ടിൽ ഇതേ കാര്യത്തെ കുറിച്ചു അവളെ വഴക്ക് പറഞ്ഞിരുന്നു, അത് കാരണമാണ് പരീക്ഷയിൽ മാർക്ക് കുറഞ്ഞത് എന്ന് അവൾ പറഞ്ഞു.

ഇത് പോലെയുള്ള ഒരുപാട് കഥകൾ ഇപ്പോഴും നമ്മുടെ നാടുകളിൽ നടക്കുന്നുണ്ട്. പല രക്ഷിതാക്കളും പെൺകുട്ടികളുടെ പഠനകാര്യങ്ങളെക്കാളും അവരുടെ വിവാഹ കാര്യങ്ങളെ കുറിച്ചാണ് വേവലാതിപ്പെടുന്നത്. വിവാഹ ശേഷം പഠിക്കണോ ജോലിക്ക് പോകണോ എന്നുള്ളതൊക്കെ ഭർത്താവ് തീരുമാനിക്കട്ടെ എന്നുള്ളതാണ് പല രക്ഷിതാക്കളുടെയും കാഴ്ചപ്പാട്. സ്ത്രീധനമായി സ്വർണവും പണവും എല്ലാം കരുതി വെക്കുന്ന രക്ഷിതാക്കൾ അവരുടെ പെണ്മക്കൾക് നല്കാൻ പറ്റുന്ന ഏറ്റവും നല്ല സമ്പാദ്യം അവരുടെ വിദ്യഭ്യാസമാണ് എന്ന് തിരിച്ചറിവ് ഇല്ലാതെ പോകുന്നു.

# യൂണിഫോം ധരിക്കാത്ത ആൺകുട്ടി

ഒരു പ്രവർത്തി ഏറ്റെടുത്ത് ആത്മാർത്ഥതയോടെ നിർവഹിക്കുമ്പോൾ മറ്റുള്ളവർ നമ്മെ അഭിനന്ദിക്കും. അതിലുപരി അതിലൂടെ നമുക്ക് ലഭിക്കുന്ന ആത്മനിർവൃതി വലുതാണ്. ചില സന്ദർഭങ്ങളിലെങ്കിലും അനുഭവം മറിച്ച് ആവാറുണ്ട്. അത്തരം ഒരു സംഭവമാണ് ഇവിടെ വെളിപ്പെടുത്തുന്നത്.

തച്ചിങ്ങനാടം ഹൈസ്കൂളിൽ അധ്യാപകനായി ജോലി ചെയ്ത കാലം. 10- A ഡിവിഷനിൽ ക്ലാസ് അധ്യാപകൻ ആയിരുന്നു. എല്ലാ മേഖലകളിലും തന്റെ ക്ലാസിലെ കുട്ടികൾ മുൻനിരയിൽ ആകണം എന്ന് സദാസമയവും ആഗ്രഹിച്ചിരുന്നു. അതിനാൽ വിദ്യാർത്ഥികളെ സംബന്ധിച്ച എല്ലാ കാര്യങ്ങളും വളരെ ചിട്ടയോടുകൂടി നടപ്പാക്കിയിരുന്നു. ആ ഇടയ്ക്കാണ് സ്കൂളിൽ വിദ്യാർഥികൾക്ക് പുതിയ യൂണിഫോം നടപ്പാക്കാൻ തീരുമാനിച്ചത്. സ്റ്റാഫ് കൗൺസിൽ യോഗത്തിൽ എത്രയും വേഗം യൂണിഫോം നടപ്പാക്കാൻ ക്ലാസ് അധ്യാപകരെ ചുമതലപ്പെടുത്തി. അതുപ്രകാരം 10- A യിലെ എല്ലാ കുട്ടികളും ഒരാഴ്ചയ്ക്കകം യൂണിഫോം തുന്നിക്കുകയോ റെഡിമെയ്ഡ് വാങ്ങുകയോ ചെയ്യണമെന്ന് നിർദ്ദേശിച്ചു. യൂണിഫോമിന്റെ ആവശ്യകതയെ പറ്റി മധുര ഭാഷണം നൽകി കുട്ടികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു.



**മാങ്ങോട്ടിൽ ബാലകൃഷ്ണൻ**
അദ്ധ്യാപകൻ (റിട്ട.)
തച്ചിങ്ങനാടം ഹയർ സെക്കന്ററി സ്കൂൾ
തച്ചിങ്ങനാടം

ഒരാഴ്ചയ്ക്കകം പകുതി കുട്ടികൾ യൂണിഫോം ധരിച്ചെത്തി. അപ്പോഴേക്കും 90 ശതമാനം കുട്ടികൾ യൂണിഫോം വാങ്ങിക്കഴിഞ്ഞു. ഏറ്റവും ഒടുവിലത്തെ അവധിയായ ഒരാഴ്ച കൂടി സമയം കൊടുത്തു. അപ്പോഴും ഒരു ആൺകുട്ടി മാത്രം യൂണിഫോം ധരിക്കാതെ എത്തി. . ആ കുട്ടിയെ അടുത്തേക്ക് വിളിച്ചുവരുത്തി കാരണം ചോദിച്ചു. പിതാവ് കരിങ്കൽ പടവുകാരൻ ആണെന്നും കുറേ ദിവസമായി ജോലി ഇല്ലാത്തതിനാൽ വരുമാനം നിലച്ചു എന്നും കുട്ടി പറഞ്ഞു. യൂണിഫോം എന്നേക്കു വാങ്ങാൻ കഴിയുമെന്ന് ഒരു ഉറപ്പു നൽകുവാൻ കുട്ടിക്ക് സാധിച്ചില്ല. ഈ സാഹചര്യത്തിൽ കുട്ടിയെ സഹായിക്കാൻ ക്ലാസ് അധ്യാപകൻ എന്ന നിലയിൽ ഞാൻ തയ്യാറായി. അരികണ്ടം പാക്കിലെ ടെക്സ്റ്റൈൽ കടയിൽ നിന്ന് യൂണിഫോം വാങ്ങാൻ കുട്ടിയോട്

നിർദ്ദേശിച്ചു. ഇതിന്റെ വില ഞാൻ നേരിട്ട് നൽകാമെന്ന് ടെക്സ്റ്റൈ ൽസ് ഉടമ കുട്ടൻ നായരോട് വിളിച്ചുപറയുകയും ചെയ്തു. അങ്ങനെ തന്റെ ക്ലാസിലെ 100% കുട്ടികളും യൂണിഫോം ധരിച്ച് എത്തുന്നത് ഞാൻ ഭാവനയിൽ കണ്ടു.

അടുത്ത ദിവസം ആദ്യ പിരിയഡ്. അറ്റൻഡൻസ് എടുത്തു. യൂണി ഫോം ധരിക്കാതെയാണ് പ്രസ്തുത വിദ്യാർത്ഥി അന്നും വന്നത്. എനിക്ക് ദേഷ്യം വന്നു... എങ്കിലും പ്രകടിപ്പിച്ചില്ല. അനിഷ്ടത്തോടെ അവനെ അടുത്തേക്ക് വിളിച്ചു. എന്തോ വലിയ ദുഃഖം അലട്ടിയ മനസ്സോടെ കുട്ടി എൻറെ അടുത്തു വന്നു. വിറക്കുന്ന കയ്യോടെ ഒരു കത്ത് എൻറെ നേരെ നീട്ടി.

കത്ത് തുറന്നു മൗനമായി വായിച്ചു: " എൻറെ കുട്ടിക്ക് നിങ്ങളുടെ ഔ ദാര്യം വേണ്ട, യൂണിഫോം അവന് വാങ്ങിക്കൊടുക്കാൻ ഉദ്ദേശി ക്കുന്നുമില്ല. ആരുടെ മുന്നിലും യാചിക്കുന്ന ശീലം ഞങ്ങൾക്കില്ല".
കുട്ടിയോട് സീറ്റിൽ പോയിരിക്കാൻ ആവശ്യപ്പെട്ടു. ഒന്നും സംഭവി ക്കാത്ത മട്ടിൽ ക്ലാസ് എടുത്തു.

വിദ്യാർഥിയുടെ സമീപവാസിയും എന്റെ സുഹൃത്തുമായ ടോമി മാസ്റ്ററോട് സംഭവം പറഞ്ഞു. അയാൾ പ്രതികരിച്ചു. ആ രക്ഷിതാവ് മഹാ മോശമാണ്. അവരുടെ വീട്ടിൽ എപ്പോഴും വഴക്കാണ്. പെരു മാറാൻ കൊള്ളാത്ത ആളാണ്. അന്ന് വൈകിട്ട് അരിക്കണ്ടംപാക്ക് ടൗണിൽ ഈ രക്ഷിതാവിനെ ദൂരെ നിന്ന് കാണാനിടയായി. എന്നെ കണ്ട അയാൾ, ഒരു ശത്രുവിനെ കണ്ട പോലെയുള്ള ഭാവഹാ വാദികളോടെ നോക്കുന്നുണ്ടായിരുന്നു. ഞാനത് ശ്രദ്ധിക്കാതെ നടന്നു നീങ്ങി.

അടുത്ത രണ്ട് ദിവസം ശനി- ഞായർ അവധി ആയിരുന്നു. തിങ്കളാഴ്ച മനം മടുത്താണ് സ്കൂളിൽ പോയത്. ആദ്യ പീരിയഡ് 10- A ഡിവി ഷനിൽ ആണ്. യൂണിഫോം നടപ്പാക്കാൻ കഴിയാത്ത പ്രയാസം എന്നെ അലട്ടി. ഒരു വിദ്യാർത്ഥിയെ സഹായിക്കാൻ തുനിഞ്ഞപ്പോൾ രക്ഷിതാവിൽ നിന്നും ഉണ്ടായ പ്രതികരണം എന്നെ വല്ലാതെ അസ്വ സ്ഥനാക്കി. മടിച്ചുമടിച്ചാണ് അറ്റൻഡൻസ് രജിസ്റ്ററുമായി ഞാൻ ക്ലാസ്സിൽ പോയത്.

"ഗുഡ്മോണിങ് സാർ"

-കുട്ടികൾ കൂട്ടത്തോടെ അഭിവാദ്യം ചെയ്തു.

"ഗുഡ് മോർണിംഗ് ടു എവരി വൺ"

ഞാൻ പ്രത്യാഭിവാദ്യം ചെയ്തു.

“സാർ, ഇവൻ ഇന്ന് സ്കൂൾ യൂണിഫോമിൽ ആണ്”.

നിർദ്ദിഷ്ട വിദ്യാർത്ഥിയെ ചൂണ്ടി മറ്റു കുട്ടികൾ കൂട്ടത്തോടെ പറഞ്ഞു.

എന്റെ മനസ്സ് സന്തോഷം നിറഞ്ഞു. ആ കുട്ടിയെ അടുത്തു വിളിച്ച് ഹാർദ്ദമായി അഭിനന്ദിച്ചു.

അവൻ ശബ്ദം കുറച്ച് എന്നോട് സ്വകാര്യമായി പറഞ്ഞു, “അമ്മയാണ് യൂണിഫോം വാങ്ങിത്തന്നത്, അമ്മയുടെ കൈയിലെ മോതിരം വിറ്റിട്ട്”..

# അങ്ങനെ "ഓട്ടപ്പൊടിയും ചട്ടിപ്പൊട്ടും" എന്താണെന്ന് ഞാനും പഠിച്ചു......

“ഓട്ടപ്പൊടി വാങ്ങണ്ടേ സാറേ“ ഒരു മെഡിക്കൽ സ്റ്റോറ് ചൂണ്ടിക്കാണിച്ച് അവൻ ചോദിക്കുന്നത് ശ്രദ്ധിക്കാനേ പോയില്ല....

തൊട്ട് മുമ്പ് കൽപ്പറ്റ ടൗണിലെ തന്നെ ഒരു ഹോട്ടലിൽ കയറിയതിന്റെ ‘ക്ഷീണം’ മനസ്സിലുണ്ട്. പൊറാട്ട തിന്നുന്നത് ഒരു മൽസര ഇനം പോലെ കുട്ടികൾ കൈകാര്യം ചെയ്ത് കളഞ്ഞു.
നാട്ടിൽ ചെറിയ തോതിൽ ഫുട്ബോൾ കളിച്ച് നടന്ന ആവേശത്തിലാണ് ഹൈസ്കൂൾ വിഭാഗം കുട്ടികളേയും കൊണ്ട് പ്രൈമറി വിഭാഗം അദ്ധ്യാപകനായ ഞാൻ വയനാട് ജില്ലാ സ്പോർട്സിനെത്തിയത്.



**യു. പി. അബ്ദുൽ നാസർ**
എച്ച്. എസ്. ടി (മലയാളം)
ജി. എച്ച്. എസ്. എസ്
ചെറുവാടി, കോഴിക്കോട്

വയനാട് ജില്ലയിലെ വളരെ പിന്നാക്ക പ്രദേശമാണ് നീർവാരം. അവിടത്തെ സർക്കാർ ഹൈസ്കൂളിൽ പ്രൈമറി വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനമാണ്.
തൊണ്ണൂറുകളുടെ തുടക്കം.....
തസറാക്കിലെ ഏകാംഗ വിദ്യാലയവും രവിയുമൊക്കെ മനസ്സിൽ തത്തിക്കളിക്കുന്നുണ്ട്.

ജില്ലാ സ്പോർട്സ് നടക്കുന്നത് കൽപ്പറ്റയിൽ, യാത്രാ സൗകര്യം വളരെ കുറവ് പെൺകുട്ടികളടക്കമുള്ള ടീമിനെ കൊണ്ടു പോകുന്നതും വരുന്നതും ഭഗീരഥ പ്രയത്നമാണ്. ആരും അത് ഏറ്റെടുക്കാൻ തയ്യാറല്ല. അങ്ങനെയാണ് ഞാൻ ആ തീവണ്ടിക്ക് അറിഞ്ഞ് കൊണ്ട് തല വയ്ക്കുന്നത്. ഒപ്പം ഒരു ലേഡി ടീച്ചറേയും കൂട്ടി. എട്ടു കുട്ടികളാണ് മൽസരത്തിനുള്ളത്.
ആദ്യ കടമ്പ മാർച്ച് ഫാസ്റ്റിൽ നിന്ന് 'മാറി നിൽക്കുക' എന്നതാണ്; സ്കൂളിൽ യൂണിഫോം നിലവിലില്ല. തലേദിവസം ചോദിച്ചതാണ്.
എല്ലാവരും റെഡിയാണെന്ന് പറഞ്ഞ് തലയാട്ടിയതുമാണ്. രാവിലെ വന്നപ്പോഴാണ് കാണുന്നത്. ആൺ കുട്ടികൾ ഒന്ന് രണ്ട് പേർ പഴയ പാന്റ്സ് മുറിച്ച് ട്രൗസർ ആക്കിയാണ് വന്നിരിക്കുന്നത്...
ചിലർക്ക് വെളുത്ത ബനിയനുണ്ട്. വാഴത്തോട്ടത്തിൽ ‘കൊലപ്പണി’ക്ക് പോകാറുണ്ടത്രേ. ആകെ കറപിടിച്ചുകിടക്കുന്നു.. പല സ്കൂളുകാരും പളപളാമിന്നുന്ന ട്രാക് സ്യൂട്ടൊക്കെ അണിഞ്ഞ് റെഡിയായി നിൽക്കുന്നു.

റജിസ്ട്രേഷൻ നടത്തി ജഴ്സി തൽക്കാലം അണിയേണ്ടെന്ന് കുട്ടികളോട് അടക്കം പറഞ്ഞു. മുമ്പ് ജോലി ചെയ്ത സ്കൂളിലെ പഴയ സഹപ്രവർത്തകർക്ക് മുഖം കൊടുക്കാതെ മാറിനിന്നു...
ഫുട്ബോൾകളിക്കുന്നതിനിടയിൽ നോട്ടമിട്ട ഒരുത്തനുണ്ട്. കൂലിപ്പണിക്ക് പോകുന്നതിനിടയിലുള്ള 'അവധി' ദിവസങ്ങളിലേ സ്കൂളിൽ പ്രത്യക്ഷപ്പെടൂ... അവനാണ് ആകെ ചെറിയൊരു സാധ്യത.
പേര് സത്യൻ (പേര് ഒന്ന് മാറ്റിയിടുന്നു).
മൽസരം അധികം നീണ്ടാൽ തിരിച്ച് പോകാൻ ബസ് കിട്ടാതെ വരും. കുട്ടികളെ രാത്രി വീട്ടിലെത്തിക്കാൻപ്രയാസമാകും. കുട്ടികളുടെ ഭക്ഷണത്തിന് തന്നെ കാശ് സ്വന്തം പോക്കറ്റിൽ നിന്ന് ചെലവാക്കിയാണ് വരവ്.
കഴിഞ്ഞ കൊല്ലം മൽസരിച്ച് 'ചട്ടിപ്പൊട്ട്' കിട്ടിയ കഥയൊക്കെ അവൻ പറയുന്നുണ്ട്. ഒന്നും മനസ്സിൽ കയറുന്നില്ല. നൂറ് മീറ്റർ മൽസരം തുടങ്ങാറായി എന്റെ സ്കൂളിൽ നിന്ന് എൻട്രിയുണ്ട്. സ്റ്റാട്ടിംഗ് ബ്ലോക്ക് ഒക്കെ ട്രാക്കിൽ ഫിറ്റ് ചെയ്ത് കായികാദ്ധ്യാപകരുടെ പരിശീലനം ലഭിച്ച താരങ്ങൾ വാമിംഗ്അപ് ചെയ്യുകയാണ്.
സത്യൻ കറ പുരണ്ട ഫുൾസ്ലീവ് ഇന്നർ ബനിയനും പാന്റ്സ് മുറിച്ച ഷോർട്സുമിട്ട് വാമിംഗ്അപ് ഒന്നുമില്ലാതെ സ്റ്റാർട്ടിംഗ് ലൈനിൽ കയറി നിൽപ്പായി.ഞാൻ ആദ്യമേ ചെവിയിൽ പറഞ്ഞു കൊടുത്തിരുന്നു. അവന് പരിചയമുള്ള വിസിൽ അല്ല സ്റ്റാർട്ടിംഗ് സിഗ്നൽ.
വെടിയാണ്.
വെടിയൊച്ച കേട്ടാൽ ആ ഗോത്രവർഗ്ഗ ബാലൻ എങ്ങോട്ടോടും എന്നതിൽ എനിക്കത്ര നിശ്ചയം പോരാ.
കുറച്ച് കഴിഞ്ഞ് സത്യൻ എന്നെ കൈ കൊട്ടി വിളിക്കുന്നു.
അടുത്തുചെന്നു.

"ഇതാണ് സാറേ ഞാൻ പറഞ്ഞ ഓട്ടപ്പൊടി "

ഞാൻ അടുത്തുള്ള കുട്ടിയുടെ കൈയ്യിലേക്ക് നോക്കി. ഗ്ലൂക്കോസ് പൗഡറാണ്.

വാങ്ങിക്കൊടുക്കാമായിരുന്നു എന്ന് അപ്പോൾതോന്നി. സംഗതി എന്താണെന്ന് മനസ്സിലായിരുന്നില്ല. തൽക്കാലം കയ്യിൽ കരുതിയിരുന്ന നേന്ത്രപ്പഴത്തിലൊന്ന് കൊടുത്തു.
സത്യന്റെ കണ്ണ് കൂടെയുള്ളവരുടെ കാലിലെ സ്പൈക്കിലേക്കും സ്റ്റാട്ടിംഗ് ബ്ലോക്കിലേക്കുമാണ് പക്ഷേ മറ്റുള്ളവർ നോക്കുന്നത് സത്യന്റെ കാലിലെ കവുങ്ങിൽ കയറിയുണ്ടായ കട്ടത്തഴമ്പിലേക്കാണെന്ന് എനിക്ക് മനസ്സിലായി.

മൽസരം തുടങ്ങി...

ആദ്യം സത്യന്റെ ഫൗൾ സ്റ്റാർട്ട്...

ആകെ ഒരങ്കലാപ്പ്.... വീണ്ടും

സ്റ്റാർട്ടറുടെ വെടി പൊട്ടി.....

ആദ്യ ഹീറ്റ്സിൽ സത്യൻ ഒന്നാമത്...

ഇരുനൂറ് മീറ്ററിലും ആവർത്തനം... ഫൈനലിലെത്തി.
ഇടക്ക് ലോംഗ്ജംപിൽ രണ്ടാം സ്ഥാനം. ...
അതോടെ എല്ലാവരുടേയും
ശ്രദ്ധ സത്യനിലേക്കായി....

രണ്ട് സ്കൂളുകൾ തമ്മിൽ ഓവറോൾ ചാമ്പ്യൻഷിപ്പിനായുള്ള മൽസരത്തിൽ സത്യനും ആതിഥേയ സ്കൂളിന്റെ സ്പ്രിന്റ് ഡബിൾ കുത്തക ഇനി സത്യന്റെ പ്രകടനത്തെ ആശ്രയിച്ചാണ്.
ഓവറോൾ കിരീടവും തഥൈവ.
അതോടെ എതിർ ടീമും ഒരു പറ്റം കാണികളും സത്യന് കൈയ്യടിയുമായി ഇറങ്ങി. പതുക്കെ ഞാനും സത്യന്റെ 'കോച്ചായി' പുറത്തിറങ്ങി നടക്കാൻ തുടങ്ങി.
തിരിച്ച് പോകാൻ ബസ്സ് കിട്ടാത്ത വിഷമമൊക്കെ അതോടെ മറന്നു.
ഇരുനൂറ് മീറ്റർ ഫൈനൽ........ കാണികൾ നൽകിയ ആവേശത്തിൽ സത്യൻ പാട്ടും പാടി ജയിച്ചു.
ഉച്ചക്ക് ശേഷം നൂറ് മീറ്റർ ഫൈനൽ വേഗതയേറിയ ഓട്ടക്കാരനെ കണ്ടെത്തുന്ന മത്സരം !
ഫൈനൽ വിളിയെത്തി. ആതിഥേയ ടീമംഗങ്ങൾ സത്യനെ ആക്രമിക്കുമോ എന്ന പേടിയുണ്ട് എനിക്ക്. കാണുന്നിടത്തൊക്കെ ചിലർ അവനെ നോക്കി പല്ലുഞെരിക്കുന്നുണ്ട് ....
മൽസരം തുടങ്ങാറായി,.
പണ്ട് ഇന്ത്യൻ ഫുട്ബോൾ ടീം ബൂട്ടില്ലാതെ ഒളിമ്പിക്സിന് ഇറങ്ങിയ പോലെ എട്ടു പേരിൽ ഒരാൾ മാത്രം അത് ലറ്റിക്സ് ജർഴ്സിയോ സ്പൈക്സോ സ്റ്റാട്ടിംഗ് ബ്ലോക്കോ ഇല്ലാതെ തയ്യാറായി നിൽക്കുന്നു.
മൽസരം തുടങ്ങി,
തുടക്കം മുതൽ തന്നെ ലീഡെടുത്ത ആതിഥേയ സ്കൂളിലെ താരത്തെ അവസാന കുതിപ്പിൽ മറികടന്ന് സത്യൻ ഒന്നാം സ്ഥാനത്തേക്ക്...
ആവേശപ്പോരാട്ടം..
കാണികൾ ആരവമുയർത്തുന്നു....
കിരീടം സിനിമയിൽ സേതുമാധവനൊപ്പം നടക്കുന്ന ഹൈദ്രോസിനെ പോലെ സത്യന്റെ വിക്ടറിലാപ്പിൽ ഞാനുമൊപ്പമോടി..
പ്രതീക്ഷിച്ചത് തന്നെ സംഭവിച്ചു. ആതിഥേയ സ്കൂളിന്റെ കുത്തകയായിരുന്ന ഓവറോൾ കിരിടം ആ ഫൈനൽ കാരണം തെറിച്ചു.


"ഓട്ടപ്പൊടി" പോലുമില്ലാതെ സത്യൻ എടുത്തോടിയത് അവരുടെ കൈയ്യിലുള്ള ആ ഓവറോൾ കിരീടമായിരുന്നു.

ആവർഷത്തെ ജൂനിയർ വിഭാഗം ഇൻറിവിജ്വൽ ട്രോഫി സത്യൻ നേടി. സമ്മാനദാനം കഴിഞ്ഞ് വരുമ്പോൾ സത്യനെന്നോടു പറഞ്ഞു. ഇതുപോലെ "ചട്ടിപ്പൊട്ട് മുമ്പ് കിട്ടിയിട്ടുണ്ട്, കപ്പ് ആദ്യമായിട്ടാണെന്ന്.." അങ്ങനെ ഓട്ടപ്പൊടിയും ചട്ടിപ്പൊട്ടും എന്താണെന്ന് ഞാനും പഠിച്ചു.

# നാവാമുകുന്ദാ ഹൈസ്കൂളും, കുന്നിൻമുകളിലെ കടലമ്മയും

ചങ്ങമ്പള്ളി കുന്നിന്റെ നെറുകയിൽ തലയുയർത്തി നിൽക്കുന്ന പ്രസിദ്ധമായ തിരുനാവായ നാവാമുകുന്ദാ ഹൈസ്കൂളിലെ കായികാധ്യാപകനായി ഞാൻ എത്തുന്നത് തികച്ചും യാദൃച്ഛികമായാണ്. തിരൂർ വിദ്യാഭ്യാസജില്ലാ കായികമേള സ്ഥിരമായി നടക്കുന്ന സ്കൂൾ എന്നൊരു പ്രശസ്തി കൂടി അക്കാലത്ത് നാവാമുകുന്ദക്കുണ്ടായിരുന്നു.

കുന്നിൻ മുകളിലുള്ള സ്കൂൾ ഗ്രൗണ്ടിൽ ഉദിച്ചു കഴിഞ്ഞാൽ അസ്തമയം വരെ സൂര്യൻ ഒഴിഞ്ഞു പോകുന്ന പതിവില്ല. നല്ല പൊള്ളുന്ന, ആരെയും കരിച്ചുകളയുന്ന ഒരു തരം ചൂടായിരിക്കും ഗ്രൗണ്ടിൽ.



**കൃഷ്ണകുമാർ. പി**
(കായികാധ്യാപകൻ)
നാവാമുകുന്ദ ഹയർ സെക്കന്ററി സ്കൂൾ
തിരുനാവായ

അതിവിശാലമായ മൈതാനം.. ചെറുപ്പത്തിന്റെ ഊർജ്ജസ്വലത.. സീനിയർ കായികാധ്യാപകനായ സുകുമാരൻ മാഷുടെ പ്രോത്സാഹനം.... എല്ലാം തികഞ്ഞ അനുഭവം. രണ്ടാമത്തെ പീരിയഡ് ഗ്രൗണ്ടിൽ എത്തിയാൽ പിന്നെ വൈകുന്നേരം വരെ അവിടെത്തന്നെ..

പി.ഇ.ടി. (കുട്ടികളുടെ ഭാഷയിൽ പീടി) പീരിയഡ് കിട്ടിയതിന്റെ അത്യാഹ്ലാദത്തിൽ ചുട്ടു പൊള്ളുന്ന വെയിലൊന്നും അക്കാലത്തും, മൂന്നു പതിറ്റാണ്ടിനു ശേഷം ഇക്കാലത്തും കുട്ടികൾക്ക് പ്രശ്നമില്ല.

ഒരു കാക്കക്കാലിന്റെ തണൽ പോലുമില്ലാത്ത മൈതാനത്തിൽ അക്കാലത്ത് ആകെയുള്ള ആശ്വാസം ഗ്രൗണ്ടിന്റെ ഇങ്ങേ തലക്കൽ ഇന്നത്തെ ഹയർസെക്കൻഡറി കെട്ടിടത്തിന്റെ വടക്കു ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഒരു പാലമരം മാത്രമായിരുന്നു.

എണ്ണിയാലൊടുങ്ങാത്ത ഒരുപാട് കഥകൾ ഈ പാലമരത്തിന് പറയാനുണ്ടാകും. അത്തരത്തിലുള്ള ഒരു കഥയാണിത്.

രണ്ടാമത്തെ പിരിയഡ് ബെൽ അടിച്ച് കുട്ടികളുമായി മൈതാനത്തെത്തുമ്പോഴൊക്കെ പാലമരച്ചുവട്ടിൽ കൂനി കുനിഞ്ഞിരിക്കുന്ന വൃദ്ധയായ ഒരു സ്ത്രീയെ പതിവായി കാണാറുണ്ടായിരുന്നു.

തലയിൽ വെള്ള കസവുതട്ടവും കാതിൽ ചിറ്റിയും വെള്ള റൗക്കയും നീല കാച്ചിമുണ്ടും അരയിൽ വീതികൂടിയ അരഞ്ഞാണവുമായിരുന്നു വൃദ്ധയായ ആ മുസ്ലിം സ്ത്രീയുടെ വേഷം.
'കടലമ്മയാണ്" അതെന്ന് ആദ്യമായി പറഞ്ഞു തന്നത്. എന്റെ സീനിയർ കായികാധ്യാപകനായ സുകുമാരൻ മാഷാണ്.
വർഷങ്ങളായി അവർ അവിടെ കച്ചവടം ചെയ്യുന്ന ആളാണ്. മാനേജ്മെന്റിന്റെ അറിവോടെയാണ് അവിടെ ഇരിക്കുന്നതെന്നും ഇവർക്കൊഴികെ വേറെ ആർക്കും സ്കൂൾ കോമ്പൗണ്ടിൽ കച്ചവടം ചെയ്യാൻ അനുവാദം കൊടുത്തിട്ടില്ലെന്നും മാഷ് പ്രത്യേകം പറഞ്ഞു തന്നു.

സ്കൂൾ സമയത്തിന് മുൻപേ പാലമരച്ചോട്ടിൽ എത്തുന്ന കടലമ്മ താൻ കൊച്ചു കൊച്ചു സഞ്ചികളിലാക്കി കൊണ്ടു വരുന്ന കടല, നെല്ലിക്ക, മിട്ടായികൾ എന്നിവ ഒരു പലകയിൽ നിരത്തി വെയ്ക്കും. പത്തു മണിയോടെ എല്ലാം ആ പാലമരച്ചോട്ടിൽ വെച്ച് അടുത്ത ഇന്റർവെൽ ആവാൻ കാത്തിരിക്കും. അതു കഴിഞ്ഞാൽ ഉച്ചയാവുന്നത് വരെയും ഇരിപ്പ് തുടരും. അവരുടെ കച്ചവടവും വിശ്രമവുമെല്ലാം ഈ പാല മരച്ചുവട്ടിലാണ്.

കടല ഉമ്മയെ കുട്ടികൾ ആദ്യമൊക്കെ കടലുമ്മ എന്നാണ് വിളിച്ചിരു ന്നതെന്നും ആ പേര് പിന്നീടെപ്പോഴോ കടലമ്മ എന്ന പേരായി മാറി എന്നും മാഷ് എന്റെ സംശയം തീർത്തു തന്നു.

സുകുമാരൻ മാഷെ കടലമ്മയ്ക്ക് ജീവനായിരുന്നു മാഷ്ക്ക് തിരിച്ചും. മാഷ് ഗ്രൗണ്ടിൽ വരുന്ന ദിവസങ്ങളിൽ കുട്ടികളെ കളിക്കാൻ വിട്ടശേഷം എന്നെയും കൂട്ടി പാലമരച്ചുവട്ടിലിരിയ്ക്കുന്ന കടലമ്മയോട് സൗഹൃദം പങ്കിടും. മകൻ ആദമിനെക്കുറിച്ചും പേരക്കുട്ടികളെക്കുറിച്ചുമെല്ലാം അന്വേഷിക്കും. ചെറുപ്പത്തിൽ ഒരു അപകടത്തിൽ പെട്ട് കാലിന് ശേഷിക്കുറവുള്ള ആദം തിരൂരിൽ ഏതോ സ്ഥാപനത്തിൽ ജോലി ചെയ്തു വരികയായിരുന്നു.

കച്ചവടം ചെയ്യുന്നതിൽ നിന്നും കുറച്ചു കടലയോ നെല്ലിക്കയോ അരി നെല്ലിക്കയോ എന്തെങ്കിലുമൊന്നു തന്റെ ശുഷ്ക്കമായ കൈകൊണ്ടു വാരി സുകുമാരൻ മാഷ്ക്ക് കൊടുത്താലെ ആ സാദ്ധ്വിക്ക് തൃപ്തി യാകൂ. അത് അവരുടെ ഒരവകാശമായി മാഷും അംഗീകരിച്ചു കൊടു ത്തിരുന്നു.

വേണ്ടെന്ന് എത്ര പറഞ്ഞാലും ഒരു നെല്ലിക്കയെങ്കിലും എടുത്തു തിന്നാലേ അവർക്ക് തൃപ്തിയാവൂ. മാഷ് പലപ്പോഴും അവരെ കയ്യറിഞ്ഞു സഹായിക്കുന്നത് ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്. നമ്മുടെ അമ്മയാണ് ഈ പൊരി വെയിലത്തും മഴയത്തും ഇങ്ങിനെ കച്ചവടം

ചെയ്യാൻ ഇരിക്കുന്നതെന്ന് ആലോചിക്കാൻ കൂടി വയ്യ എന്ന് മാഷ് പലപ്പോഴും പറയാറുണ്ട്.

'വല്യേ' പീട്ടി മാഷ്ക്ക് കൊടുത്തിരുന്ന അവകാശങ്ങൾ കടലമ്മ ചെറ്യേ പിടി മാഷ്ക്കും അനുവദിച്ചു തന്നിരുന്നു. കുട്ടികൾക്ക് വെയിലൊന്നും ഒരു പ്രശ്നമല്ലെന്നും, രാവിലെ മുതൽ വെയിലുകൊണ്ടു നടക്കുന്ന തിനാൽ ദേഹം നല്ലോണം ശ്രദ്ധിക്കണെ മെന്നുമെല്ലാം പറഞ്ഞ് നെല്ലിക്കയോ അരിനെല്ലിക്കയോ അങ്ങിനെ എന്തെങ്കിലുമൊക്കെ തന്ന് ഗ്രൗണ്ടിൽ വെയിലത്ത് കുട്ടികളോടൊപ്പം കളിച്ചു വിയർക്കുന്ന എന്നെ അവർ കരുതലോടെ ചേർത്തു പിടിച്ചു.
കുറെ ദിവസം അടുപ്പിച്ച് മാഷെ കാണാതായാൽ അവർ അന്വേഷിക്കും. ഞാൻ ചോയ്ച്ചതായി പറയണം എന്ന് എന്നെ പറഞ്ഞു ചട്ടം കെട്ടും.
ചെറിയ സ്കൂളിൽ നിന്നും, പേരക്കുട്ടികളായ ഫൗസിയയും, മുഹമ്മദ് റഫീക്കും, കദീജയും നാവാമുകുന്ദയിൽ ചേർന്നതോടെ അടുപ്പം ഒന്നുകൂടി കൂടി.
2004ൽ സുകുമാരൻ മാഷ് റിട്ടയർ ചെയ്യുമ്പോഴേക്കും ശാരീരിക അവശതകൾ കാരണം കടലമ്മ കച്ചവടം നിർത്തിയിരുന്നു. അതിനു ശേഷം ആർക്കും സ്കൂൾ കോമ്പൗണ്ടിൽ കച്ചവടം ചെയ്യാൻ അനു വാദം കൊടുത്തിട്ടില്ല.
കടലമ്മയുടെ പേരക്കുട്ടികളിൽ ഏറ്റവും ഇളയവളായ കദീജ സ്പോർട്സിൽ മികവു പുലർത്തുന്നത്, ആ പാലമരച്ചുവട്ടിലിരുന്നു കാണാൻ വിധി അവരെ അനുവദിച്ചില്ല. കദീജ ഇപ്പോൾ പെരുമ്പിലാവ് അൻസാർ ഹൈസ്കൂളിൽ കായികാധ്യാപികയായി ജോലി ചെയ്യുകയാണ്.
കളിക്കളങ്ങളിലെ ആരവങ്ങൾക്കും സൗഹൃദങ്ങൾക്കും സാക്ഷിയായിരുന്ന കടലമ്മയും സുകുമാരൻ മാഷും ഇപ്പോൾ നമ്മോടൊപ്പമില്ല

കടലമ്മയുടെയും സുകുമാരൻ മാഷുടെയുമൊക്കെ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന ഒരുപാടു കുട്ടികൾക്ക് ചെറിയതോതി ലെങ്കിലും തണൽ നൽകിയിരുന്ന ആ പാലമരവും ഇപ്പോൾ ഇല്ല.

വികസനത്തിന്റെ പേരിൽ ഏതാനും വർഷങ്ങൾക്കു മുൻപ് ശിഖര ങ്ങൾ വെട്ടിയൊഴിവാക്കിയ ആ മരത്തെ ജെസിബി കടപുഴക്കിയെടുക്കുന്നത് വിഷമത്തോടെ നോക്കി നിൽക്കേണ്ടി വന്നു.

ഇപ്പോൾ കഴിഞ്ഞ രണ്ടു വർഷത്തോളമായി കടലമ്മയുടെ മകൻ ആദം, സ്കൂൾ ഗേറ്റിന് പുറത്ത് ഒരു മുച്ചക്രവണ്ടിയിൽ പണ്ട് ഉമ്മ നടത്തിയിരുന്ന കച്ചവടം നടത്തി നോക്കുന്നു.

പലപ്പോഴും ആദമിനടുത്തെത്തുമ്പോൾ ആ മാഷെ വിളികേൾക്കുമ്പോൾ, ഒരു ഓർമ്മ പുതുക്കാൻ അറിയാതെ തന്നെ കൈനീട്ടിപ്പോകും, ഒരു നെല്ലിക്കയ്ക്ക് വേണ്ടി....

# എൻസൈക്ലോപ്പീഡിയ എന്നാൽ എന്റെ സൈക്കള് ബെക്ക്ന്ന പീടിക അല്ല

തലശ്ശേരിയും അവിടെ നിന്ന് ആറ് കിലോമീറ്റർ ദൂരമുള്ള മറ്റൊരു കടൽത്തീര കൊളോണിയൽ പട്ടണം ആയ മാഹിയും സമാന്തര കലാലയങ്ങളുടെ വിളനിലമായിരുന്നു 1980- 90 ദശാബ്ദങ്ങളിൽ. കൊളോണിയൽ കാലത്ത്, അതായത് 19 ആം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പണിത കണ്ണാടി പാണ്ടികശാലകളിലായിരുന്നു പാരലൽ കോളേജുകൾ എന്ന പേരിൽ അറിയപ്പെടുന്ന പല പ്രശസ്ത കലാലയങ്ങളും പ്രവർത്തിച്ചിരുന്നത്. തലശ്ശേരി പാലയാട്ടെ കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഇംഗ്ലീഷ് വിഭാഗത്തിൽ നിന്ന് 1986 ൽ മൂന്നാം റാങ്കോടെ എം എ പാസായ ശേഷം പാരലൽ കോളേജിൽ മറ്റു പലരും പോയ വഴിയെ ഞാനും ചേക്കേറി. എം എ പാസായാൽ ഏതൊരു ചെറുപ്പക്കാരന്റെയും (ചെറുപ്പക്കാരിയുടെയും എന്ന് ചേർത്ത് പറയേണ്ടുന്ന ലിംഗ സമത്വ ബോധ രൂപീകരണം അന്ന് ഉണ്ടായിരുന്നില്ല) ഏറ്റവും വലിയ അഭിലാഷം നല്ല ഒരു പാരലിൽ കോളേജിൽ കയറി ചെറുപ്പത്തിന്റെ ഊർജ്ജവും വാഴ്സിറ്റി ഡിപ്പാർട്ട്മെന്റിൽ നിന്ന് വായിച്ചും ചിന്തിച്ചുമുണ്ടാക്കിയ ബൗദ്ധിക സമ്പത്തും സാഹിത്യ സംവേദന ക്ഷമതയും കൊണ്ട് ഉറക്കെ ഉറക്കെ ക്ലാസ് എടുക്കുക, നോട്ട് കൊടുക്കുക അതുവഴി വിദ്യാർഥികളുടെ ഹൃദയത്തിൽ 'മിടുക്കനായ അധ്യാപകൻ' അല്ലെങ്കിൽ 'ഐഡിയൽ ടീച്ചർ' എന്ന സ്വത്വം നിർമ്മിച്ചെടുക്കുക എന്നത് മാത്രമായിരുന്നു. പരിചയസമ്പത്ത് ഈ മേഖലയിൽ ഒട്ടും തന്നെ ഇല്ലാത്തത് കാരണം തലശ്ശേരിയിലെ കൊടികുത്തി വാണിരുന്ന പാട്യംസ് കോളേജ്, മഹാത്മ കോളേജ്, ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിൽ കയറിപ്പറ്റുക എന്നത് തികച്ചും അസാധ്യമായ കാര്യമാണെന്ന് ഞാൻ മനസ്സിലാക്കി. മാധവിക്കുട്ടിയുടെ രചനകളെ കുറിച്ച് നിരൂപണ രീതിയിൽ ലേഖനം എഴുതി അവരെ തന്നെ അമ്പരിപ്പിച്ച എം. പി. രാധാകൃഷ്ണൻ മാഷ് ആയിരുന്നു മഹാത്മാ കോളേജിന്റെ പ്രിൻസിപ്പാൾ. അദ്ദേഹത്തിനു എന്റെ ബയോഡാറ്റ കൊടുത്ത് കുറെ കാത്തിരുന്നു. കേരള- കാലിക്കറ്റ് സർവകലാശാലകളുടെ എം. എ. ഇംഗ്ലീഷ്, ബി. എ. ഇംഗ്ലീഷ് ബാച്ചുകൾ കുറേ ഉണ്ടായിരുന്ന കോളേജ് ആയിരുന്നു മഹാത്മ. അതു കൊണ്ടു തന്നെ അവിടെ പഠിപ്പിച്ചാൽ പ്രവർത്തിപരിചയവും വായനയും കൂടുതൽ



**ഡോ. എൻ. സാജൻ**
അസോസിയേറ്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം (റിട്ട.)
എസ്. എൻ. കോളേജ്, കണ്ണൂർ

നന്നാവും എന്ന് മനസ്സിലാക്കിയിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ കയറുവാനുള്ള പ്രാഥമിക അർഹതയെ കുറിച്ച് യു. ജി. സി. തലത്തിൽ ആലോചനകൾ നടക്കുന്ന കാലം. നെറ്റ് പരീക്ഷ പാസായവർക്ക് മാത്രമേ കോളേജിൽ പഠിപ്പിക്കാൻ അർഹതയുള്ളൂ എന്ന പ്രഖ്യാപനം പടിവാതിൽക്കൽ വന്നു നിന്നിരുന്ന സന്ദർഭം. സംസ്ഥാന വ്യാപകമായി നടന്ന സാക്ഷരതായജ്ഞം ജനങ്ങളുടെ ഉത്സവമായി മാറിക്കഴിഞ്ഞിരുന്ന കാലം. 1986 ൽ കണ്ണൂർ ജില്ലയിലെ ഏഴോം പഞ്ചായത്തിലെ സാക്ഷരതായജ്ഞത്തെ കേരള അനൗ പചാരിക വിദ്യാഭ്യാസ സമിതി (കാൻഫെഡ്) വിജയപഥത്തിലേക്ക് എത്തിച്ചു. "പട്ടിണിയായ മനുഷ്യാ നീ പുസ്തകം കയ്യിലെടുത്തോളൂ. പുത്തൻ ആയുധമാണ് നിനക്കത്. പുസ്തകം കയ്യിലെടുത്തോളൂ" എന്ന വിപ്ലവകരമായ മുദ്രാവാക്യം സാക്ഷരതാ പ്രവർത്തകർ അവതരിപ്പിച്ചു. പ്രസ്തുത കാലത്ത് നായനാർ സർക്കാർ ആണ് സംസ്ഥാനം ഭരിച്ചിരുന്നതെങ്കിലും കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവരും സാക്ഷരതാ പ്രവർത്തനത്തിൽ പങ്കാളികളായി. വിദ്യാഭ്യാസത്തിന്റെ മൂല്യം നാൾതോറും വർദ്ധിച്ചു വരികയും ഒട്ടുമിക്ക ടൗണുകളിലും പാരലൽ കോളേജുകൾ ഉയർന്നു വരാനും തുടങ്ങി. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കടന്നുവരവ് ഉന്നത വിദ്യാഭ്യാസമേഖലയിൽ മുമ്പെങ്ങും ഇല്ലാത്ത തോതിൽ ഉണർവുണ്ടാക്കി. കേരളത്തിലെ മൂന്നു സർവകലാശാലകളും- കാലിക്കറ്റ്, ഗാന്ധി, കേരള- പ്രൈവറ്റ് രജിസ്ട്രേ ഷന് വാതിൽ തുറന്നപ്പോൾ പാരലൽ കോളേജുകൾക്ക് ഉയർന്നു വരാൻ അത് സാഹചര്യമൊരുക്കി തീർത്തു. പലതിലും റഗുലർ കോളേജ് വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിൽ നല്ല ട്യൂഷൻ ക്ലാസുകൾ അനുബന്ധ ഘടകങ്ങളായി പടർന്നു പന്തലിച്ചു വന്നപ്പോൾ ബിരുദാ നന്തര ബിരുദം കഴിഞ്ഞു വന്നവർക്ക് എളുപ്പം ചേക്കേറാൻ പറ്റിയ ചില്ലകളായി പാരലൽ കോളേജുകൾ പ്രവർത്തിച്ചു.

ഗൾഫ് നാടുകളിൽ നിന്ന് തിരിച്ചു വന്ന അഭ്യസ്തവിദ്യർക്കും ഇവിടെ നിലനിൽക്കാൻ ഇടമൊരുങ്ങി. ഗൾഫിൽ ഏറെ വർഷങ്ങൾ സ്കൂളിൽ ഇംഗ്ലീഷ് അധ്യാപന പരിചയം സിദ്ധിച്ച് തലശ്ശേരിയിൽ തിരിച്ചെത്തിയ മൊയ്തു മാഷ് എൺപതുകളിലും തൊണ്ണൂറുകളിലും ഏറെ പ്രസിദ്ധി യാർജ്ജിച്ച വ്യക്തിയായിരുന്നു. മാഹി ട്യൂട്ടോറിയൽ കോളേജിൽ പഠിപ്പി ച്ചിരുന്ന അദ്ദേഹം വഴിയോ മറ്റോ ആരോ മുഖാന്തിരം എന്നെക്കുറിച്ച് അറിഞ്ഞു. പാട്യം കുമാരൻ മാസ്റ്ററുടെ മകൻ രാജേന്ദ്രൻ മാഷും, അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ദിവാനന്ദൻ മാഷും, തലശ്ശേരിയിൽ എന്റെ വീട്ടിൽ വന്ന് മുന്നൂറ് രൂപ ശമ്പളത്തിന് എനിക്ക് ജോലി തരപ്പെടുത്തി കരാർ ഉറപ്പിച്ചു. അതിരാവിലെ ഏഴരയ്ക്ക് തുടങ്ങുന്ന മാഹി ട്യൂട്ടോറിയലിലെ ക്ലാസ്സുകൾ ഉച്ച ഒന്നര വരെ നീണ്ടു. ശനി, ഞായർ ദിവസങ്ങളിൽ മാഹി മഹാത്മാഗാന്ധി കോളേജിലെയും മടപ്പള്ളി ഗവൺമെന്റ് കോളേജിലെയും വിദ്യാർത്ഥികൾ ട്യൂഷന് വേണ്ടി മാഹി സെമിത്തേരി റോഡിലെ ഒരു ഇടവഴിയിൽ ഉള്ള പഴയ തറവാട്ട്

വീട്ടിൽ പ്രവർത്തിച്ചിരുന്ന മാഹി ട്യൂട്ടോറിയൽസിൽ എത്തിയിരുന്നത് അധ്യാപനത്തിന് ഏറെ ആവേശം പകർന്നു. മറ്റ് ദിവസങ്ങളിൽ അവിട ത്തെ പാരലൽ പ്രീഡിഗ്രി ബാച്ചുകൾക്കും പിന്നെ ഹൈസ്കൂൾ വിദ്യാർ ത്ഥികൾക്കും ഇംഗ്ലീഷ് ക്ലാസ്സുകൾ എടുത്തായിരുന്നു ഗോദയിലേക്ക് ഇറങ്ങിത്തിരിച്ചത്.

ആംഗലഭാഷ പഠിപ്പിക്കൽ പ്രത്യേകിച്ചും പാരലൽ കോളേജാവുമ്പോൾ, "കിട്ടുണ്ണി സർക്കസ്സ്" പോലെയാണ് എന്ന് മൊയ്തു മാഷ് കൂടുതൽ പരിചയപ്പെട്ടപ്പോൾ സ്വകാര്യമായി പങ്കുവെച്ചത് ഇവിടെ സ്മരിക്കു കയാണ്. ഇംഗ്ലീഷ് ഇംഗ്ലീഷായി വായിച്ച് വിശദീകരിക്കുന്നതോടൊപ്പം തന്നെ അത് അപ്പടി മലയാളത്തിലും അവതരിപ്പിച്ചിരിക്കണം. അതു കൊണ്ട് അന്ന് ഉപയോഗിച്ചിരുന്ന ടെക്സ്റ്റ് ബുക്കുകൾ എല്ലാം തന്നെ അടിക്കുറിപ്പുകൾകൊണ്ടും മലയാളവാക്കുകൾ കൊണ്ടും പച്ച, ചുവപ്പ്, കറുപ്പ്, നീല നിറ ച്ചാർത്തോടെ സമ്പുഷ്ടമായിരുന്നു. ഒരേ ദിവസം തന്നെ ഒരേ പാഠം പല ക്ലാസ്സിലും ആവർത്തിക്കേണ്ടി വന്നതുകൊണ്ടും ഓരോ ക്ലാസ്സിലും പറഞ്ഞ തമാശകളും ഉദാഹരണങ്ങളും വ്യത്യസ്തമാക്കി വൈവിധ്യം ഉറപ്പിക്കാൻ കിട്ടുണ്ണി സർക്കസ്സ് തന്നെ അഭ്യസിക്കേണ്ടി വന്നിരുന്നു. ബാറിലും, റിങ്ങിലും, ട്രപ്പീസിലും, കമ്പിയിലും ചാടാനും ആ ടാനും ചുവടുവെക്കാനും നന്നായി ഉപകരിച്ചിരുന്നത് ബിരുദ-ബിരുദാ നന്തര കാലഘട്ടത്തിലെ ലിറ്റിൽ മാഗസീൻ, നോവൽ സാഹിത്യം, ചെറുകഥാ സാഹിത്യം, പദ്യ-ഗദ്യ സാഹിത്യം, ആനുകാലിക സാഹിത്യം എന്നിവയിലൂടെയുള്ള സഞ്ചാരാനുഭവം തന്നെ എന്ന് അടിവരയിട്ട് സമ്മതിക്കേണ്ടി വരുന്നു. ഓരോ ക്ലാസ്സും ഓരോ പെർഫോർമൻസായി തോന്നിയ കാലമായിരുന്നു അത്.

1986 ൽ ആഗസ്റ്റ് മാസം ആരംഭിച്ച അധ്യാപനവൃത്തി അനുദിനം ആസ്വദനീയവും ക്രിയാത്മകവുമായി തോന്നിയ കടമ്മനിട്ടക്കാലം. കവിതയും സാഹിത്യവും ചൊൽക്കാഴ്ചയായി കേരളമെങ്ങും അവതരി പ്പിക്കപ്പെട്ടു. കാലിക്കറ്റ് സർവ്വകലാശാല ലിറ്റിൽ തീയറ്റർ (കൾട്ട്) ആധുനിക പാശ്ചാത്യനാടകങ്ങൾ ടൗൺ ഹാളുകളിൽ അവതരിപ്പിച്ച് ചെറുപ്പക്കാരിൽ ആധുനികതയുടെ ഓളങ്ങൾ സൃഷ്ടിച്ചെടുത്തു. തലശ്ശേരി ബി. ഇ. എം. പി സ്കൂളിലും, ബ്രണ്ണൻ ട്രെയിനിങ്ങ് കോളേ ജിലും ഏതാണ്ട് എല്ലാ മാസവും ഒരു സെമിനാറോ പ്രഭാഷണ പരമ്പരയോ നടന്നിരുന്നു. എൺപതുകളുടെ അവസാന പാദത്തിലും തൊണ്ണൂറുകളിലുടനീളവും. അതിൽ ഇപ്പോഴും ജ്വലിച്ചു നിൽക്കുന്ന വ്യവഹാരം തലശ്ശേരി ബുക്ക് ക്ലബ്ബ് നടത്തിയ പ്രൊഫ. എം. എൻ. വിജയൻ മാഷിന്റെ "ഫ്രോയ്ഡും മാർക്സും" എന്ന രണ്ടു ഭാഗങ്ങളാ യിട്ടുള്ള പ്രഭാഷണ പരമ്പര തന്നെ. തലശ്ശേരി ഫിലിം സൊസൈറ്റിയുടെ അമരക്കാരനായ എഫ്. സി. ഐ. യിലെ ഉദ്യോഗസ്ഥനായ ജോസഫ്, പാരലൽ കോളേജുകളിൽ വാരാന്ത്യ സായാഹ്ന സിനിമകൾ 16. മി. മി പ്രൊജക്റ്റർ ഉപയോഗിച്ച് അവതരിപ്പിക്കുന്നതിൽ സക്രിയമായി.

കണ്ണൂരിൽ ഇന്ത്യൻ ബാങ്കിലെ പ്രേമനും സുഹൃത്തുക്കളും റെയിൽവേ സ്റ്റേഷൻ റോഡിലെ കോൺക്രീറ്റ് കെട്ടിടത്തിന്റെ രണ്ടാം നിലയിലെ വലിയ ഹാളിൽ പ്രവർത്തിച്ചിരുന്ന "ക്രാന്തി ഫിലിം സൊസൈറ്റി" യിൽ ഗൊദാർദ്, ഫെല്ലിനി, ഡിസ്സീക്ക, ലൂയി ബുനുവൽ, ഇംഗ്മാർ, ബർഗ്മാൻ, സത്യജിത്റേ, റിത്വിക് ഘട്ടക്, അകിര കുറോസാവ എന്നിവർ അണിനിരന്നപ്പോൾ തലശ്ശേരിയിൽ ഫാസ്ബിന്ദർ, ചാർളി ചാപ്ലിൻ എന്നിവർ രംഗത്ത് അവതരിച്ചു. പ്രഭാത് ബുക്സിന്റെയും മറ്റ് അപൂർവ്വം പ്രസാധകരുടെയും പുസ്തകങ്ങൾ തലശ്ശേരി പഴയ ബസ് സ്റ്റാന്റിലെ റെയ്ൻ ട്രീയുടെ തണലിൽ ചെറിയ മേശപ്പുറത്ത് വെച്ച് വിറ്റിരുന്ന കണാരിയേട്ടൻ അധ്യാപകരുടെ മുഖ്യ സഹായി ആയിരുന്നു. ഒന്നര ഉറുപ്പികയ്ക്ക് "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'; പിന്നെ മിതമായ നിരക്കിൽ "ദാസ് ക്യാപ്പിറ്റൽ", "ജർമ്മൻ ഐഡിയോളജി", "വൈരുദ്ധ്യാത്മക ഭൗതിക വാദം" "ഡയലെക്റ്റിക്സ്' അതുപോലെ ടോൾസ്റ്റോയ്, ദസ്തെ വിസ്കി, ലെനിൻ, മിഖായേൽ ഷോളോക്കോവ്, ചെക്കോവ്, ഗൊഗോൾ എന്നിവരുടെ എല്ലാം പുസ്തകങ്ങൾ അന്നു കിട്ടിയ തുച്ഛമായ ശമ്പളത്തിൽ നിന്ന് വാങ്ങി വായിക്കാനും വീട്ടിലെ ഗ്രന്ഥശേഖത്തിൽ ചേർക്കാനും സാധിച്ചു. തലശ്ശേരി കറൻറ് ബുക്സിലെ ഒ. പി. രാജ്മോ ഹന്റെ സിനിമാനിരൂപണങ്ങളും ഫിലിം സൊസൈറ്റിയിലെ മുഖവുരഭാ ഷണങ്ങളും അത്യന്തം മനോഹരവും സിനിമ എന്ന കലയുടെ ഉള്ളറകളെ മനസ്സിലാക്കി തരുന്ന തരത്തിലുള്ളതുമായി അനുഭവപ്പെട്ടു. ലോകസിനിമാ ക്ലാസ്സിക്കുകൾ ക്ലാസ്സുമുറികളിൽ അന്ന് പാഠഭാഗങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അവതരിപ്പിച്ചത് ഈ ദൃശ്യാനുഭവങ്ങളുടെ യൊക്കെ സ്വാധീനം വളരെയധികം ഉണ്ടായിരുന്നു. സിനിമകളിലെ കഥാസന്ദർഭങ്ങൾ കോർത്തിണക്കി ചെക്കോവിന്റെ "എനിമീസ്" എന്ന കഥയും ഡാനിയേൽ ഡിഫോയുടെ റോബിൻസൺ ക്രൂസോയും റോബെ ർട്ട് സതേയുടെ "ആഫ്റ്റർ ബ്ളെൻ ഹീമും" പോലെയുള്ള കഥകളും നോവലുകളും കാവ്യങ്ങളും വിദ്യാർത്ഥികളുടെ മുമ്പിൽ അവതരിപ്പിച്ചു. പുരുഷ വിദ്യാർത്ഥികളും സ്ത്രീ വിദ്യാർത്ഥികളും തമ്മിലുള്ള അനുപാ തം ഏതാണ്ട് അറുപത് അമ്പത് എന്നീ ശരാശരിയിൽ കാണപ്പെട്ടു. ശനിയാഴ്ചകളിൽ എത്തിയിരുന്ന ഒന്നാംവർഷ ഡിഗ്രി "കോളേജ് ഗോയിങ്ങ്" വിദ്യാർത്ഥികളെ ആകാംക്ഷയോടെ കാത്തിരുന്നു. സജീവ മായി ക്ലാസ്സിൽ അന്ന് ചോദ്യങ്ങളും സംശയങ്ങളും ഉന്നയിച്ചിരുന്ന മടപ്പള്ളി കോളേജ് വിദ്യാർത്ഥി ബി. സി. ജയരാജൻ ഇപ്പോൾ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പരീക്ഷാ കൺട്രോളറായി ജോലി ചെയ്യുന്നു എന്നത് അഭിമാനകരം എന്ന് തന്നെ പറയട്ടെ. അന്നുണ്ടായിരുന്ന പലരും ഇപ്പോൾ വലിയ ഉദ്യോഗത്തിൽ അല്ലെങ്കിൽ അധ്യാപകരായി സർവ്വീസ് മേഖലയിൽ നാട്ടിലും വിദേശത്തുമായി ഉണ്ട് എന്നറിയുന്ന തിൽ ഏറെ ചാരിതാർത്ഥ്യം തോന്നുന്നു. പാരലൽ കോളേജിൽ പഠിപ്പിച്ചാലും നാടകം അഭിനയിച്ചാലും ജീവിതവിജയം ഉറപ്പാണ് എന്ന് പറയാറുണ്ടല്ലോ!! പാരലൽ കോളേജ് ജീവിതം 1986-87 ൽ മാഹിയിലും, പിന്നെ 1887- '88 ഇൽ മടപ്പള്ളി കോളേജിനടുത്തുള്ള ടി. കെ. കാസിം

മാസ്റ്റർ കോളേജ് ഗോയിങ്ങ് വിദ്യാർത്ഥികൾക്കായി തുടങ്ങിയ മടപ്പള്ളി കോളേജ് ബസ് സ്റ്റോപ്പിലെ കടമുറികളുടെ മുകൾത്തട്ടിലുള്ള യൂനിവേഴ്സൽ കോളേജിലുമായിരുന്നു. മാഹി ടൂട്ടോറിയൽസിൽ മുതിർന്ന അധ്യാപകരായ ദിവാനന്ദൻ മാഷ്, പ്രഭാകരൻ മാഷ്, അജിത് മാഷ്, ദാമോദരൻ മാഷ് എന്നിവർക്ക് 1987 ജനുവരി ആവുമ്പോഴേക്കും പോണ്ടിച്ചേരി സർക്കാർ സർവ്വീസിൽ അധ്യാപകരായി ജോലിയിൽ പ്രവേശിക്കേണ്ടി വന്നപ്പോൾ പ്രിൻസിപ്പാൾ ചാർജും എനിക്ക് എൻറെ മുൻപിൽ പൊൻകുരിശായി വന്നുപെട്ടു. ഗവേഷണത്വര എന്നിൽ ശക്തിപ്രാപിച്ച കാലമായിരുന്നു അത്. മുഴുവൻ സമയഗവേഷണത്തിലേക്ക് പ്രവേശിച്ച് നാട് വിട്ട് പോകാൻ പദ്ധതിയിട്ടിരുന്നകാലം. അതിന്റെ ഭാഗമായി അവിടെ തന്നെ സായാഹ്ന ഫ്രഞ്ച് ക്ലാസ്സുകളിൽ ഇരിക്കാൻ തുടങ്ങി. പുരുഷു മാസ്റ്ററുടെ "പ സ്സെകൊംപോസ്സെ", "ദാ മാ പോഷെ", "ലാ വൊത്യൂർ " എന്നീ ചിലവാക്കുകളും പ്രയോഗങ്ങളും മാത്രം ഇപ്പോൾ മനസ്സിൽ പ്രതിധ്വനിക്കുന്നു. ഫ്രഞ്ച് പഠനം ആംഗലഭാഷയെ കൂടുതൽ ആഴത്തിലറിയാൻ വാതായനങ്ങൾ തുറന്നുതന്നു. പക്ഷേ ഏറെ താമസിയാതെ ഞാൻ മാഹി ടൂട്ടോറിയൽസിൽ നിന്നും വിടവാങ്ങി. മൊയ്തു മാഷിന്റെ വഴിയോര ഉപദേശം എന്നിൽ ആഴത്തിൽ ഊഴ്ന്നിറങ്ങി എന്നെ മറ്റ് മേച്ചിൽപ്പുറങ്ങൾ തേടി ഓടാനായി പ്രേരിപ്പിച്ചു. ഉപദേശം വളരെ പ്രസക്തം തന്നെ ഇപ്പോഴും. പാരലൽ കോളേജിൽ ഏറെക്കാലം പഠിപ്പിച്ചാൽ ഇംഗ്ലീഷ് അധ്യാപകന്റെ ഇംഗ്ലീഷും മലയാളവും ഇല്ലാതാവുമെന്ന് പലരും പറഞ്ഞിരുന്നു. അതിനുകാരണം ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് മലയാളത്തിലായിരുന്നു എന്നതു തന്നെ. തമാശകളിലൂടെ ആംഗലഭാഷ മനസ്സിലാക്കിപ്പിക്കുന്ന രീതിയായിരുന്നു പലരും അവലംബിച്ചിരുന്നത്: "എൻസൈക്ലോപ്പീഡിയ എന്നാൽ എന്റെ സൈകള് ബെക്ക്ന്ന പീടിക അല്ല; പിന്നെ സർവ്വവിജ്ഞാനകോശമാണ്; അതു പോലെ "ആഗണി" എന്നാൽ രാഗിണിയുടെ ചേച്ചി അല്ല മറിച്ച് "യാതന"യാണ്!! ഇങ്ങനെ പഠിപ്പിക്കുന്ന രീതിശാസ്ത്രം ആയിരുന്നു അന്നത്തെ "പ്രാഗ്മാറ്റിക്ക്" പദ്ധതിയിൽ അധ്യാപകർ സ്വീകരിച്ചിരുന്നത്.

അധ്യാപനം, വായന, യു. ജി. സി. നെറ്റ് പരീക്ഷ, എഴുത്ത്, സാംസ്കാരിക പ്രവർത്തനം, ഫിലിം സൊസൈറ്റി നടത്തിപ്പ് എന്നിവയ്ക്കെല്ലാം പാരലൽ കോളേജുകൾ എന്തുകൊണ്ടും നല്ല ഒരു വിളനിലം തന്നെ. ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ ആധുനിക സാഹിത്യവും യൂറോപ്പ്യൻ സിനിമാപ്രദർശനവും ലാറ്റിനമേരിക്കൻ - റഷ്യൻ സാഹിത്യപാരായണം കടമ്മനിട്ട ആറ്റൂർ രവിവർമ്മ, ആർ. രാമചന്ദ്രൻ, അയ്യപ്പ പണിക്കർ, സച്ചിദാനന്ദൻ എന്നിവരുടെ കവിതാസ്വാദനം, എം. എൻ. വിജയൻ മാഷിന്റെ പ്രഭാഷണ പരമ്പര, ഒ. എൻ. വി. കുറുപ്പിന്റെ കവിതാലാപനം, സാഹിത്യ അക്കാദമി ക്യാമ്പുകളിലെ ചർച്ചകൾ, എൻ. എൻ. കക്കാടിന്റെ കാവ്യാലാപനം, ഡോ. എം. ലീലാവതി ടീച്ചറുടെ ചടുലമായ ഭാഷണങ്ങളിലെ ആംഗല മലയാള സാഹിത്യ സമ്മിശ്രിതാശയ

വ്യവഹാരങ്ങൾ എന്നിവയെല്ലാം ആധുനിക ജീവിതത്തെക്കുറിച്ചും ആധുനിക സംസ്കാരത്തിന്റെ തത്ത്വശാസ്ത്രപരമായ ഉള്ളറകളെ കുറിച്ചും ആഴത്തിലും പരപ്പിലും കേരളീയ പരിസരത്തിൽ ഒതുക്കി നിർത്താതെ തന്നെ ഞങ്ങളിൽ പുതിയ സംവേദനക്ഷമത പരിപോഷിപ്പിച്ചെടുത്തു.

പാരലൽ കോളേജ് ജീവിതം സാർത്രിന്റെ എക്സിസ്റ്റ്യൻഷ്യലിസ്റ്റ് ജീവിതത്തിലെ ധൈഷണികമായ സ്വാതന്ത്ര്യത്തിന് സമാനമായ അരങ്ങൊരുക്കിത്തീർത്തു എന്ന് നമുക്ക് അതിശയോക്തിയോടെ തന്നെവിലയിരുത്താം. അങ്ങിനെയുള്ള സമയത്താണ് മൊയ്തുമാഷുടെ ഉപദേശം മനസ്സിൽ തറച്ചുനിന്നിരുന്നത്. പാരലൽ കോളേജ് ഒരു "വിഷ്വസ് സർക്കിൾ അല്ലെങ്കിൽ സുഖം പകരുന്ന ഒരു കെണി മാത്രമാണ്" എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉപദേശം. എത്രയും നേരത്തെ തന്നെ ഒരു സ്ഥിരം ജോലിയിലോ റെഗുലർ കോളേജിലോ പ്രവേശിച്ചിരിക്കണമെന്നും അദ്ദേഹം കാണുമ്പോഴെല്ലാം പറഞ്ഞിരുന്നു. അതേ നിർദ്ദേശം തന്നെ പിന്നീട് എഫ്. സി. ഐ. യിലെ ഉദ്യോഗസ്ഥനും പ്രാദേശിക ചരിത്രമെഴുത്തുകാരനായ ശശികുമാർ കല്ലിഡുംബിലും തലശ്ശേരി പാട്യംസ് കോളേജിലെ വിശ്വൻ മാഷും പറഞ്ഞുതരുമായിരുന്നു. അന്ന് ക്ലാസ്സിൽ നോട്ട് കൊടുത്തത് "സൈക്ലോസ്റ്റൈൽ" ചെയ്തിട്ടായിരുന്നു. ഒരു തെറ്റ് കൂടാതെയും ഇംഗ്ലീഷിൽ ടൈപ്പ് ചെയ്ത് സൈക്ലോസ്റ്റൈൽ നോട്ടുകൾ തയ്യാറാക്കിയിരുന്ന തലശ്ശേരിയിലെ കുവൈറ്റ് റിട്ടേണിയായ പി. കെ. ഖാലിദിനെ ആദരവോടെ ഓർക്കുന്നു. 1978 ൽ പുസ്തകമായി വന്ന ജി. അരവിന്ദന്റെ "ചെറിയ മനുഷ്യരും വലിയ ലോകവും" എന്ന ഗ്രാഫിക് നോവലിലെ രാമുവുമായി ഞാൻ സ്വയം ഐഡന്റിഫൈ ചെയ്തു. എം. ടി. വാസുദേവൻ നായർ രാമുവിനെ കണ്ടത് ഇങ്ങനെയായിരുന്നു: "മുജ്ജന്മശാപം പേറുന്നവനെ പോലെ ഭൗതിക വിജയമെന്ന മരീചികയിലേക്കുള്ള പടവുകൾ രാമു കയറിക്കൊണ്ടേയിരുന്നു". രാമുവിന്റെ ജീവിതവും ആരംഭിച്ചത് പാരലൽ കോളേജിലെ അധ്യാപനത്തിലൂടെയായിരുന്നു എന്ന് ഓർക്കുകയാണ്. ഏറെ താമസിയാതെ മടപ്പള്ളി കോളേജിനരികത്തുള്ള കാസിം മാഷിന്റെ കോളേജിൽ 1987 ആഗസ്റ്റ് മാസത്തെ കേരള കൗമുദി പത്രത്തിൽ പ്രത്യക്ഷമായ എസ്. എൻ. ട്രസ്റ്റ് പരസ്യം ഞാൻ കാണുകയുണ്ടായി. ആ പരസ്യത്തിൽ കേരളത്തിലാകെയുള്ള പതിനാല് എൻ. എസ്. കോളേജുകളിലെ ആംഗലാധ്യാപകരുടെ ഒഴിവുകളിലേക്കായി അപേക്ഷ ക്ഷണിച്ചിരുന്നു. അതിന് പ്രതികരണമായി ഞാനും മണിയോർഡർ അയച്ചു അപേക്ഷാഫോറം വരുത്തി സ്വന്തം കൈപ്പടയിൽ അപേക്ഷ അയച്ചു കൊല്ലം എസ്. എൻ. ട്രസ്റ്റ് ആപ്പീസ് മേൽവിലാസത്തിലേക്ക്. നവംബർ മാസം ഇന്റർവ്യൂവിന് കൊല്ലത്തുള്ള എസ്. എൻ. ട്രസ്റ്റാപ്പീസിലേക്ക് ഞാനും ഒരു ഉദ്യാഗാർത്ഥിയായി ഹാജരായി. അഡ്വക്കേറ്റ് എം. കെ. രാഘവൻ സാറിന്റെ അധ്യക്ഷതയിൽ ഇന്റർവ്യൂ നടന്നശേഷം കൊല്ലം എസ്. എൻ. കോളേജിൽ 1988 ജനുവരി

നാലിന് ജൂനിയർ ലക്ചററായി അധ്യാപന ജോലിയിൽ പ്രവേശിക്കാൻ അപ്പോയിന്റ് മെന്റ് ഓർഡർ വന്നു.

തലശ്ശേരി ചിറക്കരയിൽ സ്വന്തം തറവാടിനടുത്തുള്ള വാടക ലോഡ്ജ് വീടായ നാല്പാടി ലോഡ്ജിലെ സായാഹ്ന രാത്രികാല ഇടവേളകൾ കാരണം സാഹിത്യവും കലയും സംസ്കാരവും സിനിമയും ഒക്കെ ഒരുവിധം നല്ലരീതിയിൽ ഉൾക്കൊണ്ട കരുത്തോടെ കൊല്ലം എസ്. എൻ. കോളേജിലേക്ക് 1988 ജനുവരി മൂന്നിന് രാവിലെ പരശുരാം എക്സ്പ്രസ്സിൽ യാത്രയായി. നാല്പ്പാടി ലോഡ്ജിൽ ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ താമസിച്ചിരുന്ന സാഹിത്യകുതുകിയും വായനക്കാരനുമായ തലശ്ശേരി സ്റ്റേറ്റ് ബാങ്കിലെ ഉദ്യോഗസ്ഥൻ കോഴിക്കോട് മാങ്കാവിലെ ആർ. വി. രാമനാഥൻ ആയിരുന്നു സാമ്പത്തിക ശാസ്ത്രത്തിൽ നിന്നും വാണിജ്യ ശാസ്ത്രത്തിൽ നിന്നും ആംഗലസാഹിത്യത്തിലേക്ക് ബിരുദാനന്തരബിരുദ തലത്തിലെത്തിയപ്പോൾ എന്നെ "വഴിതെറ്റിച്ച് വിട്ടത്”. രാമനാഥനും അന്നവിടെ താമസിച്ചിരുന്ന കെ. എസ്. ഇ. ബി. യിലെ ഉദ്യോഗസ്ഥനായ മാങ്കാവ് കെ. ബാലകൃഷ്ണൻ, യൂണിയൻ ബാങ്കിലെ പയ്യന്നൂർ മാത്തിൽ സ്വദേശി ഉണ്ണി, കെ. എ സ്. ഇ. ബി. ഉദ്യോഗസ്ഥനും എം. എ ഇംഗ്ലീഷ് ബിരുദധാരി കൊട്ടാരക്കര പരുത്തിയറയിലെ കെ. വിശ്വനാഥൻ എന്ന വിശ്വേട്ടൻ എന്നീ വ്യക്തികൾ എല്ലാം തന്നെ ആധുനിക സാഹിത്യം വായിച്ചും ചർച്ചചെയ്തും ഞങ്ങളെ പുതിയ ഭാവുകത്വത്തിലേക്ക് കൊണ്ടെത്തിച്ചവർ ആയിരുന്നു എന്ന് ഇന്ന് ഈ കുറിപ്പിൽ അകമഴിഞ്ഞ കൃതജ്ഞതയോടെ സ്മരിക്കുന്നു. രാമനാഥന് കോഴിക്കോട് പട്ടണത്തിൽ നല്ല ഒരു സാസ്കാരിക സുഹൃദ് വലയം അന്നുണ്ടായിരുന്നു. അദ്ദേഹം പരിചയപ്പെടുത്തിയതിനുശേഷം വായിച്ചതായിരുന്നു കാഫ്ക, കമ്യു, സാർത്ര് സോൾഷെനിത്സിൻ, ഡി.എച്ച് ലോറൻസ്, ഗബ്രിയേൽ ഗാർഷ്യ മാർക്വസ് പോലുള്ള എഴുത്തുകാർ. സംക്രമണം, പടഹം, ദൃശ്യകല എന്നിവ ഞങ്ങളെ ഫിലിംസ്റ്റഡീസിലേക്കും, പ്രത്യയശാസ്ത്രത്തിലേക്കും, തത്ത്വശാസ്ത്രത്തിലെക്കും കൈപിടിച്ചാ നയിച്ചു. മാത്തിൽ ഉണ്ണിയുടെ പാതിരാവിലെ അന്നാകരിനീന വായന ഇപ്പോഴും മനസ്സിൽ തെളിഞ്ഞുവരികയാണ്. മോഹൻലാൽ ആദ്യമായി അഭിനയിച്ച “മഞ്ഞിൽ വിരിഞ്ഞ പൂക്കൾ” എന്ന ലൗ ട്രാജഡി അന്ന് വിലയിരുത്തിയപ്പോൾ മോഹൻലാൽ എന്ന വില്ലൻ നടൻ നല്ല ഭാവിയുള്ള സിനിമാ അഭിനേതാവാണ് എന്ന രാമനാഥൻ പ്രവചനാത്മകമായി അഭിപ്രായമാരാഞ്ഞത് ഞാൻ ഈ സന്ദർഭത്തിൽ ഓർത്തുപോവുകയാണ്.

1988 ജനുവരി നാലിന് എസ്. എൻ. കോളേജിലെ മൂന്ന് പതിറ്റാണ്ടുകൾ നീണ്ടു നിൽക്കുന്ന അധ്യാപന ജീവിതത്തിന് തുടക്കം കുറിക്കുകയായി. കൊല്ലം എസ്. എൻ. കോളേജ് എസ്. എൻ. ട്രസ്റ്റിന്റെ ഏറ്റവും നിറവാർന്ന അഭിമാനസ്തംഭമായി തലയെടുപ്പോടെ കൊല്ലം തിരുവനന്തപുരം

റയിൽവേ പാളത്തിനരികെ നിന്നിരുന്ന മൂന്നുനില കെട്ടിടം മാത്രമായിരുന്നില്ല. കേരളത്തിലെ രാഷ്ട്രീയ-സാസ്കാരിക നഭോമണ്ഡലത്തിൽ നിറസാന്നിദ്ധ്യമായി ഉയർന്നുവന്ന ഒട്ടനവധി വ്യക്തികളുടെ പൂർവ്വാശ്രമമായിരുന്നു ആ ബ്രഹത് കലാലയം. 1988 ജനുവരി 4 മുതൽ ഡിസംബർ 31 വരെ ഒരു വർഷത്തോളം അവിടെ അധ്യാപനത്തിലേർപ്പെടാൻ സാധിച്ചത് ഒരു സൗഭാഗ്യമായി തന്നെ ഓർമയിൽ നില്ക്കുന്നു. അവിടെയന്നുണ്ടായിരുന്ന ബി.കോം ക്ലാസ്സിൽ പോവുക എന്നത് ഏറ്റവും ശ്രമകരമായ ജോലി തന്നെ ആയിരുന്നു. കാരണം മറ്റൊന്നുമല്ല, ഇംഗ്ലീഷ് പാഠങ്ങളോടും പഠിപ്പിക്കാൻ ചെല്ലുന്ന "വായാടി" അധ്യാപകരോടും കോമേഴ്സ് വിദ്യാർത്ഥികൾക്ക് താല്പര്യമില്ലായിരുന്നു. ശബ്ദകോലാഹലങ്ങളോടെ പരിഹരിക്കാൻ സാധിക്കാത്ത ഒരു "എയ്ജിയൻ തൊഴുത്താ"യിരുന്നു അവിടെ ഉണ്ടായിരുന്ന അന്തരീക്ഷം. എല്ലാവരും പുറത്തുകാണുമ്പോൾ സ്നേഹമുള്ള ചെറുപ്പക്കാർ തന്നെ. പക്ഷെ ക്ലാസ്സിൽ എത്തുമ്പോൾ അവർ ഗായകരും, ചൂളംവിളി കലാകാരന്മാരും, അപസ്വരങ്ങൾ അവതരിപ്പിച്ചിരുന്ന വിദ്വാന്മാരുമായി രൂപാന്തരപ്പെടുക പതിവായിരുന്നു. ഒടുവിൽ ഒരു വിദ്യ പ്രയോഗിച്ചപ്പോൾ ഒരുവിധത്തിൽ അത് ഫലിച്ചു. ക്ലാസ്സിൽ പോയി ഹാജർ രേഖപ്പെടുത്തിയശേഷം പഠിപ്പിക്കേണ്ട ഡബ്ല്യൂ. എച്ച്. ഹഡ്സൺന്റെ "ഗ്രീൻ മാൻഷൻസ്" എന്ന നോവൽ തുറക്കാതെ അന്നത്തെ പത്രം വിടർത്തി വായന ആരംഭിച്ചു. വിദ്യാർത്ഥികളായ അവരുടെ ആത്മാഭിമാനത്തിന് അത് ക്ഷതമേൽപ്പിച്ചു. അവരിൽ ക്ലാസ്സ് വേണ്ടാത്തവർ കൂവി വിളിച്ച് എന്നെ "ബ്ലേഡ് സാജൻ" എന്ന് നാമകരണം ചെയ്ത് ഇറങ്ങി പോയിത്തുടങ്ങി. പിന്നെ എല്ലാ ക്ലാസ്സിലും പഠനം വേണ്ടവർ മാത്രം ബാക്കിയായിരുന്നപ്പോൾ ക്ലാസ്സാരംഭിക്കുക പതിവായി. എന്നാൽ ഈ നാടകീയ മുഹൂർത്തങ്ങൾ ബി. കോം ക്ലാസ്സിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റ് ക്ലാസ്സുകൾ പ്രത്യേകിച്ചും സയൻസ് ബാച്ചുകളും ഇംഗ്ലീഷ് ഐച്ഛികമായി എടുത്തുവന്ന വിദ്യാർത്ഥികൾ ഒക്കെ പഠനത്തിൽ താല്പര്യവും മികവും ഉയർന്ന നിലവാരവും പുലർത്തിയവരായിരുന്നു. ജെ. ബി. പ്രീസ്റ്റലി, ആൾഡസ് ഹക്സലി, എ. ജി. ഗാർഡിനർ, ജി. കെ. ചെസ്റ്റർടൺ, റോബർട്ട് ലിൻഡ്, പി. ജി. വുഡ്ഹൗസ്, ജവഹർ ലാൽ നെഹ്റു, രബീന്ദ്രനാഥ് ടാഗോർ, സരോജിനി നായ്ഡു, നിരാദ് സി. ചൗധരി, വി.എസ്. നൈപോൾ, ബർട്രാണ്ട് റസ്സൽ പോലെയുള്ള ഗദ്യ സാഹിത്യകാരന്മാരുടെ ലിബറൽ ഹ്യൂമസിസ്റ്റ് സ്വതന്ത്രചിന്തകൾ ക്ലാസ്സുമുറികളിൽ വിശദീകരിച്ച് ഉദാഹരിച്ച് കേരളീയ- ഭാരതീയ ജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കാൻ വായിച്ചൊരുങ്ങി പോയിരുന്ന നാളുകളായിരുന്നു എൺപതുകളുടെ അവസാനപാദവും, തൊണ്ണൂറുകളും. ചാൾസ് ഡിക്ക ൻസിന്റെ "പിക്വിക്ക് പേപ്പേഴ്സ്, ഓസ്കാർ വൈൽഡിന്റെ "ലേഡി വിൻഡർമേഴ്സ് ഫാൻ', ഷേക്സ്പിയറുടെ "ഒഥല്ലോ" ഇംഗ്ലീഷ് ബി. എ. ക്ലാസുകളിൽ പ്രധാന പാഠപുസ്തകങ്ങളായിരുന്ന കാലമായിരുന്നു അത്. ലിബറൽ ഹ്യൂമനിസ്റ്റ് ചിന്താഗതികൾ കൂടാതെ നവവിമർശന ശാഖ (ന്യൂക്രിട്ടിസിസം) ഏറെ പ്രബലമായിരുന്ന കാലം.

യുഗപുരുഷനായ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള കൊല്ലം എസ്. എൻ. കോളേജിൽ ചേർന്നുള്ള ഒരു വർഷം ഒരു പക്ഷേ അധ്യാപന ജീവിതത്തിലെ ഏറ്റവും മനോഹരവും സ്വതന്ത്രവുമായ കാലം തന്നെയായിരുന്നു. വലിയ ഇംഗ്ലീഷ് ലൈബ്രറി, അതിലെ പുതിയ ഒരുപാട് പുസ്തകങ്ങൾ വായിച്ച് ചിന്താമണ്ഡലത്തെ ഉദ്ദീപിപ്പിക്കാൻ എന്ത് കൊണ്ടും ഉത്തമമായ കാലഘട്ടം. കൊല്ലം മുണ്ടക്കലിലെ ചെറിയ വീട്ടിൽ ഫിലോസഫിയിലെ ബാലഗംഗാധരൻ എന്ന ബാലു സഹ മുറിയനായി എന്നെ സ്വീകരിച്ചു. കാരണം മറ്റൊന്നുമല്ല!! ഞാൻ വടക്കൻ കേരളീയനായതുകൊണ്ട് വിശ്വാസ വഞ്ചന കാണിക്കുകയില്ല എന്നതുതന്നെ. കൊല്ലം എസ്. എൻ. കോളേജ് ഇംഗ്ലീഷ് വിഭാഗം ഏതാണ്ട് ഒരു ബൃഹത്തായ യൂണിറ്റായി തോന്നി. എം. എ. ഇംഗ്ലീഷ് ബാച്ച്, ബി. എ. ഇംഗ്ലീഷ് ബാച്ച്, പ്രീഡിഗ്രി ബാച്ചുകൾ പതിനൊന്നെണ്ണം (എ മുതൽ കെ വരെയുള്ള ബാച്ചുകൾ) എല്ലാം കൂടെ പത്തൊമ്പത് പേരടങ്ങുന്ന വലിയ വിഭാഗം. വകുപ്പധ്യക്ഷനായി ഡോ. എസ്. ശ്രീനിവാസ്, പിന്നെ കുറേ മറക്കാനാവാത്ത നല്ല മനുഷ്യരായ അദ്ധ്യാപകർ. ഡിപ്പാർട്ടമെന്റിൽ അത്യപൂർവ്വമായ സൗഹൃദം പ്രകടമായിരുന്നു. സംഘടനകൾ രണ്ടും പ്രബലമായിരുന്നെങ്കിൽ കൂടിയും, കെ. പി. സി. ടി. എ, എ. കെ. പി. സി. ടി. എ എന്നീ വലത്- ഇടത് കോളേജധ്യാപക സംഘടനകൾ സജീവമായ ക്യാംപസ്സാണെങ്കിലും അവിടെ അന്നുണ്ടായിരുന്ന ഇരുന്നൂറ്റി അമ്പതിലേറെ വരുന്ന അധ്യാപകർ ചേർന്നുള്ള സ്റ്റാഫ് ക്ലബ്ബ് വളരെ സജീവവും സക്രിയവുമായി തന്നെ തോന്നി. ഇംഗ്ലീഷിൽ മറ്റെങ്ങും കാണാത്ത വായനാസംസ്കാരം നിലനിന്നിരുന്നു. അധ്യാപകർ ചേർന്ന് പിരിവെടുത്ത് ഏതാണ്ട് ആറോളം ആംഗലഭാഷാ ആനുകാലികങ്ങൾ വരുത്തിയിരുന്നു എല്ലാവർക്കും വീട്ടിൽ കൊണ്ടു പോയും ഡിപ്പാർട്ട്മെന്റിൽ നിന്നും വായിക്കാൻ. ഇല്ലസ്ട്രേറ്റഡ് വീക്കിലി, ടൈം വാരിക, ഇന്ത്യാടുഡേ അവയിൽ ചിലതായിരുന്നു. ഓരോ മൂന്നു മാസം കഴിയുമ്പോൾ അവ പകുതി വിലയ്ക്ക് ലേലം ചെയ്ത് അധ്യാപകർ വാങ്ങി വീട്ടിൽ കൊണ്ടുപോവുക പതിവായിരുന്നു. യു. ജി. സി. ശമ്പള നിരക്കൊന്നും ഇല്ലാത്ത കാലമായത് കാരണം എല്ലാവരും അത്യാവശ്യം ട്യൂഷനൊക്കെ എടുത്ത് ജീവിതം അത്യാവശ്യത്തിന് ആഡംബരപൂർണ്ണമാക്കിയെടുക്കാൻ ശ്രമിച്ചിരുന്ന കാലഘട്ടം. വളരെ ആവേശകരമായി ഉറക്കമൊഴിഞ്ഞ് പ്രിപയർ ചെയ്ത് ഒന്ന്, രണ്ട്, വർഷ എം. എ. ക്ലാസ്സുകളിലെ അധ്യാപനം സാധ്യമാക്കിയ ആ വർഷം ഇപ്പോഴും ഓർമ്മയിൽ മായാതെ ഉണർവേകുന്നു. ജോസഫ് കോൺറാഡിന്റെ ലോർഡ് ജിം, ഡിലൺ തോമസ്, ഡി. എച്ച്. ലോറൻസ്, തോമസ് ഹാർഡി എന്നീ ആംഗല സാഹിത്യത്തിലെ ക്ലാസിക് എഴുത്തുകാരെ കുറിച്ച് ഒരുപാട് വായിച്ച് ചെന്ന് ക്ലാസ്സെടുക്കുമ്പോൾ കിട്ടിയ ബൗദ്ധി കാനുഭൂതി അസാധാരണമായി മനസ്സിൽ തങ്ങിനിൽക്കുന്നു ഇപ്പോഴും. അക്കാലത്ത് കൊല്ലം എസ്. എൻ. കോളേജിൽ നിന്ന് വിരമിച്ചു പോയ എൻ. രവീന്ദ്രൻ സാറിന്റെ ഒഴിവിലായിരുന്നു ഞാൻ അവിടെ ചെന്ന് ചേർന്നത് എന്ന് പിന്നീട് അറിയാൻ സാധിച്ചു, രവീന്ദ്രൻ സാർ പുസ്തകം

ക്ലാസ്സിൽ കൊണ്ട്പോകാതെ എല്ലാം മനസ്സിൽ പകർത്തിയിട്ട് പോയി അനിതര സാധാരണമായ ഓർമയോടെ ലെക്ച്ചർ ചെയ്തിരുന്ന അധ്യാപക ശ്രേഷ്ഠനായിരുന്നു എന്ന് പലരും പറഞ്ഞു കേട്ടിരുന്നു. അദ്ദേഹത്തെ പോലെയുള്ള അധ്യാപകനാവാൻ ഞാൻ മനസ്സിന്റെ ഉള്ളിൽ ചിലപ്പോഴൊക്കെ ആഗ്രഹിച്ചുപോയിരുന്നു. വായന ഒരു ദീർഘകാല തപസ്യ ആക്കി തീർക്കുക അങ്ങിനെ പറ്റാവുന്ന രീതിയിൽ അധ്യാപനത്തിന്റെ പടവുകൾ ഓരോന്നായി കയറിപോവുക, ഇങ്ങനെ ഒക്കെയായിരുന്നു അന്നത്തെ സ്വപ്നങ്ങൾ.

കൊല്ലത്തു നിന്ന് കെ. ചന്ദ്രൻ സാർ വഴി കാക്കനാടൻ എന്ന പ്രശസ്ത മലയാള നോവലിസ്റ്റിനെ പരിചയപ്പെട്ട രാവ് ഓർത്തുപോവുകയാണ്. സായാഹ്നങ്ങളിൽ ചിലപ്പോൾ കേട്ടിരുന്ന പ്രഭാഷണങ്ങൾ വൈക്കം ചന്ദ്രശേഖരൻ നായരുടെതായിരുന്നു. കോളേജിൽ നല്ല സാഹിത്യ പ്രതിഭകളായ അധ്യാപകരുണ്ടായിരുന്നു. അതിൽ ഏറ്റവും പ്രശസ്തർ കവി കിളിമാനൂർ രമാകാന്തൻ സാറും, കെ. പി. അപ്പൻ സാറുമായിരുന്നു. പ്രഭാകരൻ പഴശ്ശി ചെറുകഥകളും ലേഖനങ്ങളും എഴുതി പ്രശസ്തനായി അറിയപ്പെട്ടിരുന്ന പ്രഭാഷകൻ കൂടി ആയിരുന്നു. ഇംഗ്ലീഷ് വിഭാഗത്തിൽ ഏറ്റവും കൂടുതൽ ഞാനുമായി അടുത്ത സീനിയർ അധ്യാപകർ പ്രൊഫ. കെ. ഗോപിനാഥൻ, പ്രൊഫ. കെ. സോമദാസൻ, പ്രൊഫ. കെ. ചന്ദ്രൻ, ഡോ. എസ്. ശ്രീനിവാസൻ, പ്രൊഫ. കെ. സോമരാജൻ എന്നിവരായിരുന്നു. പ്രീഡിഗ്രി ക്ലാസ്സുകളിൽ പോകേണ്ടി വന്നപ്പോൾ എനിക്ക് കിട്ടിയിരുന്നത് “കെ” ബാച്ചാ യിരുന്നു. ചെറുപ്പക്കാരായ പോലീസ് ഉദ്യോഗസ്ഥരെ പ്രശ്നബാധിത പ്രദേശത്ത് പോസ്റ്റ് ചെയ്താൽ അവൻ ചെറുപ്പത്തിന്റെ ഊർജ്ജവും പ്രത്യുൽപന്ന മതിത്വവും കൊണ്ട് ആ ദേശത്തെ നേരെയാക്കി കൊണ്ടുവരുമെന്ന് കേട്ടിട്ടുണ്ടു. അതുപോലെ കൊല്ലത്തുള്ള പ്രശ്നബാധിതമായ ക്ലാസ്സുകൾ പലതും അലോട്ട് ചെയ്യപ്പെട്ടത് എന്റെ ടൈം ടേബിളിൽ ആയിരുന്നു.

കണ്ണൂർ എസ്. എൻ. കോളേജ് പഠിച്ച കോളേജ് തന്നെ ആയിരുന്ന കലാലയമായത് കൊണ്ട് അവിടെ എത്തുക വലിയ ഒരു സ്വപ്നം തന്നെയായിരുന്നു. എ. കെ. പി. സി. റ്റി. എ എന്ന പ്രൈവറ്റ് കോളേജ് അധ്യാപക സംഘടന നീണ്ട കോടതി വ്യവഹാരങ്ങൾ നടത്തിയതിന്റെ ഫലമായി മിനിമം “ഔട്ട് സ്റ്റേഷൻ സർവ്വീസ്” കഴിഞ്ഞവർക്ക് “ഹോം കോളേജി"ലേക്ക് അധ്യാപകരുടെ ഇഷ്ടാനുസരണം അവരുടെ സ്വന്തം നാട്ടിലുള്ള കോളേജിലേക്ക് സ്ഥലംമാറ്റം കൊടുത്തിരിക്കണം എന്ന് അനുശാസിക്കുന്ന തരത്തിലായിരുന്നു കോടതി വിധി ഒടുവിൽ വന്നത്. “സെക്ഷൻ സിക്സ്റ്റി ഫോർ” വകുപ്പ് ഭേദഗതിയിലൂടെ മാനേജ്മെന്റിന് കീഴിലെ കോളേജുകളിൽ ജോലി ചെയ്യുന്ന എല്ലാ അധ്യാപകരുടെയും സ്ഥലം മാറ്റ സംബന്ധിയായ ഹൈക്കോടതി വിധിയുടെ പിൻബലത്തിൽ ഞങ്ങൾ കുറച്ചു പേർ കേരളത്തിന്റെ വടക്കേ അറ്റത്തുള്ള കണ്ണൂർ ശ്രീനാരായണ കോളേജിൽ 1989 പുതുവർഷ പുലരിയിൽ വന്ന്

അധ്യാപനത്തിൽ പ്രവേശിക്കുകയുണ്ടായി. തികച്ചും വ്യത്യസ്തമായ വടക്കൻ കേരളീയ അന്തരീക്ഷം. പാശ്ചാത്യവത്കൃത സ്വഭാവസവിശേഷ തകൾ ഏറെയുള്ള കണ്ണൂർ എസ്. എൻ. പരിസരത്തേക്ക് പറിച്ചുന ടപ്പെട്ടപ്പോൾ അവിടെ ബി. എ ക്ലാസ്സുകളിൽ ലിറ്ററി ക്രിട്ടിസിസമാ യിരുന്നു പഠിപ്പിക്കാൻ കിട്ടിയ പാഠഭാഗം. പ്രൊഫ. രമേശ് ബോസിന്റെ കടുത്ത ശിക്ഷണത്തിലായിരുന്നു ഇംഗ്ലീഷിലെ വിദ്യാർത്ഥികളും അധ്യാപകരും. പഠിച്ച കലാലയത്തിൽ തന്നെ പഠിപ്പിച്ച അധ്യാപകരായ പ്രൊഫ. കെ. സൗമിനി, പ്രൊഫ. എം. മുഹമ്മദ്, പ്രൊഫ. പി. പി. ശ്രീധരൻ, പ്രൊഫ. കെ. ഗീത എന്നിവരുടെ ശിക്ഷണത്തിൽ അധ്യാപന ത്തിലേക്ക് പ്രവേശിച്ച അപൂർവ്വാനുഭൂതി ഏറെയായിരുന്നു. കേരള സർക്കാർ എൺപതുകളിൽ കൊണ്ടുവന്ന പ്രീഡിഗ്രി ബാച്ചുകളുടെ ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള കാലമായിരുന്നു അത്. വിദ്യാർത്ഥികൾ ഏതാണ്ട് നാലായിരം ഒരു ദിവസം രാവിലെയും ഉച്ചകഴിഞ്ഞും വന്ന് പോയ ആരവമേറിയ ക്യാംപസ്സ്. കണ്ണൂരിലെ മധ്യവർഗ്ഗ ഭവനങ്ങളിൽ നിന്നെത്തിയ വിദ്യാർത്ഥികൾ ഏറെയും അഭ്യസ്തവിദ്യരായ രക്ഷാകർ ത്താക്കളുടെ പിൻതലമുറക്കാരായിരുന്നു. കണ്ണൂരിന്റെ പ്രാന്തപ്രദേശ ങ്ങളിൽ നിന്നെത്തിയിരുന്നവിഭാഗം വിദ്യാർത്ഥികൾ ഒരു പക്ഷേ അന്ന് ആകെയുള്ള വിദ്യാർത്ഥികളുടെ ഇരുപത് ശതമാനത്തിൽ താഴെ ആയി കാണപ്പെട്ടു. മാഗസീനുകളും നോവലുകളും കഥകളും വായിച്ച് രസിച്ച് ക്ലാസ്സുകളിൽ ഏറെ പ്രതീക്ഷയോടെ എത്തിയവർ. ആംഗലഭാഷയിൽ ഏറ്റവും പുതിയ കാര്യങ്ങൾ ജീവിതഗന്ധിയായ രീതിയിൽ വിസ്തരിച്ച് ഓരോ ക്ലാസ്സും ഓരോ ക്രിയാത്മകമായ വർക്ക് പോലെ പരിഗണിച്ച് അവതിപ്പിക്കാൻ ശ്രദ്ധിച്ചു. ക്ലാസ്സുകൾ അവയുടെ ഗുണമേന്മ നോക്കി അറ്റൻഡു ചെയ്യാൻ ക്യാംപസ്സിലെത്തിയ വിദ്യാർത്ഥികളായിരുന്നു ഏറെയും പേർ. വായനയും എഴുത്തും പിന്നെ ആൾ ഇന്ത്യ റേഡി യോയും ദൂരദർശൻ ടി. വി. യും മാത്രം വിജ്ഞാന പോഷണത്തിന്റെ ഉപാധികളായിരുന്ന കാലം. അധ്യാപകർ അവരുടെ അകൽച്ച വിദ്യാർ ത്ഥികളിൽ നിന്ന് പരമ്പരാഗത രീതിയിൽ നിലനിർത്തുന്നതിൽ ബദ്ധശ്ര ദ്ധരായിരുന്നു. “കീപ് ദെം അറ്റ് ആൻ ആംസ് ലെംഗ്ത്” എന്നതാണല്ലോ പഴമക്കാരായ അധ്യാപകരുടെ രീതിശാസ്ത്രം!! ഇംഗ്ലീഷിൽ ആ രീതി ശാസ്ത്രം നിലനിന്നിരുന്നെങ്കിൽ കൂടി സാഹിത്യത്തിലൂടെ കടന്നുവന്ന ആധുനികതയുടെ സ്വാധീനത്താൽ കുറച്ചുകൂടെ ലിബറലിസം അധ്യാപക- വിദ്യാർത്ഥി ബന്ധങ്ങളിൽ വ്യക്തമായി അനുഭവപ്പെട്ടു. എങ്കിൽ കൂടി സീനിയർ ജൂനിയർ തരംതിരിവ് ചിലപ്പോഴൊക്കെ അതിന്റെ ഇടയിൽ തല പൊക്കാറുണ്ടായിരുന്നു.

കൊളോണിയൽ ആധുനികതയും നെഹ്റുവിയൻ ആധുനികതയും ചേർന്ന് ലയിച്ചുണ്ടായ കണ്ണൂർ പട്ടണ സംസ്കാരത്തിന്റെ സ്പന്ദന ങ്ങൾ നിറഞ്ഞു നിന്ന കലാലയമായിരുന്നു ആയിരത്തിതൊള്ളായി രത്തി തൊണ്ണൂറുകളിലെ എസ്. എൻ. എൺപതുകളിൽ കേന്ദ്രം ഭരിച്ച പ്രധാനമന്ത്രി രാജീവ് ഗാന്ധി ഉണ്ടാക്കിയെടുത്ത യൂത്ത് കൾച്ചർ ഉന്നത

വിദ്യാഭ്യാസത്തിലൂടെയും ഹിന്ദി സിനിമയിലൂടെയും ദൂരദർശൻ ടി. വി. പരിപാടികളിലൂടെയും ക്യാമ്പസ്സുകളിൽ സന്നിവേശിപ്പിക്കപ്പെട്ടിരുന്നു. ഗണിത ശാസ്ത്രം, രസതന്ത്രം, ഊർജ്ജ ശാസ്ത്രം, സസ്യ- ജന്തുശാസ്ത്രം എന്നീ വിഷയങ്ങൾക്ക് വലിയരീതിയിൽ വിദ്യാർത്ഥികൾ പ്രാമുഖ്യം കല്പിച്ചിരുന്നതിന് കാരണങ്ങൾ പലതാവാം. ഡോക്ടർ എഞ്ചിനീയർ പ്രൊഫഷനുകൾ വിദ്യാർത്ഥികളുടെയിടയിൽ പടർന്നു പന്തലിച്ച് ഏവരുടെയും സ്വപ്നങ്ങളിൽ ഇടംപിടിച്ചിരുന്നു. പ്രീഡിഗ്രി കഴിഞ്ഞ് ഡിഗ്രിക്ക് വന്ന ശാസ്ത്ര വിദ്യാർത്ഥികൾ നന്നായി വായിച്ച് സാമൂഹ്യ-രാഷ്ട്രീയ- സാംസ്കാരിക സംഗതികളെ നന്നായി വിശകലനം ചെയ്ത് സംസാരിക്കാനും എഴുതാനും മികവുള്ളവർ ആയിരുന്നു. ക്ലാസ്സിൽ റോബർട്ട് ലിൻഡിന്റെയോ സി. പി. സ്നോവിന്റെയോ ജേക്കബ് ബൊണോസ്കിയുടെയോ പ്രസക്ത ഗദ്യ വാചകങ്ങളെക്കുറിച്ച് സന്ദർഭം വിവരിച്ച് ആശയം വിശദമാക്കാൻ പറഞ്ഞാൽ അവർ എഴുന്നേറ്റ് നിന്ന് ആത്മവിശ്വാസത്തോടെ ആംഗല ഭാഷയിൽ സ്വന്തമായി സ്വാംശീകരിച്ച ആശയങ്ങൾ അവതരിപ്പിച്ചത് പലപ്പോഴും അതിശയം ജനിപ്പിക്കുന്ന തരത്തിലായിരുന്നു. ആംഗല സാഹിത്യം പഠിക്കാൻ വന്ന വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള പുസ്തകം തെരഞ്ഞെടുക്കൻ ഡിപ്പാർട്ട്മെന്റ് ലൈബ്രറിയിൽ നിന്ന് സൗകര്യം ചെയ്ത് കൊടുത്തപ്പോൾ മറ്റ് അധ്യാപകർ അതിനോട് പൂർണ്ണമായി യോജിച്ചില്ല. പുസ്തകം അധ്യാപകൻ കറൻസി നോട്ട് പോലെ എണ്ണിത്തിട്ടപ്പെടുത്തി രേഖപ്പെടുത്തി കൊടുത്തിരിക്കണമെന്ന നിഷ്ഠയായിരുന്നു മിക്കവർക്കും, ക്ലാസ് മുറിയിലും ഡിപ്പാർട്ട്മെന്റ് ലൈബ്രറിയിലും വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യവും സംവാദാത്മകമായ സ്പേസും അനുവദിച്ചു നൽകിയ അധ്യാപകൻ എന്നത് എനിക്ക് വിദ്യാർത്ഥികളുടെയിടയിൽ അനന്യമായ സ്വത്ത്വം ഉരുത്തിരിഞ്ഞു വരാൻ സാഹചര്യങ്ങൾ ഒരുക്കിത്തീർത്തു. ബി. എ.- ബി. എസ്. സി. ലാംഗ്വേജ് ക്ലാസ്സുകളിൽ രണ്ടാം വർഷം ആയപ്പോൾ ഒരു ഷേക്സ്പിയർ നാടകം പൂർണ്ണമായും പഠിപ്പിക്കാൻ ഉണ്ടായിരുന്നു. മൂന്ന് വൈവിധ്യമാർന്ന എഡിഷനുകൾ പഠിച്ച് ഓരോ വരിയുടെയും വിപുലമായ അർഥം കാലികപ്രസക്തമായ രീതിയിൽ 1989 മുതൽ ഒരു വ്യാഴവട്ടക്കാലം അവതരിപ്പിച്ച വസന്തകാലമുണ്ടായത് ഇവിടെ ഓർത്തെടുക്കുകയാണ്. 1996 വരെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഭാഗമായിരുന്ന കോളേജിൽ പഠനവും കലയും രാഷ്ട്രീയവും കലഹങ്ങളും വിദ്യാർത്ഥികളുടെ ചിന്താമണ്ഡലത്തെ പലരീതിയിൽ വികസിച്ചുവരാൻ സഹായകമായതായിരുന്നു എന്ന് തന്നെ നമുക്ക് വിലയിരുത്താം. ഒരു വശത്ത് പഴയകാല അധ്യാപരായ പ്രൊഫ. രമേശ് ബോസ്, പ്രൊഫ. എം മുഹമ്മദ്, പ്രൊഫ. പി. പി. ശ്രീധരൻ, പ്രൊഫ. സൗമിനി കൃഷ്ണൻ എന്നിവർ പരമ്പരാഗത രീതി യിൽ ക്ലാസ്സുകൾ മുന്നോട്ടു കൊണ്ടു പോയപ്പോൾ, മറുവശത്ത് കണ്ണൂർ കോസ്മോപൊളീറ്റൻ സംസ്കാരം ഉൾക്കൊണ്ട് വിദ്യ അഭ്യസിക്കാനും കലാലയജീവിതം ക്ലാസ്സുമുറിക്കകത്തും പുറത്തും ഒരേ പോലെ അനുഭവിച്ചാസ്വദിച്ച് ചെറുപ്പത്തിന്റെ തിളപ്പ് ആഘോഷ പുരസരം കോളേജ് ഓർമ്മകൾ അനശ്വരമാക്കി

പൊലിപ്പിച്ചെടുക്കാനെത്തിയ പുരുഷ - വനിതാ വിദ്യാർത്ഥികൾ ആംഗ ലവിഭാഗത്തെ സജീവമാക്കി തീർത്തു. വകുപ്പ് മേധാവിയായ പ്രൊഫ. രമേശ് ബോസിന്റെ ഉത്തരവാദിത്ത്വങ്ങൾ സമ്മർദ്ദങ്ങൾ നിറഞ്ഞതായി കാണപ്പെട്ടു. ക്ലാസ്സിൽ വരാതെ സ്വതന്ത്ര സംഘടനയായ “ഈസി ഈസി” (ഇ. സി. ഇ. സി - ഇലക്ഷൻ കമ്മിറ്റി ഫോർ എഫിഷ്യന്റ് ക്യാൻ ഡിഡേറ്റഡ്) പ്രവർത്തനങ്ങളിൽ ലയിച്ചു പോയ ഒട്ടേറെ ഇംഗ്ലീഷ് വിദ്യാർത്ഥികൾ പലപ്പോഴും ബോസ് സാറിന്റെ മുമ്പിൽ പ്രതികളായും കൂട്ടുപ്രതികളുമായി എത്തിയിരുന്നു. അവർക്ക് അവരുടെ ധർമ്മ സങ്കട ങ്ങൾ പങ്ക് വെക്കാനും ബോധിപ്പിക്കാനും അന്നുണ്ടായിരുന്നത് ഇരുപ ത്തിയഞ്ച് വയസ്സുകാരനായ ഞാൻ മാത്രം. കോളേജിലെത്തിയാൽ വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്ന ജീവിതം സ്കൂൾ ചട്ടക്കൂട്ടിൽ നിന്ന് വിഭിന്നമായി സ്വതന്ത്രമായതും സ്വൈര്യവിഹാരത്തിന് ഇടമു ള്ളതാണു മെന്ന് മനസ്സിലാക്കാനോ ഉൾക്കൊള്ളാനോ അധ്യാപകരിൽ പലർക്കും സാധിച്ചിരുന്നില്ല. കേരളത്തിലെ പല കലാലയങ്ങളിലുമുള്ള പോലെ എസ്.എന്നിലും ഇ. സി. ഇ. സി. എന്ന അരാഷ്ട്രീയ സംഘടന സ്വതന്ത്ര മായി വിഹരിക്കാൻ വിദ്യാർത്ഥികൾക്ക് സ്പേസ് നൽകിയ വേദിയെ പ്രിൻസിപ്പാൾ പ്രൊഫ. ഒ. പി. ധനലക്ഷ്മി പാടെ നിരോധിച്ചു. സംഘടന യുടെ സിമന്റിൽ തീർത്ത ഇരിപ്പിടങ്ങൾ രാത്രിയുടെ മറവിൽ എങ്ങോ ട്ടോ പോയി മറയുകയായിരുന്നു.

മനസ്സിനെ ഭ്രമിപ്പിക്കുന്ന ചിത്രങ്ങളോടുകൂടിയ “ഡെബോനയർ” “സ്റ്റാർ ഡസ്റ്റ് “സ്റ്റാർ ആന്റ് സ്റ്റൈൽ' ആനുകാലിക പ്രസിദ്ധീകരണം പോലും ക്ലാസ്സ് മുറികളിൽ ലക്ച്ചർ നടക്കുന്നതിനിടയിൽ സമാന്തരപരിപാടി യായി വായിച്ചിരുന്ന ബാക്ക് ബെഞ്ചു കാർ ആൺ-പെൺ ഭേദമില്ലാതെ ഉണ്ടായിരുന്നത് ഓർമയിൽ വരികയാണ്. എന്നാൽ പരീക്ഷ അടുക്കു മ്പോൾ അവർ പലരും പരസ്പരം സഹായിച്ചും സഹകരിച്ചും നോട്ടും ടെക്സ്റ്റും നന്നായി ഹൃദിസ്ഥമാക്കി പരീക്ഷ എഴുതി പാസ്സായിരുന്നു. “ബാക് ബെഞ്ചേഴ്സ്” പലരും ഇപ്പോൾ ഗൾഫിലും രാജ്യത്തിനകത്തും ബിസിനസ്സുമേഖലയിലും മറ്റ് ഉദ്യോഗങ്ങളിലുമായി നല്ലനിലയിൽ കഴിയു ന്നു. വിദ്യാർത്ഥിനികൾ വലിയവിഭാഗവും ബി. എഡ്. ചെയ്ത് പല സ്കൂളുകളിൽ അധ്യാപികമാരായി നല്ല നിലയിൽ ജീവിതം മുന്നോട്ട് കൊണ്ടുപോ കുന്നവരാണ്. അതിനിടയിൽ പഠിപ്പിച്ച വിദ്യാർത്ഥിനിയെ തന്നെ വിവാഹബന്ധത്തിലേക്ക് കൊണ്ടു വരാനുള്ള അപൂർവ്വ സൗഭാഗ്യവും എനിക്ക് ലഭിച്ചു.

ഒരു കോളേജിൽ അധ്യാപകന് എത്താൻ പറ്റുന്ന ഏറ്റവും ഉയർന്ന സ്ഥാനം പ്രിൻസിപ്പാളിന്റേതാണ്. എന്നാൽ മറ്റ് ഉദ്യോഗങ്ങളുമായി താരതമ്യം ചെയ്ത് നോക്കിയാൽ വളരെയധികം സമ്മർദ്ദമുള്ള ജോലിയായി തോന്നിയിട്ടുള്ളതിനാൽ പി.എച്ച്.ഡി സമർപ്പിച്ച് 2002 ൽ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് കോളേജിൽ തിരിച്ചെത്തിയപ്പോൾ ഒരിക്കലും ആ സ്ഥാനത്തിന് വേണ്ടി ശ്രമിക്കരുത് എന്നത് എന്റെ വ്യക്തിപരമായ തീരുമാനമായിരുന്നു.

1990-91 കാലഘട്ടത്തിൽ കെ.എസ്.യു വിദ്യാർത്ഥി സംഘടനയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഒരു മാസത്തോളം നീണ്ടു നിന്ന പ്രിൻസിപ്പാൾക്കെതിരായ സമരമായിരിക്കാം ഒരു പക്ഷേ കോളേജ് ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ വിദ്യാർത്ഥി പ്രക്ഷോഭം. പ്രിൻസിപ്പാൾ രാജിവെച്ച് പുറത്തുപോവുക എന്നതായിരുന്നു പ്രധാന മുദ്രാവാക്യം; അഡ്മിഷനിൽ കാണിച്ച അഴിമതിയും സ്വജനപക്ഷപാതവും അവർക്കെതിരായി കുറ്റങ്ങളായി ആരോപിക്കപ്പെട്ടു. കലങ്ങിയും മറിഞ്ഞും സാഹചര്യങ്ങൾ ഉയർന്നു വന്നപ്പോൾ അവർ ഒടുവിൽ ലീവിൽ പോകേണ്ടിവരികയും ചെയ്തു. ചർച്ചകളിലൂടെയും ബാഹ്യമായ ഇടപെടലുകളിലൂടെയും പിന്നെ അത് രമ്യമായി പരിഹരിക്കപ്പെട്ടപ്പോൾ കോളേജ് ഒന്നാകെ ദീർഘനിശ്വാസം പുറപ്പെടുവിച്ച സന്ദർഭം ഇവിടെ ഓർത്തുപോവുകയാണ്. ഒരു കോളേജ് അധ്യാപക അധ്യാപികയുടെ തൊഴിൽ വളരെയധികം ശ്രദ്ധയോടെയും കരുതലോടെയും നിർവ്വഹിക്കേണ്ടതാണ് എന്ന് തെളിയിക്കുന്ന ഇങ്ങനെയുള്ള ഒട്ടനേകം സംഭവങ്ങളും സന്ദർഭങ്ങളും ഒട്ടേറെ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയെല്ലാം വിവരിച്ചാൽ ഈ ഓർമക്കുറിപ്പ് പല ദുർഘടവഴികളിലേക്കും ചെന്നെത്താൻ സാധ്യതയുള്ളതിനാൽ അതിന് മുതിരുന്നില്ല.

കോളേജധ്യാപകന്റെ നിലയും വിലയും സോഷ്യൽ സ്റ്റാറ്റസും കേരളത്തിൽ ആകെ ഭേദപ്പെടുന്ന കാലഘട്ടമായി വേണം ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറുകളെ നോക്കി കാണാൻ.. എ.കെ.പി.സി.ടി.എ നടത്തിപോന്നിരുന്ന യു.ജി.സി. ശമ്പളത്തിനുവേണ്ടിയുള്ള 1989-90 കാലത്തുണ്ടായ സമരങ്ങൾക്ക് കുറേ കഴിഞ്ഞാണ് ഫലമുണ്ടായത്. അധ്യാപകർക്ക് യു.ജി.സി, ശമ്പളം നായനാർ സർക്കാർ പ്രാബല്യത്തിൽ കൊണ്ടു വന്നപ്പോൾ കോളേജ് അധ്യാപകരുടെ സാമ്പത്തിക നിലവാരം മാത്രമല്ല മെച്ചപ്പെട്ടത്. കേരളത്തിൽ ആകമാനമുള്ള ഗവൺമെന്റ് - എയ്ഡഡ് കോളേജ് അധ്യാപകർ കൂടുതൽ പുസ്ത കങ്ങൾ വാങ്ങുവാനും വായിക്കാനും യു. ജി. സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സെമിനാറുകളിൽ പ്രബന്ധങ്ങളും ജേർണലുകളിൽ പഠനങ്ങളും ഗവേഷണ ലേഖനങ്ങളുമൊക്കെ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചത് സമൂലമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. തൊണ്ണൂറുകളിലെ എസ്.എൻ ക്യാംപസും ഈ ഗുണപരമായ പരിണാമങ്ങൾക്ക് പാത്രീഭവിച്ചുകൊണ്ട് അവിടെ പുതിയ അധ്യാപക സമൂഹം തന്നെ വന്നുതുടങ്ങി. എം.എ വെറും അടിസ്ഥാന യോഗ്യതയായി മാറുകയും എം.ഫിൽ, പി.എച്ച്.ഡി പോലുള്ള ഉന്നത ബിരുദത്തോടെ യുള്ള നവാഗതർ എസ്.എന്നിൽ എത്തി തുടങ്ങുകയും ചെയ്തു.

തൊണ്ണൂറ്റിയഞ്ച് കഴിഞ്ഞ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന അഞ്ചുവർഷങ്ങൾ ഒരുപാട് അവസ്ഥാന്തരങ്ങൾക്ക് സാക്ഷ്യം വഹിച്ച സമയസന്ധിതന്നെയായിരുന്നു. പ്രീഡിഗ്രിയുടെ വേർപെടുത്തൽ യു.ജി.സി. മാനദണ്ഡമനുസരിച്ച് നടപ്പിലാക്കുമ്പോൾ കേരളത്തിലെ ഒട്ടേറെ

അധ്യാപകർ ഹയർ സെക്കണ്ടറി ബോർഡിനു കീഴിലെ സ്കൂളുകളിൽ പുനർ വിന്യസിക്കപ്പെടുന്ന ഭീഷണി ഡെമോക്ലസ്സിന്റെ വാള് പോലെ നമ്മുടെയെല്ലാം തലയ്ക്ക് മീതെ വന്നു നിന്നിരുന്നു. അതുകൊണ്ട് ഒരു സുരക്ഷാവാതിൽ ആയി ഞാൻ കൊച്ചിയിലെ സ്കൂൾ ഓഫ് കമ്മ്യൂണി ക്കേഷൻ ആന്റ് മാനെജ്മെന്റിൽ ചേർന്ന് വിദൂര വിദ്യാഭ്യാസ സമ്പ്രദായ ത്തിൽ ജർണലിസം - പബ്ലിക് റിലേഷൻസ് എന്നീ വിഷയങ്ങളിൽ പോ സ്റ്റ് ഗ്രാറ്റ് ഡിപ്ലോമ കരസ്ഥമാക്കി. ഇനി സ്കൂളിൽ ബി.എഡ് ഒന്നുമി ല്ലാതെ പഠിപ്പിക്കുന്നതിനേക്കാൾ ഭേദം പത്രപ്രവർത്തനമായിരിക്കും എന്ന ചിന്തിച്ച കാലവും ഉണ്ടായത് ഇവിടെ ഓർത്തെടുക്കുകയാണ്. ഇനി വരാനിരിക്കുന്ന യു. ജി. സി കാലം ഒരുപാട് കേന്ദ്രസർക്കാർ ഇടപെടലുകളുടെ കാലമായത് കാരണം ഒട്ടേറെ മൗലികമായ മാറ്റങ്ങൾ കോളേജുകളിൽ വരുമെന്ന ഉൾഭയം അവരെ പിന്തുടർന്നിരുന്നതു കൊണ്ടു തന്നെയാണ് മിക്ക അധ്യാപകരും പി.എച്ച്.ഡി.ക്ക് രജിസ്റ്റർ ചെയ്തു തുടങ്ങിയത്. ആഗോളീകരണവും ഉദാരവത്ക്കരണവും ഗാട്ട് കരാറുമൊക്കെ പടിവാതിലിൽ വന്ന് മുട്ടിനിൽക്കുന്ന ഒരു അസ്ഥിര തയുടെ അന്തരീക്ഷം എങ്ങും കാണപ്പെട്ടിരുന്നു. പി.എച്ച്.ഡി. ചെയ്യുക, പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുക, സെമിനാറുക ളിൽ പോയി പേപ്പർ അവതരിപ്പിക്കുക, അല്ലെങ്കിൽ സ്വയം അണഞ്ഞുപോവുക എന്ന സന്ദിഗ്ധസ്ഥിതി യാഥാർത്ഥ്യമായി വന്നു. 2001-02 ആയപ്പോഴേക്കും കോളേജിൽ നിന്ന് പ്രീഡിഗ്രി സമ്പൂർണ്ണമായും വേർപ്പെടുത്തി കഴിഞ്ഞപ്പോൾ എസ്.എൻ തിരിച്ചറിയാൻ പറ്റാത്തവിധം ശാന്തമായി കാണപ്പെട്ടു. ഡിഗ്രി മാത്രമുള്ള ഷിഫ്റ്റില്ലാത്ത സ്ഥാപനമായി കലാലയം പുതിയ ഒരു ദിശയിലേക്ക് മാറുകയായി. പുതിയ നൂറ്റാണ്ടിലെ വിദ്യാർ ത്ഥികൾ കേരളത്തിലെ ഡി. പി.ഇ.പി വിദ്യാഭ്യാസവും സെക്കണ്ടറി ഹയർസെക്കണ്ടറി തലങ്ങളിലെ ഉദാരവത്കൃതമായ പരീക്ഷാ-മൂല്യനിർണയ രീതിയിലൂടെയും കടന്നു വന്നവരുമായിരുന്നു. ഉദാരവ ത്കൃതമായ സ്കൂൾ വിദ്യാഭ്യാസ രീതികൊണ്ട് കുറേ കുട്ടികൾ സ്കൂളു കളിൽ നിന്ന് വലിയ മാർക്ക് വാങ്ങി പാസ്സായി വരാൻ തുടങ്ങിയതോടെ ഡിഗ്രി ക്ലാസ്സുകളിലെ മുപ്പത് എന്ന ഉത്തമമായ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് വന്നുതുടങ്ങി. മുപ്പത് പതുക്കെ നാല്പത്തി ലേക്കും അമ്പതിലേക്കും അറുപതിലേക്കും എത്തിച്ചേർന്നു. ഡിഗ്രി ക്ലാസ്സുകൾ പെരുത്തുവരാൻ തുടങ്ങിയപ്പോൾ തൊണ്ണൂറുകൾ വരെയു ണ്ടായിരുന്നു അഭികാമ്യമായ അക്കാദമിക് അന്തരീക്ഷം ക്രമേണ ക്രമേണ അയഞ്ഞു വരികയായി. പ്ലസ് ടു വിദ്യാർത്ഥികൾക്ക് ചേക്കേ റാൻ അതാ പുതിയ ഒരു വാതായനം: "സെൽഫ് ഫൈനാൻസ്" കോളേ ജ്. 2001 ൽ ശ്രീ.എ.കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ സമഗ്രമായിതന്നെ വിദ്യാഭ്യാസ മേഖല സ്വകാര്യവത്ക്കരിക്കപ്പെട്ടു. സ്വകാര്യവ്യക്തികൾക്കും ഏജൻസികൾക്കും വലിയ ഫീസോടെ കോളേ ജുകൾ തുടങ്ങാൻ അനുമതി നൽകാൻ തുടങ്ങിയ ഘട്ടത്തിലായിരുന്നു ഇടതുപക്ഷ അധ്യാപക അനധ്യാപക സംഘടനകൾ ഐതിഹാസിക മായ ഒരുമാസത്തോളം നീണ്ടു നിൽക്കുന്ന സമരം 2001 ജനുവരിയിൽ

കേരളമൊട്ടാകെ നടത്തിയത്. സമരം ഭാഗികമായി വിജയിച്ചെങ്കിലും സ്വാശ്രയ കോളേജുകൾ പതുക്കെ കേരളത്തിൽ എല്ലായിടത്തും പടർന്നു പന്തലിച്ചു തന്നെ വളർന്നു വന്നു.

2002 മുതൽ 2008 വരെയുള്ള കാലം ഡോക്ടറേറ്റ് എടുത്ത ശേഷമുള്ള ആവേശത്തോടെയുള്ള അധ്യാപനപർവ്വമായി തിരിഞ്ഞു നോക്കുകയാണ്. അപ്പോഴേക്കും പഴയ തലമുറയിലെ ഏതാണ്ട് എല്ലാ അധ്യാപകരും ക്യാമ്പസ്സിൽ നിന്ന് പിരിഞ്ഞുപോയിരുന്നു. അധ്യാപനത്തിന്റെയും അക്കാദമിക് കാര്യങ്ങളുടെയും പൊതു അച്ചടക്കത്തിന്റെയും ഭാരിച്ച ഉത്തരവാദിത്വങ്ങൾ തോളിലേറ്റി നിർവ്വഹിക്കാൻ നിർബ്ബന്ധിതനായി. 2007-08 ൽ കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളിൽ ആദ്യമായി സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിങ്ങും ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം ആരംഭിക്കാൻ ഞങ്ങൾ ഭരണപക്ഷത്തിന്റെ കൂടെ നിന്ന് പ്രവർത്തനമാരംഭിച്ചു. കോളേജിൽ ക്രെഡിറ്റും ഗ്രേഡിങ്ങും ഇന്റേണൽ അസിസ്റ്റ്മെന്റും എത്തി. വിദ്യാർത്ഥിയുടെ ക്ലാസ് പരീക്ഷ, വാചാപരീക്ഷ സെമിനാർ അവതരണം, ഹാജർ നില എന്നിവയൊക്കെ മാനദണ്ഡങ്ങളായി പരിഗണിച്ച് തിട്ടപ്പെടുത്തിയശേഷം ആകെയുള്ള മാർക്കിന്റെ ഇരുപത് ശതമാനം മാർക്ക് നല്കാം എന്നതായി മുല്യനിർണ്ണയ രീതി. വിശദമായതും കീറിമുറിച്ചുള്ളതുമായ ഈ കണക്കുകൂട്ടലുകൾക്ക് സമയം വകയിരുത്തി വന്നപ്പോൾ ഇംഗ്ലീഷ് ഭാഷാധ്യാപകരുടെ ക്ലാസ് മുറിയിലെ ക്രിയാത്മകതയ്ക്ക് പരിമിതികൾ ഏറെ രൂപപ്പെട്ടു വന്നുതുടങ്ങി. വിദ്യാർത്ഥികൾ ഇന്റേണൽ മാർക്കിന്റെ അടിസ്ഥാനത്തിൽ അധ്യാപകരെ ശത്രുക്കളും മിത്രങ്ങളുമായി പരിഗണിച്ചു തുടങ്ങിയ കാലം 2015 വരെ നീണ്ട് നിന്നു. കോളേജിലെ ഇംഗ്ലീഷ് വിഭാഗം തലവനെന്ന നിലയിൽ “ഇന്റേണൽ തലവേദന” മാറാവ്യാധിയായി തന്നെ നില നിന്നു. പലപ്പോഴും കുറവ് മാർക്ക് ലഭിച്ച വിദ്യാർത്ഥികളുടെ സ്പർദ്ധയ്ക്കും ക്ഷോഭത്തിനും ഞാൻ വിധേയമാവേണ്ടി വന്നു. വിദ്യാർത്ഥി പ്രക്ഷോഭവും പോസ്റ്ററുകളും സമ രവും പ്രകടനങ്ങളും പരാതികളും, ഊമക്കത്തുകളും എനിക്കെതിരായി അരങ്ങേറിയ വർഷങ്ങളുമായി സസ്പെൻഷൻ പോലും മുന്നിൽ കണ്ട് രാവു പുലർത്തിയ കാല സന്ധിയായിരുന്നു 2016-2017 വർഷം. അധ്യാപക സൗഹൃദത്തിന്റെയും വിദ്യാർത്ഥി സ്നേഹത്തിന്റെയും അപൂർവ്വമായ ഉറവകൾ ബൈബിളിലെ മിറക്കിളുകൾ പോലെ എന്റെ മുന്നിൽ വന്നണഞ്ഞ സന്ദർഭം കൂടി ആയിരുന്നു അത്. സംഘടനാ രാഷ്ട്രീയത്തിനപ്പുറത്തു കൂടി സ്നേഹവും മനുഷ്യത്ത്വവും മരിക്കാതെ നിലനിൽക്കുന്നു എന്ന വസ്തുത ഇവിടെ കൃതജ്ഞതയോടെ സ്മരിക്കുകയാണ്. അധ്യാപകരായ ഡോ. കെ. അജയകുമാർ, ഡോ. കെ രാധാകൃഷ്ണൻ, ഡോ. ശിവദാസൻ തിരുമംഗലത്ത്, അനധ്യാപകരായ കെ. പ്രകാശൻ, കെ. ദിനേശൻ, വിദ്യാർത്ഥി നേതാക്കളായ സുദീപ് ജെയിംസ്, നിധീഷ് ചാലാട് എന്നിവ രുടെ കരുതലോടെയുള്ള ഇടപെടലുകൾ എങ്ങിനെ എനിക്ക് സന്ദിഗ്ധഘട്ടത്തിൽ സഹായകമായി എന്നത് വാക്കുകളിൽ പറഞ്ഞൊതുക്കാനാവില്ല.

പുതിയ നൂറ്റാണ്ടിൽ എസ്. എന്നിലെ ജീവിതം എന്തുകൊണ്ടും സമ്മർദ്ദങ്ങൾ പല രീതിയിൽ നിറഞ്ഞതായിരുന്നു. 2009 -11 കാലത്തായിരുന്നു സി.ബി.സി.എസ്.എസ്. ജോലികൾ ഏതാണ്ട് പൂർത്തിയായി വന്നപ്പോൾ നാക്ക് അക്രഡിറ്റേഷൻ എന്ന ഭാരിച്ച ഉത്തരവാദിത്വം തോളിൽ വന്ന് പതിക്കുന്നത്. മൂന്ന് സ്ഥാനങ്ങൾ വഹിച്ച് മൾട്ടി ടാസ്ക്കിങ്ങ് ചെയ്യേണ്ടിവന്ന സമയമായിരുന്നു: വകുപ്പ് മേധാവി, കോളേജ് കൗൺസിൽ സിക്രട്ടറി, നാക്ക് കോ-ഓർഡിനേറ്റർ. നാക്കിന് വേണ്ടിയുള്ള ഒരുക്കങ്ങൾ ഒന്നര വർഷക്കാലം ഉപയോഗിച്ച് പ്രിൻസിപ്പാൾ ഡോ.കെ. എൻ. കമലാസനന്റെ നേതൃത്വത്തിൽ നടത്തി വന്നപ്പോൾ വിദ്യാർത്ഥികളെ പൂർണ്ണമായി ശ്രദ്ധിക്കാൻ സാധിച്ചിരുന്നില്ല. എന്നിരുന്നാലും 2011 ൽ കോളേജിന് “നാക്ക് എ ഗ്രേഡും” 3.34 ഗ്രേഡ് പോയന്റും നേടിക്കൊടുത്തു. കണ്ണൂർ സർവ്വ കലാശാലയിലെ തന്നെ ഏറ്റവും ഉയർന്ന പോയന്റ് നില കരസ്ഥമാക്കിയ കോളേജ് എന്ന സൽപ്പേര് മുമ്പൊരിക്കലുമില്ലാത്ത ആഹ്ളാദമേകി.

ഒരുപാട് വർഷങ്ങൾ നീണ്ടു നിന്ന ശ്രമങ്ങളുടെ ഫലമായി കോളേജിന് എം.എ ഇംഗ്ലീഷ് കോഴ്സ് കിട്ടിയത് 2013 ൽ ആയിരുന്നു. ക്ലാസ്സ് മുറികളും വായനാമുറികളും ലൈബ്രറിയും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കി തീർന്നപ്പോഴേക്കും 2015 ആയി. ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ പഠിപ്പിച്ച് പുതിയ കാര്യങ്ങളും സാഹിത്യ സിദ്ധാന്തങ്ങളും വീണ്ടും വായിച്ചു തുടങ്ങുന്ന വൈകിയ വേളയിൽ രണ്ടാമത്തെ നാക്കും അതിനുള്ള ഡിജിറ്റലായ തയ്യാറെടുപ്പുകളും ആരംഭിക്കേണ്ടി വന്നു. കുറേക്കാലം ശ്രമിച്ച ശേഷം വാർധക്യകാലത്ത് ഒരു കുഞ്ഞ് ജനിച്ചപോലെ ആയിപ്പോയി എം.എ ക്ലാസ്സിലെ അധ്യാപനം എന്നായിരുന്നു തമാശയായി കൂടെയുള്ള മറ്റ് അധ്യാപകരോട് ഞാൻ പറഞ്ഞു നടന്നത്. രണ്ട് എം.എ ബാച്ചുകളെ പഠിപ്പിച്ച് കഴിഞ്ഞപ്പോഴേക്കും നാക്കിന്റെ രണ്ടാം സൈക്കിൾ അക്രഡിറ്റേഷൻ വീണ്ടും എന്റെ പക്കൽ വരികയുമായി. ഒക്ടോബർ 2018 ൽ രണ്ടാം നാക്ക് ടീം കോളേജ് സന്ദർശിച്ച് മൂല്യനിർണ്ണയം നടത്തിക്കഴിഞ്ഞപ്പോൾ വീണ്ടും "എ ഗ്രേഡ്' തന്നെ ലഭിച്ചു. 2019 ൽ മാർച്ച് 30 ന് അടുത്തൂൺ പറ്റുമ്പോൾ ഞാൻ പഠിച്ച എന്നെ വലുതാക്കി സ്വയം പര്യാപ്തതയിലേക്ക് കൊണ്ടെത്തിച്ച കണ്ണൂർ ശ്രീനാരായണ കോളേജിന് എന്റെ ഊർജ്ജവും ബൗദ്ധികമായ മൂലധനവും കുറേയേറെ നൽകിക്കൊണ്ട് കൂടുതൽ ഉയരങ്ങളിലേക്ക് അതിനെ എത്തിക്കാൻ സാധിച്ചു എന്നത് തന്നെയാണ് എന്റെ ഏറ്റവും വലിയ ചാരിതാർഥ്യം. സർവ്വീസ് കാലത്തെ ഹൈലൈറ്റ്സുകളായ കുറേ ഏടു കൾ ഇവിടെ ആഖ്യാനത്തിൽ പ്രധിനിധാനം ചെയ്യുമ്പോൾ ഒന്ന് രണ്ട് കാര്യങ്ങൾ കൂടി മുന്നിലേക്ക് കടന്നു വരികയാണ്. എം.എ ഇംഗ്ലീഷ് തലശ്ശേരി പാലയാട് ക്യാംപസ്സിൽ നിന്ന് 1986 ൽ ഫസ്റ്റ് ക്ലാസ്സും മൂന്നാം റാങ്കോടെയും പാസ്സായി പുറത്തുവന്ന സമയത്ത് കുറേ അഭ്യുദയകാംക്ഷികൾ പറഞ്ഞത് ഏറ്റവും നല്ല കരിയർ സിവിൽ സർവ്വീസ്സായിരിക്കും എന്നായിരുന്നു. ആ ജോലിയിൽ പ്രവേശിക്കുന്ന ഒരാൾക്ക് ഒരുപാട് വൈവിധ്യ

മാർന്ന ഉത്തരവാദിത്ത്വങ്ങളും ജോലികളും ചെയ്ത് ഷൈൻ ചെയ്യാനുള്ള സാഹചര്യങ്ങൾ കുറേയേറെ വിശാലമാണ്. പക്ഷേ മുപ്പത്തിയൊന്ന് വർഷങ്ങൾ എസ്.എൻ. കോളേജിൽ അധ്യാപകനായി സേവനമനുഷ്ഠിച്ച് പിരിയുമ്പോൾ എനിക്കുള്ള വീക്ഷണം ഈ ജോലി പരിമിതികൾ ഒട്ടേറെയുള്ളതാണ് എന്നതല്ല. ജോലി ചെയ്യാനും കൂടുതൽ അസൈൻമെന്റുകൾ ഏറ്റെടുക്കാനും മനസ്സുള്ള ഒരാൾക്ക് ചെയ്യാനും പൂർത്തീകരിക്കാനും ഒരു ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂർ പോരാതെ വരികയേ ഉള്ളൂ. 2005 നുശേഷം കലാലയങ്ങൾ എല്ലാം തന്നെ മാനവവിഭവശേഷി മന്ത്രാലയത്തിന്റെയും യു. ജി. സി. യു ടെയും സൂക്ഷ്മ നിരീക്ഷണത്തിലായി വന്നത് കൊണ്ട് കോളേജിലെ എല്ലാ മേഖലകളിലും സമൂലമായ പരിവർത്തനമൊരുക്കിയെടുക്കാൻ അധ്യാപകരും പ്രിൻസിപ്പാളും മാനേ ജ്മെന്റും നിർബന്ധിതരായി. ഏഴ് മാനദണ്ഡങ്ങൾ ഐ.ക്യൂ.എ.സി. (ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ) യുടെയും നാക്കിന്റെയും (നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ) നിരന്തര നിരീക്ഷണത്തിനും വാർഷിക റിപ്പോർട്ടിങ്ങിനും (ആന്വൽ ക്വാളിറ്റി അഷ്വറൻസ് റിപ്പോർട്ട്) വിധേയമായി. കഴിഞ്ഞ പതിനഞ്ച് വർഷത്തെ ഓരോ അധ്യാപകന്റെയും "ടീച്ചേർസ് ഡയറി" യിൽ നോക്കിയാൽ എല്ലാവർക്കും ഒന്നിൽ കൂടുതൽ വിദ്യാർത്ഥി കേന്ദ്രിതമായ പ്രവർത്ത നത്തിന്റെയോ ക്ലബ്ബിന്റെയോ സ്റ്റാറ്റ്യൂട്ടറി ബോർഡിന്റെയോ കോ-ഓർഡിനേറ്റർ സ്ഥാനം വഹിക്കേണ്ടി വന്നിട്ടുമുണ്ടാവും. എസ്.എൻ. കോളേജിൽ ഈ കാലയളവിൽ ഓരോ വർഷവും ഏതാണ്ട് പതിനെട്ടോളം ക്ലബ്ബുകളും, സമിതികളും, സ്റ്റാറ്റ്യൂട്ടറി ബോഡികളും ഉണ്ടായിട്ടുണ്ട് എന്ന് കോളേജ് കലണ്ടർ പരിശോധിച്ചാൽ മനസ്സിലാക്കാം. കരിയർ ഗൈഡൻസ് സെൽ, ഫിലിം ക്ലബ്ബ്, കോളേജ് കൗൺസിൽ, യു. ജി. സി. യൂട്ടിലൈസേഷൻ കമ്മിറ്റി, പി.ടി.എ, ക്യാന്റീൻ കമ്മിറ്റി, ഡിസിപ്ലിൻ കമ്മിറ്റി എന്നിവയിലെല്ലാം പതിനഞ്ച് വർഷത്തോളം വൈവിധ്യമാർന്നതും സങ്കീർണ്ണത നിറഞ്ഞതുമായ ഉത്തരവാദിത്ത്വങ്ങൾ നിറവേറ്റിയ ചാരിതാർത്ഥ്യം ഇവിടെ രേഖപ്പെടുത്താൻ കഴിയുന്നു. കോളേജ് കൗൺസിൽ സെക്രട്ടറി പതിനൊന്ന് വർഷം സേവനമനുഷ്ഠിച്ച റെക്കാർഡ് ഒരു പക്ഷെ എനിക്ക് മാത്രം അവകാശപ്പെട്ടതായിരിക്കാം. വിദ്യാർത്ഥികളുടെ തല്ലുമാലകൾക്കുള്ള അന്വേഷണ റിപ്പോർട്ടുകൾ, കോടതിയിൽ പോലും ഹാജരാക്കേണ്ടി വന്ന മിനുട്സ്, പിന്നെ രണ്ട് നാക്ക് റിപ്പോർട്ടുകൾ, വാർഷിക ക്വാളിറ്റി അഷ്വറൻസ് റിപ്പോർട്ടുകൾ അങ്ങിനെ ഒരുപാട് രേഖകളും കത്തിടപാടുകളും നടത്തി മാൻ ഓഫ് ലെറ്റേഴ്സ് പദവിക്ക് പോലും അർഹത നേടിയിട്ടുണ്ടാവുമായിരിക്കാം എന്ന് വിനയത്തോടെ ഇവിടെ പറയുന്നു. ഏതാണ്ട് എഴുപത് വർഷങ്ങൾക്ക് മുമ്പ് ബർട്രാൻഡ് റസ്സൽ എഴുതിയ കാര്യം ഇവിടെ ഓർത്തു പോവുകയാണ്. അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള ദർശനത്തിൽ പറഞ്ഞത് സാങ്കേതിക വിദ്യ ഇരുപതാം നൂറ്റാണ്ട് കഴിയുമ്പോഴേക്കും നിത്യജോലിക്ക് മനുഷ്യർ ചിലവഴിക്കുന്ന സമയം വളരെ കുറഞ്ഞുവരികയും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക്

കൂടുതൽ സമയവും ഊർജ്ജവും ഉണ്ടായിത്തീരുമെന്നുമായിരുന്നു. പക്ഷേ ഡിജിറ്റൽ ടെക്നോളജി കാര്യങ്ങളെ വിരൽത്തുമ്പിലെത്തിച്ചെങ്കിലും ജീവിതം കൂടുതൽ തിരക്കുപി ടിച്ചതും ദൈനംദിന ജോലി ഉണ്ടാക്കി തീർക്കുന്ന സമ്മർദ്ദങ്ങൾ നിത്യജീവിതത്തിന്റെ താളം തെറ്റിച്ച് കൂടുതൽ സങ്കീർണ്ണതകളിലേക്ക് നമ്മെ കൊണ്ടെത്തിച്ചിരിക്കുകയാണ്. കോളേജിലും, സംഭവിച്ചത് അതുതന്നെയാണ് എന്ന് പറയേണ്ടിയിരിക്കുന്നു. സി. ബി. സി. എസ്. എസ്. വന്ന ശേഷം പുതിയ കരിക്കുലം ഔട്ട്കം ബേസ്ഡ് വിദ്യാഭ്യാസവും പ്രാബല്യത്തിൽ വന്നു. ടെസ്റ്റുകളും വിഷയങ്ങളും പുന:നിർണ്ണയിക്കപ്പെട്ടു. പഴയ ബ്രിട്ടീഷ് ഗദ്യവും പദ്യവും ഷേക്സ്പിയറുമൊക്കെ പോസ്റ്റ് കൊളോണിയൽ പഠനങ്ങളെയും പരിപ്രേക്ഷ്യങ്ങളെയും ഉൾക്കൊള്ളിക്കാനായി ഇംഗ്ലീഷ് വിഭാഗത്തിൽ നിന്ന് വിടവാങ്ങി. ഇന്ത്യൻ സാമൂഹ്യരാഷ്ട്രീയ സംസ്കാരിക ദേശീയ വിഷയങ്ങൾ ഇന്റർ ഡിസിപ്ലിനറിയായി ലാംഗ്വേജ് ക്ലാസുകളിൽ വായിച്ചുതുടങ്ങി. കേരള ചരിത്രവും സംസ്കാരവും ആംഗലഭാഷാധ്യാപകർ മലയാള സാഹിത്യ കൃതികളുടെ ഇംഗ്ലീഷ് വിവർത്തന വ്യവഹാരങ്ങളിലൂടെ ക്ലാസ്സുകളിൽ അവതരിപ്പിച്ചു തുടങ്ങുന്നത് 2015 നുശേഷമാണ്. ബി. എ- എം. എ. ഇംഗ്ലീഷിന്റെ അലകും പിടിയും മാറിവന്നത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകൾക്കിടയിലാണ്. മെയിൻ ക്ലാസ്സുകളിൽ ഫിലിം സ്റ്റഡീസ്, ദളിത് പഠനങ്ങൾ, നവലൈംഗികത, എൽ. ജി. ബി. ടി. ക്യൂ. ഇന്ത്യൻ സാഹിത്യം, സൗത്ത് ഏഷ്യൻ സാഹിത്യം, പോസ്റ്റ് കൊളോണിയൽ സാഹിത്യം, ആധുനികാനന്തര സാഹിത്യം, എന്നിവയെല്ലാം 1970കൾക്ക് ശേഷം യൂറോപ്പിൽ ഉദയം ചെയ്ത നവ മാർക്സിയൻ രീതിശാസ്ത്രം, മനോവിശ്ലേഷനീയ പഠനം, നവചരിത്രവാദം, അപനിർമ്മാണം, ആഖ്യാന ശാസ്ത്രം, ഫൂക്കോൾഡിയൻ വ്യവഹാര പഠനരീതി ശാസ്ത്രം എന്നിവയുടെ താത്ത്വിക പരിപ്രേക്ഷ്യത്തിൽ സാഹിത്യകൃതികളെ വിളക്കിയെടുത്ത് അധ്യാപകരും വിദ്യാർത്ഥികളും പഠിച്ചുവരികയാണ്. ആംഗല സാഹിത്യ പഠനം തികച്ചും ഇന്റർ ഡിസിപ്ലിനറി ആയി വന്നിരിക്കുന്ന കഴിഞ്ഞ ഇരുപത് വർഷങ്ങൾ ഇംഗ്ലീഷ് പഠനവിഭാഗത്തിന്റെ സ്വത്വത്തെ തന്നെ മാറ്റി മറിച്ചിരിക്കുകയാണ്. ഈ ദശാസന്ധിയിലാണ് ഞങ്ങളെ പോലെയുള്ളവർ പിരിഞ്ഞുവരുന്നത്. എന്നെ ബിരുദാനന്തര ബിരുദ പഠനത്തിലേക്കും ഗവേഷണ പഠനത്തിലേക്കും കെടാവിളക്കായി വഴി കാണിച്ചുതന്ന പ്രൊഫ. സി.പി. ശിവദാസൻ മാസ്റ്റർക്കും അതുപോലെ ഹൈസ്ക്കൂളിൽ നിന്നുതന്നെ എനിക്ക് ആംഗല സാഹിത്യത്തിന്റെ വെൺമുത്തുകൾ കാണിച്ച് പ്രചോദനമേകിയ മേനോൻ മാസ്റ്റർക്കും പ്രണാമമർപ്പിച്ചുകൊണ്ടും അവർക്കായി ഈ കുറിപ്പ് സമർപ്പിച്ചുകൊണ്ടും അർദ്ധവിരാമമിടുന്നു.

# ശിക്ഷണ യന്ത്രത്തിനുള്ളിൽ

80-കളിൽ ഞാൻ ഡിഗ്രിക്ക് പഠിക്കുമ്പോൾ ആണ് എന്റെ അധ്യാപനം തുടങ്ങുന്നത്. അയൽപക്കത്തെ വീടുകളിലും ട്യൂട്ടോറിയൽ കോളേജുകളിലും ആണ് ഞാൻ അന്ന് 'പഠിപ്പിച്ചിരുന്നത്'. അധ്യാപനത്തിന്റെ തത്വശാസ്ത്രത്തെക്കുറിച്ചോ രാഷ്ട്രീയത്തെക്കുറിച്ചോ എനിക്കറിയില്ലാ യിരുന്നു, അല്ലെങ്കിൽ ഞാൻ അതിനെ പറ്റി ഗൗരവമായി ചിന്തിച്ചിരുന്നില്ല. ഏകദേശം നാല് പതിറ്റാണ്ടുകൾക്ക് ശേഷം തിരിഞ്ഞുനോക്കുമ്പോൾ, എന്റെ ഈ യാത്രയിൽ ഏറ്റവും കൂടുതൽ ദോഷം ചെയ്തത് സ്വന്തം പ്രാധാന്യത്തെക്കുറിച്ചുള്ള എന്റെ മിഥ്യാ ബോധവും, നിയമങ്ങളോടുള്ള വിധേയത്വവും, കൃത്യമായ ഉൾക്കാഴ്ചയുടെ അഭാവവുമാണ്. അല്ലാതെ, വിദ്യാഭ്യാസ സംവിധാനമോ, പാഠ്യപദ്ധതിയോ വിദ്യാർത്ഥികളോ ആയിരുന്നില്ല വില്ലന്മാർ. എപ്പോഴൊക്കെ വ്യവസ്ഥിതിയെ മറികടക്കാനും വിനയാന്വിതയാകാനും, നിയമങ്ങൾ അവഗണിക്കാനും, അവ നവീകരിക്കാനും എനിക്ക് കഴിഞ്ഞിരുന്നോ, ആ കാലങ്ങളാണ് എനിക്ക് സഫലമെന്ന് തോന്നുന്നത്. എന്നിരുന്നാലും, ഇങ്ങനെ ഉള്ള ആഹ്ലാദനിമിഷങ്ങൾ വളരെ അപൂർവം: ഞാൻ ഒരു സ്വപ്ന ജീവി ആയത് കൊണ്ട് പലപ്പോഴും തെറ്റുകൾ സംഭവിച്ചതിന് ശേഷമാണ് തിരിച്ചറിയുക. ഞാൻ എഴുതാൻ ആഗ്രഹിക്കുന്നത്, കേവലം സാധാരണ അധ്യാപകർ ആയ ഞങ്ങൾ കുറച്ച് ദിവസത്തേക്ക് 'വിശുദ്ധരായ ജന്മങ്ങൾ' ആകാൻ നമ്മെ പ്രാപ്തരാക്കിയ കൂട്ടായ്മകളുടെ സാധ്യതയെ കുറിച്ചാണ്. നമ്മുടെ വിജ്ഞാന അടിത്തറ മെച്ചപ്പെടുത്താൻ അധ്യാപകരായ ഞങ്ങൾ സ്വയം മസ്തിഷ്ക പ്രക്ഷാളനം നടത്തിയില്ലായിരുന്നുവെങ്കിൽ വെറും 'സംതൃപ്തരായ അധ്യാപകർ' എന്ന പരിതാപകരമായ അവസ്ഥയിലേക്ക് നാം വീണുപോയേനെ.



**ഡോ. എം. സാഹിറ**
അസോസിയേറ്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം (റിട്ട.)
മുൻ അഡ്ഹോക് ഫാക്കൽറ്റി
(കണ്ണൂർ സർവകലാശാല)

എന്റെ കരിയറിന്റെ അവസാനക്കാലത്ത്, ഇഷ്ടാനുസരണം വിദ്യാർത്ഥികൾ പ്രവേശിക്കുന്ന ഒരു സന്തോഷകരമായ ഇടം എന്നതിൽ നിന്ന്, കർശന നിയന്ത്രണങ്ങളുടെ ശിക്ഷണ യന്ത്ര മാ യി മാറിയിരുന്നു നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. യഥാർത്ഥ അനുഭവവുമായി യാതൊരു ബന്ധുമില്ലാത്ത, റെക്കോർഡുകളും ഡാറ്റയും, NAAC സന്ദർശനങ്ങളും, API സ്കോറുകളും, ഹാജർ സ്കോറുകളും, ആന്തരിക മൂല്യ നിർണ്ണയങ്ങളും, ഞങ്ങളെ മനുഷ്യ യന്ത്രങ്ങളാക്കി മാറ്റി, യുവമനസ്സു

കളെ സ്വയംകണ്ടെത്താൻ അനുവദിക്കുന്നതിനുപകരം ഞങ്ങൾ മുകളിൽ നിന്നും അവർക്ക് വിജ്ഞാനരസം പകർന്ന് കൊടുത്തു. എവിടെ മത്സരമുണ്ടോ അവിടെ അഴിമതിയുണ്ട്. വിജ്ഞാന വിനിമയം മുൻഗണനയും ലക്ഷ്യവും ആയിരിക്കേണ്ട ഒരു ഇടത്തിൽ, സ്വയം പ്രമോഷനുവേണ്ടി പ്രവർത്തിക്കുന്ന, ആദർശങ്ങൾ ഉപേക്ഷിക്കുന്ന, കുഴപ്പങ്ങൾ ഉണ്ടാക്കുന്ന തന്ത്രശാലികൾ ഉയർന്നുവരും. വളരെ വൈകുന്നത് വരെ ഒരാൾക്കും നമ്മെ തന്നെ നശിപ്പിക്കുന്ന വിധ്വംസക പ്രവൃത്തികൾ തിരിച്ചറിയില്ല .

അതിനാൽ ഞങ്ങളുടെ ഇടം വീണ്ടെടുക്കാൻ ഞങ്ങൾ ഒരു ഗവേഷണ കൂട്ടായ്മ ഉണ്ടാക്കാൻ തീരുമാനിച്ചു: ഒന്ന് ഡിപ്പാർട്ട്മെന്റിലെ അധ്യാപകർക്കായി. എല്ലാ ആഴ്ചയിലും ഞങ്ങളിൽ ഒരാൾ ഞങ്ങളുടെ അറിവ് പങ്കിടുകയും ഞങ്ങൾ തിരഞ്ഞെടുക്കുന്ന ഒരു വിഷയത്തിൽ വീക്ഷണങ്ങൾ കൈമാറുകയും ചെയ്യും. ഞങ്ങൾ കവിതയെക്കുറിച്ചും സിനിമകളെക്കുറിച്ചും സാംസ്കാരിക പഠനങ്ങളെക്കുറിച്ചും സംസാരിച്ചു, അജ്ഞാത പുസ്തകങ്ങൾ പരിചയപ്പെടുത്തി, ഭക്ഷണം പങ്കിട്ടു. ഞങ്ങൾ അതിനെ "ചിന്തയ്ക്കുള്ള ഭക്ഷണം" എന്ന് വിളിച്ചു. തുടർന്ന് ഞങ്ങൾ 'ചായയ്ക്കൊപ്പം തത്ത്വചിന്ത 'യിലേക്ക് നീങ്ങി, അത് എല്ലാ മാസവും അടുത്ത കോളേജുകളിലെ അധ്യാപകർക്ക് ആതിഥേയത്വം വഹിച്ചുകൊണ്ട് നമ്മുടെ വിവേകത്തെ വെല്ലുവിളിക്കുന്ന വിഷയങ്ങൾ ആസ്പദമാക്കി ഒരു വിദ്വാൻ സദസ്സിനെ ബോധവൽക്കരിച്ചു. വിജ്ഞാനികളായ ഈ പണ്ഡിതന്മാർ പറയുന്നത് കേട്ട് ചായ കുടിക്കുകയും ബിസ്ക്കറ്റ് കഴിക്കുകയും ചെയ്തു. പ്ലേറ്റോ, സോഫിസ്റ്റുകൾ, മോളാർ, മോളിക്യുലാർ ആത്മനിഷ്ഠതകൾ, കാർട്ടീഷ്യൻ വിഭജനം, ദൈനംദിന പദങ്ങളായി മാറി. (ചിലപ്പോൾ നമ്മുടെ ദൈനംദിന ജീവിതം മനസ്സിലാക്കാൻ തത്ത്വചിന്ത ആവശ്യമാണ്.) ഒരിക്കൽ അധ്യാപകർക്ക് ഈ വിജ്ഞാന വൈറസ് പിടിപെട്ടാൽ പിന്നെ തിരിഞ്ഞു നോക്കേണ്ടിവരില്ല. ഞങ്ങൾ ഞങ്ങളുടെ അടുത്ത യാത്ര ആരംഭിച്ചു. ഞങ്ങളുടേത് പോലെയുള്ള ഒരു ചെറിയ കോളേജിന് അസാധ്യമായ ഒരു അന്താരാഷ്ട്ര സെമിനാർ നടത്താൻ തീരുമാനിച്ചു. ഞങ്ങൾ ഒരാവേശത്തിൽ വിദ്യാഭ്യാസത്തെക്കുറിച്ച് സംസാരിക്കാൻ സ്പിവാക്കിനെ ക്ഷണിക്കാമെന്ന് തീരുമാനിച്ചു. ഏതോ ഭ്രാന്തമായ നിമിഷത്തിൽ ജനിച്ച ഒരു സുപ്രധാന തീരുമാനം, ഞങ്ങളുടെ കോൺഫറൻസ് അജണ്ട വിവരിക്കുന്ന ഒരു ഇമെയിൽ അവൾക്ക് അയയ്ക്കുക എന്നതാണ് അടുത്ത പടി. ഒടുവിൽ ഞങ്ങൾ അവർക്ക് ഈ സന്ദേശം അയച്ചു. എല്ലാ കാര്യങ്ങളും വളരെ ലാഘവത്തിൽ എടുക്കുന്നു എന്നാണ് എന്നെ കുറിച്ചുള്ള പരാതി. ഞാൻ വേണ്ടത്ര ഗൗരവത്തിൽ ഈ കാര്യം എടുത്തില്ലെന്ന് ആരും കരുതാതിരിക്കാൻ ഞാൻ ഒരു മെയിൽ അയച്ചിട്ടുണ്ടെന്നും എന്നാൽ അതിന്റെ ഉള്ളടക്കം വെളിപ്പെടുത്തില്ലെന്നും പറഞ്ഞു. ഈ പ്രപഞ്ചത്തിലെ തന്നെ ബുദ്ധിരാക്ഷസരിൽ ഒരാൾക്ക്

ഞാൻ അയച്ച മെയിൽ ആയിരുന്നു ഇത്.

Dear Ms. Spivak,
I am writing on behalf of teachers and students of a rural college in Kerala India.
We are planning to hold a conference on Theatre in Education early next year. Would you please consent to inaugurate it ?
We are emboldened by the fact that we have read your book Outside in the Teaching Machine and are fascinated by its contents. We are also awed and moved by your observations, : " Toothbrushing is a critique of Mortality"
Though we are a small college, we are committed to the cause of Education and constantly intervene to redeem education of its capitalist concerns. We teach your texts in our P. G. department and follow your career closely . We are inspired by your interventions in educational spaces.
In 2013, we organised a National seminar funded by the University Grants Commission titled Media and its Significations in which Teesta Setalvad, Sadanand Menon and Sasikumar spoke. It was a huge success and we are this year planning to have an international seminar to discuss and explore TIE, which we think will hugely benefit the local teaching community.
Hope you will respond..

ബാക്കി ചരിത്രമാണ്. ഒരിക്കൽ സ്പിവാക് ഞങ്ങളുടെ കോളേജിൽ വന്ന് സംസാരിച്ച കാര്യം ഞങ്ങൾക്കിന്നും വിശ്വസിക്കാൻ കഴിയുന്നില്ല.

# പോരാളിമാർകൾ

“ആരാണു വീറോടു പോരാടുമീ രണ്ടു-
പോരാളിമാർകളെ പാടിപ്പുകഴ്ത്തുവാൻ?”
വൈലോപ്പിള്ളി

അറിവു നിർമ്മാണം ക്ലാസ്മുറികളിൽ നടക്കുന്നു എന്നാണ് നമ്മുടെ വിശ്വാസം, എങ്കിൽ നിർമ്മിക്കപ്പെട്ട അറിവിന് എന്താണ് ഇവിടെ സംഭവിക്കുന്നത് എന്നത് ഒരു പ്രധാന ചോദ്യമായി അവശേഷിക്കുന്നു. കൃത്യമായും അത് socially useful ആയി പ്രയോഗിക്കപ്പെട്ടാൽ സമൂഹത്തിൽ ഇത്രയധികം തിന്മകൾ നടമാടുമോ?



**രാജൻ. കെ. വി**
മലയാള വിഭാഗം മേധാവി
ഫാത്തിമ ആർട്സ് & സയൻസ്
കോളേജ്, മൂത്തേടം

“ക്ഷിതിയിലഹഹ! മർത്യ ജീവിതം
പ്രതിജനഭിന്ന വിചിത്ര മാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യ കഥാനുഗായികൾ”
-ആശാൻ-‘ലീല’യിൽ

മലപ്പുറം ഗവ കോളേജിൽ ഡിഗ്രി കോഴ്സിൻറെ മൂന്നാം സെമസ്റ്റർ മലയാളം രണ്ടാം ഭാഷയുടെ പരീക്ഷ കടലാസ് മൂല്യനിർണയത്തിന് ചെന്നപ്പോൾ ഒരു കൂട്ടുകാരി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈയുള്ളവന്റെ അകത്താളത്തിൽ ഇത്തരമൊരു ചിന്ത ഉദിച്ചു വന്നത്. ഒരനുഭവക്കുറിപ്പ് എഴുതിയുണ്ടാക്കൽ എന്നത് അത്ര എളുപ്പമുള്ള ജോലിയാണെന്ന് എനിക്ക് തോന്നിയില്ല. എങ്കിലും ഒരെളിയ ശ്രമം നടത്തി നോക്കാം എന്ന് ചിന്തിച്ചു.

എന്റെ വൈയക്തിക ജീവിതം –
‘നളിനി’പറഞ്ഞതുപോലെയാണ്.
“പാരമഴലായി ജീവിതം ഭാരമായി-
പറയാതൊഴുക്കുകിൽ ”-

എങ്കിലും ഈ ഭൂമിയിൽ ജന്മം എടുക്കുക, അതും മനുഷ്യനായി തന്നെ ജന്മം കിട്ടുക അതൊരു മഹാഭാഗ്യമായി ഞാൻ കാണുന്നു, ഞാൻ എഴുതുന്ന അനുഭവക്കുറിപ്പ് കൊണ്ട് ഇവിടെ ഒരു വ്യക്തിക്കെങ്കിലും ഗുണമായി തീർന്നാൽ എന്റെ ജീവിതം ധന്യമായി എന്നു പറയാം.

പഴയ ഒരു സംഭവം എന്റെ മനസ്സിലേക്ക് ഓർമ്മ വരുന്നു. 1973ൽ സെന്റ്

ജോസഫ് ഹൈസ്കൂളിൽ (തലശ്ശേരിയിൽ നിന്നും 45 കിലോമീറ്റർ അപ്പുറം പേരാവൂരിൽ) എട്ടാം ക്ലാസിൽ ഏറ്റവും പിറകിലത്തെ ബെഞ്ചിൽ ഞാനും എന്റെ കൂട്ടുകാരൻ മാത്യുവും ഇരിക്കുന്നു. ജോസഫ് മാസ്റ്റർ കണക്ക് പഠിപ്പിക്കാൻ ക്ലാസിൽ വരികയും ബോർഡിൽ$(a+b) = a^2+2ab^2 + b^2$എന്ന കൃത്യങ്ക നിയമം പഠിപ്പിക്കുന്ന വേളയിൽ ഞങ്ങൾ രണ്ടുപേരും ചെമ്പിന്റെ ഒരു പൈസ നാണയം ഉപയോഗിച്ച് ഡസ്കിൽ കറക്കി കളിക്കുകയായിരുന്നു. ജോസഫ് മാസ്റ്റർ എന്റെ അടുത്ത് വരികയും എഴുന്നേറ്റു നിൽക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഉടനെ ഞാൻ അനുസരിക്കുകയും ചെയ്തു. പിന്നീട് എന്റെ ഗുരുവായ ജോസഫ് മാസ്റ്റർ എന്റെ ചെവിയിൽ ഇങ്ങനെ മന്ത്രിച്ചു.“ നീ നിന്നെ ജനിപ്പിച്ച തന്തയുണ്ടല്ലോ അയാളോട് പോയി പറയണം എരുമയെ വാങ്ങി തരാൻ ” ഇതുകേട്ട ഉടനെ എന്റെ മനസ്സ് വല്ലാതെ വേദനിക്കുകയും ഞാൻ വളരെ നേരം കരയുകയും ചെയ്തു. അന്ന് വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിലേക്ക് പോവുകയും ചെയ്തു.

വീട്ടിലെത്തി സഹിക്കവയ്യാത്ത സങ്കടത്താൽ ഞാൻ ആലോചിച്ചു. എന്താണ് ചെയ്യേണ്ടത്? വീട്ടിൽ പറഞ്ഞാലോ എന്ന്, വീട്ടിൽ പറഞ്ഞാൽ അടി ഉറപ്പാണ്. അവസാനം ഒരു തീരുമാനമെടുത്തു. ഇനിമുതൽ അതാത് ദിവസം പഠിപ്പിക്കുന്ന ഭാഗം അന്നന്നുതന്നെ പഠിച്ചതിനുശേഷമേ ഉറങ്ങുകയുള്ളൂവെന്ന്, പിന്നീട് തുടർന്നങ്ങോട്ട് സാധിക്കുകയും ചെയ്തു.

വർഷങ്ങൾ കടന്നുപോയി. 1982ൽ പട്ടാമ്പി സംസ്കൃത കോളേജിൽ എം.എ.മലയാളത്തിന് അഡ്മിഷൻ ലഭിച്ചു. പ്രഗൽഭരായ അധ്യാപകർ, സാറാ ജോസഫ്, ഡോ: ദേശമംഗലം രാമൻ കൃഷ്ണൻ സാർ, പ്രൊ:എം അച്യുതൻ സാർ,കെ. ദയാനന്ദൻ സാർ, പി. കെ മണി സാർ, ഗംഗാധരൻ സാർ, ചിത്ര ടീച്ചർ ഇങ്ങനെ പോകുന്നു ആ പ്രഗൽഭനിര. അവരുടെയൊക്കെ തല്ലലും തലോടലും ലാളനയും ഒക്കെയാണ് എന്നെ ഒരു മലയാള അധ്യാപകൻ ആക്കിയത് എന്ന് പറയാതിരിക്കാൻ വയ്യ. 2009 ആയപ്പോഴും ജോസഫ് മാസ്റ്റർ പറഞ്ഞകാര്യം എന്റെ മനസ്സിൽ തങ്ങിനിന്നിരുന്നു. ജോസഫ് മാസ്റ്റർ എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്നു. മാഷിന്റെ വാക്കുകൾ എന്റെ കവിതകളിൽ മുളച്ചു വീണു.

“ജോസഫ് മാഷു ചിരിച്ചു കളിച്ചു
ചെവിയിൽ സീക്രട്ടായി ചൊല്ലി
നിന്നെ ജനിപ്പിച്ചൊരുതന്തയോടായി
നീ പോയി ചെന്നു പറഞ്ഞിടേണം
രണ്ടോ മൂന്നോ എരുമയെ വാങ്ങാൻ
കുപ്പിക്കൊന്നേകാലാണെരുമപ്പാലിന്
വീടു പുലർത്താനതു മതിയാവും”

അതെ –'പാലച്ചോട്ടിലെ മണ്ണ്'എന്റെ കവിതാസമാഹാരത്തിലെ ഒരു കവിതയിലെ വരികൾ ആണിത്. 'പാലച്ചോട്ടിലെ മണ്ണ് 'എന്ന കവിത സമാഹാരത്തിന് ഒരു ലക്ഷത്തോളം രൂപ എനിക്ക് ലഭിക്കുകയും ചെയ്തു.

ഗുരുവിൽ നിന്ന് എന്തുതന്നെ ലഭിച്ചാലും തീർച്ചയായും അത് സമൂഹ ത്തിന് ഉതകുന്ന രീതിയിൽ തിരിച്ചുവിടാൻ സാധിച്ചാൽ സമൂഹ പുരോഗതി ഉറപ്പാണ്.

മറ്റൊരിക്കൽ ഞാൻ തൃശ്ശൂരിൽ കുന്നത്തുമന ലൈനിലുള്ള മലയാളം അക്കാദമിയിൽ ഒരു ദിവസം പ്രശസ്ത എഴുത്തുകാരനായ പ്രൊ :എസ്. കെ. വസന്തൻ സാറിനെ കാണുവാനായി അവിടെ ചെന്നു. സാറിനെ കണ്ടതിനുശേഷം എന്റെ ആവശ്യങ്ങൾ എല്ലാം നിറവേറ്റി കഴിഞ്ഞതിനുശേഷം സാർ എന്നോട് ചോദിച്ചു" ഇനി രാജൻ എങ്ങോട്ടാണ്?" "സാർ ഞാൻ സാഹിത്യ അക്കാദമിയിലേക്കാണ്" എന്ന് പറഞ്ഞു. സാർ ഉടനെ എന്നോടായി പറഞ്ഞു "ഞാനും വരുന്നു ". എന്നാൽ ശരി നമുക്ക് ഒരു ഓട്ടോയിൽ പോകാമെന്നായി ഞാൻ. വസന്തൻ സാർ ഓട്ടോയ്ക്ക് പോകാൻ സമ്മതിച്ചില്ല എന്ന് മാത്രമല്ല, എൺപതിലധികം വയസ്സുള്ള അദ്ദേഹം എന്റെ കൈയ്ക്കു പിടിച്ച് സാഹിത്യ അക്കാദമി വരെ നടന്നു.അസാധാരണമായ ആ ധൈര്യവും ആവേശവും പിന്നീട് എനിക്ക് നടന്നു പോകുന്നതിനുള്ള കരുത്ത് പകർന്നു കിട്ടി എന്നതാണ് സത്യം.

പിന്നീടൊരിക്കൽ പൂക്കോട്ടുംപാടം ഗവ :ഹൈസ്കൂളിൽ അധ്യാപക നായിരിക്കെ നടന്ന ഒരു സംഭവം എന്നെ അത്ഭുതപ്പെടുത്തി. ഞാനെഴുതിയ 'കൃഷിക്കാരൻ' എന്ന കവിതയ്ക്ക് ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ഫാത്തിമ ബേനസീർ ബീഗം എന്ന ഒരു മിടുക്കിയായ കുട്ടി എഴുതിയ പഠനക്കുറിപ്പാണത്. ആ കവിതയും പഠനക്കുറിപ്പും ഇവിടെ കുറിക്കാം.-

കവിത

കൃഷിക്കാരൻ

അങ്ങകലെ ഗ്രാമത്തിന്റെ കരയ്ക്ക് വസിക്കും
ഭാവന വിത്ത് വിതയ്ക്കും ചെറിയ –
കൃഷിക്കാരൻ ഞാൻ
ഇപ്പോഴെന്നുടെ വയലിന്നുടയോ –
ചെറിയൊരു കുടിലിൻ കുടിയാ -
-നായതുമൊക്കെ ഓർമ്മയിലോടി-
വരുന്നേനോളം പോലെ
ഉടയോനായതിലന്നുമുതൽക്കെൻ
ചേതന, ആഹ്ലാദത്തൊടുപാറി
നടപ്പൂമെല്ലേ,

വാക്കുകളാകുന്നെന്റെ കലപ്പയെടുത്തു
ഉഴുതുമറിച്ചു ഞാനെൻ ഹൃത്തട വയലിൽ
ചിന്ത മദിച്ചു മദിച്ചു കലക്കിയടിച്ചെൻ
ഹൃത്തട വയലിൽ വിതപ്പൂ-
-വക്ഷര നെന്മണികൾ
അക്ഷരനന്മണിയൊന്നുവിതച്ചാൽ
കനകക്കതിരു കണക്കേ പാട്ടുകളേറെ
കൊയ്യമെന്നെൻ ഹൃദയം മന്ത്രിക്കുന്നു
അക്ഷരനെന്മണി മെല്ലെ മുളച്ചു വരുമ്പോൾ
അതിനിടമൊന്നു കൊടുക്കാതെന്നുടെ
ദുർവാസനയുടെ കളകൾ
കൂടെ മുളച്ചു വരുന്നൂ
പിഴുതുകളഞ്ഞൂ ഞാനാകളകളുമെല്ലാം
ചുട്ടുകരിച്ചവ വെണ്ണീറാക്കി വളമാക്കീ
ഭാവനപോലെ വളർന്നുവക്ഷരനെനണി
പാട്ടുകളേറേ വിളഞ്ഞു ഹൃത്തട വയലിൽ
കൊയ്തു ഞാനെൻ വയലിൽ അരിവാളാൽ
പദങ്ങളേറെ കറ്റകളാക്കി കെട്ടി
സംസ്കാരത്താൽ തല്ലിയടിച്ചു മെതിച്ചൂ
പതിരുകൾ പാറ്റിയരിച്ചു കൊഴിച്ചൂ
തൂലിക കൊണ്ടെൻ കടലാസിൽ
കുറിച്ചു ഞാനെൻ കവിത –
യിലക്ഷര ധ്വനി പോലെ.
അന്നുമുതൽക്കെൻ ഹൃദയം മന്ത്രിക്കുന്നൂ
പതിരില്ലാത്തൊരക്ഷരനെന്മണിയെ
ഞാനെൻ ഹൃത്തട വയലിൽ വിതയ്ക്കേയുള്ളൂ
പതിരില്ലാത്തൊരക്ഷരനെന്മണി
യൊന്നു വിതച്ചാൽ
കനകക്കതിരുകണക്കെ പാട്ടുകളേറെ
കൊയ്യാമെന്നൻ ഹൃദയം മന്ത്രിക്കുന്നു.

ഈ കവിത 08-01-1991ൽ രാത്രി 11 മണിക്ക് ഞാൻ എഴുതിയതാണ്. ഫാത്തിമ ബേനസീർ ബീഗം എന്ന ഒമ്പതാം ക്ലാസിലെ കുട്ടി എഴുതിയ ആസ്വാദനക്കുറിപ്പ് എന്നെ വല്ലാതെ ആകർഷിച്ചിരിക്കുന്നു. ഇന്ന് ഡിഗ്രിക്ക് പഠിക്കുന്ന കുട്ടിയോട് പറഞ്ഞാൽ പോലും നമുക്ക് ഇത്ര നല്ല ആസ്വാദനക്കുറിപ്പ് കിട്ടി എന്ന് വരില്ല.
ആസ്വാദനക്കുറിപ്പ് കൂടി കുറിച്ചു കൊള്ളട്ടെ.

കൃഷിക്കാരൻ:- പഠനക്കുറിപ്പ്

അധ്യാപകൻ എന്ന കൃഷിക്കാരന്റെ ഹൃദയമാകുന്ന കൃഷിയിടത്തിൽ പൊട്ടിമുളച്ചു വന്ന ഈ നെന്മണികൾ ആർക്കും ആസ്വദിക്കാൻ കഴിയുന്നതാണ്. ലളിതമായ ഈ കവിതയിലെ ഓരോ വരിയിലെയും ആശയം കവിതകൾ ആകുന്ന പൂമൊട്ടുകൾ മനസ്സിൽ വിരിയിക്കാൻ ഓരോ വിദ്യാർത്ഥിക്കും പ്രചോദനം നൽകുന്നുവെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അധ്യാപകനാകുന്ന കൃഷിക്കാരന് വാക്കുകളാകുന്ന കലപ്പയാണ് ആയുധം. ഈ കലപ്പയ്ക്ക് സാധാരണ കൃഷിക്കാരന്റെ കലപ്പയേക്കാൾ ഏറെ ഉഴുതുമറിക്കേണ്ടിയിരിക്കുന്നു. കാരണം വിശാലമായി കിടക്കുന്ന വയലുകളെക്കാൾ എത്രയെത്ര വിശാലമാണ് നമ്മുടെ ഹൃദയമാകുന്ന വയൽ. നെൽവയൽ ഉഴുതുമറിക്കുമ്പോൾ കലങ്ങിമറിഞ്ഞ് ഉയർന്നു വരാറുള്ളത് ചേറും ചെളിയുമാണ്. ആധുനിക രീതിയിൽ ജീവിക്കുന്ന പുതിയ മനുഷ്യന് ചേറും ചെളിയും എന്ന് കേൾക്കുമ്പോൾ പുച്ഛമായിരിക്കും. എന്നാൽ അത് നമ്മുടെ അന്നമാകുന്ന നെന്മണികളുടെ വളർത്തമ്മയാണെന്ന് കാര്യം ഇവർ ഓർക്കുന്നുണ്ടോ? ഇവിടെ അധ്യാപകനാവുന്ന കൃഷിക്കാരന്റെ മനസ്സിൽ കലങ്ങിയടിച്ചത് ചിന്തയാകുന്ന അമ്മയാണ്. ചിന്തയെ അമ്മയെന്ന വാക്കിനോട് ഉപമിച്ചത് എന്തിനാവും എന്നാണ് സംശയമെങ്കിൽ ഞാൻ പറയാം:

ചിന്തയിൽ നിന്നാണ് കവിത ഉണ്ടാവുന്നത്. ചിന്തിക്കാതെ എത്ര വലിയ കവിക്കും ഒരു കവിത പോലും സൃഷ്ടിക്കാൻ കഴിയില്ല. കവിതയെന്നല്ല, ഒന്നും തന്നെ ചിന്തയാകുന്ന അമ്മയുടെ തലോടലേൽക്കാതെ വളരുകയില്ല.

ഇനിയാണ് നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നത്. അധ്യാപകനാകുന്ന കൃഷിക്കാരനെ അക്ഷരനെന്മണിയുടെ യഥാർത്ഥ വില മനസ്സിലാകൂ. പാടത്ത് സ്വർണ്ണം വിളഞ്ഞു നിൽക്കുന്നത് പോലെയുള്ള കണക്കറ്റ കതിരുകൾക്ക് തുല്യമാണ് ഒരക്ഷരനന്മണിയെന്ന് ഈ കവിതയിലൂടെ പറഞ്ഞിരിക്കുന്നത്. ഈ ഉപമ എന്നെ വളരെയധികം ആകർഷിച്ചു. അക്ഷരമാകുന്ന ഒരു നെന്മണി വിതച്ചാൽ കനക കതിരുകളാകുന്ന പാട്ടുകൾ ഏറെതന്നെ കൊയ്യാമെന്നത് തൈകളാകുന്ന കൊച്ചു മനസ്സുകൾക്ക് പ്രോത്സാഹനമാണ്. അധ്യാപകനാകുന്ന കൃഷിക്കാരന്റെ പ്രോത്സാഹനമാണ് തൈമരങ്ങളാകുന്ന കുട്ടികളുടെ വളർച്ച.

നെൽക്കതിരുകളെ കെട്ടുന്നതുപോലെ അക്ഷരമാകുന്ന നെൽക്കതിരുകളെ അധ്യാപകനെന്ന കൃഷിക്കാരൻ കറ്റകളാക്കി കെട്ടുകയും സംസ്കാരത്താൽ തല്ലിയടിച്ചുമെതിച് എടുക്കുകയും ചെയ്യുമ്പോൾ മെതിച്ചെടുത്ത നെന്മണി പോലെ ഒന്നുകൂടി ഉയരത്തിലേക്ക് കുതിക്കുകയായി കവിതകളാകുന്ന നെന്മണികൾ. പിന്നീട് നെന്മണിയിലെ പതിരു

കളും മറ്റും പാറ്റിയരിച്ചെടുക്കുമ്പോൾ നെന്മണി വളരെ പരിശുദ്ധമാകാറുള്ളതുപോലെ കവിതയാകുന്ന നെന്മണിയെ കടലാസ് ആകുന്ന മുറത്തിലിട്ട് പേനയാകുന്ന കൈകൾ കൊണ്ട് പാറ്റിയരിച്ചെടുക്കുമ്പോൾ പൂർണ്ണമായും ഒരു നല്ല കവിതയായി ഇതു മാറുന്നു. നെന്മണികളെ വേർതിരിച്ച് അത് ചോറാക്കി മാറ്റുമ്പോൾ വളരെ രുചികരമാണെന്നപോലെ അക്ഷരമാകുന്ന നെന്മണികൾ പാകം ചെയ്തു പാട്ടാക്കി മാറ്റി വിളമ്പിയപ്പോൾ  അതിന് ചോറിനേക്കാൾ സ്വാദേറി.

ഇത്തരം അനേകം അനുഭവങ്ങൾ ഏറെ കുറിക്കാനുണ്ടെങ്കിലും  ഇവയൊക്കെ ആർക്കെങ്കിലും ജീവിതത്തിന് പ്രചോദനമായി ഭവിക്കുമെങ്കിൽ മാത്രമേ എന്റെ ജീവിതം ധന്യമായി എന്ന് ചിന്തിക്കാൻ കഴിയുകയുള്ളൂ.

അന്യനുവേണ്ടി ജീവിക്കാൻ നമുക്ക് സാധിക്കുമെങ്കിലേ നമ്മൾ ജീവിച്ചതായി അടയാളപ്പെടുത്താൻ കഴിയുകയുള്ളൂ.

“അന്യജീവനുതകിസ്വജീവിതം
ധന്യമാകുകയല്ലേ വിവേകികൾ”
- നളിനി ആശാൻ

# ഓർമ്മകൾ.. കാലങ്ങൾ

ഒരു അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം അയാളുടെ ഏറ്റവും വലിയ സമ്പാദ്യം എന്ന് പറയുന്നത് വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന അനുഭവങ്ങളാണ്. കയ്പും മധുരവും കലർന്ന ഒരുപിടി അനുഭവങ്ങളോടുകൂടിയാണ് ഏതൊരു അദ്ധ്യാപകനും അടുത്തൂൺ പറ്റുന്നത്. വിദ്യ ആർജ്ജിക്കുക എന്നാൽ കേവലം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങി കൂടുക എന്നതല്ല. മറിച്ച് മരണം വരെയും തുടരുന്ന അശ്രാന്തമായ ഒരു പ്രക്രിയയാണത്. വിദ്യ പ്രധാനം ചെയ്യുകയെന്നാൽ അതിലും സങ്കീർണമായ ഒരു ഘടകമാണ്. ഇതിനിടയിൽ പല രീതിയിലുള്ള വ്യക്തികളെ കണ്ടുമുട്ടുന്നു. അതിൽ വിദ്യാർത്ഥികളും സഹപ്രവർത്തകരും എല്ലാം കടന്നുവരുന്നു. ഒരോ വ്യക്തിയും ഓരോ പ്രസ്ഥാനമാണ് എന്ന് പറയുന്നത് കേവലം അതിശയോക്തിയല്ല. വളരെ സങ്കീർണമായ ബോധമണ്ഡലങ്ങളുടെ ഉടമകളാണല്ലോ ഓരോ മനുഷ്യനും. അവൻറേതായ ഒരു മുഴുവൻ പ്രപഞ്ചം തന്നെ അയാൾ തനിക്ക് ചുറ്റും സൃഷ്ടിച്ചെടുക്കുന്നു. ജീവിതം എന്നത് രംഗബോധമില്ലാത്ത കോമാളിയാണെന്ന് പറയുന്നത് പോലെ നാമെല്ലാവരും നമുക്ക് ചുറ്റുമുള്ള ഓരോർത്തരുടെയും ജീവിതത്തിൽ ഓരോ വേഷങ്ങൾ പകർന്നാടുകയാണ്. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ അദ്ധ്യാപകൻ വഹിക്കുന്ന പങ്ക് സമാനതകളില്ലാത്തതാണ്.



**മൃദുൽ. സി. മൃണാൾ**
അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
എം. ഇ. എസ്. കേവീയം
കോളേജ്, വളാഞ്ചേരി

മാതാ പിതാ ഗുരു ദൈവം എന്ന വചനം ഗുരുവിനെ ദൈവത്തിന് തൊട്ടുതാഴെയായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഗുരുവെന്നാൽ അജ്ഞതകൾ നീക്കുന്നയാൾ എന്ന നിർവചനം പലപ്പോഴും വാക്കുകളുടെ അർത്ഥത്തിലുപരി ആശയപരമായി വളരെ ശരിയാണ്. ഓരോ വിദ്യാർത്ഥിയെയും മനഃശാസ്ത്രപരമായി അടുത്തറിയാൻ ഞാൻ ശ്രമിക്കാറുണ്ട്. ഓരോ വിദ്യാർത്ഥിയും തികച്ചും വിത്യസ്തനാണെന്നുള്ള ഗഹനമായ അറിവ് ഈ പരിശോധനകളിൽ നിന്ന് ലഭിക്കുന്നു. പഠന നിലവാരത്തിൽ വിദ്യാർത്ഥികൾ പുലർത്തുന്ന നിലവാരം അവരുടെ കുടുംബ പശ്ചാത്തലവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. കുടുംബാന്തരീക്ഷം എത്രത്തോളം കലുഷിതമാണോ അതിന്റെ ആഘാതം ആ വിദ്യാർത്ഥികളിൽ പ്രകടമാകുന്നു. അവരുടെ ജീവിതാവസ്ഥകളും അതിന് ഒരു പരിധി വരെ കാരണങ്ങളാകുന്നു. മലയാളത്തിലെ പ്രശസ്ത എഴുത്തുകാരനും അദ്ധ്യാപകനുമായ ഒരു സുഹൃത്ത് ഒരിക്കൽ പറഞ്ഞ അനുഭവം ഓർമ്മിക്കുന്നു.

അദ്ദേഹം കർക്കശക്കാരനായ ഒരു അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികളുടെ യൂണിഫോമിലും മറ്റും ഒട്ടും വിട്ടുവീഴ്ച ചെയ്തിരുന്നില്ല. സ്ക്കൂളിൽ സ്ഥിരമായി യൂണിഫോമിൽ വരാത്ത ഒരു വിദ്യാർത്ഥിയെ അദ്ദേഹം തുടർച്ചയായി പിടിക്കുന്നു. അതിനുള്ള കാരണങ്ങൾ അന്വേഷിക്കുന്നതിന് പകരം നൈമിഷികമായ ദേഷ്യത്തിൽ ആ വിദ്യാർത്ഥിയെ അദ്ദേഹം ശാസിക്കുന്നുണ്ട്. പിന്നീട് മനസ്താപം തോന്നിയ അദ്ദേഹം അവന്റെ കുടുംബ പശ്ചാത്തലം അന്വേഷിക്കുന്നു. ദിവസവും രാവിലെ ജോലിക്കും മറ്റും പോയ ശേഷമാണ് ഈ വിദ്യാർത്ഥി സ്ക്കൂളിലേക്ക് എത്തിയിരുന്നത്. അതിനിടയിൽ യൂണിഫോം ധരിക്കാൻ ചിലപ്പോൾ സമയം കിട്ടാതെ വരുന്നു. ജോലിക്ക് പോയ അതേ വേഷത്തിലാകും ചിലപ്പോൾ ക്ലാസ്സിലെത്തുന്നത്. എന്നാൽ ഈ വിവരം ആ വിദ്യാർഥി ആരോടും പങ്കുവെച്ചിരുന്നില്ല. തന്റെ പശ്ചാത്തലത്തെക്കുറിച്ചുള്ള അപകർഷതാബോധം അവനെ അതിൽ നിന്നും തടയുകയായിരുന്നു. അവനെ മനസ്സിലാക്കുന്നതിൽ സംഭവിച്ച പിഴവ് ഏറ്റു പറഞ്ഞു കൊണ്ടാണ് അദ്ദേഹം ഈ അനുഭവം പറഞ്ഞു നിർത്തുന്നത്. ഒരു അദ്ധ്യാപകന് ഏറ്റവും ആദ്യം വേണ്ടത് അയാളുടെ മുൻപിലിരിക്കുന്ന വിദ്യാർത്ഥിയെ മനസ്സിലാക്കുവാനുള്ള കഴിവാണ്. കുട്ടികളുടെ ഭാഗത്ത് നിന്ന് ചിന്തിക്കുവാനുള്ള കഴിവ് ഇന്ന് ഒരു അദ്ധ്യാപകന് ആത്യന്താപേക്ഷിതമാണ്. അവരുടെ മനോഭാവങ്ങളും ആവശ്യങ്ങളും അറിയാത്ത ഒരു അദ്ധ്യാപകൻ ശരിക്ക് അവരിൽ നിന്ന് ഒരുപാട് ദൂരെയാണ്. വിദ്യാർത്ഥികളുമായി സൗഹൃദങ്ങൾ അതിന്റെ സീമകൾ നിലനിർത്തിക്കൊണ്ട് തന്നെ നിലനിർത്താൻ ശ്രമിക്കാറുണ്ട്. ഒരു മൂന്നാം വർഷ വിദ്യാർഥി അവന്റെ പ്രണയ നൈരാശ്യത്തെക്കുറിച്ച് പലപ്പോഴായി വേവലാതികൾ പറയുമായിരുന്നു. എന്ത് ചെയ്തിട്ടും അവൻ ഇഷ്ടപ്പെടുന്ന പെൺകുട്ടി തിരിഞ്ഞു നോക്കുന്നില്ല എന്നതായിരുന്നു അവന്റെ വലിയ പരാതി. ക്യാമ്പസുകളിൽ സർവ്വ സാധാരണമായ ഇത്തരം ആവലാതികളിൽ പ്രതീക്ഷ കൈവെടിയാതെ കാത്തിരിക്കാനാണ് ഞാൻ സാധാരണ ഉപദേശിക്കാറ്. ഗീതോപദേശം സ്വീകരിച്ച പോലെ പോകുന്ന ഇത്തരം നിരാശകാമുകന്മാർ അവരുടെ അക്ഷീണ പരിശ്രമത്തിന്റെ പുത്തൻ പരീക്ഷണങ്ങളുമായി അടുത്തയാഴ്ച വീണ്ടും ഹാജരാകും. പലപ്പോഴും സിനിമാ കഥകളെ വെല്ലുന്ന വിവരണങ്ങൾ കേട്ടു എന്നിലെ എഴുത്തുകാരൻ ഉണരാറുണ്ട്. ഒരു ചെറുകഥയ്ക്കുള്ള സാധ്യത ഞാൻ ഈ വിവരണങ്ങളിൽ അവരറിയാതെ ആരായും. പക്ഷേ അത് വെറുമൊരു മോഹമായി അകാലചരമമടയുകയാണ് പതിവ്. ചില സമയങ്ങളിൽ അപ്രതീക്ഷിതമായി ഇത്തരക്കാരുടെ സ്വഭാവത്തിലും പ്രകടമായ മാറ്റങ്ങൾ വരാറുണ്ട്. ക്ലാസ്സുകളിൽ അശ്രദ്ധരായി ഇരിക്കുന്ന ഇത്തരക്കാരെ "കൗൺലിങ്ങ്" ചെയ്യുന്നത് തന്നെ ഭാരിച്ച ഒരു ഉത്തരവാദിത്വമാണ്.

ചിലപ്പോൾ പൂത്തുലഞ്ഞു നിൽക്കുന്ന യൗവ്വന വസന്തം അതിന്റെ സർവ്വ സൗന്ദര്യത്തോടും കൂടി സുഗന്ധം പരത്താറുണ്ട്. ചില വിദ്യാർത്ഥികൾ

അദ്ധ്യാപകരിൽ നിന്ന് പ്രകടമായ ദൂരം പാലിക്കാറുണ്ട്. ഇത്തരത്തിലുള്ള ഒരു വിദ്യാർത്ഥിയുണ്ടായിരുന്നു. അദ്ധ്യാപകരായ മാതാപിതാക്കൾ.. എല്ലാ സർഗ്ഗാത്മക കഴിവുകളും ഉണ്ടായിട്ടും അവ ഉപയോഗിക്കാതെ അലസമായി അലഞ്ഞു നടക്കുന്ന അവനെ ഒരുപാട് ഉപദേശങ്ങൾക്കും സംഭാഷണങ്ങൾക്കും വിധേയനാക്കിയെങ്കിലും കാര്യങ്ങൾ തുറന്നു പറയാത്ത വളരെ വിഷമിപ്പിക്കുന്ന ഒരു പ്രകൃതമായിരുന്നു അവന്റേത്. അവനെ മനസ്സിലാക്കാനുള്ള എല്ലാ വഴികളും അവൻ തന്നെ അടച്ച് കളയുന്നത് പോലെയാണ് തോന്നിയത്. ഒരു പരിധിയിൽ കവിഞ്ഞ് യൗവനയുക്തനായ ഒരാളെ ഉപദേശിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ കാരണം അവൻ ഇന്നും ഒരു ചോദ്യചിഹ്നമായി മുൻപിലുണ്ട്. കാര്യങ്ങൾ തുറന്നു പറയുന്നതിലും സൗഹൃദം സ്ഥാപിക്കുന്നതിലും പെൺകുട്ടികളെക്കാൾ ആൺകുട്ടികളാണ് കൂടുതൽ ഉത്സാഹം കാണിക്കുന്നത് എന്ന് തോന്നിയിട്ടുണ്ട്. ഒരു ക്യാമ്പസ്സിൽ ഏറ്റവും ശ്രദ്ധയർഹിക്കുന്നത് പെൺകുട്ടികളാണെന്നിരിക്കെ ആൺകുട്ടികളെ ആരും ശ്രദ്ധിക്കാതെ പോകുന്നു എന്നത് സത്യമാണ്. ഇത് ശരിവെക്കുന്ന ഒരുപാട് അനുഭവങ്ങളുണ്ടായിട്ടുണ്ട്. ലഹരിയുടെയും മറ്റു പിടികളിൽ അമരുന്നതും അവരാണ്. കൗതുകവും മാനസിക സംഘർഷങ്ങൾ ലഘുകരിക്കാനുമാണ് പലരും ലഹരിയുടെ വഴികൾ തേടി പോകുന്നത്. എന്നാൽ ക്രമേണ ഇത് ഒരു ശീലമായി മാറുന്നതോടു കൂടി അതിൽ നിന്ന് ഒരു മോചനം അസാദ്ധ്യമാകുന്നു. അങ്ങനെ ലഹരിക്ക് അടിമപ്പെട്ട് ജീവിതം ചോദ്യചിഹ്നമായ ഒരുപാട് യൗവ്വനങ്ങളെ കണ്ടിട്ടുണ്ട്. എന്നാൽ പ്രതീക്ഷയ്ക്ക് വക നൽകുന്നത് പോലെ അതിൽ നിന്ന് വിമുക്തരാകുന്നവരുടെ എണ്ണവും കുറവല്ല. ലഹരി ഉപയോഗിക്കുന്നതിനെക്കാൾ മാരകമാണ് ലഹരി കൈമാറ്റം ചെയ്യുന്നത്. പെട്ടെന്നുള്ള ധനലാഭത്തിനായ് ലഹരി കൈമാറ്റം ചെയ്യുന്ന വിദ്യാർത്ഥികളെ പലപ്പോഴും കൗൺസിലിങ്ങിന് വിധേയരാക്കാറുണ്ട്. ഇതിനെല്ലാം അപവാദമായി അവധി ദിവസങ്ങളിലും ഒഴിവു സമയങ്ങളിലും ജോലി ചെയ്യുന്ന ഒരുപാട് വിദ്യാർത്ഥികളെയും മറുവശത്ത് കാണാം. പല വിദ്യാർത്ഥികളും മാനസിക സംഘർഷങ്ങൾ ഉള്ളിലൊതുക്കി കഴിയുന്നത് പലപ്പോഴായി ശ്രദ്ധിച്ചിട്ടുണ്ട് പ്രത്യേകിച്ചും ആൺകുട്ടികൾ. വളരെ നിയതമായ രീതിയിൽ അവരുമായി ഇടപഴകുന്നതിലൂടെ അവരുടെ ഉള്ളിൽ ഒരു സുരക്ഷിതത്വ ബോധം ഉണ്ടാക്കിയെടുക്കാൻ ഞാൻ ശ്രമിക്കാറുണ്ട്. ഒരു സ്റ്റഡി ടൂറിനിടയിലാണ് ക്ലാസ്സിലെ നിശബ്ദനായ ഒരു വിദ്യാർത്ഥിയെ കൂടുതൽ അടുത്തറിയാനുള്ള ഒരവസരം ലഭിച്ചത്. അല്ലെങ്കിലും പഠനയാത്രകൾ പല മാമൂലുകളും ലംഘിക്കാനുള്ളതാണല്ലോ. ഒരു നാൾ രാത്രിയിൽ ട്രയിനിൽ സഞ്ചരിക്കവേ അവൻ ഏകനായി വാതിൽക്കൽ നിൽക്കുന്നത് കണ്ടു. ക്ലാസ്സിലും മറ്റും മിണ്ടാതെയിരിക്കുന്ന അവൻ തികച്ചും ഒരു അന്തർമുഖനായിരുന്നു. ഞാനും അവനും മാത്രമായുള്ള ആ ഒരു സമയം അവനെ കൂടുതൽ അടുത്തറിയാൻ ഞാൻ ശ്രദ്ധിച്ചു. ഞങ്ങൾ പലകാര്യങ്ങളും സംസാരിച്ചു. എന്റെ ഒരു രോഗവിവരം പറയുന്നതിനിടയിലാണ് അവന്റെ അച്ഛൻ ക്യാൻസർ

വന്നു മരിച്ച കാര്യം പറയുന്നത്. അതിന്റെ ട്രോമ അവനിൽ നിന്ന് വിട്ടു പോയിട്ടില്ല എന്ന കാര്യം അവന്റെ സംസാരത്തിൽ നിന്ന് തന്നെ മനസ്സിലാക്കി. അത് പറയുമ്പോൾ അവന്റെ കണ്ണുകൾ നിറയുന്നത് ഞാൻ ശ്രദ്ധിച്ചു. വികാരഭരിതമാകുന്നതിനേക്കാൾ കാര്യങ്ങളെ ഗൗരവകരമായി നേരിടേണ്ടതാണ് യുക്തി എന്ന് അപ്പോൾ തോന്നിപ്പോയി. അതിനുള്ള ഉപദേശം മാത്രമാണ് ഞാൻ അവനായി കൊടു ത്തതും. ഇന്നലെയെക്കുറിച്ച് ചിന്തിച്ച് അതിന്റെ ദുഖാർത്തമായ ഓർമ്മകളിൽ അഭിരമിക്കാതെ നാളെക്കുറിച്ച് ഓർക്കാൻ ഒരു വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നതിലാണ് അദ്ധ്യാപകന്റെ വിജയം. മറ്റൊരു വിദ്യാർഥിയുടെ ഏറ്റു പറച്ചിൽ ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. ഒരു വർഷം മുൻപേ അച്ഛനെ നഷ്ടപ്പെട്ട അവന്റെ അമ്മയും വളരെ അടുത്ത് തന്നെ മരിച്ചു. അവർ ജീവിച്ചിരുന്ന കാലത്ത് അവരുടെ വിലയറിയാതെ പോയതിലുള്ള അവന്റെ നഷ്ടബോധം ആ ഏറ്റുപറച്ചിലിൽ ഉണ്ടായിരുന്നു. ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ച് പലപ്പോഴും തന്റെ വിദ്യാർത്ഥികളെ ബോധവാന്മാരേക്കണ്ടതുണ്ടല്ലോ. ആഡംബരത്തിന്റെ സുഖസൗകര്യങ്ങളിൽ അഭിരമിക്കുന്ന ചില വിദ്യാർത്ഥികൾ ലാളനയുടെ അമിതാവേശത്താൽ കാണിച്ചു കൂട്ടുന്ന പ്രവർത്തികളിൽ മാതാപിതാക്കളോടൊപ്പം അധ്യാപകരും ഉത്തരവാദികളാണ്. ഒരു സഹപ്രവർത്തകയുടെ അനുഭവ കഥ വിവരിക്കുന്നത് ഇങ്ങനെയാണ്, എൻ.എസ്. എസ് ക്യാമ്പുകളുടെ പ്രധാന ഉദ്ദേശ്യം സഹവാസവും സഹവർത്തിത്വവും അത് പോലെതന്നെ സമഭാവനയും വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക എന്നതാണല്ലോ. ഇത് ഉൾക്കൊള്ളാൻ കഴിയാതെ പോകുന്ന ചിലരുണ്ട്. ക്യാമ്പിൽ ഒരു വിദ്യാർത്ഥി റേഷനരി കഴിക്കുന്നതിലെ അനാരോഗ്യം ചൂണ്ടിക്കാട്ടി കൊണ്ട് വീട്ടിൽ എങ്ങനെയാണ് ദിവസവും വിലകൂടിയ ബസുമതി അരികൊണ്ടുള്ള നെയ്ച്ചോറും ബിരിയാണിയും കഴിക്കുന്നതെന്ന് വീമ്പു വിളിച്ചു പറയുന്നു. ഇത് കേട്ടപ്പോൾ എനിക്ക് ഓർമ്മ വന്നത് സന്തോഷ് ഏച്ചിക്കാനത്തിന്റെ ബിരിയാണി എന്ന കഥയാണ്. എഴുത്തുകാരൻ സമൂഹത്തിന്റെ കണ്ണാടിയാണെന്ന് പറയുന്നത് എത്ര സത്യം. മറ്റൊരു വിദ്യാർഥിനിയുടെ പെരുമാറ്റം ഇതിലും ഭയങ്കരമായിരുന്നു. കറുത്ത കുട്ടികൾ ഉണ്ടാക്കിയ ഭക്ഷണം കഴിക്കാനും അവർക്കൊപ്പം പാചകം ചെയ്യാനും വിസമ്മതിച്ച അവൾ അടുക്കളയുടെ പടി കടക്കാൻ മടിച്ചു നിന്നു. അതിനുള്ള മറുപടിയായി അവൾ പറഞ്ഞതാകട്ടെ വീട്ടിൽ ചിക്കൻ ഉണ്ടാക്കുന്ന ദിവസം മാത്രമേ താൻ വീട്ടിൽ അടുക്കളയിൽ കയറാറുള്ളൂ പോലും. വിദ്യാർത്ഥികളുടെ മനോഭാവം അമിതലാളനയാൽ എത്ര അധഃപതിച്ചു പോയിരിക്കുന്നു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഈ അറിയിക്കാനായി ആ വിദ്യാർത്ഥിനിയുടെ മാതാപിതാക്കളെ വിളിച്ചു വരുത്തിയപ്പോൾ ആ അധ്യാപികയ്ക്ക് കൈക്കൂലി കൊടുത്ത് രാത്രി എങ്ങനെയെങ്കിലും തങ്ങളുടെ മകൾക്ക് ഫാസ്റ്റ് ഫുഡ് എത്തിച്ചു കൊടുക്കാനാണ് ആ അച്ഛനും അമ്മയും ശ്രമിച്ചത്. മക്കളുടെ സാംസ്കാരികമായ അധഃപതിനത്തിന് മുഖ്യ കാരണം അവരെ വളർത്തുന്ന മാതാപിതാക്കളുടെ മനോഭാവം

തന്നെയാണ്. അധ്യാപകരും ഇക്കാര്യത്തിൽ പലപ്പോഴായി നിസ്സാര ക്കാരായി പോകുന്നു. ജാതീയമായ വേർതിരിവുകൾ ക്യാമ്പസ്സുകളിൽ ഇല്ലാ എന്ന് പറയുമ്പോഴും. ഒരു വിഭാഗം വിദ്യാർത്ഥികൾ മാത്രം ഒരു പ്രവർത്തികളിലും പങ്കെടുക്കാതെ മാറി നിൽക്കുന്നത് കണ്ടിട്ടുണ്ട്. അതിന്റെ ഗൗരവം പലപ്പോഴും ഈ വിദ്യാർത്ഥികൾ മനസ്സിലാകാതെ പോകുന്നു. സമൂഹത്തിൽ ഇഴുകിച്ചേർന്ന് ഒരു പൊതുസമൂഹമാകാൻ നമ്മുടെ ക്യാമ്പസ്സുകൾ ഇനിയും എത്ര കാതങ്ങൾ താണ്ടണം?

അനുഭവങ്ങളാണ് മനുഷ്യനെ ജീവിക്കാൻ പഠിപ്പിക്കുന്നത്. ആ അനു ഭവങ്ങൾ പല വ്യക്തികളുടെയും തൽസ്ഥിതി നമുക്കു മുന്നിൽ തുറന്നു കാട്ടുന്നു. ഒരധ്യാപകനെന്ന നിലയിൽ സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലു ന്ന ഒരോ കുട്ടിയിലും ചില മാനുഷിക മൂല്യങ്ങൾ നിറയ്ക്കാൻ ശ്രമിക്കാ റുണ്ട്. ജീവിതത്തിൽ ഒരു വിദ്യാർത്ഥിക്ക് ഏറ്റവും വേണ്ടത് അവന്റെ/ അവളുടെ കഴിവുകളെ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ്. അതിനുള്ള പരീശീലകരായി അധ്യാപകരും പരിശീലനയിടങ്ങളായി കലാലയങ്ങളും മാറേണ്ടതുണ്ട്.

# കവിളത്തെ നുള്ളും ഈറൻ മണമുള്ള ഷർട്ടും

ഒരു ഫോൺ കോൾ കൊണ്ട് ആകെ വെന്തു പോകുന്ന അനുഭവം ജീവിതത്തിൽ ഒരിക്കലേ ഉണ്ടായിട്ടുള്ളൂ. വയനാട് വാളാട് സ്കൂളിൽ ഞാൻ പഠിപ്പിച്ച മുസ്തഫയുടെ കോൾ ഈയിടെ വന്നപ്പോഴായിരുന്നു അത്. 34 വർഷത്തെ അധ്യാപന ജീവിതത്തിലെ ഏറ്റവും സങ്കടകരവും പിന്നീട് ആലോചിക്കുമ്പോഴൊക്കെ കുറ്റബോധം കൊണ്ട് ഇല്ലാതായിപ്പോവുകയും ചെയ്യുന്ന ഒരനുഭവം. എന്റെ അധ്യാപന കാലയളവിൽ പല കാരണങ്ങളാൽ പലപ്പോഴായി വിദ്യാർത്ഥികളെ ശിക്ഷിച്ചതിൽ ഏറ്റവും മോശം അനുഭവം കൂടിയാണ് മുസ്തഫയുടെ കഥ. അതിലേക്കെത്തണമെങ്കിൽ അൽപം പശ്ചാത്തല വിവരണം കൂടി ആവുന്നതായിരിക്കും നല്ലതെന്ന് തോന്നുന്നു.



**ഡോ. ഉണ്ണികൃഷ്ണൻ. കെ. വി**
അസിസ്റ്റന്റ് പ്രൊഫസർ
ഗവ : ബ്രണ്ണൻ കോളേജ്
തലശ്ശേരി

പ്രായം പതിനെട്ട് തികഞ്ഞ് നാല് മാസം കഴിഞ്ഞപ്പോഴേക്കും ഒരു എയിഡഡ് സ്കൂളിൽ അധ്യാപകനായി മാറിക്കഴിഞ്ഞിരുന്നു. പലപ്പോഴും കുട്ടികളെക്കാളും ചെറുതായിരുന്നു ആ അധ്യാപകൻ. ചെറുപ്പം മുതൽ വായിച്ചിരുന്ന നൂറ് നൂറ് കഥകൾ കൈയിലുണ്ടായിരുന്നതിനാൽ ക്ലാസിൽ കഥകൾ പറഞ്ഞ് കൊടുക്കലായിരുന്നു മുഖ്യ വിനോദം. എന്നാൽ കഥകൾക്കിടയിൽ ചില ക്ലാസുകളിൽ പഠിപ്പിക്കുമ്പോൾ ചില്ലറ അബദ്ധങ്ങൾ പറ്റാതെയുമിരുന്നില്ല.

ഏഴാം ക്ലാസിൽ കണക്ക് പഠിപ്പിക്കുകയായിരുന്നു. ഗുണനപ്പട്ടിക ക്രമത്തിൽ പറയിച്ചു വരുന്നതിനിടയിൽ ഇടക്ക് കിട്ടാത്തവരെ അവിടെത്തന്നെ നിർത്തിച്ച് പട്ടിക തുടരുകയായിരുന്നു പതിവ്. നിൽക്കുന്നവർക്ക് വടി കൊണ്ടോ സ്കെയിലു കൊണ്ടോ ഒക്കെ തരം പോലെ ഓരോന്ന് കൊടുത്ത് ഇരിക്കാൻ അനുവദിക്കും.(1988 കാലം അധ്യാപകരുടെ അടിയൊന്നും ക്രിമിനൽ കുറ്റമായിരുന്നില്ല. പലപ്പോഴും രക്ഷിതാക്കൾ സ്കൂളിൽ വന്ന് അവരുടെ കുട്ടികളെ നല്ലവണ്ണം അടിക്കാൻ ശുപാർശ ചെയ്യാറുള്ള കാലം. നല്ലോണം അടിക്കുന്ന മാഷെന്നാൽ നല്ലോണം പഠിപ്പിക്കുന്ന മാഷ് എന്ന് തെറ്റിദ്ധരിച്ചിരുന്ന കാലം) അങ്ങനെ നോക്കുമ്പോൾ ദാ നമ്മുടെ നസീറ നിൽക്കുന്നവരുടെ കൂട്ടത്തിൽ. സാധാരണ നിൽക്കുന്ന കൂട്ടത്തിലല്ല അവൾ. നല്ലവണ്ണം പഠിക്കുന്ന, കൂട്ടത്തിലുള്ള അധ്യാപകന്റെ ബന്ധു കൂടിയാണ് നസീറ. അതുകൊണ്ട് തന്നെ അവളുടെ അടുത്ത് എത്തിയപ്പോൾ ആശയ കുഴപ്പമായി, അടി വേണോ, അതും വടി കൊണ്ട് വേണോ അതോ സ്കെയിലു മതിയോ?

ഒടുവിൽ തീരുമാനമായി കവിളിൽ ചെറിയൊരു നുള്ള്. പക്ഷെ പ്രശ്നം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. കവിളിലെ നുള്ള് നഖം കൊണ്ട് ചെറുതായി പോറലേൽപിച്ചത് ശ്രദ്ധിച്ചിരുന്നില്ല. പക്ഷെ നമ്മുടെ നസീറ നുള്ള് കിട്ടിയ സങ്കടം കൊണ്ട് അത് തൊട്ട് തൊട്ട് തിരിച്ചറിയാൻ പാകത്തിലാക്കി. പോരാഞ്ഞ് നസീറയുടെ കവിൾ മുറിഞ്ഞിട്ടുണ്ടെന്ന് മറ്റു കുട്ടികൾ വിളിച്ചു പറയുകയും ചെയ്തു. ഉടനെ മാഷിന്റെ വക ചോദ്യമായി .

നസീറേ ബാപ്പയെവിടാ?

ഗൾഫിൽ

ഉമ്മയോ?

ഗൾഫിൽ.

(അന്ന് ഞാൻ പഠിപ്പിച്ച സ്കൂളിലെ കുട്ടികളുടെ രക്ഷിതാക്കൾ മുക്കാലും കടൽ കടന്ന് ഗൾഫിലും ബാക്കിയുള്ളവർ കടലിൽ പോയി മീൻ പിടിക്കുന്നവരുമായിരുന്നു.)

ഓ എന്നാ പേടിക്കാനില്ല. ആരും ചോദിക്കാൻ വരില്ലല്ലോ. നാവിൽ നിന്ന് വികട സരസ്വതി വെളിക്ക് ചാടി. പോരേ പൂരം.

പിറ്റേന്ന് തന്നെ സ്കൂളിന് വെളിയിൽ റോഡിൽ വെച്ച് നാലഞ്ചാൾ മാഷെ തടഞ്ഞു നിർത്തുന്നു - ഒറ്റ ചോദ്യമേയുള്ളൂ. ചോദിക്കാനും പറയാനും ബന്ധുക്കൾ ഇല്ല എന്ന് പറഞ്ഞത് എന്തു കൊണ്ട് ? മാഷ്ക്ക് ചോദിക്കാനില്ലെങ്കിലും പറയാൻ പത്ത് മുപ്പത് മാഷന്മാർ സ്കൂളിൽ ഉള്ളത് കൊണ്ട് ഒരു വിധം തടി കയിച്ചലായി എന്നല്ലേ പറയേണ്ടു.

വയനാട്ടിലെത്തിയപ്പോഴും തിരിച്ചറിവ് വന്നില്ല എന്നതിന് ഉദാഹരണമായിരുന്നു അടുത്ത സംഭവം. മൂന്നിലോ നാലിലോ ആയിരുന്നു പഠിപ്പിക്കുന്നത്. പദ്യം ചൊല്ലി പഠിപ്പിക്കുകയായിരുന്നു. കൂട്ടത്തിൽ ഒരു കുട്ടി എഴുന്നേറ്റ് നിന്ന് ചൊല്ലുന്നത് നോക്കിയപ്പോൾ ഒരു സംശയം അസ്സലായിട്ട് ചുണ്ടനക്കുന്നതല്ലേയെന്ന്. സംഭവം ശരി തന്നെ പാടുന്നില്ല പക്ഷെ ചുണ്ടനക്കുന്നത് കണ്ടാൽ പാടുന്നതായി തോന്നും എല്ലാരും പാടുമ്പോൾ ഞാൻ പാടിയില്ലെങ്കിലും കുഴപ്പമില്ല എന്ന് അവന് തോന്നിക്കാണും. പക്ഷെ ഒറ്റക്ക് പാടിച്ചപ്പോൾ സംഭവം മനസ്സിലായി. കൊടുത്തു ഒരടി. പോരാഞ്ഞ് പിടിച്ച് ക്ലാസിന് പുറത്ത് നിർത്തിക്കുകയും ചെയ്തു. സ്കൂളിന് പുറത്ത് ചായക്കടയിൽ ചായ കുടിക്കുന്ന രക്ഷിതാവ് കണ്ടത് മകനെ പിടിച്ച് പുറത്ത് നിർത്തിക്കുന്ന കാഴ്ച. താമസിച്ചില്ല. രക്ഷിതാവ് നേരെ ക്ലാസിലേക്ക് കൈയിൽ റബ്ബർ ടാപ്പ് ചെയ്യാൻ ഉപയോഗിക്കുന്ന കത്തി (റബ്ബർ കത്തി കൊണ്ട് കുത്തിയാൽ മുറിവ് കൂടുകയില്ല എന്നതാണ് അതിന്റെ ഏറ്റവും വലിയ ഗുണം എന്നതായിരുന്നു പിന്നീട് മാസങ്ങളോളം വൈകുന്നേരത്തെ ചീട്ടുകളി വേളകളിൽ മറ്റദ്ധ്യാപകരുടെ കളിയാക്കലുകളുടെ മുഖ്യവിഷയം.) ഭാഗ്യത്തിന് ആ സമയം അവിടെ എത്തിച്ചേർന്ന അധ്യാപകരൊക്കെ കൂടി പരാതി പറയേണ്ടത് ഹെഡ്മാസ്റ്ററോടാണ് എന്നൊക്കെ പറഞ്ഞ് മൂപ്പരെ ഉന്തിത്തള്ളി ഓഫീസിലെത്തിച്ചതുകൊണ്ട് വലിയ ഒരു മുറിവിൽ നിന്ന് രക്ഷപ്പെട്ടു.

എന്നാൽ ഏറ്റവും വലിയ മുറിവ് വരാനിരിക്കുന്നതേയുള്ളൂ നാലാം ക്ലാസിലാണ് പഠിപ്പിക്കുന്നത്. മഴക്കാലം. ഒരു ദിവസം ക്ലാസിൽ ചെന്ന പ്പോൾ കുട്ടികളെല്ലാം പരാതി. സാറെ മുസ്തഫയെ മണക്കുന്നു, അരിക ത്ത് ഇരിക്കാനാവുന്നില്ല. അതായിരുന്നു പരാതിയുടെ സാരം. മുസ്ത ഫയെ അരികത്ത് വിളിച്ചു സംഭവം ശരി തന്നെ മഴയായതുകൊണ്ട് കുപ്പായം ശരിക്ക് ഉണക്കാനാവാത്തതിനാൽ ഷർട്ടിൽ നിന്ന് ഈർപ്പ ത്തിന്റെ അസഹ്യമായ മണം ഉണ്ടായിരുന്നു. കുട്ടികൾ കൂട്ടത്തോടെ ശബ്ദമുണ്ടാക്കിയപ്പോൾ നിവൃത്തിയില്ലാതായി. മുസ്തഫയോട് വീട്ടിൽ പോയി ഷർട്ട് മാറ്റി വരാൻ പറയാനാണ് തോന്നിയത്. അവനെ അധ്യാ പകന്റെ കസേരയിൽ ഇരുത്താനോ മറ്റ് കുട്ടികളെ ബോധ്യപ്പെടുത്തി അവനെ കൂടെ ഇരുത്താൻ പറയാനോ തോന്നാൻ മാത്രം വിവേകം ആ പ്രായത്തിൽ ഉണ്ടായിരുന്നില്ല എന്നതാണ് നേര്.

കുറേ വർഷം കഴിഞ്ഞ് എവിടുന്നൊക്കെയോ ഫോൺ നമ്പർ കണ്ടെ ത്തി മുസ്തഫ വിളിച്ചു. അവൻ ഭാഷാധ്യാപകരുടെ പരീക്ഷ പാസായി അധ്യാപകനാകാനുള്ള യോഗ്യത നേടിയ ശേഷം ആദ്യം വിളിച്ചു പറയുന്നത് ഉണ്ണിമാഷോടാണ് എന്നാണ് പറഞ്ഞത്. എന്റെ ഏറ്റവും ഇഷ്ടപ്പെട്ട അധ്യാപകനാണ് എന്ന് പറഞ്ഞ ശേഷം മാഷെ, എന്നെ ക്ലാസിൽ നിന്ന് പുറത്താക്കിയത് ഓർമയുണ്ടോ എന്ന് ചോദിച്ചപ്പോൾ അക്ഷരാർത്ഥത്തിൽ ഉരുകിപ്പോയി. അവന്റെ ഇഷ്ടപ്പെട്ട അധ്യാപകന് പറ്റിയ വിവരക്കേട് അവനോ ഇനിയത്തെ അധ്യാപകർക്കോ പറ്റാ തിരിക്കട്ടെ.

List of Publications by Publication Wing

- Republic of Hope: Anthology of Poems by Students (January 2022)
- Proceedings of the National Student Seminar on English Fiction since 2000 (May 2022)
- Kadhalayam: An Anthology of Short Stories by Students (January 2023)

A Different League!

AL SHIFA COLLEGE OF
ARTS & SCIENCE
Run By Shifa Medicare Trust & Affiliated to University of Calicut

Keezhattur, Perinthalmanna. Ph: 04933 271 367, 9446 544 473
www.alshifacollegeofartsandscience.ac.in | info@alshifacollegeofartsandscience.ac.in

ISBN 978-93-5811-291-7
9 789358 112917